ക്രിസ്തുവിന്റെ പിന്നാലെ

# വെളിച്ചത്തിന്റെ മക്കൾ



10

# ക്രിസ്തുവിന്റെ പിന്നാലെ

സ്റ്റാൻഡേർഡ് - 10

DHARMARAM COLLEGE
LIBRARY
BANGALORE-29

K.C.B.C. COMMISSION FOR CATECHETICS

I AM THE WAY THE TRUTH AND THE LIFE

കെ. സി. ബി. സി. മതബോധന കമ്മീഷൻ
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ
പാലാരിവട്ടം, കൊച്ചി 682025.

(Malayalam)
KRISTUVINTE PINNALE - 10
**VELICHATHINTE MAKKAL**

DHARMARAM COLLEGE LIBRARY
Ac. No. 77183
Call No. H47/K827

Published by : Pastoral Orientation Centre
Kochi - 682 025
Kerala, India

Date : May 15th, 1990

Reprint : May Ist 2002

Copyright : Pastoral Orientation Centre
Kochi - 682 025
Kerala, India

All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher.

Offset Printing: Graphic Systems & Co., Mallappally

Price : Rs. 17.00

Imprimatur:

★ Joseph Kundukulam, Bishop of Thrissur
Chairman, K.C.B.C. Commission for Catechetics.

★ George Valiamattam, Bishop of Thalassery
Vice Chairman, K.C.B.C. Commission for Catechetics.

★ Soosai Pakiam, Bishop of Trivandrum
Vice Chairman, K.C.B.C. Commission for Catechetics.

# ഉള്ളടക്കം


| | | പുറം |
|---|---|---|
| | ആമുഖം | iv |
| 1. | ദൈവപുത്രനായ യേശു എൻെറ ജീവിതത്തിൽ | 1 |
| 2. | ക്രിസ്തു നമ്മുടെ വിമോചകൻ | 13 |
| 3. | നമ്മുടെ രക്ഷയ്ക്കുള്ള ബലിയും വിരുന്നും | 23 |
| 4. | വി. കുർബാനയുടെ ആഘോഷക്രമങ്ങൾ | 36 |
| | A. വി. കുർബാന സീറോമലബാർ സഭയിൽ | 36 |
| | B. വി. കുർബാന ലത്തീൻ സഭയിൽ | 54 |
| | C. വി. കുർബാന മലങ്കര കത്തോലിക്കാ സഭയിൽ | 69 |
| 5. | യേശുവിൻെറ ജീവിതത്തിലേക്ക് ആരാധനക്രമ വത്സരത്തിലൂടെ | 89 |
| | A. സീറോമലബാർ സഭയുടെ ആരാധനക്രമവത്സരം | 106 |
| | B. ലത്തീൻ സഭയുടെ ആരാധനക്രമവത്സരം | 97 |
| | C. മലങ്കര കത്തോലിക്കാ സഭയുടെ ആരാധനക്രമവത്സരം | 106 |
| 6. | ജ്ഞാനസ്നാനം - നിത്യരക്ഷയുടെ കൂദാശ | 113 |
| 7. | അനുരഞ്ജനം - ദൈവത്തോടും സഹോദരങ്ങളോടും | 122 |
| 8. | രക്ഷയുടെ അനുഭവം രോഗത്തിലും മരണത്തിലും | 131 |
| 9. | ലൈംഗികത - ദൈവദാനം | 138 |
| 10. | വിവാഹം - സമർപ്പണത്തിനുള്ള വിളി | 147 |
| 11. | സഭാ സമൂഹത്തിലെ പ്രത്യേക ശുശ്രൂഷകർ | 156 |
| 12. | മനസ്സാക്ഷി | 165 |
| 13. | സമ്പത്തും സാമൂഹിക നീതിയും | 174 |
| 14. | ബൈബിൾ - എഴുതപ്പെട്ട ദൈവവചനം | 183 |
| 15. | ബൈബിളും ശാസ്ത്രവും | 192 |

# ആമുഖം

വിശ്വാസപരിശീലനത്തിലൂടെ ക്രൈസ്തവ ജീവിതത്തെ പോഷിപ്പിക്കുകയും അതിനെ പൂർണ്ണതയിലേക്കു നയിക്കുകയുമാണല്ലോ മതബോധനത്തിന്റെ ലക്ഷ്യം. മതബോധന വിഷയമായി യേശുക്രിസ്തുവിനെയും അവിടുത്തെ പ്രബോധനങ്ങളെയും സ്വീകരിച്ചുകൊണ്ടുവേണം ഈ വിശ്വാസപരിശീലനം നടത്തുവാനെന്നു സഭ പഠിപ്പിക്കുന്നു. "കാത്തെക്കേസി ത്രദേന്തെ" എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ജോൺപോൾ രണ്ടാമൻ പറയുന്നു: "...മതബോധനത്തിന്റെ പ്രഥമവും സത്താപരവുമായ വിഷയം 'ക്രിസ്തു രഹസ്യ'മാണ്. ഒരുവിധത്തിൽ പറഞ്ഞാൽ മതബോധന പ്രക്രിയകൊണ്ടുദ്ദേശിക്കുന്നത് ഈ രഹസ്യം അതിന്റെ എല്ലാമാനങ്ങളിലും പഠിച്ചറിയുന്നതിലേക്ക് ഒരു വ്യക്തിയെ നയിക്കുക എന്നതാണ്" (C.T.5). യൗവനത്തിലേക്കു പ്രവേശിക്കാൻ തയ്യാറെടുക്കുന്ന കുട്ടികളെ ക്രിസ്തു രഹസ്യത്തിന്റെ അനുഭവത്തിലേക്കു നയിക്കുവാൻ സഹായകമാകുംവിധം പരിഷ്കരിച്ചു തയ്യാറാക്കിയിട്ടുള്ളതാണ് ഈ പാഠപുസ്തകം.

മതബോധന ഡയറക്ടർമാരുടെയും അദ്ധ്യാപകരുടെയും നിർദ്ദേശമനുസരിച്ചാണ് 'വെളിച്ചത്തിന്റെ മക്കൾ' എന്ന പുസ്തകം പരിഷ്കരിച്ചിരിക്കുന്നത്. 'കാത്തെക്കേസി ത്രദേന്തെ' ആഹ്വാനം ചെയ്യുന്നതുപോലെ

ക്രിസ്തുരഹസ്യത്തിനു പരിഷ്കരിച്ച ടെക്സ്റ്റിൽ വളരെ ഊന്നൽ കൊടുത്തിട്ടുണ്ട്. യേശുക്രിസ്തുവിനെ ദൈവപുത്രനായി അനുഭവിച്ചറിയാൻ കുട്ടികളെ സഹായിക്കുന്നവിധം ലളിതമായ ക്രിസ്തുവിജ്ഞാനീയപാഠങ്ങൾ തന്നെയാണു പുസ്തകത്തിൻെറ ആരംഭ ഭാഗത്തുള്ളത്. ക്രിസ്ത്വനുഭവത്തിൻെറ പ്രധാന വേദിയായ വി. കുർബ്ബാനയ്ക്കു പരിഷ്കരിച്ച ടെക്സ്റ്റിൽ കൂടുതൽ പ്രാധാന്യം നല്കിയിട്ടുണ്ട്. അർത്ഥവത്തായി ബലിയിൽ പങ്കുചേരാൻ കഴിയുക എന്നത് മതബോധന ലക്ഷ്യം സാധിക്കുന്നതിൽ പരമപ്രാധാന്യമുള്ളതാകയാൽ കുർബാനയുടെ ആഘോഷക്രമങ്ങൾക്ക് പ്രധാനപ്പെട്ട ഒരു സ്ഥാനം കൊടുത്തിരിക്കുന്നു. ക്രിസ്തുരഹസ്യത്തിൻെറ ആഴത്തിലേക്കു കടന്നുചെല്ലാൻ ഉപകരിക്കും വിധമാണ് ആരാധനക്രമവത്സരത്തെക്കുറിച്ചും കൂദാശകളെക്കുറിച്ചുമുള്ള പാഠങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ബൈബിളിനെ സംബന്ധിച്ചുള്ള രണ്ടു പാഠങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാഠങ്ങളുടെ എണ്ണം ഇരുപത് എന്നതു പതിനഞ്ചായി കുറച്ചു. കുർബാനയേയും ആരാധനക്രമവത്സരത്തെയും സംബന്ധിക്കുന്ന പാഠങ്ങളിൽ അവരവരുടെ സഭയോടു ബന്ധപ്പെട്ട പാഠഭാഗങ്ങൾ പഠിച്ചാൽ മതിയാകും.

ഈ പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിൽ സഹകരിച്ചവർ വളരെപ്പേരുണ്ട്. കേരളത്തിലെ മൂന്നു സഭകളിലുമുള്ള അഭിവന്ദ്യപിതാക്കന്മാരുടെ പ്രോത്സാഹനവും രൂപതാമതബോധന ഡയറക്ടർമാരുടെ സ്നേഹപൂർവകമായ സഹകരണവും ഇതിൻെറ പ്രസിദ്ധീകരണത്തിനു വളരെ സഹായകമായി. ഇതിൻെറ പ്രസിദ്ധീകരണത്തിനു നേതൃത്വം നല്കിയ പി.ഒ.സി. ഡയറക്ടറെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. ഈ പുസ്

തകത്തിൻെറ രൂപരേഖ ക്രമപ്പെടുത്തുകയും പാഠങ്ങൾക്ക് ആവശ്യകമായ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്ത റിവിഷൻ കമ്മിറ്റിയംഗങ്ങളോടുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ. ഇതിലെ പഴയ പാഠങ്ങളുടെ രചയിതാക്കളെ നന്ദിയോടെ സ്മരിക്കുന്നു. പുതിയപാഠങ്ങൾ രചിച്ചത് ഡോ. ജോസഫ് പുളിന്താനം, ഡോ. തോമസ് ഇലവനാൽ, ഫാ. ഹെർബർട്ട് കളത്തിൽ, ഫാ. സി.എ. എബ്രാഹം, ഡോ. ആൻറണി നരികുളം, ഡോ. ജോർജ് ആലഞ്ചേരി, ഡോ. എബ്രഹാം പേഴുംകാട്ടിൽ എന്നിവരാണ്. ഈ പുസ്തകത്തിൻെറ എഡിറ്റിംഗിനു നേതൃത്വം വഹിച്ചത് ഫാ. പോളി മണിയാട്ടും അതിൽ അദ്ദേഹത്തെ സഹായിച്ചത് പി.ഒ. സിയിലെ സ്റ്റാഫംഗങ്ങളും ജോജി മാടപ്പാട്ട്, സെബാസ്റ്റ്യൻ ചവണിയാങ്കൽ, സാബു പുതിയാപറമ്പൻ എന്നിവരുമാണ്. ഡോ. ജോർജ് കുരുക്കൂർ, സി. അനിറ്റാ എന്നിവർ ഭാഷാപരമായ എഡിറ്റിംഗ് നിർവഹിച്ചു. പുസ്തകത്തിലെ ചിത്രങ്ങൾ പി.പി. ദേവസിയുടേതാണ്. എല്ലാവർക്കും ഹാർദ്ദമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. വളർച്ചയുടെ ഒരു നിർണ്ണായകഘട്ടം പിന്നിടുന്ന കുട്ടികൾക്ക് അവരുടെ വിശ്വാസജീവിതത്തിൽ ഗണ്യമായ വളർച്ച പ്രദാനം ചെയ്യാൻ ഈ ഗ്രന്ഥം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്രട്ടറി

പി.ഒ.സി. കെ.സി.ബി.സി.

15-5-90 മതബോധന കമ്മീഷൻ

# 1

# ദൈവപുത്രനായ യേശു എന്റെ ജീവിതത്തിൽ

സുപ്രസിദ്ധ ശാസ്ത്രജ്ഞനായ വില്യം ആമ്പിയറിനെക്കുറിച്ചു നാം കേട്ടിട്ടുണ്ടല്ലോ. വൈദ്യുതി സംബന്ധമായ ഗവേഷണത്തിലൂടെ സ്തുത്യർഹമായ സംഭാവനകൾ നല്കിയ ശാസ്ത്രജ്ഞനായിരുന്നു ആമ്പിയർ. അദ്ദേഹത്തോട് ഒരിക്കൽ ഒരു പത്രലേഖകൻ ചോദിച്ചു: താങ്കളുടെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടിത്തമേതാണ് ? ശാസ്ത്രരംഗത്തെ ഏതെങ്കിലും കണ്ടുപിടിത്തമായിരുന്നു പത്രലേഖകൻ ഉത്തരമായി പ്രതീക്ഷിച്ചത്. പക്ഷേ, ആമ്പിയർ നല്കിയ മറുപടി ഇതായിരുന്നു: "യേശു രക്ഷകനാണെന്നു കണ്ടെത്തിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടിത്തം". ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ ആ ശാസ്ത്രജ്ഞനു താൻ കൈവരിച്ച എല്ലാ നേട്ടങ്ങളെയുംകാൾ വിലപ്പെട്ടതു തന്റെ ക്രിസ്ത്വനുഭവമായിരുന്നുവെന്ന് ഈ വാക്കുകൾ വെളിപ്പെടുത്തുന്നു.

കേസറിയാഫിലിപ്പിയിൽവച്ച് യേശു തന്റെ ശിഷ്യന്മാരോടു ചോദിച്ചു: "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" (മത്താ 16:13). ഈ ചോദ്യം യേശുവിന്റെ പരസ്യജീവിതകാലത്തെന്നപോലെതന്നെ സഭയിൽ എക്കാലത്തും പ്രസക്തമാണ്. യേശു ആരാണെന്ന ചോദ്യത്തിനുള്ള ഉത്തരമാണു സുവിശേഷങ്ങളിൽ നാം കാണുന്നത്. യേശുവിന്റെ വ്യക്തിത്വം പ്രഖ്യാപിക്കുന്നവയായിരുന്നു സഭയിലെ സുവിശേഷപ്രഘോഷണങ്ങൾ. യേശു ആരാണെന്ന ചോദ്യത്തിനുള്ള ഉത്തരമാണ് ഒരുവന്റെ ക്രൈസ്തവ വിശ്വാസത്തിന് അടിസ്ഥാനമായി

നിലകൊള്ളുന്നത്. അതിനാൽ എക്കാലത്തെയും ക്രൈസ്തവ വിശ്വാസികളെ സംബന്ധിച്ച് ഈ ചോദ്യം വളരെ പ്രാധാന്യമുള്ളതാണ്.

## യേശുവിനെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ

സാധാരണക്കാരനായ ഒരു തച്ചൻ അല്ലെങ്കിൽ തച്ചന്റെ മകൻ എന്നിങ്ങനെയാണു നസറത്തിലെ യേശുവിനെ ചിലർ കണ്ടിരുന്നത്. എന്നാൽ യേശുവിന്റെ അദ്ഭുത പ്രവൃത്തികൾ കാണുകയും അവിടുത്തെ ആകർഷകങ്ങളായ പ്രബോധനങ്ങൾ ശ്രവിക്കുകയും ചെയ്ത മറ്റു ചിലരെ സംബന്ധിച്ചിടത്തോളം യേശു ഒരു അസാധാരണ വ്യക്തിയായിരുന്നു. പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണമെന്ന നിലയിൽ യേശുവിനെ പ്രവാചകനായി വീക്ഷിച്ചവരും വളരെയുണ്ടായിരുന്നു. ചിലർ സ്നാപക യോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകന്മാരിലൊരുവനെന്നുമാണു യേശുവിനെക്കുറിച്ചു ചിന്തിച്ചത് (മത്താ 16:14).

യേശു ഇസ്രായേലിന്റെ പ്രതീക്ഷയുടെ പൂർത്തീകരണമായ 'മിശിഹാ' അതായത് 'ക്രിസ്തു' ആണെന്നു കരുതിയവർ ധാരാളമുണ്ടായിരുന്നു. മിശിഹാ, ക്രിസ്തു എന്നീ പദങ്ങൾക്ക് അഭിഷേകം ചെയ്യപ്പെട്ടവൻ എന്നാണർത്ഥം. കർത്താവിന്റെ അഭിഷിക്തനായ ക്രിസ്തുവാണ് യേശുവെന്നു മനസ്സിലാക്കിയവരായിരുന്നു അവിടുത്തെ ശിഷ്യന്മാർ. സ്നാപകയോഹന്നാൻ യേശുവിനെ ലോകത്തിനു വെളിപ്പെടുത്തിയത് ഈ അർത്ഥത്തിലാണ് (യോഹ 1:29-34). യേശുവിനെ മിശിഹായായും ദൈവപുത്രനായും അംഗീകരിച്ച് ഏറ്റുപറയുന്ന ഉദാഹരണങ്ങൾ സുവിശേഷങ്ങളിലുണ്ട്. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു"വാണെന്നു പത്രോസ് ഏറ്റുപറഞ്ഞത് ഇതിനുദാഹരണമാണ് (മത്താ 16:16). അവിടുന്നു ദൈവപുത്രനും ഇസ്രായേലിന്റെ രാജാവുമാ



ണെന്നു നഥാനയേൽ പ്രഖ്യാപിച്ചു (യോഹ 1:49). യേശു കുരിശിൽ മരിച്ചപ്പോഠ ശതാധിപൻ വിളിച്ചുപറഞ്ഞു: “സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു” (മർക്കോ 15:39).

യേശുവിനെ മിശിഹായായി അംഗീകരിച്ചവർതന്നെ അവിടുത്തെ മിശിഹാത്വത്തിൻെറ യഥാർത്ഥ സവിശേഷത മനസ്സിലാക്കിക്കൊണ്ടായിരുന്നില്ല അങ്ങനെ ചെയ്തത്. ഇസ്രായേലിനെ രാഷ്ട്രീയാടിമത്തത്തിൽ നിന്നു മോചിപ്പിച്ച് ദാവീദിൻെറ സിംഹാസനം പുനരുദ്ധരിക്കുന്ന ശക്തനായ ഒരു രാജാവ് എന്ന നിലയിലാണ് മിശിഹായെ യഹൂദജനം പ്രതീക്ഷിച്ചിരുന്നത്. ശിഷ്യന്മാർ പോലും ഇത്തരത്തിലുള്ള ഒരു പ്രതീക്ഷ പുലർത്തി. യേശു രാജ്യം സ്ഥാപിക്കുന്നത് എപ്പോഴാണെന്ന് അവർ ചോദിക്കാറുണ്ടായിരുന്നു. അവിടുത്തെ മഹത്വത്തിൽ ഇടത്തും വലത്തും ഇരിക്കാനുള്ള അവകാശം ചോദിച്ചുകൊണ്ട്

സെബദിപുത്രന്മാർ വരുമ്പോഴും രാഷ്ട്രീയ വിമോചനം നല്കുന്ന മിശിഹാ എന്ന സങ്കല്പമാണ് പ്രകടമാകുന്നത്. ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തുവെന്ന് ഏറ്റുപറഞ്ഞ പത്രോസിനുപോലും കുരിശിൻെറ മാർഗ്ഗം സ്വീകരിക്കുന്ന ഒരു മിശിഹായെ അംഗീകരിക്കാൻ (മർക്കോ 8:32) ആദ്യം കഴിഞ്ഞില്ല.

### യേശു ചരിത്രത്തിൻെറ ദൃഷ്ടിയിൽ

ലോകചരിത്രം ദർശിച്ചിട്ടുള്ളവരിൽ ഏറ്റവും വലിയ മനുഷ്യസ്നേഹിയും ത്യാഗമൂർത്തിയുമായിരുന്നു യേശുക്രിസ്തു. മനുഷ്യവർഗ്ഗത്തിൻെറ നിലനില്പിനും ഉന്നമനത്തിനുമായി ജീവനർപ്പിച്ച വ്യക്തി എന്ന നിലയിലാണ് ലോകചരിത്രം യേശുവിനെ ആദരിക്കുന്നത്. യേശുവിനെ പ്രകീർത്തിച്ച് അക്രൈസ്തവരായ എഴുത്തുകാർപോലും ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. മലയാളത്തിൽ കെ.പി. കേശവമേനോൻ എഴുതിയ 'യേശുദേവൻ' എന്ന കൃതി ഇതിനുദാഹരണമാണ്. ഈശ്വരവിശ്വാസമില്ലാത്തവരും യേശുവിൻെറ അതുല്യമായ വ്യക്തിത്വത്തെ ആദരിക്കുന്നുണ്ട്. മനുഷ്യത്വത്തിൻെറ ഉന്നതാദർശങ്ങൾ പ്രഘോഷിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്ത മഹാനായ ഗുരുവായി പലരും അവിടുത്തെ കാണുന്നു. മഹാത്മാഗാന്ധി യേശുവിനെ മാതൃകാപുരുഷനായി കാണുന്നത് ഈ അർത്ഥത്തിലാണ്. യേശുവിൻെറ ജീവിതമാതൃകയും ഗിരിപ്രഭാഷണം തുടങ്ങിയ പ്രബോധനങ്ങളും ഗാന്ധിജിയുടെ ജീവിതദർശനത്തെ വളരെ സ്വാധീനിച്ചിട്ടുണ്ട്.

സമൂഹത്തിലെ അഴിമതികൾക്കെതിരേ സ്വരമുയർത്തിക്കൊണ്ട് സാമൂഹിക പരിഷ്കരണം സാധിച്ച വിപ്ലവകാരി എന്ന നിലയിൽ യേശുവിനെ കാണുന്നവരും ചരിത്രത്തിലുണ്ട്. യഹൂദപ്രമാണിമാരുടെയും പുരോഹിതന്മാരുടെയുമൊക്കെ ജീവിതത്തിൻെറ പൊള്ളത്തരം തുറന്നുകാണിച്ചുകൊണ്ടു പ്രസംഗിച്ചവനും ദൈവാലയത്തിൽ കച്ചവടം നടത്തിയവരെ ചാട്ടവാറെടുത്ത് പുറത്താ

ക്കിയവനുമായിരുന്നു യേശു. യഹൂദരുടെ അന്ധമായ മതാനുഷ്ഠാനങ്ങളെയും യേശു ചോദ്യം ചെയ്തിരുന്നല്ലോ.

എന്തെല്ലാം മഹോന്നത സവിശേഷതകളുള്ള വ്യക്തിയായിരുന്നെങ്കിലും ലോകത്തു ജീവിച്ച് മൺമറഞ്ഞ ഒരുവനായിട്ടാണ് യേശുവിനെ ചരിത്രം വീക്ഷിക്കുന്നത്. ബുദ്ധൻ, സോക്രട്ടീസ് എന്നിങ്ങനെയുള്ള മഹാത്മാക്കളുടെ നിരയിലാണ് ചരിത്രത്തിന്റെ ദൃഷ്ടിയിൽ യേശു നിലകൊള്ളുന്നത്.

യേശുവിനെ പരിഹാസത്തോടെ വീക്ഷിക്കുന്നവരും ചരിത്രത്തിലുണ്ട്. യേശുവിന്റെ പ്രബോധനങ്ങളെ സ്വന്തം ഇഷ്ടത്തിനൊത്തു വ്യാഖ്യാനിക്കുന്നവരും അവിടുത്തെ വ്യക്തിത്വത്തെ വികലമായി ചിത്രീകരിക്കുന്നവരുമെല്ലാം ഇന്നുമുണ്ടല്ലോ. ഒരു പക്ഷേ ഈ പ്രവണത ഏറ്റവും കൂടുതലുണ്ടായിരുന്നത് ആദ്യനൂറ്റാണ്ടുകളിലായിരുന്നു. ചെൽസൂസ്, പൊർഫീറി, ലൂഷ്യൻ മുതലായ എഴുത്തുകാർ ക്രിസ്തുവിനെ വളരെ അവജ്ഞയോടെയാണ് വീക്ഷിച്ചിരുന്നത്. പക്ഷേ, ലോകചരിത്രം ആകമാനം പരിശോധിച്ചാൽ ഇത്തരക്കാർ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു കാണാം. മാത്രവുമല്ല യേശുവിന്റെ മഹോന്നതമായ വ്യക്തിത്വത്തിനു മങ്ങലേല്പിക്കുവാൻ അവരുടെ ആശയങ്ങൾക്കു കഴിഞ്ഞിട്ടുമില്ല.

ചരിത്രം നമുക്കു കാണിച്ചുതരുന്ന യേശുവിന്റെ ചിത്രം വളരെ അപൂർണ്ണമാണ്. യേശുവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം യേശു ആരാണെന്നറിയാനുള്ള മാർഗ്ഗങ്ങൾ വി. ഗ്രന്ഥവും സഭയുടെ പ്രബോധനങ്ങളുമാണ്. അവയുടെ വെളിച്ചത്തിൽ യേശുവിന്റെ ജീവിതവും സന്ദേശവും അപഗ്രഥിക്കുമ്പോൾ മാത്രമേ യേശു ആരാണെന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയുകയുള്ളു.

## യേശുവിന്റെ ജീവിതത്തിലൂടെ പ്രകാശിതമാകുന്ന വ്യക്തിമാഹാത്മ്യം

ജനപദങ്ങളുടെ പ്രതീക്ഷയുടെ പൂർത്തീകരണമായിരുന്നു യേശു. രക്ഷകന്റെ വരവിനായി തീക്ഷ്ണതയോടെ കാത്തിരുന്ന യഹൂദജനത്തിനുപുറമേ മറ്റു ജനപദങ്ങളിലും ഒരു സാർവത്രിക രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷയുണ്ടായിരുന്നു. ബി.സി. നാലാം നൂറ്റാണ്ടിൽ ഗ്രീക്ക് തത്ത്വചിന്തകനായ സോക്രട്ടീസ് എഴുതി: "കാത്തിരിക്കുക, വരാനിരിക്കുന്ന സാർവത്രിക വിജ്ഞാനിയെ പാർത്തിരിക്കുക. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ എങ്ങനെ വ്യാപരിക്കണമെന്ന് അദ്ദേഹം നമുക്കു പറഞ്ഞുതരും". ലോകം മുഴുവൻ ഭരിക്കാനുള്ള ഒരുവന്റെ ആഗമനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ശക്തമായ പ്രതീക്ഷയുണ്ടായിരുന്നുവെന്ന് റോമൻ ചരിത്രകാരന്മാരായ സ്വെറ്റോണിയസും ടാസിറ്റസും എഴുതിയിട്ടുണ്ട്. ബേത്‌ലെഹെമിൽ യേശു ജനിച്ചപ്പോൾ ആട്ടിടയർക്കു സന്ദേശം നല്കിയ ദൈവദൂതന്മാർ സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയായിട്ടാണ് യേശുവിന്റെ ജനനത്തെ അവതരിപ്പിച്ചത് (ലൂക്കാ 2:10-11).

ദരിദ്രമായ ഒരു കുടുംബത്തിലാണ് യേശു ജനിച്ചതും വളർന്നതും. നിത്യവൃത്തിക്കായി കഠിനാദ്ധ്വാനം ചെയ്യേണ്ടിയിരുന്ന ഒരു തച്ചന്റെ കുടുംബമായിരുന്നു അവിടുത്തേത്. യേശുവിന്റെ വളർച്ചയെക്കുറിച്ചു സുവിശേഷം വളരെ സംക്ഷിപ്തമായി പറയുന്നതിങ്ങനെയാണ്. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52). പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കുക എന്നതാണ് തന്റെ മുഖ്യധർമ്മമെന്ന് പന്ത്രണ്ടാം വയസ്സിൽതന്നെ യേശു പ്രഖ്യാപിക്കുന്നുണ്ട് (ലൂക്കാ 2:49).

യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചു നമുക്ക് ശരിയായ അറിവു ലഭിക്കുന്നത് അവിടുത്തെ പരസ്യജീ

വിതത്തിൽ നിന്നാണ്. പരസ്യജീവിതകാലത്തുണ്ടായ സംഭവങ്ങൾ യേശു ആരാണെന്ന് വെളിപ്പെടുത്തുന്നവയായിരുന്നു. ദൈവത്തിന്റെ പ്രിയപുത്രനാണ് യേശുവെന്ന് അവിടുത്തെ ജ്ഞാനസ്നാനവേളയിലും പിന്നീട് രൂപാന്തരീകരണവേളയിലും ദൈവം തന്നെ സാക്ഷ്യപ്പെടുത്തി. യേശുവിന്റെ കാരുണ്യം അനുഭവിക്കാനിടയായവർ അവിടുന്ന് ദൈവപുത്രനാണെന്ന് ഏറ്റുപറയുന്നുണ്ട്. യേശു ബഹിഷ്കരിച്ച പിശാചുക്കളും ഇക്കാര്യം വിളിച്ചു പറഞ്ഞിരുന്നു.

താൻ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാണെന്ന് ചുരുക്കം ചില അവസരങ്ങളിൽ യേശുതന്നെ വെളിപ്പെടുത്തുന്നുണ്ട്. സമരിയാക്കാരി സ്ത്രീയോട് താൻ മിശിഹായാണെന്ന് അവിടുന്ന് വ്യക്തമായി പറഞ്ഞു (യോഹ 4:26). എന്നാൽ താൻ മിശിഹായാണെന്ന കാര്യം പരസ്യമാക്കരുതെന്ന് യേശുതന്നെ നിർദ്ദേശിക്കുന്നതായിക്കാണാം (മത്താ 16:20). കുരിശിലൂടെ രക്ഷ സാധിക്കുന്ന മിശിഹാ എന്ന സങ്കല്പമാണ് യേശു പുലർത്തിയിരുന്നത്. എന്നാൽ ഈ സങ്കല്പം ഉൾക്കൊള്ളാൻ സാധാരണ ജനങ്ങൾക്കു കഴിയുമായിരുന്നില്ല. അതിനാലാണ് യഥാർത്ഥ മിശിഹാസങ്കല്പം സ്വീകരിക്കാൻ ജനങ്ങൾ യോഗ്യരാകുംവരെ അതു രഹസ്യമായി സൂക്ഷിക്കാൻ യേശു ആവശ്യപ്പെടുന്നത്. കുരിശിന്റെ മാർഗ്ഗത്തിലൂടെയുള്ള മിശിഹാ സങ്കല്പത്തിനു പകരം ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത രാഷ്ട്രീയവിമോചകനായ മിശിഹാ എന്ന സങ്കല്പം ഉൾക്കൊള്ളാനുള്ള ശക്തമായ പ്രലോഭനം യേശുവിന്റെ ജീവിതത്തിലുണ്ടായിരുന്നു (മത്താ 4:1-11). അവയെല്ലാം അതിജീവിച്ച് ദൈവഹിതത്തോട് യേശു വിശ്വസ്തത പുലർത്തി. തന്നെക്കുറിച്ചുതന്നെ പറയുമ്പോൾ പലപ്പോഴും മനുഷ്യപുത്രൻ എന്ന് അവിടുന്ന് സ്വയം വിശേഷിപ്പിച്ചിരുന്നു. സഹനത്തിലൂടെ രക്ഷ കൈവരിക്കുന്ന മിശിഹായെ സൂചിപ്പിക്കുന്ന ഒരു പദമാണ് മനുഷ്യപുത്രൻ.

യേശുവിൻെറ പ്രവൃത്തികൾ ദൈവത്തിൻെറ കാരുണ്യവും സ്നേഹവും വെളിപ്പെടുത്തുന്നവയായിരുന്നു. അവിടുന്ന് കരയുന്നവരെ ആശ്വസിപ്പിച്ചു. അദ്ധ്വാനിക്കുവന്നവർക്കും ഭാരം വഹിക്കുന്നവർക്കും അവിടുന്ന് ആശ്വാസമേകി. വിശക്കുന്നവർക്ക് ഭക്ഷണം കൊടുത്തപ്പോഴും രോഗികൾക്ക് സൗഖ്യം പ്രദാനം ചെയ്തപ്പോഴും മരിച്ചവരെ ഉയിർപ്പിച്ചപ്പോഴും വേദനിക്കുന്ന മനുഷ്യരോടുള്ള ദൈവത്തിൻെറ അനന്തമായ സ്നേഹം അവിടുന്ന് വെളിപ്പെടുത്തുകയായിരുന്നു. പാപികളുടെയും ചുങ്കക്കാരുടെയും സ്നേഹിതൻ എന്ന് അവിടുന്ന് അറിയപ്പെട്ടു. ചുങ്കക്കാരായ സക്കേവൂസും മത്തായിയും പാപികളായ മഗ്ദലേന മറിയവും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുമെല്ലാം കർത്താവിൻെറ കാരുണ്യത്തിന് പാത്രമായവരാണ്. സൃഷ്ടിക്കുകയും പരിപാലിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവത്തിൻെറ അനന്തമായ സ്നേഹമായിരുന്നു യേശുവിലൂടെ മനുഷ്യർക്ക് അനുഭവിച്ചറിയാൻ കഴിഞ്ഞത്.

യേശുവിലൂടെ ദൈവസ്നേഹം അനുഭവിച്ചറിഞ്ഞവർ അവിടുത്തെ കർത്താവായി ഏറ്റുപറഞ്ഞു. മനുഷ്യവർഗ്ഗത്തോടുള്ള യേശുവിൻെറ സ്നേഹത്തിൻെറ ഉത്തമോദാഹരണമായിരുന്നു അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവും. നമുക്ക് ജീവനുണ്ടാകാനായി അവിടുന്ന് സ്വന്തം ജീവൻ കുരിശിൽ ബലിയർപ്പിച്ചു. നമ്മുടെ ഉത്ഥാനത്തിൻെറ അച്ചാരമായി അവിടുന്ന് മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു.

## യേശുവിൻെറ സന്ദേശത്തിലൂടെ പ്രകാശിതമാകുന്ന വ്യക്തിമാഹാത്മ്യം

ലോകചരിത്രത്തിലെ ഏറ്റവും വലിയ ഗുരുവാണ് യേശു. ദൈവികമായ അധികാരത്തോടെയാണ് അവിടുന്നു പഠിപ്പിച്ചത്. യഹൂദമത വിശ്വാസത്തിൻെറ അടിസ്ഥാനമായ മോശയുടെ നിയമങ്ങൾ എടുത്തു കാണിച്ച് അവയെ ദൈവത്തിൻെറ തിരുമനസ്സിനു ചേർന്നവിധം

വ്യാഖ്യാനിച്ചവയായിരുന്നു യേശുവിൻെറ പ്രബോധനങ്ങൾ. ദൈവം സ്നേഹിക്കുന്ന പിതാവാണെന്ന് യേശു വെളിപ്പെടുത്തി. "ഞങ്ങളുടെ പിതാവേ" എന്നു ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കുവാനുള്ള അവകാശബോധം മനുഷ്യർക്കു നല്കിയതു യേശുവാണ്. ദൈവത്തിൻെറ പിതൃത്വം ഏറ്റുപറയാൻ സാധിക്കണമെങ്കിൽ മറ്റു മനുഷ്യരെയെല്ലാം സഹോദരങ്ങളായി കാണേണ്ടതുണ്ടെന്നും അവിടുന്നു പഠിപ്പിച്ചു. തന്നെപ്പോലെ തൻെറ അയല്ക്കാരനെ സ്നേഹിക്കുവാൻ അവിടുന്നു കല്പിച്ചു. ശത്രുവിനെയും സ്നേഹിക്കാൻ മനുഷ്യനു കടമയുണ്ടെന്ന് അവിടുന്ന് പഠിപ്പിച്ചു. ഈ പുതിയ പ്രബോധനങ്ങളനുസരിച്ചു ജീവിക്കുന്നവർ ദൈവരാജ്യത്തിലെ അംഗങ്ങളാകുന്നു. ദൈവഹിതം നിറവേറ്റുന്നതും ദൈവസ്നേഹം അനുഭവിച്ചറിയുന്നതുമായ സൗഭാഗ്യാവസ്ഥയാണ് ദൈവരാജ്യം. ദൈവരാജ്യത്തിലെ അംഗങ്ങളുടെ യോഗ്യതയെന്തെന്നും എങ്ങനെ ദൈവരാജ്യം പ്രാപിക്കാമെന്നും അവിടുന്നു കാണിച്ചുതന്നു. ജീവിതത്തിലൂടെ തെളിയിച്ച സന്ദേശമായിരുന്നു യേശു പ്രദാനം ചെയ്തത്. ദൈവത്തിൻെറ അനന്തമായ സ്നേഹത്തിൻെറ സന്ദേശം കുരിശിലൂടെ യേശു സ്ഥിരീകരി ു.

## അപ്പസ്തോലന്മാരുടെ ക്രിസ്ത്വനുഭവം

യേശുവിൻെറ പ്രവൃത്തികൾക്കും പ്രബോധനങ്ങൾക്കും ഏറ്റവുമടുത്ത സാക്ഷികളായിരുന്ന അപ്പസ്തോലന്മാർക്കാണ് യേശു ആരാണെന്ന് ഏറ്റവും ആഴത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. പക്ഷേ, അവരുടെ ആ അറിവ് അപൂർണ്ണമായിരുന്നുവെന്ന് പില്ക്കാലത്ത് അവർക്ക് ബോദ്ധ്യമായി. യേശുവിൻെറ കുരിശിലെ മരണത്തിൻെറ പൊരുളെന്തെന്ന് ഗ്രഹിക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല. യേശുവിൻെറ ഉത്ഥാനവും പരിശുദ്ധാത്മാവിൻെറ ആഗമനവുമാണ് ശിഷ്യന്മാർക്ക് യഥാർത്ഥമായ ക്രിസ്ത്വനുഭവം പ്രദാനം ചെയ്തത്. അവർക്ക് പരിചിതനായിരുന്ന നസ്രായനായ യേശുവിനെ ദൈവപുത്രനായി കാണുവാൻ അതോടെ അവർക്ക് സാധിച്ചു. യേശു കർത്താവും

ദൈവവുമാണെന്ന് തോമാശ്ലീഹാ ഏറ്റു പറഞ്ഞു. മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞ ഭീരുവായ പത്രോസ് ധീരതയോടെ യഹൂദ ജനത്തോട് പ്രഖ്യാപിച്ചു. "നിങ്ങൾ കുരിശിൽ തറച്ച യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമാക്കി ഉയർത്തി എന്ന് ഇസ്രായേൽ ജനം മുഴുവനും വ്യക്തമായി അറിയട്ടെ" (അപ്പ 2:36). ജീവൻ ബലിയർപ്പിച്ചുകൊണ്ടുപോലും പ്രഖ്യാപിക്കേണ്ട സത്യമാണതെന്ന് ശിഷ്യന്മാർക്കു ബോദ്ധ്യമായിക്കഴിഞ്ഞിരുന്നു. യേശുക്രിസ്തു സകലത്തിൻെറയും കർത്താവും ദൈവവുമാണെന്ന ഉറച്ച ബോധ്യമാണ് അവിടുത്തെപ്രതി മരിക്കാൻ ക്രൈസ്തവർക്ക് പ്രചോദനമരുളിയത്. ഉയിർത്തെഴുന്നേറ്റ കർത്താവ് തങ്ങളോടൊത്ത് ജീവിക്കുന്നുണ്ടെന്ന് അവർ അനുഭവിച്ചറിഞ്ഞു.

## യേശു എനിക്ക് ആരാണ്?

ക്രിസ്ത്യാനിയുടെ ജീവിതത്തിലെ മർമ്മപ്രധാനമായൊരു ചോദ്യമാണിത്. ചരിത്രപുരുഷനായി മാത്രം യേശുവിനെ വീക്ഷിക്കുന്നതുകൊണ്ട് ഒരാൾ ക്രിസ്ത്യാനിയാവുന്നില്ല. യേശുവിനെ കർത്താവും ദൈവവുമായി സ്വീകരിക്കുന്ന വ്യക്തിക്കു മാത്രമേ അവിടുത്തെ സഭയിലെ അംഗമായിരിക്കാൻ കഴിയുകയുള്ളൂ. എനിക്കു രക്ഷ നല്കാനായി മരിക്കുകയും എൻെറ ഉയിർപ്പിൻെറ അച്ചാരമായി ഉയിർത്തെഴുന്നേല്ക്കുകയും എന്നെ നയിച്ചുകൊണ്ട് ഇന്ന് എന്നോടുകൂടി ജീവിക്കുകയും ചെയ്യുന്ന കർത്താവും ദൈവവുമായ മിശിഹായാണ് യേശു എന്ന അനുഭവബോദ്ധ്യമാണ് ഓരോ ക്രിസ്ത്യാനിയും കൈവരിക്കേണ്ടത്. യേശു എന്നോടൊപ്പം ജീവിക്കുന്നു എന്നതിലുപരിയായി അവിടുന്ന് എന്നിൽ ജീവിക്കുന്നു എന്ന അനുഭവമാണ് വേണ്ടത്. "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" (ഗലാ 2:20). വി. പൗലോസിൻെറ ഈ വാക്കുകൾ യഥാർത്ഥ ക്രിസ്ത്വനുഭവത്തിലേക്കു വിരൽ ചൂണ്ടുന്നു. യേശുവിൻെറ പ്രബോധനങ്ങളാവണം നമ്മുടെ ജീവിതത്തെ നയിക്കുന്ന ശക്തി. ചിന്തയിലും

വചനത്തിലും പ്രവൃത്തിയിലും യേശുവിൻെറ സന്ദേശം നിറഞ്ഞുനില്ക്കണമെന്ന ലക്ഷ്യമാണ് ക്രിസ്ത്യാനിക്കുണ്ടായിരിക്കേണ്ടത്.

കേസറിയാ ഫിലിപ്പിയിൽവച്ച് യേശു ശിഷ്യന്മാരോടു ചോദിച്ച ചോദ്യം പാഠത്തിൻെറ ആരംഭത്തിൽ നാം കണ്ടു. മറ്റുള്ളവർ തന്നെപ്പറ്റി എന്തു പറയുന്നുവെന്ന ചോദ്യത്തിന് ഉത്തരം കിട്ടിയപ്പോൾ ശിഷ്യന്മാരോടായി യേശു വീണ്ടും ചോദിച്ചു: "എന്നാൽ ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?" (മത്താ 16:15) ശിഷ്യന്മാരെ പ്രതിനിധീകരിച്ച് പത്രോസ് നല്കിയ മറുപടി ജീവിതത്തിലൂടെ ആവർത്തിക്കുവാൻ നമുക്കു കഴിയുമോ?

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രനെ ഞങ്ങൾക്ക് രക്ഷകനും കർത്താവുമായി നല്കിയതിനെയോർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ക്രിസ്ത്വാനുഭവമുണ്ടായ അപ്പസ്തോലന്മാരെപ്പോലെ യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. യേശു ഞങ്ങളിൽ ജീവിക്കുന്നു എന്ന ബോദ്ധ്യത്തോടെ എല്ലായ്പ്പോഴും ജീവിക്കുവാനുള്ള കൃപാവരം ഞങ്ങൾക്കു നല്കണമേ.

### ഉത്തരം കണ്ടുപിടിക്കുക

1. പലസ്തീനായിലെ സാധാരണ ജനങ്ങൾക്ക് യേശുവിനെക്കുറിച്ചുണ്ടായിരുന്ന വ്യത്യസ്ത വീക്ഷണങ്ങൾ ഏവയെന്ന് ചുരുക്കി പ്രതിപാദിക്കുക.

2. യഹൂദജനത്തിൻെറ സങ്കല്പത്തിൽ മിശിഹായുടെ ദൗത്യമെന്തായിരുന്നു ?

3. "ജനപദങ്ങളുടെ പ്രതീക്ഷയുടെ പൂർത്തീകരണമായിരുന്നു യേശു" ഈ നിഗമനത്തോട് യോജിക്കാനാവുമോ ? എന്തുകൊണ്ട്?

4. താൻ മിശിഹായാണെന്ന കാര്യം പരസ്യമാക്കരുതെന്ന് യേശു നിർദ്ദേശിച്ചത് എന്തുകൊണ്ട്?

5. യേശുവിൻെറ പ്രവൃത്തികൾ ദൈവത്തിൻെറ അനന്തമായ സ്നേഹം വെളിപ്പെടുത്തുന്നവയായിരുന്നുവെന്ന് ഉദാഹരണങ്ങളോടുകൂടി വ്യക്തമാക്കുക.

6. യഥാർത്ഥ ക്രിസ്ത്വനുഭവം ലഭിച്ചപ്പോൾ ശിഷ്യന്മാർക്കുണ്ടായ മാറ്റങ്ങൾക്ക് ചില ഉദാഹരണങ്ങൾ പറയുക.

7. ഓരോ ക്രിസ്ത്യാനിക്കും യേശുവിനെക്കുറിച്ച് ഉണ്ടായിരിക്കേണ്ട അനുഭവജ്ഞാനം ഏതുതരത്തിലുള്ളതായിരിക്കണം ?

8. "യേശുവിനെ കേവലം ചരിത്രപുരുഷനായി മാത്രം കാണുന്നത് ശരിയല്ല". ഈ നിഗമനത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്ത് ?

### പ്രവർത്തിക്കുക

യോഹ 1:35-42-ൽ യേശുവിനെ കണ്ടുമുട്ടുന്ന രണ്ടു ശിഷ്യന്മാരുടെ അനുഭവം വിവരിക്കുന്നുണ്ട്. ഈ ഭാഗം ധ്യാനപൂർവം വായിച്ച് നിങ്ങളുടെ ജീവിതത്തിൽ യേശുവിനെ അനുഭവിച്ചറിയാനുള്ള ചില പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തുക.

# 2

# ക്രിസ്തു നമ്മുടെ വിമോചകൻ

ഓരോ വർഷവും ആഹ്ലാദപൂർവ്വം നാം ആഘോഷിക്കുന്ന ഒരു ദിനമാണ് ആഗസ്റ്റ് 15. രാഷ്ട്രീയാടിമത്തത്തിൽ നിന്ന് ഇന്ത്യ വിമോചിതയായതിന്റെ സ്മരണ കൊണ്ടാടുന്ന പുണ്യദിനം. ദീർഘകാലത്തെ സഹനത്തിലൂടെയും സമരത്തിലൂടെയുമാണ് നമ്മുടെ പൂർവികർ ഇന്ത്യയുടെ സ്വാതന്ത്ര്യം നേടിയെടുത്തത്. ലോക ചരിത്രത്തിലെങ്ങും മോചനത്തിന്റെ പുലരി തേടിയുള്ള പ്രയാണം കാണാൻ കഴിയും. അമേരിക്കയിലും ആഫ്രിക്കൻ വൻകരയിലും കറുത്ത വർഗ്ഗക്കാർ വിമോചനത്തിനുവേണ്ടി പോരാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ജർമ്മനികളെ വേർതിരിച്ചിരുന്ന കനത്ത ബെർലിൻ മതിൽ നീക്കം ചെയ്തപ്പോൾ സ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചം നുകരാനുള്ള ജർമ്മൻകാരുടെ തീക്ഷ്ണമായ ആഗ്രഹമാണ് സാക്ഷാത്കരിക്കപ്പെട്ടത്. എവിടെയും എക്കാലത്തും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മുറവിളി ഉയരുന്നുണ്ട്. ചരിത്രത്തിലെ വിപ്ലവങ്ങളിലെല്ലാം നാം ദർശിക്കുന്നത് ഭൗതികമായ മോചനം തേടിയുള്ള മനുഷ്യന്റെ മുന്നേറ്റമാണ്. എന്നാൽ ശാശ്വതമായ വിമോചനമാണ് മതങ്ങളുടെ ലക്ഷ്യം. ബൃഹദാരണ്യകോപനിഷത്തിലുള്ള ഒരു പ്രാർത്ഥന ശ്രദ്ധിക്കൂ:

'അസതോ മാ സദ്ഗമയ
തമസോ മാ ജ്യോതിർ ഗമയ
മൃത്യോർ മാ അമൃതം ഗമയ'



വിമോചനത്തിനുവേണ്ടി ദാഹിക്കുന്ന മനുഷ്യൻെറ ഹൃദയത്തുടിപ്പുകളുടെ ആവിഷ്കരണമാണ് ഈ പ്രാർത്ഥന. അസത്യത്തിൽ നിന്ന് സത്യത്തിലേക്കും അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കും മരണത്തിൽ നിന്ന് മരണമില്ലായ്മയിലേക്കും രക്ഷപ്പെടാനുള്ള മനുഷ്യ വർഗ്ഗത്തിൻെറ തീവ്രമായ അഭിലാഷമാണ് ഈ പ്രാർത്ഥനയിൽ പ്രതിഫലിച്ചിട്ടുള്ളത്.

രാഷ്ട്രീയരംഗത്തും മതരംഗത്തും പല വിമോചകരും രംഗപ്രവേശം ചെയ്തിട്ടുണ്ട്. എന്നാൽ പൂർണ്ണമായ മോചനം നല്കുവാൻ ഈ വിമോചകർക്കു സാധിച്ചില്ല. മനുഷ്യൻെറ അസ്തിത്വത്തെത്തന്നെ ബന്ധിക്കുന്ന കനത്ത ചങ്ങലകൾ ഭേദിക്കാൻ ഇത്തരം വിമോചകർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ യേശു ഇവരിൽ നിന്നെല്ലാം വ്യത്യസ്തനായ വിമോചകനാണ്. മനുഷ്യൻെറ സമ്പൂർണ്ണവിമോചകനാണ് അവിടുന്ന്. ആദ്ധ്യാത്മികവും ഭൗതികവുമായ എല്ലാത്തരം ബന്ധനങ്ങളിൽ നിന്നും

മനുഷ്യനെ പൂർണ്ണമായി വിമോചിപ്പിക്കാനാണ് ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്. യേശു നല്കുന്ന വിമോചനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ ആദ്യം തന്നെ പഴയ നിയമത്തിലെ വിമോചനചരിത്രത്തിന്റെ പശ്ചാത്തലത്തിൽ യേശുവിനെ കാണേണ്ടതുണ്ട്.

## വിമോചനം പഴയനിയമത്തിൽ

ഇസ്രായേൽ ജനം ഈജിപ്തിൽ അടിമത്തത്തിൽ കഴിഞ്ഞിരുന്ന കാലത്ത് ഈജിപ്തിലെ അധികാരികൾ ഇസ്രായേൽ ജനത്തെ നിരന്തരം പീഡിപ്പിച്ചിരുന്നു. ഈ പീഡനങ്ങളുടെ മദ്ധ്യേ ഇസ്രായേൽക്കാർ കർത്താവിനെ വിളിച്ചപേക്ഷിച്ചപ്പോൾ അവരെ വിമോചിപ്പിക്കാനായി ദൈവം മോശയെ നിയോഗിച്ചു (പുറ 3:10). ഇസ്രായേൽ ജനത്ത മോചിപ്പിക്കണമെന്ന് ഈജിപ്തിലെ ഫറവോയോട്, ദൈവത്തിന്റെ കല്പനയനുസരിച്ച്, മോശ ആവശ്യപ്പെട്ടു. പക്ഷേ, ഫറവോ വഴങ്ങിയില്ല. ദൈവം മോശ വഴി ഈജിപ്തിനെ ശിക്ഷിച്ചെങ്കിലും ഫറവോ മനസ്സു മാറ്റിയില്ല. ഒടുവിൽ ഈജിപ്തുകാരുടെ കടിഞ്ഞൂൽപുത്രന്മാരെയെല്ലാം ദൈവം സംഹരിച്ചപ്പോൾ ഇസ്രായേലിനെ മോചിപ്പിക്കാമെന്ന് ഫറവോയ്ക്ക് സമ്മതിക്കേണ്ടിവന്നു. ഇസ്രായേൽ ജനത്തെ സ്വന്തം നാട്ടിലേക്ക് പോകാൻ അനുവദിച്ചെങ്കിലും പിന്നീട് ഫറവോ സൈന്യത്തെ അയച്ച് അവരെ തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചു. എന്നാൽ ദൈവം ഫറവോയുടെ സൈന്യത്തെ ചെങ്കടലിലാഴ്ത്തി. ഇസ്രായേൽ ജനം മോശയുടെ നേതൃത്വത്തിൽ സുരക്ഷിതമായി ചെങ്കടൽ കടന്നു പോയി.

മരുഭൂമിയിലൂടെ മോശ ജനത്തെ നയിച്ചു. ദൈവത്തിന്റെ നിരന്തരമായ സാന്നിധ്യവും സഹായവും അവരോടൊപ്പമുണ്ടായിരുന്നു. സീനായിൽ വച്ച് ദൈവം അവരുമായി ഉടമ്പടി ചെയ്യുകയും അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമായിത്തീരുകയും ചെയ്തു. ഇസ്രായേലിനെ വാഗ്ദത്തദേശത്തെത്തിക്കുവാൻ മോശയ്ക്കു സാധിച്ചില്ല. മോശയുടെ സ്ഥാനത്ത് ജോഷ്വയാണ്

ജനത്തെ നയിച്ചത്. ഇസ്രായേലിന്റെ വിമോചകനായി ട്ടറിയപ്പെടുന്നത് മോശയാണ്. എങ്കിലും, സമ്പൂർണ്ണ വിമോചനം പ്രദാനം ചെയ്യാൻ മോശക്കു കഴിഞ്ഞില്ല.

ന്യായാധിപന്മാരും രാജാക്കന്മാരും പ്രവാചകന്മാരുമെല്ലാം ഇസ്രായേൽ ജനത്തെ വിമോചിപ്പിക്കുന്ന ദൗത്യം തുടർന്നു. കേവലം ബാഹ്യമായ വിമോചനം എന്നതിനു പുറമേ ആന്തരികമായ വിമോചനത്തിനു വേണ്ടിയും യത്നിക്കണമെന്ന് പ്രവാചകന്മാർ ആഹ്വാനം ചെയ്തു. ഏശയ്യാ, ജറെമിയാ തുടങ്ങിയ പ്രവാചകന്മാർ മോചനത്തിന്റെ പ്രതീക്ഷ നല്കിയവരായിരുന്നു. തുടർന്നുള്ള കാലഘട്ടങ്ങളിൽ ഇസ്രായേൽ ജനം ബാബിലോണിയാ, അസ്സീറിയാ, പേർഷ്യാ, റോമാ എന്നീ രാജ്യങ്ങളുടെ ആധിപത്യത്തിലായിരുന്നു. ദൈവം അയയ്ക്കുന്ന രക്ഷകനിലൂടെ കൈവരുന്ന മോചനത്തിനായി വർദ്ധിച്ച താത്പര്യത്തോടെ കാത്തിരിക്കാൻ രാഷ്ട്രീയാടിമത്തങ്ങൾ പശ്ചാത്തലമൊരുക്കി.



സമഗ്രവിമോചകനായ യേശു

ഇസ്രായേലിൻെറ പ്രതീക്ഷകളുടെ സാക്ഷാത്കാരമായിട്ടാണ് വിമോചകനായ യേശു പ്രത്യക്ഷപ്പെടുന്നത് സിനഗോഗിൽവച്ച് ഏശയ്യായുടെ പുസ്തകം വായിക്കാനിടയായപ്പോഠം അതിൽ പ്രതിപാദിച്ചിരിക്കുന്ന വിമോചകൻ താൻതന്നെയാണെന്ന് യേശു പ്രഖ്യാപിച്ചു: "കർത്താവിൻെറ ആത്മാവ് എൻെറ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). മനുഷ്യനെ അവൻെറ എല്ലാത്തരത്തിലുമുള്ള ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കുന്ന സമ്പൂർണ്ണ വിമോചകനാണ് യേശു. യേശു എന്ന പേരിൻെറ അർത്ഥം തന്നെ 'ദൈവം രക്ഷിക്കുന്നു' എന്നാണ്: "ഇന്ന് ദാവീദിൻെറ പട്ടണത്തിൽ നിങ്ങഠംക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു" (ലൂക്കാ 2:11). യേശുവിൻെറ ജനനവേളയിൽ തന്നെ അവിടുത്തെ വിമോചന ദൗത്യം ഇങ്ങനെ പ്രഖ്യാപിക്കപ്പെട്ടു.

തന്നെത്തന്നെ യേശു വെളിപ്പെടുത്തുന്നതു മനുഷ്യ വർഗ്ഗത്തിൻെറ സമ്പൂർണ്ണവിമോചകനായിട്ടാണ്. വരാനിരിക്കുന്നവൻ നീ തന്നെയോ എന്ന് യോഹന്നാൻെറ ശിഷ്യന്മാർ ചോദിച്ചപ്പോഠം യേശു പറഞ്ഞു: "നിങ്ങഠം കേഠംക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുക. അന്ധന്മാർ കാഴ്ച പ്രാപിക്കുന്നു. മുടന്തന്മാർ നടക്കുന്നു. കുഷ്ഠരോഗികഠം ശുദ്ധരാക്കപ്പെടുന്നു. ബധിരർ കേഠംക്കുന്നു. മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു.ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു." (മത്താ 11:4,5). മിശിഹായുടെ ലക്ഷണമായി യേശു ചൂണ്ടിക്കാണിച്ചത് അവിടുത്തെ വിമോചനപ്രക്രിയയായിരുന്നു.

## വിമോചന സദ്വാർത്ത പ്രഘോഷിക്കുന്ന യേശു

പ്രവാചകധീരതയോടെ മനുഷ്യൻെറ വിമോചനത്തിനുവേണ്ടി യേശു വാദിച്ചു. മനുഷ്യപുരോഗതിക്ക് തടസ്സം നില്ക്കുന്ന നിയമങ്ങൾക്കും പാരമ്പര്യങ്ങൾക്കുമെതിരേ അവിടുന്ന് സ്വരമുയർത്തി. ദുർവഹമായ ചുമടുകൾ മനുഷ്യരുടെ ചുമലിൽ വച്ചുകൊടുത്ത നിയമജ്ഞരെയും ഫരിസേയരെയും അവിടുന്ന് വിമർശിക്കുന്നുണ്ട് (മത്താ 23:23,24). മനുഷ്യരെക്കാൾ ഉയർന്ന സ്ഥാനം നിയമാനുഷ്ഠാനങ്ങൾക്കു കല്പിച്ച യഹൂദരെ യേശു നിശിതമായി കുറ്റപ്പെടുത്തി.

## പാപത്തിൽനിന്നുള്ള മോചനം

പാപത്തിൽനിന്നുള്ള മോചനമാണ് ഒരുവനെ യഥാർത്ഥത്തിൽ സ്വതന്ത്രനാക്കുന്നതെന്ന് യേശു പഠിപ്പിച്ചു. പാപത്തിൻെറ ബന്ധനമാണ് മനുഷ്യൻെറ ഏറ്റവും വലിയ ബന്ധനം. തങ്ങളൊരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല എന്ന് അഭിമാനിച്ച യഹൂദരോട് യേശു പറഞ്ഞു : "പാപം ചെയ്യുന്നവൻ പാപത്തിൻെറ അടിമയാണ് " (യോഹ 8:34). "നിൻെറ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു" (മർക്കോ 2:5) എന്നു പറഞ്ഞുകൊണ്ടാണ് യേശു തളർവാതരോഗിയെ സുഖപ്പെടുത്തിയത്. ശരീരത്തെ ബാധിച്ചിട്ടുള്ള തളർവാതത്തെക്കാൾ വലുതാണ് പാപത്തിൻെറ ബന്ധനമെന്ന് അങ്ങനെ വ്യക്തമാക്കി.

സ്വയം വിമോചിതരാകാനുള്ള വഴികളും അവിടുന്നു പഠിപ്പിച്ചിരുന്നു. ദാരിദ്ര്യവും പീഡനവും ദുഃഖദുരിതങ്ങളുമെല്ലാം ശാശ്വതമായ വിമോചനത്തിനു സഹായിക്കുന്ന ഉപാധികളാണെന്ന് അവിടുന്ന് ചൂണ്ടിക്കാണിച്ചു (മത്താ 5:3-12).

## വിമോചനം കുരിശിലൂടെ

പാപത്തിൻെറ അടിമത്തത്തിൽ നിന്നു മനുഷ്യവർഗ്ഗത്തെ മോചിപ്പിക്കാനായി കുരിശിൻെറ മാർഗ്ഗമാണ് യേശു തിരഞ്ഞെടുത്തത്. സ്വന്തം ജീവൻ ഹോമിച്ചുകൊണ്ടു

മറ്റുള്ളവർക്കു ജീവനരുളുന്ന വിമോചനമാണ് കുരിശിൽ നാം കാണുന്നത്. യേശുവിൻെറ കുരിശുമരണം ഒരു പരാജയമാണെന്നത്രേ ലോകം വിധിയെഴുതിയത്. യേശുവിൻെറ ജീവിതത്തിൽ തന്നെ ഈ കുരിശിൻെറ മാർഗ്ഗത്തിനെതിരായ പ്രലോഭനങ്ങളുണ്ടായിരുന്നെന്ന് കഴിഞ്ഞ പാഠത്തിൽ സൂചിപ്പിച്ചല്ലോ. ദൈവത്തിൻെറ തിരുമനസ്സിനനുസൃതം കുരിശിലൂടെ രക്ഷ കൈവരിക്കാനാണ് യേശു നിശ്ചയിച്ചത്. കുരിശിലെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും യേശു മനുഷ്യവർഗ്ഗം മുഴുവനെയും സാത്താൻെറ ബന്ധനത്തിൽനിന്നും വിമോചിപ്പിച്ചു.

## യേശു നല്കുന്ന ഭൗതിക വിമോചനം

യേശു നല്കുന്ന വിമോചനം ആന്തരികതലത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. മനുഷ്യൻെറ സമ്പൂർണ്ണമായ വിമോചനത്തിനുവേണ്ടി അവിടുന്നു പ്രവർത്തിച്ചു. വിശക്കുന്നവൻെറ മുമ്പിൽ ദാരിദ്ര്യത്തിൻെറ മഹിമ വർണ്ണിക്കുവാൻ നില്ക്കാതെ അവന് അപ്പം കൊടുക്കുവാനാണ് യേശു സന്നദ്ധനായത്. രോഗംകൊണ്ടു വലയുന്നവരെ സുഖപ്പെടുത്തിയപ്പോഠം ശാരീരികമായ വിമോചനത്തിനും അവിടുന്നു പ്രാധാന്യം നല്കുകയായിരുന്നു. സാബത്താചരണത്തിൻെറ കർശന നിയമങ്ങഠം അവഗണിച്ചുകൊണ്ടുപോലും അവിടുന്നു രോഗശാന്തി നല്കി. സാബത്തുദിവസം സിനഗോഗിൽവച്ച്, കൈ ശോഷിച്ചവനെ സുഖപ്പെടുത്തിക്കൊണ്ട് (മത്താ12:9-14) മനുഷ്യനെ വിമോചിപ്പിക്കുന്നതിൻെറ പ്രാധാന്യം യേശു വ്യക്തമാക്കി. പതിനെട്ടുവർഷമായി പിശാചുബാധമൂലം കൂനിപ്പോയിരുന്ന ഒരു സ്ത്രീക്ക് സാബത്തുദിവസത്തിൽ രോഗശാന്തി നല്കിയതിൽ കോപിഷ്ഠനായ സിനഗോഗധികാരിയോട് യേശു പറഞ്ഞവാക്കുകഠം ശ്രദ്ധേയമാണ്: "പതിനെട്ടുവർഷം സാത്താൻ ബന്ധിച്ചിട്ടിരുന്നവളായ അബ്രാഹത്തിൻെറ ഈ മകളെ സാബത്തുദിവസം അഴിച്ചുവിടേണ്ടതില്ലെന്നോ? " (ലൂക്കാ 13:16).

## വിമോചന ദൈവശാസ്ത്രം

യേശുവിൻെറ വിമോചനദൗത്യത്തിന് അടുത്തകാലത്ത് കൂടുതൽ ഊന്നൽ ലഭിച്ചിട്ടുണ്ട്. ഈ വിമോചന ദൗത്യത്തിൻെറ പ്രാധാന്യം ഊന്നിപ്പറയുന്ന ഒരു പ്രസ്ഥാനമാണ് വിമോചന ദൈവശാസ്ത്രം (Liberation Theology). ഈ പ്രസ്ഥാനത്തിന് ചിലയിടങ്ങളിൽ പാളിച്ചകളുണ്ടായിട്ടുണ്ട്. വിമോചനത്തിൻെറ ആദ്ധ്യാത്മിക വശത്തിന് ചിലർ വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതു കൊണ്ടാണ് അങ്ങനെ സംഭവിച്ചത്. വിമോചനം നേടാൻ സുവിശേഷാനുസൃതമല്ലാത്ത മാർഗ്ഗങ്ങളും ചിലർ സ്വീകരിച്ചു. തന്മൂലം സഭ ഈ പ്രസ്ഥാനത്തെ സംബന്ധിച്ചു വ്യക്തമായ ചില നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. യേശുവിനെപ്പോലെ മനുഷ്യൻെറ സമ്പൂർണ്ണവിമോചനത്തിനായി സുവിശേഷാധിഷ്ഠിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നതാണ് സഭയുടെ പ്രബോധനം.

## അപൂർണ്ണമായ വിമോചനം

മനുഷ്യന് ദാരിദ്ര്യത്തിൽ നിന്നും രാഷ്ട്രീയ ബന്ധത്തിൽ നിന്നുമെല്ലാം മോചനം കിട്ടിയാൽ എല്ലാം തികഞ്ഞുവെന്ന് കരുതുന്നവരുണ്ട്. തൊഴിലാളികളുടെ വിമോചനത്തിനുവേണ്ടി മുറവിളികൂട്ടുന്ന കമ്മ്യൂണിസ്റ്റു ചിന്തകർ ഇത്തരത്തിലുള്ളവരാണ്. എന്നാൽ ബാഹ്യമായ ബന്ധനങ്ങളിൽ നിന്നുള്ള മോചനം കൊണ്ടുമാത്രം മനുഷ്യൻ സന്തുഷ്ടനാവുകയില്ല. യേശുവിൻെറ വാക്കുകൾ ഇവിടെ വളരെ പ്രസക്തമാണ് : "മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്..." (മത്താ 4:4). കമ്മ്യൂണിസം തുടങ്ങിയ പ്രത്യയശാസ്ത്രങ്ങൾ വിഭാവനം ചെയ്യുന്ന വിമോചനം അപൂർണ്ണമാണ്. മനുഷ്യൻെറ ആന്തരിക യാഥാർത്ഥ്യങ്ങൾക്ക് തെല്ലും പ്രാധാന്യം കല്പിക്കാത്തവയാണവ. തന്മൂലം അത്തരം വിമോചനസിദ്ധാന്തങ്ങൾ ക്രൈസ്തവർക്ക് സ്വീകാര്യമല്ല.

## വിമോചനം നമ്മുടെ ജീവിതത്തിൽ

വിമോചകനായ ക്രിസ്തു ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രസക്തിയുള്ളവനായിത്തീരുന്നത് നിരന്തരമായ വിമോചനത്തിന് ആ വ്യക്തി വിധേയനാകുമ്പോൾ മാത്രമാണ്. നമ്മുടെ സമ്പൂർണ്ണ വിമോചകനായിട്ടാണ് യേശു നമ്മിൽ വസിക്കുന്നത്. പക്ഷേ, യേശുവിനോട് സഹകരിച്ചെങ്കിൽ മാത്രമേ വിമോചനം നേടാൻ നമുക്ക് കഴിയുകയുള്ളൂ.

സ്വയം വിമോചിതനാകാൻ ആഗ്രഹിക്കുന്നവൻ സമൂഹത്തെയും വിമോചിപ്പിക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. പാപത്തിന്റെയും അജ്ഞതയുടെയും ദാരിദ്ര്യത്തിന്റെയും മർദ്ദനത്തിന്റെയുമൊക്കെ ബന്ധനങ്ങളിൽ നിന്ന് നാം മറ്റുള്ളരെ വിമോചിപ്പിക്കണം. പടിവാതില്ക്കൽ വ്രണിതനായി കിടക്കുന്ന ലാസറിനെയും (ലൂക്കാ 16:19-31) കള്ളന്മാരുടെ ആക്രമണത്തിനു വിധേയനായിക്കിടക്കുന്ന യാത്രക്കാരനെയും (ലൂക്കാ 10:25-37) കണ്ടില്ലെന്നു നടിച്ചുകൊണ്ട് നീങ്ങുന്നവന് വിമോചിതനാകാൻ സാധിക്കുകയില്ല.

യേശുവിന്റെ രക്ഷാകരമായ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ആചരണമായ വി. കുർബാനയിലുള്ള സജീവപങ്കാളിത്തം ഇന്നു നമുക്ക് രക്ഷ പകർന്നുതരുന്നു. പക്ഷേ, ആ ബലിവേദിക്കരികിലെത്താൻ യോഗ്യതയുണ്ടാകണമെങ്കിൽ സ്വയം വിമോചിതനാകാനും സമൂഹത്തെ വിമോചിപ്പിക്കാനുമുള്ള തീക്ഷ്ണമായ പരിശ്രമമുണ്ടായിരിക്കണം.

വിമോചനത്തിന്റെ സദ്വാർത്തയുമായി പലസ്തീനായിൽ അവതരിച്ച യേശു ഇന്ന് യഥാർത്ഥ വിമോചകനായി നമ്മുടെയിടയിലും കടന്നു വരണം. സ്വതന്ത്രരാണെന്ന മിഥ്യാബോധത്തിൽ കഴിയുന്ന നാം നമ്മുടെ ബന്ധനങ്ങളെക്കുറിച്ച് ആത്മാർത്ഥമായി അവബോധമുള്ളവരാകുകയും സ്വതന്ത്രരാകാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ മാത്രമേ

വിമോചകനായ ക്രിസ്തുവിന് നമ്മുടെ ജീവിതത്തിൽ പ്രസക്തിയുണ്ടാവുകയുള്ളൂ.

### പ്രാർത്ഥന

മനുഷ്യകുലത്തിൻെറ വിമോചകനായ യേശുവേ, എല്ലാത്തരം ബന്ധനങ്ങളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കാൻ വേണ്ടി അങ്ങു മനുഷ്യനായി അവതരിച്ചതിനു ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. കുരിശിലെ ബലിയിലൂടെ അങ്ങു നേടിത്തന്ന സമ്പൂർണ്ണ വിമോചനത്തിൽ പങ്കുചേരാനും അങ്ങനെ രക്ഷയുടെ അനുഭവം സ്വന്തമാക്കാനും ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ.

### ഉത്തരം കണ്ടുപിടിക്കുക

1. പഴയനിയമത്തിൽ കാണുന്ന ഇസ്രായേലിൻെറ വിമോചന ചരിത്രം ചുരുക്കി പ്രതിപാദിക്കുക.
2. യേശു സമഗ്രവിമോചകനാണെന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ?
3. പാപത്തിൽനിന്നുള്ള വിമോചനത്തിനു യേശു വലിയ പ്രാധാന്യം നല്കിയിരുന്നു എന്നതിന് ഉദാഹരണങ്ങൾ നല്കുക ?
4. ഭൗതികമായ വിമോചനത്തിന് യേശു പ്രാധാന്യം കല്പിച്ചിരുന്നുവെന്നു തെളിയിക്കുക.
5. വിമോചന ദൈവശാസ്ത്രം എന്നാലെന്ത് ? അതിനുണ്ടായ അപാകതയെന്ത് ?
6. കമ്മ്യൂണിസം വിഭാവനം ചെയ്യുന്ന വിമോചനത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്ത്. ?

### പ്രവർത്തിക്കുക.

ആദ്ധ്യാത്മികവും സാമൂഹികവുമായ മണ്ഡലങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ബന്ധനം നിങ്ങളുടെ ഇടവക സമൂഹത്തിലുണ്ടോയെന്നു ചർച്ച ചെയ്യുക. ഉണ്ടെങ്കിൽ അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

# 3

# നമ്മുടെ രക്ഷയ്ക്കുള്ള ബലിയും വിരുന്നും

1941-ൽ പോളണ്ടിലെ ഓഷ്വിറ്റ്സ് എന്ന സ്ഥലത്ത് നാസി തടങ്കൽ പാളയത്തിൽ നിന്ന് ഒരാൾ എങ്ങനെയോ രക്ഷപ്പെട്ടു. രക്ഷപെട്ട തടവുകാരനു പകരം പത്തുപേർ മരിക്കണമെന്ന് പട്ടാളമേധാവി ഉത്തരവായി. അതനുസരിച്ച് മരിക്കാൻ വിധിക്കപ്പെട്ട പത്തുപേരിൽ ഒരുവനായിരുന്നു ഫ്രാൻസിസെക് ഗഷോവ്നിസെക്. തന്റെ പേരു വിളിക്കുന്നതു കേട്ടപ്പോൾ അയാൾ പൊട്ടിക്കരഞ്ഞു. താൻ മരിച്ചാൽ തന്റെ ഭാര്യയും കുഞ്ഞുങ്ങളും അനാഥരാകുമെന്നു പറഞ്ഞ് അയാൾ മോചനത്തിനായി കേണപേക്ഷിച്ചു. അപ്പോൾ അയാൾക്കു പകരം ജീവൻ കൊടുക്കാൻ സന്നദ്ധനായി മറ്റൊരു തടവുകാരൻ മുന്നോട്ടുവന്നു. പോളണ്ടുകാരനായ മാക്സ്മില്യൻ കോൾബെയായിരുന്നു അത്. ഒരു ഫ്രാൻസിസ്കൻ സന്ന്യാസ വൈദികനായിരുന്നു ധീരനായ ആ മനുഷ്യൻ.

ഗഷോവ്നിസെകിന് പകരം താൻ മരിച്ചുകൊള്ളാമെന്ന് ഫാ. കോൾബെ അറിയിച്ചു. അധികാരികൾ കോൾബെയുടെ അഭ്യർത്ഥന സ്വീകരിച്ചു. അങ്ങനെ ഗഷോവ്നിസെകിന് ജീവൻ തിരിച്ചു കിട്ടി. പക്ഷേ, അതിനുവേണ്ടി ഫാ. കോൾബെക്ക് സ്വന്തം ജീവൻ ബലിയർപ്പിക്കേണ്ടിവന്നു. സഭ ഇന്ന് അദ്ദേഹത്തെ വിശുദ്ധനായി വണങ്ങുന്നു.

മനുഷ്യവർഗ്ഗം, മുഴുവന്റെയും ജീവൻ രക്ഷിക്കാൻവേണ്ടി, അവർക്കു ശാശ്വതമായ വിമോചനം നല്കാൻവേണ്ടി ജീവൻ ബലിയർപ്പിച്ച വ്യക്തിയാണ്

ക്രിസ്തു. കുരിശിലൂടെ നല്കിയ ഈ വിമോചന ത്തെക്കുറിച്ച് കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചല്ലോ. കുരിശിലെ ബലിയിലൂടെ യേശു കൈവരിച്ച വിമോചനം എല്ലാ സ്ഥലത്തും എല്ലാ കാലത്തുമുള്ള മനുഷ്യർക്കു ലഭിക്കുന്നതിനായി അവിടുന്നു സ്ഥാപിച്ച കൂദാശയാണ് വി. കുർബാന. അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും കുരിശിലെ ബലി പുനരവതരിപ്പിക്കുകയാണ് വി. കുർബാനയിൽ. അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ അർപ്പിക്കപ്പെടുന്ന ബലി നമ്മെ രക്ഷിക്കുന്ന മഹോന്നതകർമ്മമാണെന്ന് പലപ്പോഴും നാം ഓർക്കാറില്ല. വി. കുർബാന എന്ന ബലിയുടെ മാഹാത്മ്യം മനസ്സിലാക്കണമെങ്കിൽ ബലി എന്താണെന്നും അതിനു പഴയനിയമ കാലത്തുണ്ടായിരുന്ന പ്രാധാന്യമെന്തായിരുന്നുവെന്നും പരിശോധിക്കേണ്ടതുണ്ട്.

### ബലിയുടെ ഉദ്ദേശ്യം

ദൈവമനുഷ്യബന്ധത്തിൻെറ മർമ്മഘടകമാണു ബലിയർപ്പണം. മിക്ക ലോകമതങ്ങളിലും ഏതെങ്കിലും രീതിയിലുള്ള ബലിയർപ്പണം കാണാം. ദൈവത്തോടുള്ള ബന്ധത്തിൻെറയും ഐക്യത്തിൻെറയും അടയാളമായി ഒരാളോ സമൂഹമോ അവിടുത്തേക്കു നല്കുന്ന അർച്ചനയാണു ബലി. എന്തെങ്കിലും ദൃശ്യവസ്തു ഉപയോഗിച്ചായിരിക്കും അർച്ചന നടത്തുക. ദൈവത്തിൻെറ കർത്തൃത്വം ഏറ്റുപറയുക, അവിടുത്തെ ആരാധിക്കുക, അവിടുത്തേക്കു സ്തുതിയും കൃതജ്ഞതയും അർപ്പിക്കുക, ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുക, ചെയ്തുപോയ പാപങ്ങൾക്കു പരിഹാരം അനുഷ്ഠിക്കുക ഇവയൊക്കെയാണു ബലിയർപ്പണത്തിൻെറ ഉദ്ദേശ്യങ്ങൾ.

### ബലി പഴയനിയമത്തിൽ

ഇസ്രായേൽ ജനം ഫലമൂലാദികളെയും ആടുമാടുകളെയുമാണു ബലിക്കുപയോഗിച്ചിരുന്നത്. ആടുമാടുകളുടെ രക്തം ചിന്തിയുള്ള ബലികൾക്കായിരുന്നു കൂടുതൽ പ്രാധാന്യം.

രക്തം ജീവന്റെ ഇരിപ്പിടമാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. ബലിയിലൂടെ ദൈവത്തിനു രക്തം സമർപ്പിക്കുന്നത് ജീവൻ സമർപ്പിക്കുന്നതിനു തുല്യമായി അവർ കരുതി. വിവിധതരം ബലികളിലെ രക്തംചിന്തൽ വഴി അവർ ദൈവവുമായുള്ള ബന്ധം നിലനിർത്തിപ്പോന്നു. പാപമോചനത്തിനു രക്തംചിന്തൽ അത്യാവശ്യമാണെന്നായിരുന്നു യഹൂദരുടെ വിശ്വാസം. "രക്തം ചിന്തൽ കൂടാതെ പാപമോചനമില്ല" (ഹെബ്രാ 9:22). പഴയനിയമ ബലികളിലെ രക്തംചിന്തൽ യേശുവിന്റെ രക്തംചിന്തലിന്റെ പ്രതീകം മാത്രമായിരുന്നു. യേശുവിന്റെ രക്തംചിന്തൽ മനുഷ്യവർഗ്ഗത്തിനു മുഴുവൻ രക്ഷ നല്കി.

## വി. കുർബാനയുടെ പശ്ചാത്തലം

യഹൂദരുടെ ബലിപാരമ്പര്യത്തിന്റെയും പെസഹായുടെയും പശ്ചാത്തലത്തിൽവേണം യേശുവിന്റെ ബലിയായ വി. കുർബാനയെ നാം മനസ്സിലാക്കാൻ. പെസഹാക്കുഞ്ഞാടായ യേശു തന്റെ രക്തംചിന്തി സമർപ്പിച്ച ബലി പഴയനിയമ ബലികളുടെയെല്ലാം പൂർത്തീകരണമാണ്. മനുഷ്യനെ പാപത്തിന്റെ ബന്ധനത്തിൽ നിന്നു വിമോചിപ്പിക്കുവാൻ ഈ ബലിക്കു കഴിഞ്ഞു. മനുഷ്യനും ദൈവവുമായി സ്നേഹത്തിന്റെ പുതിയ ഉടമ്പടി മുദ്രവയ്ക്കപ്പെട്ടു. ഇത് പാപത്തിൽ നിന്നു ദൈവിക ജീവനിലേക്കുള്ള മനുഷ്യവംശത്തിന്റെ കടന്നുപോകലായിരുന്നു (പെസഹാ).

## വി. കുർബാനയുടെ സ്ഥാപനം

അന്ത്യ അത്താഴം യേശുവിന്റെ അവസാനത്തെ പെസഹാ ആചരണമായിരുന്നു. ഈ പെസഹാവിരുന്നിൽ വച്ചാണു അവിടുന്ന് വി. കുർബാന സ്ഥാപിച്ചത്. അത്താഴസമയത്ത് "യേശു അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ട് പറഞ്ഞു: നിങ്ങളെ



ല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എൻെറ രക്തമാകുന്നു" (മത്താ 26: 26-28).

പെസഹായുടെ കർമ്മവിധികളനുസരിച്ചാണ് യേശു അന്ത്യ അത്താഴം ഭക്ഷിച്ചത്. എന്നാൽ വി. കുർബാനയുടെ സ്ഥാപനത്തിലൂടെ അവിടുന്ന് അതിനെ പുതിയൊരു പെസഹായാക്കി പരിവർത്തനം ചെയ്തു. തൻെറ ശരീരം ഭക്ഷിക്കാനും രക്തം പാനം ചെയ്യാനും നല്കിക്കൊണ്ട് അവിടുന്ന് കാൽവരിയിലെ മരണം പെസഹാബലിയാണെന്നു വ്യക്തമാക്കുകയായിരുന്നു. കാൽവരിയിൽ നുറുങ്ങപ്പെടാനിരുന്ന തൻെറ ശരീരവും ചിന്തപ്പെടാനിരുന്ന രക്തവുമാണ് അന്ത്യഅത്താഴവേളയിൽ അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ യേശു ശിഷ്യന്മാർക്കു നല്കിയത്. അങ്ങനെ പഴയ പെസഹാ

വിരുന്നിൻെറ സ്ഥാനത്ത് പുതിയ പെസഹാക്കുഞ്ഞാടായ അവിടുന്ന് തൻെറ മാംസരക്തങ്ങൾകൊണ്ടുള്ള വിരുന്നു സ്ഥാപിച്ചു. കാൽവരിബലിയുടെ മുൻകൂട്ടിയുള്ള സമർപ്പണം അന്ത്യഅത്താഴത്തിൽ യേശു നിർവ്വഹിച്ചു.

## ആദിമസഭയിലെ അപ്പംമുറിക്കൽ

വി. കുർബാന സ്ഥാപിച്ചശേഷം "ഇത് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" എന്നു പറഞ്ഞ് യേശു അതിൻെറ അനുസ്മരണം നടത്തുവാൻ അപ്പസ്തോലന്മാരെ ചുമതലപ്പെടുത്തുകയുണ്ടായി. അവിടുത്തെ ഈ ആഗ്രഹം അനുസരിച്ച് ആദിമസഭയിൽ 'അപ്പം മുറിക്കൽ' ശുശ്രൂഷ നടത്തിയിരുന്നു (അപ്പ 2:42). ആരംഭകാലത്ത് ഭവനങ്ങളിൽവച്ചായിരുന്നു 'അപ്പം മുറിക്കൽ'. ക്രമേണ അതു ദൈവാലയത്തിലേക്കു മാറ്റി.

വളരെ ലളിതമായിരുന്നു അപ്പം മുറിക്കലിൻെറ ക്രമം. വിവിധ സ്ഥലങ്ങളിൽ നടത്തിയിരുന്ന അപ്പംമുറിക്കൽ ശുശ്രൂഷകൾ തമ്മിൽ ലഘുവായ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. ആദ്യം ദൈവവചന പ്രഘോഷണമാണ്. അതായത് വി. ഗ്രന്ഥത്തിൻെറ (പഴയനിയമം അല്ലെങ്കിൽ അപ്പസ്തോലന്മാരുടെ ലേഖനങ്ങൾ) വായനയും വ്യാഖ്യാനവും. അനന്തരം സമൂഹത്തിലെ ശ്രേഷ്ഠൻ അപ്പമെടുത്തു ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നു. അപ്പസ്തോലന്മാർ സന്നിഹിതരായിരുന്ന സമ്മേളനങ്ങളിൽ സഭാശ്രേഷ്ഠന്മാരായി പ്രവർത്തിച്ചത് അവർതന്നെയാണ്. അപ്പം വാഴ്ത്തിയതിനുശേഷം യേശു അന്ത്യഅത്താഴത്തിൽ പറഞ്ഞ സ്ഥാപനവാക്യങ്ങൾ ചൊല്ലി അപ്പം എല്ലാവർക്കും ഭാഗിച്ചുകൊടുക്കുന്നു. ഭക്ഷണത്തിനുശേഷം വീണ്ടെടുത്തു സ്ഥാപനവാക്യങ്ങൾ ചൊല്ലി എല്ലാവർക്കും കൊടുക്കുന്നു. അപ്പംമുറിക്കലിനോടനുബന്ധിച്ചു മറ്റൊരു വിരുന്നും നടത്തിയിരുന്നു. ആ വിരുന്നിനു അഗാപ്പെ അഥവാ സ്നേഹവിരുന്ന് എന്നാണു പറയുന്നത്. അപ്പംമുറിക്കൽ ശുശ്രൂഷയുടെ ഏറ്റവും ആദ്യത്തെ പാരമ്പര്യം 1 കോറി 11:23-26-ൽ ഉള്ളതാണ്.

വി. കുർബാനയുടെ ആദ്യ രൂപമാണ് ആദിമ സഭയിലെ അപ്പം മുറിക്കൽ ശുശ്രൂഷയിൽ നാം കാണുന്നത്. ആദ്യ നൂറ്റാണ്ടുകളിൽത്തന്നെ സ്നേഹവിരുന്നു കൂടാതെയുള്ള വി. കുർബാന നിലവിൽ വന്നു. ഇന്നത്തെ രീതിയിൽ വ്യക്തമായ ഘടനയോടുകൂടിയ കുർബാന ക്രമങ്ങൾ കാലാന്തരത്തിൽ രൂപം പ്രാപിച്ചവയാണ്.

## ദിവ്യബലി

യേശുവിൻെറ കല്പനയനുസരിച്ച് അവിടുത്തെ ബലിയുടെ അനുസ്മരണമായി നാം അർപ്പിക്കുന്ന ബലിയാണ് വി. കുർബാന. അത് യേശുവിൻെറ ബലിയുടെ ആവർത്തനമല്ല, കൗദാശികമായ പുനരവതരിപ്പിക്കലാണ്. യേശുവിൻെറ ബലി ആവർത്തിക്കുക സാധ്യമല്ല. ആവർത്തിക്കേണ്ട ആവശ്യവുമില്ല. ആ ബലി എന്നേക്കുമായി ഒരിക്കൽ അർപ്പിക്കപ്പെട്ടു. മനുഷ്യനു പൂർണ്ണമായ രക്ഷ നല്കാൻ ആ ബലി മതിയായിരുന്നു. യേശുവിൻെറ ഏകബലിയുടെ രക്ഷാകരമായ അനുഭവത്തിൽ പങ്കുചേരുകയാണ് നമ്മുടെ ബലിയർപ്പണത്തിൻെറ ഉദ്ദേശ്യം. നമുക്കുവേണ്ടി ജീവിച്ച് മരിച്ച് ഉത്ഥാനം ചെയ്ത യേശുവിൻെറ രക്ഷാകരരഹസ്യം വി. കുർബാനയിലൂടെ പുനരവതരിപ്പിക്കപ്പെടുന്നു. അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ യേശുവിൻെറ തിരുശരീരരക്തങ്ങളർപ്പിച്ചുകൊണ്ട് തൻെറ ഏക ബലിയിലൂടെ യേശു സാധിച്ച വിമോചനം അഥവാ രക്ഷ നാം അനുഭവിക്കുന്നു. ഉത്ഥാനത്തിലൂടെ മഹത്വീകൃതനായ യേശുവിൻെറ ശരീരരക്തങ്ങളിലുള്ള ഭാഗഭാഗിത്വമാണ് ഇന്നു നമുക്കു ലഭിക്കുന്നത്. കാൽവരിയിലെ ബലി രക്തം ചിന്തിയുള്ളതായിരുന്നു. അൾത്താരയിലെ ബലിയാകട്ടെ രക്തരഹിതമാണ്. സാരാംശത്തിൽ രണ്ടും ഒന്നുതന്നെ. അർപ്പണരീതിയിലാണ് വ്യത്യാസം. അടയാളങ്ങളിലൂടെയുള്ള പുനരവതരിപ്പിക്കലെന്ന നിലയിൽ മാത്രം നമ്മുടെ ബലിയർപ്പണം യേശുവിൻെറ ബലിയർപ്പണത്തിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. അടയാളങ്ങളിലൂടെയുള്ള പുനരവതരിപ്പിക്കലാകയാൽ നമ്മുടെ ബലി ഒരു

കൂദാശയാണ്. യേശുവിനോടുകൂടിയാണ് നാം ദൈവ പിതാവിനു ബലിയർപ്പിക്കുന്നത്. യേശുവിൻെറ ഏക ബലിയോടു ചേർന്നാണ് നമ്മുടെ ബലി പിതാവിനു സ്വീകാര്യമായിത്തീരുന്നതും.

## യഥാർത്ഥ സാന്നിദ്ധ്യം

ദിവ്യബലിയിൽ കൂദാശചെയ്യപ്പെടുന്ന അപ്പത്തിലും വീഞ്ഞിലും യേശു സന്നിഹിതനാണ്. കൗദാശിക സാന്നിദ്ധ്യമെന്നാണ് സഭ അതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ബലിയർപ്പണത്തിൽ അപ്പത്തിനും വീഞ്ഞിനും വരുന്ന മാറ്റത്തെ പരമ്പരാഗതമായി സാരാംശമാറ്റം അഥവാ വസ്തുഭേദം (transubstantiation) എന്നു വിളിക്കുന്നു. യേശുവിൻെറ സാന്നിദ്ധ്യം വി. കുർബാനയിൽ ഉണ്ട് എന്നതിന് അവിടുത്തെ വചനം തന്നെയാണ് നമുക്ക് ഉറപ്പ്: “എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു” (യോഹ 6:56).

ക്രിസ്തു വിശുദ്ധ കുർബാനയിൽ സന്നിഹിതനാകുന്നത് നമുക്കോരോരുത്തർക്കും വേണ്ടിയാണ്. നമ്മുടെ ഭക്ഷണമായിത്തീർന്ന് നമ്മോടു വ്യക്ത്യന്തരബന്ധം പൂർണ്ണമായി സ്ഥാപിക്കുകയെന്നതാണു ക്രിസ്തുവിൻെറ ഉദ്ദേശ്യം. അപ്പത്തിലും വീഞ്ഞിലും ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടാകുമ്പോൾ അവയുടെ പൊരുൾ വ്യത്യാസപ്പെടുന്നു. വെറും അപ്പവും വീഞ്ഞും അല്ലാതെ അവ തിരുശരീരവും തിരുരക്തവുമായിത്തീരുന്നു. അവയുടെ ലക്ഷ്യം മാറുകയും ചെയ്യുന്നു. നമ്മുടെ ആത്മാവിൻെറ ഭക്ഷണമായിത്തീർന്ന് ക്രിസ്തുവുമായുള്ള നമ്മുടെ വ്യക്തിബന്ധത്തിൻെറ പൂർണ്ണത സാധിക്കുക എന്ന പുതിയ ലക്ഷ്യം അവയ്ക്കു കൈവരുന്നു. അതിനാൽ കൂദാശകർമ്മത്തോടുകൂടി അപ്പത്തിനും വീഞ്ഞിനും അതീതാർത്ഥം (transignification) സംഭവിക്കുന്നു. അതീതോദ്ദേശ്യം അഥവാ അതീത പരിസമാപ്തി (transfinalisation) ഉണ്ടാകുന്നു എന്നാണ് ചില ആധുനിക ദൈവശാസ്ത്രജ്ഞന്മാർ പറയുന്നത്.

## ബലിയർപ്പകർ

ദിവ്യബലിയിൽ സംബന്ധിക്കുന്ന എല്ലാവരും ക്രിസ്തുവിൻെറ സഹാർപ്പകരാണ്. മാമ്മോദീസായും സ്ഥൈര്യലേപനവുംവഴി വിശ്വാസികളെല്ലാവരും ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ പങ്കുചേരുന്നുണ്ട്. ദിവ്യ ബലിയർപ്പിക്കുമ്പോൾ ഈ പൗരോഹിത്യധർമ്മം അതിൻെറ പൂർണ്ണതയിൽ നിർവഹിക്കപ്പെടുന്നു. ബലിയർപ്പണത്തിൽ പുരോഹിതൻ ക്രിസ്തുവിൻെറ പ്രതിപുരുഷനായിട്ടാണ് വർത്തിക്കുന്നത്. അതോടൊപ്പം അദ്ദേഹം ദൈവജനത്തിൻെറ പ്രതിനിധിയും നേതാവും ആണ്. ഈ നിലകളിൽ അദ്ദേഹം ജനങ്ങളുടെ കാഴ്ചവസ്തുക്കൾ സ്വീകരിക്കുകയും അവയെ ദൈവപിതാവിനു സമർപ്പിക്കുകയും ചെയ്യുന്നു. ബലി മൗതികശരീരത്തിൻെറ ഉടലായ വിശ്വാസികളിലൂടെ ആരംഭിച്ച് അതിൻെറ ശ്രേഷ്ഠാംഗമായ പുരോഹിതനിലൂടെ പുരോഗമിച്ച് ശിരസ്സായ മിശിഹായിലൂടെ പൂർത്തീകരിക്കപ്പെടുന്നു. അപരിചിതനെപ്പോലെയോ നിശ്ശബ്ദനായ പ്രേക്ഷകനെപ്പോലെയോ ദിവ്യബലിയിൽ സംബന്ധിക്കുന്ന ഒരാൾക്ക് താൻ സഹാർപ്പകനാണെന്നു പറയാനാവില്ല. സജീവഭാഗഭാഗിത്വം അതിനാവശ്യകമാണ്.

## അർപ്പണമനോഭാവം

ബലിയുടെ ബാഹ്യരൂപത്തെക്കാൾ അർപ്പകരുടെ ആന്തരികമായ സമർപ്പണമനോഭാവമാണ് പ്രധാനം. "നമ്മുടെ ആന്തരികനിലപാടിൻെറ ബാഹ്യവും ആരാധനപരവുമായ ബഹി:സ്ഫുരണമാണ് ബലി" എന്ന് വി.അഗസ്റ്റിൻ പറയുന്നുണ്ട്. യേശുതന്നെയും പീഡകളേറ്റു മരിച്ചു എന്നതിലല്ല അവിടുത്തെ ബലിയുടെ മാഹാത്മ്യം അടങ്ങിയിരിക്കുന്നത്. പ്രത്യുത അവിടുന്ന് പിതാവിനു "മരണത്തോളം കീഴ്വഴങ്ങി" എന്നതിലാണ്. അവിടുത്തെ പൂർണ്ണമായ അനുസരണവും വിധേയത്വവുമാണ് പിതാവിനു സ്വീകാര്യമായത്. പുത്രൻെറ ബലി പിതാവു സ്വീകരിച്ചു എന്നതിൻെറ അടയാളമാണ് അവിടുത്തെ ഉയിർപ്പ്. ക്രിസ്തുവിൻെറ

അതേ മനോഭാവത്തോടെ ദൈവഹിതത്തിനു നമ്മെ ത്തന്നെ സമർപ്പിച്ചുകൊണ്ടുവേണം നാം ദിവ്യബലിയിൽ സംബന്ധിക്കുവാൻ.

## വിരുന്ന്

ദിവ്യബലി പെസഹാവിരുന്നാണ്. വിരുന്ന് അനുഭവിച്ചാൽ മാത്രമേ ബലിയർപ്പണം പൂർണ്ണമാകുകയുള്ളൂ (ലിറ്റർജി 55). നാം “ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണം അവൻെറ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത് ” (1 കോറി 11:26). ദൈവാനുഗ്രഹങ്ങഠം സ്വീകരിക്കാനും ക്രിസ്തീയ ജീവൻ നമ്മിൽ പരിപോഷിപ്പിക്കാനുമാണല്ലോ നാം ദിവ്യബലിയിൽ സംബന്ധിക്കുക. അതിനു കുർബാനസ്വീകരണം ആവശ്യകമാണ്. യേശു പറയുന്നു: “സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങഠം മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങഠംക്കു ജീവൻ ഉണ്ടായിരിക്കുകയില്ല. ” (യോഹ 6:53). ദിവ്യകാരുണ്യസ്വീകരണം യേശുവിനോട് ഐക്യപ്പെടാൻ നമ്മെ പ്രാപ്തരാക്കുന്നു.

ചിലർ തെറ്റിദ്ധാരണമൂലം ദിവ്യകാരുണ്യസ്വീകരണത്തിൽ നിന്നു മാറിനില്ക്കാറുണ്ട്. മാരകപാപമില്ലാത്ത അവസ്ഥയിൽ ശരിയായ ഒരുക്കത്തോടും അനുതാപത്തോടുംകൂടി കുർബാനയിൽ സംബന്ധിച്ചാൽ തിരു ശരീരരക്തങ്ങളിലും പങ്കുകൊള്ളാമെന്ന് അവർ മനസ്സിലാക്കുന്നില്ല. ബലിയർപ്പണത്തിലുള്ള പങ്കാളിത്ത ത്താൽത്തന്നെ ലഘുവായ പാപങ്ങളിൽ നിന്ന് മോചന വും ലഭിക്കും. കുർബാനയിലെ അനുരഞ്ജനശുശ്രൂഷ എന്ന ഭാഗത്തിൻെറ ഉദ്ദേശ്യം ഇതുതന്നെയാണ്. നാം ഗൗര വമുള്ള പാപത്തിലാണെങ്കിൽ ബലിയർപ്പിക്കുന്നതിനുപോലും നമുക്ക് അവകാശമില്ല. ഇത്തരം അയോഗ്യതയെക്കുറിച്ചാണ് അപ്പസ്തോലൻ കോറിന്തോസുകാർക്കു മുന്നറി

യിപ്പു കൊടുക്കുന്നത് (1 കോറി 11:27-31). താൻ പ്രസാദവരാവസ്ഥയിലാണെന്ന ബോദ്ധ്യവും പാപങ്ങളെ വർജ്ജിക്കുന്നു എന്ന തീരുമാനവും കുർബാനസ്വീകരണത്തിന് അത്യന്താപേക്ഷിതമാണ്.

## ദിവ്യബലിയിലെ സജീവഭാഗഭാഗിത്വം

ക്രൈസ്തവജീവിതത്തിൻെറ കേന്ദ്രമാണ് വി. കുർബാന. ക്രിസ്തുവിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്ന സന്ദർഭമാണത്. വി. കുർബാനയെ മാറ്റിനിർത്തിക്കൊണ്ടുള്ള ക്രൈസ്തവജീവിതം അർത്ഥശൂന്യമാണ്. ബലിയർപ്പണത്തിനൊരുമിച്ചു കൂടുകയും കർത്താവിൻെറ തിരുശരീരരക്തങ്ങളിൽ പങ്കുകാരാകുകയും ചെയ്യുന്നവരുടെ സമൂഹമാണല്ലോ ക്രൈസ്തവ സമൂഹം.

രക്ഷയുടെ അനുഭവം നമുക്കു പകർന്നുതരുന്ന ഒന്നാണു ദിവ്യബലിയെന്നും നാം കണ്ടല്ലോ. എന്നാൽ ഈ അനുഭവം നമുക്കു ലഭിക്കണമെങ്കിൽ ദിവ്യബലിയിൽ സജീവമായി പങ്കുകൊള്ളേണ്ടതുണ്ട്. ദിവ്യബലിയിലെ സജീവ ഭാഗഭാഗിത്വത്തിനുണ്ടായിരിക്കേണ്ട സവിശേഷതകളെക്കുറിച്ചു രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു : "ആരാധനക്രമങ്ങളിൽ പൂർണ്ണവും ബോധപൂർവകവും കർമ്മോത്സുകവുമായ രീതിയിൽ ഭാഗഭാക്കുകളാകാൻ എല്ലാ വിശ്വാസികളെയും നയിക്കണമെന്നാണ് തിരുസഭാമാതാവിൻെറ തീവ്രാഭിലാഷം" (ലിറ്റർജി, 14). ദിവ്യബലിയിലെ ഭാഗഭാഗിത്വം പൂർണ്ണമായിരിക്കണമെന്നു പറയുമ്പോൾ ആരംഭം മുതൽ അവസാനംവരെ എല്ലാ ഭാഗങ്ങളിലും നാം സംബന്ധിക്കണമെന്നാണർത്ഥം. ചില ഭാഗങ്ങളെ അപ്രധാനമായിക്കരുതി അവഗണിക്കുകയോ വിട്ടുകളയുകയോ ചെയ്യുവാൻ പാടില്ല. ബോധപൂർവകമായ ഭാഗഭാഗിത്വംകൊണ്ടുദ്ദേശിക്കുന്നതു പ്രാർത്ഥനകളുടെയും കർമ്മങ്ങളുടെയും അർത്ഥം മനസ്സിലാക്കി ഭക്തിയോടുകൂടിയുള്ള ബലിയർപ്പണമാണ്. നമ്മുടെ ഭാഗഭാഗിത്വം കർമ്മോത്സുകമായിരിക്കണം. പ്രാർത്ഥനകളിലും ഗാനങ്ങളിലും അനുഷ്ഠാനങ്ങളിലും സജീവമായി

പങ്കുചേർന്നുകൊണ്ടാണു ബലിയർപ്പണത്തെ കർമ്മോത്സുകമാക്കേണ്ടത്. ബലിയർപ്പണം പൂർത്തിയാകണമെങ്കിൽ ബലിവസ്തുക്കാം അനുഭവിക്കേണ്ടതുണ്ട്. തന്മൂലം ദിവ്യകാരുണ്യസ്വീകരണം സജീവഭാഗഭാഗിത്വത്തിന് അത്യന്താപേക്ഷിതമാണ്.

### ബലിക്കു ചേർന്ന ജീവിതം

യേശുവിനെ രക്ഷകനും കർത്താവുമായി അനുഭവിച്ചറിയാനുള്ള സന്ദർഭമാണു വി. കുർബാന. നമുക്കു ജീവനുണ്ടാകാനായി കുരിശിൽ മരിച്ച കർത്താവിൻെറ കാരുണ്യം അനുഭവിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ ബലിയർപ്പണത്തിലുള്ള പങ്കുചേരൽ വ്യർത്ഥമാകും. ദിവ്യബലിയിൽ നമുക്കു വിമോചകനായ ക്രിസ്തുവിനെ അനുഭവിച്ചറിയാൻ കഴിയണം. ഈ ക്രിസ്ത്വനുഭവം ബലിയോടുകൂടി അവസാനിക്കേണ്ടതല്ല. ജീവിതരംഗങ്ങളിൽ പ്രതിഫലിപ്പിക്കേണ്ടതാണ്. യേശുവിൻെറ പരമമായ സ്നേഹത്തിൻെറ സാക്ഷാത്കാരമാണല്ലോ വി. കുർബാന. കുർബാനയിൽ പങ്കുകൊള്ളുന്നവർക്ക് ഈ സ്നേഹത്തിന് ജീവിതത്തിലൂടെ പ്രത്യുത്തരം നല്കാൻ സാധിക്കണം. മറ്റുള്ളവർക്കുവേണ്ടി ബലിയുടെ ജീവിതം നയിക്കാനുള്ള ഉത്തരവാദിത്വം ബലിയിൽ പങ്കെടുക്കുന്നവർക്കുണ്ട്.

വി. കുർബാന എന്ന ബലിയുടെയും വിരുന്നിൻെറയും പ്രാധാന്യമെന്തെന്ന് നാം കാണുകയായിരുന്നല്ലോ. മതബോധന ക്ലാസ്സുകളിലൂടെ നമുക്കു കരഗതമാകുന്ന വിശ്വാസസംബന്ധമായ അറിവുകളെ അനുഭവമാക്കി മാറ്റാനുള്ള വേദിയാണ് കുർബാന. തന്മൂലം യഥാർത്ഥ മതബോധനരംഗമാണ് കുർബാനയെന്നു പറയാം. വി. കുർബാനയിലുള്ള സജീവഭാഗഭാഗിത്വത്തിലൂടെ ക്രിസ്ത്വനുഭവം പ്രാപിക്കാൻ നാം പ്രതിജ്ഞയെടുക്കണം. വി. കുർബാനയിലെ പ്രാർത്ഥനകളെക്കുറിച്ചും അനുഷ്ഠാനങ്ങളെക്കുറിച്ചുമുള്ള വിശദമായ പഠനം ഈ ലക്ഷ്യം സാധിക്കുവാൻ നമ്മെ വളരെ സഹായി

ക്കുന്നതാണ്. അതിനാൽ ഈ പാഠത്തിനുശേഷം സീറോ മലബാർ, ലത്തീൻ, മലങ്കര എന്നീ സഭകളിലെ വി. കുർബാനയുടെ ആഘോഷം അപഗ്രഥിച്ചു പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധാപൂർവം പഠിക്കേണ്ടതുണ്ട്.

## പ്രാർത്ഥന

കാരുണ്യവാനായ കർത്താവേ, സ്വന്തം ജീവൻ ബലിയർപ്പിച്ചുകൊണ്ട് മനുഷ്യരക്ഷ സാധിച്ച അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അതേ ബലിതന്നെയാണ് ഞങ്ങളുടെ അൾത്താരകളിൽ അർപ്പിക്കപ്പെടുന്നതെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവിടുത്തെ രക്ഷാകരമായ ബലിയിൽ പങ്കെടുത്തുകൊണ്ട് ഞങ്ങളുടെ വിശ്വാസം പ്രഘോഷിക്കാനും രക്ഷയുടെ അനുഭവം സ്വന്തമാക്കാനും ഞങ്ങളെ സഹായിക്കണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. ബലിയർപ്പണത്തിൻെറ ഉദ്ദേശ്യങ്ങൾ ഏവ ?
2. പഴയനിയമത്തിലെ ബലിയുടെ സവിശേഷതകളേവ ?
3. യേശു വി. കുർബാന സ്ഥാപിച്ചത് എപ്പോൾ ? എങ്ങനെ ?
4. ആദിമസഭയിലെ അപ്പംമുറിക്കൽ ശുശ്രൂഷയെപ്പറ്റി ഒരു ലഘുവിവരണം തയ്യാറാക്കുക
5. ദിവ്യബലി അർപ്പിക്കുമ്പോൾ അപ്പത്തിനും വീഞ്ഞിനും വരുന്ന മാറ്റം എന്ത് ?
6. ബലിയർപ്പണത്തിൽ പുരോഹിതനുള്ള സ്ഥാനമെന്തെന്ന് വിശദമാക്കുക.

7. ദിവ്യബലിയിൽ അർപ്പകർക്കുണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ മനോഭാവമെന്ത് ?

8. ദിവ്യബലിയിലെ സജീവഭാഗഭാഗിത്വം എങ്ങനെ സാധിതമാക്കാം ?

പ്രവർത്തിക്കുക

1. കുർബാനയുടെ ഭാഗഭാഗിത്വം സജീവമാക്കുന്നതിന് നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ചർച്ച ചെയ്യുക

2. രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരാധനക്രമത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രമാണരേഖയിൽ ദിവ്യബലിയെപ്പറ്റിയുള്ള പ്രസക്തഭാഗങ്ങൾ വായിച്ച് നോട്ടു കുറിക്കുക.

# 4
# വി. കുർബാനയുടെ ആഘോഷക്രമങ്ങൾ

വി. കുർബാന സീറോ മലബാർ, ലത്തീൻ, മലങ്കര എന്നീ സഭകളിൽ (റീത്തുകളിൽ) ആഘോഷിക്കുന്ന ക്രമമാണ് ഈ പാഠത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. ഓരോ സഭയിലും ഉൾപ്പെട്ടവർ തങ്ങളുടെ സഭയിലെ കുർബാനക്രമം നിർബന്ധമായും പഠിക്കേണ്ടതാണ്.

## A വി. കുർബാന സീറോ മലബാർ സഭയിൽ

സീറോ മലബാർ സഭയുടെ കുർബാനയ്ക്കു മൂന്നു രൂപങ്ങളാണുള്ളത്.

1. ഏറ്റവും ആഘോഷപൂർവകമായ കുർബാന (റാസ)
2. ആഘോഷപൂർവകമായ കുർബാന
3. സാധാരണ കുർബാന

ആഘോഷഘടകങ്ങളുടെ കൂടുതൽ കുറവാണ് ഈ രൂപഭേദങ്ങൾക്ക് അടിസ്ഥാനം. അരമായ ഭാഷയിൽ 'റാസ' എന്ന വാക്കിനർത്ഥം 'രഹസ്യം' എന്നതാണ്. ക്രിസ്തുവിൻെറ ജീവിതവും മരണവും ഉത്ഥാനവുംവഴി സാക്ഷാത്കരിക്കപ്പെട്ട രക്ഷാകരപദ്ധതി മുഴുവനും 'രഹസ്യം' എന്ന വാക്കിലാണു വി. പൗലോസ് ശ്ലീഹാ സംഗ്രഹിക്കുന്നത് (എഫേ 1:9).

## വി. കുർബാനയുടെ ഭാഗങ്ങൾ

ക്രിസ്തുസംഭവത്തോടു ബന്ധപ്പെടുത്തി വിശകലനം ചെയ്യുമ്പോൾ വി. കുർബാനയ്ക്ക് ആകെ എട്ടു ഭാഗങ്ങൾ ഉള്ളതായി കാണാം.

1. ആമുഖ ശുശ്രൂഷ
2. വചന ശുശ്രൂഷ
3. ഒരുക്ക ശുശ്രൂഷ
4. അനാഫൊറ
5. അനുരഞ്ജന ശുശ്രൂഷ
6. വിഭജന ശുശ്രൂഷ
7. ദൈവൈക്യ ശുശ്രൂഷ
8. സമാപന ശുശ്രൂഷ

ഓരോ ഭാഗത്തിലുമുള്ള പ്രാധനപ്പെട്ട പ്രാർത്ഥനകൾ നമുക്കു നോക്കാം

### 1. ആമുഖ ശുശ്രൂഷ

കുർബാനയുടെ ആരംഭംമുതൽ 'സകലത്തിന്റെയും നാഥാ' എന്ന പ്രാർത്ഥനവരെയുള്ള ഭാഗമാണ് ആമുഖ ശുശ്രൂഷ

a. 'അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ':

കുർബാന ആരംഭിക്കുന്നത് ഈ ഗാനത്തോടെയോ അല്ലെങ്കിൽ "നമുക്കു ലഭിച്ചിരിക്കുന്ന കല്പനയനുസരിച്ച് ഈ കുർബാന ആരംഭിക്കാം" എന്ന ആഹ്വാനത്തോടെയോ ആണ്. "നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്കാ 22:19) എന്ന കർത്താവിന്റെ കല്പനയനുസരിച്ചാണു നാം ബലിയർപ്പിക്കാൻ ഒരുമിച്ചു കൂടുന്നതെന്ന് ഈ പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നു.

b. '*അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി*': ക്രിസ്തുവിന്റെ മനുഷ്യാവതാര സമയത്തു മാലാഖമാർ പാടിയ സ്തുതിഗീതമാണല്ലോ ഇത് (ലൂക്കാ 2:14). വി.

കുർബാനയുടെ ആരംഭത്തിലുള്ള ഈ സങ്കീർത്തനത്തിലൂടെ അവിടുത്തെ മനുഷ്യാവതാരത്തെ പ്രത്യേകമായി അനുസ്മരിക്കുകയും അവിടുത്തെ രക്ഷ നമുക്കിതാ വീണ്ടും സമീപസ്ഥമായിരിക്കുന്നു എന്നു വിളിച്ചറിയിക്കുകയും ചെയ്യുന്നു.

c *ആമ്മേൻ:* വി. കുർബാനയിൽ അനേകം പ്രാവശ്യം 'ആമ്മേൻ' എന്നു സമൂഹം പ്രത്യുത്തരം നല്കുന്നുണ്ട്. വി. ഗ്രന്ഥത്തിൽ നിന്നു സഭ സ്വീകരിച്ചിട്ടുള്ളതാണ് ഈ പദം. 'സത്യമായും', 'അങ്ങനെതന്നെ' എന്നൊക്കെയാണ് ഈ ഹീബ്രു പദത്തിൻെറ അർത്ഥം. ആമ്മേൻ പറയുമ്പോ൦ കാർമ്മികൻെറ പ്രാർത്ഥന സമൂഹം തങ്ങളുടെ പ്രാർത്ഥനയാക്കി മാറ്റുന്നു.

d *'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ':* കർത്താവിൻെറ രക്ഷാകര കർമ്മത്തിലൂടെ രക്ഷിക്കപ്പെട്ട സമൂഹം ദൈവത്തെ 'ആബാ' 'പിതാവേ' എന്നു വിളിച്ചപേക്ഷിക്കുവാൻ യോഗ്യരായി (ഗലാ 4:6-7; റോമാ 8: 15-17). ദൈവത്തെ പിതാവായി കാണുന്നവർക്കു മാത്രമേ സകല മനുഷ്യരെയും സഹോദരങ്ങളായി കാണാൻ കഴിയൂ. ഈ അനുഭവത്തിലേക്കാണു ദൈവാരാധന നമ്മെ നയിക്കേണ്ടത്. സ്വർഗ്ഗത്തെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ സ്വർഗ്ഗീയവൃന്ദത്തെയും അനുസ്മരിച്ചു മാലാഖമാരോടുകൂടി ദൈവത്തെ സ്തുതിക്കുക എന്നതു ദൈവാരാധനയിലെ ഒരു മുഖ്യഘടകംതന്നെയാണ്. അതുകൊണ്ടാണ് ഈ പ്രാർത്ഥനയോടുകൂടി 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന മാലാഖമാരുടെ കീർത്തനവും (ഏശ 6:3; വെളി 4:8) ചേർത്തു ചൊല്ലുന്നത്. ഇങ്ങനെ കൂട്ടിച്ചേർക്കുന്ന പ്രാർത്ഥനയെ *കാനോന* എന്നാണു വിളിക്കുന്നത്.

e *'നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ':* വൈദികൻെറ പ്രാർത്ഥനയ്ക്കു മുൻപായി പലപ്പോഴും ശുശ്രൂഷി ഈ നിർദ്ദേശം സമൂഹത്തിനു നല്കുന്നുണ്ട്. ഉത്ഥിതനായ കർത്താവുതന്നെയാണ് നമ്മുടെ സമാ

ധാനം (കൊളോ 1:20). സമാധാനത്തിൻെറ ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ എന്നാണു ശുശ്രൂഷി ആശംസിക്കുന്നത്. തുടർന്നുവരുന്ന പ്രാർത്ഥനയ്ക്കുള്ള ഒരുക്കമാണിത്.

f. *സങ്കീർത്തനമാല*: ആരാധനക്രമത്തിലെ ഓരോ കാലത്തിൻെറയും ചൈതന്യത്തിനു യോജിച്ച സങ്കീർത്തനങ്ങാം കുർബാനയിൽ ഉപയോഗിക്കുന്നു. സങ്കീർത്തനങ്ങാം, പഴയനിയമത്തിൻെറ പൂർത്തീകരണമായി മിശിഹായെയും അവിടുത്തെ രക്ഷാകരകർമ്മത്തെയും അവതരിപ്പിക്കുകയാണ് (ലൂക്കാ 24:44)

*(മദ്ബഹാഗീതം, കുരിശു ചുംബനം* : റാസയിൽ മാത്രമുള്ള കർമ്മമാണിത്. ആദിമ നൂറ്റാണ്ടുകളിൽ പ്രധാന കാർമ്മികൻ ബലിയർപ്പണത്തിനായി ദൈവാലയത്തിൽ പ്രവേശിച്ചിരുന്നത് സങ്കീർത്തനാലാപനത്തിനു ശേഷമാണ്. അദ്ദേഹം സമൂഹത്തിലേക്കു വരുമ്പോഠം ഇരുവശവും നിന്നിരുന്നവർ അദ്ദേഹത്തിൻെറ കൈയിലുള്ള കുരിശു മുത്തിയിരുന്നു. മിശിഹായുടെ പ്രതിനിധിയായി കാർമ്മികനെ കണ്ട് അദ്ദേഹത്തിനു കൊടുക്കുന്ന വണക്കത്തിൻെറ ഭാഗമാണിത്. ആരാധനാസമൂഹത്തിന് കുരിശിനോടുള്ള ഭക്തിയും ഈ അനുഷ്ഠാനത്തിൽ ദൃശ്യമാണ്).

g. *ധൂപാർപ്പണം:* കുർബാനയിൽ ധൂപാർപ്പണം അഞ്ചു പ്രാവശ്യമുണ്ട്. അത് ദൈവത്തിനുള്ള സമ്പൂർണ്ണ സമർപ്പണത്തിൻെറയും പാപമോചനത്തിൻെറയും സ്വർഗ്ഗത്തിലേക്കുയരുന്ന പ്രാർത്ഥനയുടെയും പ്രതീകമാണ് (വെളി 5:8; സങ്കീ 141:2). ഇത് ആരാധനാസമൂഹത്തെയും മദ്ബഹായേയും അഠത്താരയേയും ബലിവസ്തുക്കളെയും ശുദ്ധീകരിക്കുന്നു.

h *ഉത്ഥാനഗീതം :* 'സർവാധിപനാം കർത്താവേ' എന്നു തുടങ്ങുന്ന ഗാനത്തിൽ ('സകലത്തിൻെറയും നാഥാ' എന്ന പ്രാർത്ഥന) ക്രൈസ്തവ വിശ്വാസത്തിൻെറ

അടിത്തറയായ ഉത്ഥാനരഹസ്യം ആരാധനാസമൂഹം പ്രഘോഷിക്കുന്നു.

ക്രിസ്തുവിൻെറ ഉത്ഥാനമാണ് നമ്മുടെ ഉത്ഥാനത്തിൻെറ അച്ചാരമെന്നും നമ്മുടെ അനുദിനജീവിതത്തിൽ അവിടുന്നു നമ്മെ നിരന്തരം പരിപാലിക്കുന്നുവെന്നും നാം ഏറ്റുപറയുന്നു.

2. വചനശുശ്രൂഷ

വചനശുശ്രൂഷയിൽ മിശിഹായുടെ പരസ്യജീവിതത്തെയാണ് പ്രത്യേകമായി അനുസ്മരിക്കുന്നത്. മോശയിലൂടെയും പ്രവാചകരിലൂടെയും ക്രിസ്തുനാഥനിലൂടെയും അപ്പസ്തോലന്മാരിലൂടെയും സംസാരിച്ച ദൈവംതന്നെ വചനശുശ്രൂഷയിൽ സമൂഹത്തോട് സംസാരിക്കുന്നു. ബലിപീഠത്തിൽ നിന്ന് വ്യത്യസ്തമായ വചനവേദി (ബേമ്മ)യിലാണ് വചനശുശ്രൂഷ നടത്തുന്നത്.

a. *ത്രൈശുദ്ധകീർത്തനം :* "നമുക്ക് സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം" എന്ന ശുശ്രൂഷിയുടെ അറിയിപ്പോടുകൂടിയാണ് വചനശുശ്രൂഷാഭാഗം ആരംഭിക്കുന്നത്. 'പരിശുദ്ധനായ ദൈവമേ' എന്നു തുടങ്ങുന്ന ത്രൈശുദ്ധ കീർത്തനത്തോടുകൂടി ആരാധനാസമൂഹം സ്വർഗ്ഗീയ ഗണങ്ങളുടെ സ്തുതിഗീതത്തിൽ പങ്കുചേരുന്നു. ദൈവത്തിൻെറ പരമപരിശുദ്ധിയും ദൈവസന്നിധിയിൽ അയോഗ്യതയോടെ നില്ക്കുന്ന ആരാധകൻെറ അനുഗ്രഹയാചനയുമാണ് ഇതിലെ കേന്ദ്ര ആശയം.

b. *ആമുഖ പ്രാർത്ഥനകൾ :* വിശുദ്ധഗ്രന്ഥത്തിലെ ജീവദായകമായ സന്ദേശം ശ്രവിക്കുവാനും ഗ്രഹിക്കുവാനും ബുദ്ധിയേയും മനസ്സിനെയും പ്രകാശിപ്പിക്കുവാൻ പ്രാർത്ഥിക്കുകയാണിവിടെ.

c *വി. ഗ്രന്ഥവായനകൾ :* സീറോ മലബാർ കുർ

ബാനയിൽ പരമ്പരാഗതമായി നാലു വായനകളാണു ള്ളത്. പഞ്ചഗ്രന്ഥി, പ്രവാചകഗ്രന്ഥങ്ങാം, ലേഖനം, സുവിശേഷം എന്നിവയിൽ നിന്നുള്ള വായനകാം. ആഘോഷപൂർവകമായ കുർബാനയിലും സാധാരണ കുർബാനയിലും നാലുവായനകളും വേണമെന്നില്ല. മൂന്നു വായനകളുള്ളപ്പോാം ആദ്യത്തെ ഒരു വായന പഴയനിയമത്തിൽ നിന്നായിരിക്കും. രണ്ടു വായനകാം ഉള്ളപ്പോാം ആദ്യത്തെ വായന സുവിശേഷമൊഴിച്ചുള്ള ഏതെങ്കിലുമൊരു പുതിയനിയമ ഭാഗത്തുനിന്നും രണ്ടാമത്തെ വായന സുവിശേഷത്തിൽ നിന്നുമാണ്.

d *പ്രകീർത്തനഗാനം* (ശൂറായ) :

പഴയനിയമ വായനകാംക്കുശേഷം ആരാധനാസമൂഹം ദൈവവചനത്തിനു പ്രത്യുത്തരമായി നല്കുന്ന സ്തുതിഗീതമാണിത്.

e *ഹല്ലേലൂയ്യാ ഗീതം:* ലേഖനത്തിനും സുവിശേഷത്തിനും ഇടയ്ക്കുള്ള സങ്കീർത്തനാലാപനമാണിത്. (ഇവയ്ക്കു പുറമേ വായിക്കുവാൻ പോകുന്ന ലേഖനത്തെയും സുവിശേഷത്തെയും ആസ്പദമാക്കി റാസയിൽ മൂന്നു വ്യാഖ്യാന ഗീതങ്ങളും ഉണ്ട്).

f *സുവിശേഷ വായന*

സുവിശേഷ വായനയ്ക്കു മുമ്പായി മൂന്നു പ്രാവശ്യം 'ഹല്ലേലൂയ്യാ' പാടുന്നു. സുവിശേഷവചനങ്ങാം ശ്രവിക്കാൻ തയ്യാറാകുന്ന ആരാധനാസമൂഹത്തിൻെറ സന്തോഷപ്രകടനമാണിത്. അാംത്താരയിലാണ് സുവിശേഷ ഗ്രന്ഥം വയ്ക്കുക. സുവിശേഷവായനയ്ക്കു മുമ്പായി കാർമ്മികൻ സുവിശേഷഗ്രന്ഥമെടുത്ത് പ്രദക്ഷിണമായി മദ്ബഹായുടെ കവാടത്തിങ്കൽ ജനങ്ങളുടെയടുത്തേക്കു വരുന്നു. സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കുള്ള ക്രിസ്തുവിൻെറ ആഗമനത്തെയാണ് ഈ പ്രദക്ഷിണം സൂചിപ്പിക്കുന്നത്. (സാധാരണ കുർബാനയിൽ സുവിശേഷപ്രദക്ഷിണം ഉപേക്ഷിക്കാവുന്നതാണ്).

g *സുവിശേഷ പ്രസംഗം*

വായിച്ചുകേട്ട വചനത്തിൻെറ വ്യാഖ്യാനമാണു സുവിശേഷ പ്രസംഗം.

h *കാറോസൂസ*

കാറോസൂസ് എന്ന സുറിയാനി പദത്തിൻെറ അർത്ഥം പ്രഘോഷണം എന്നാകയാൽ ഈ പ്രാർത്ഥനയ്ക്കു പ്രഘോഷണ പ്രാർത്ഥന എന്നു പറയാം. ആരാധനാസമൂഹം ശ്രവിച്ച തിരുവചനത്തിൻെറ വെളിച്ചത്തിൽ സമൂഹം ദൈവത്തിനു കൊടുക്കുന്ന പ്രത്യുത്തരങ്ങളും അനുഗ്രഹാപേക്ഷകളുമാണു കാറോസൂസ പ്രാർത്ഥനകൾ. ആരാധനാസമൂഹത്തിൻെറ നന്മയ്ക്കുപകരിക്കുന്ന പ്രത്യേക നിയോഗങ്ങൾ ചേർത്തു പ്രാർത്ഥിക്കുവാനുള്ള സന്ദർഭവും കാറോസൂസ പ്രാർത്ഥനയിലുണ്ട്.

i *കൈവയ്പു പ്രാർത്ഥന*

ആദിമ കാലങ്ങളിൽ ജ്ഞാനസ്നാനാർത്ഥികളും കുർബാനയിൽ പങ്കെടുക്കാൻ വന്നിരുന്നു. എന്നാൽ വചനശുശ്രൂഷയുടെ അവസാനം ആശീർവാദം നല്കി അവരെ പറഞ്ഞയയ്ക്കുകയായിരുന്നു പതിവ്. ആ ആശീർവാദത്തിനുള്ള പ്രാർത്ഥനയാണ് കൈവയ്പു പ്രാർത്ഥന. അതോടൊപ്പം ആരാധനാ സമൂഹത്തിൻെറ മേൽ കർത്താവിൻെറ കൃപ ഉണ്ടാകുന്നതിനും അവിടുത്തേക്കു യോഗ്യതയോടെ ശുശ്രൂഷ ചെയ്യാൻ വേണ്ട അനുഗ്രഹം ലഭിക്കുന്നതിനും വേണ്ടി യാചിക്കുന്നു.

### 3. ഒരുക്ക ശുശ്രൂഷ

വചനശുശ്രൂഷയ്ക്കും കൂദാശഭാഗത്തിനും ഇടയ്ക്കുള്ള കർമ്മങ്ങളും പ്രാർത്ഥനകളുമാണ് ഒരുക്കശുശ്രൂഷ എന്നപേരിൽ അറിയപ്പെടുന്നത്. രണ്ടുതരത്തിലുള്ള ഒരുക്കങ്ങളാണ് ഈ ഭാഗത്തു നടക്കുന്നത്. 1) വി. കുർബാനയ്ക്കാവശ്യകമായ വിശുദ്ധ വസ്തുക്കളുടെ ഒരുക്കം. 2) കാർമ്മികൻെറയും സമൂഹത്തിൻെറയും ആദ്ധ്യാത്മിക ഒരുക്കം (റാസക്രമത്തിൽ സാഷ്ടാംഗ പ്ര

ണാമം എന്ന കർമ്മവും ഉണ്ട്. സീറോ മലബാർ സഭയുടെ റാസക്രമത്തിൽ മാത്രമുള്ള ഒരു അനുഷ്ഠാന വിധിയാണ് സാഷ്ടാംഗ പ്രണാമം. പള്ളിയുടെ നടുവിൽ വിരിക്കുന്ന കുരിശടയാളത്തോടു കൂടിയ വിരിപ്പിനുചുറ്റും നടത്തുന്ന കർമ്മമാണിത്).

a. *കൈ കഴുകൽ*

കാർമ്മികൻ പ്രതിനിധാനം ചെയ്യുന്ന ആരാധനാസമൂഹത്തിൻെറ മുഴുവൻ ആന്തരികവിശുദ്ധീകരണത്തെ സൂചിപ്പിക്കുന്ന ഒരു കർമ്മമാണ് കൈകഴുകൽ. ബലിയർപ്പണത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട ഹൃദയനൈർമ്മല്യത്തെ ഇത് സൂചിപ്പിക്കുന്നു.

b. *ദിവ്യ രഹസ്യഗീതം*

ബലിവസ്തുക്കൾ ബലിപീഠത്തിലേക്ക് സംവഹിക്കപ്പെടുമ്പോൾ സമൂഹം ദിവ്യരഹസ്യഗീതം ആലപിക്കുന്നു. ബലിവസ്തുക്കൾ അൾത്താരയിൽ സമർപ്പിച്ച ശേഷം ദിവ്യരഹസ്യഗീതത്തിൻെറ രണ്ടാം ഭാഗം പുരോഹിതനും സമൂഹവും മാറിമാറി ചൊല്ലുന്നു. ഇതിൽ പരിശുദ്ധ കന്യകാമറിയത്തെയും, മാർ തോമാശ്ലീഹായെയും അപ്പസ്തോലന്മാരെയും രക്തസാക്ഷികളെയും അനുസ്മരിക്കുന്നു. സകലവിശുദ്ധരോടും ചേർന്നാണ് സമൂഹം ബലിയർപ്പിക്കുന്നത് എന്ന ചിന്ത ഇതു നമ്മിൽ ഉളവാക്കുന്നു.

c. *ബലിവസ്തുക്കൾ സംവഹിച്ചുള്ള പ്രദക്ഷിണം*

അപ്പവും വീഞ്ഞും ബേസ് ഗസ്സകളി (ഉപപീഠങ്ങൾ) ലാണ് ഒരുക്കുന്നത്. കാർമ്മികൻ വസ്തുക്കൾ ആഘോഷപൂർവ്വം അൾത്താരയിലേക്കു കൊണ്ടുവരുന്നു. സഹകാർമ്മികരുണ്ടെങ്കിൽ അവരാണ് ബലിവസ്തുക്കൾ അൾത്താരയിൽ കൊണ്ടുവന്നു പ്രതിഷ്ഠിക്കുന്നത്.

d. *ബലിവസ്തുക്കളുടെ പ്രതിഷ്ഠ*

പുരോഹിതൻ കാസയും പീലാസയും ഇരുകരങ്ങളിലായി കുരിശാകൃതിയിൽ ഉയർത്തിപ്പിടിച്ച് "നമ്മുടെ

രക്ഷയ്ക്കുവേണ്ടി" എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലുന്നു. തുടർന്ന് കാസയും പീലാസയും അംത്താരയിൽ വച്ച് ശോശപ്പകൊണ്ട് അവ മൂടുന്നു. ഈ അവസരത്തിൽ കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനയിൽ വ്യക്തമാകുന്നതുപോലെ കർത്താവിൻെറ പീഡാനുഭവത്തെയും മരണത്തെയും സംസ്കാരത്തെയുമാണ് നമ്മാം പ്രത്യേകമായി അനുസ്മരിക്കുന്നത്.

e. *യോഗത്യയ്ക്കായുള്ള പ്രാർത്ഥന*

തുടർന്ന്, ഹൃദയവിശുദ്ധിയോടും നിർമ്മല മനസ്സാക്ഷിയോടും കൂടെ ദിവ്യരഹസ്യങ്ങാം പരികർമ്മം ചെയ്യുന്നതിനാവശ്യമായ കൃപാവരത്തിനായി പ്രാർത്ഥിക്കുന്നു. ഇത് ആദ്ധ്യാത്മികമായ ഒരുക്കത്തിൻെറ പ്രാർത്ഥനയാണ്.

f. *വിശ്വാസ പ്രഖ്യാപനം*

സഭയുടെ വിശ്വാസത്തിൻെറ ആഘോഷമാണല്ലോ വി. കുർബാന. ഈ വിശ്വാസത്തെ സമൂഹം ഏറ്റുപറയുന്നു. ക്രൈസ്തവ വിശ്വാസത്തിൻെറ പ്രധാനപ്പെട്ട രഹസ്യങ്ങളെല്ലാം ഏറ്റുപറഞ്ഞശേഷമാണ് വി. കുർബാനയുടെ അർപ്പണ ഭാഗത്തേക്കു പ്രവേശിക്കുക.

g. *ബലിപീഠ പ്രവേശനം*

ആരാധനാസമൂഹത്തിൻെറ പ്രതിനിധിയായി വൈദികൻ ദിവ്യരഹസ്യങ്ങളുടെ പരികർമ്മത്തിനായി ബലിപീഠത്തെ സമീപിക്കുന്നു. തൻെറ അയോഗ്യതയെ ഏറ്റുപറഞ്ഞു മൂന്നു പ്രാവശ്യം കുനിഞ്ഞ് ആചാരം ചെയ്താണ് അംത്താരയെ സമീപിക്കുക. ദൈവത്തിൻെറ സിംഹാസനവും നമ്മുടെ കർത്താവിൻെറ കബറിൻെറ പ്രതീകവുമായ ബലിപീഠത്തിൻെറമദ്ധ്യത്തിലും ഇരുവശങ്ങളിലും ആദരപൂർവ്വം വൈദികൻ ചുംബിക്കുന്നു. ഈ സമയത്തു ശുശ്രൂഷി പ്രഘോഷണപ്രാർത്ഥന ചൊല്ലുന്നു. കൂദാശഭാഗം ആരംഭിക്കുന്നതിനു മുമ്പായി വൈദികനും സമൂഹത്തിൻെറ പ്രാർത്ഥന യാചിക്കുന്നു.

വൈദികനും ആരാധനാസമൂഹവും തമ്മിലുള്ള ആത്മീയ ബന്ധവും ആരാധനസമൂഹം മുഴുവൻെറയും കൂട്ടായ്മയും ഈ പ്രാർത്ഥന വ്യക്തമാക്കുന്നുണ്ട്.

## 4. കൂദാശഭാഗം - അനാഫൊറ

വി. കുർബാനയുടെ പ്രധാനഭാഗമാണ് അനാഫൊറ അഥവാ കൂദാശ. 'അനാഫൊറ' എന്ന ഗ്രീക്കുപദത്തിൻെറ അർത്ഥം 'ഉയർത്തിക്കൊടുക്കുന്നത്' അഥവാ 'സമർപ്പിക്കുന്നത്' എന്നാണ്. അനാഫൊറയ്ക്കു കൃതജ്ഞതാസ്തോത്രപ്രാർത്ഥന എന്നും പേരുണ്ട്. "ഞങ്ങളുടെ കർത്താവായ ദൈവമേ.... ഞങ്ങാം അങ്ങേക്കു നന്ദി പറയുന്നു" എന്നാരംഭിക്കുന്ന പ്രാർത്ഥനമുതൽ "കർത്താവേ, നിൻെറ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ" എന്നാരംഭിക്കുന്ന പ്രാർത്ഥന ഉാംപ്പെടെയുള്ള ഭാഗത്തെയാണ് അനാഫൊറ എന്നു വിളിക്കുന്നത്. സൃഷ്ടികർമ്മത്തിലൂടെയും രക്ഷാകർമ്മത്തിലൂടെയും പവിത്രീകരണത്തിലൂടെയും ദൈവം നമ്മോടു കാണിച്ച അനന്തകാരുണ്യത്തെയോർത്ത് ഈ പ്രാർത്ഥനയിലൂടെ സഭ ദൈവത്തെ സ്തുതിക്കുകയും അവിടുത്തേക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായുടെ ശിഷ്യനായി അറിയപ്പെടുന്ന മാർ അദ്ദായി, അദ്ദായിയുടെ ശിഷ്യനായ മാർ മാറി എന്നിവരുടെ പേരിലുള്ള "ശ്ലീഹന്മാരുടെ അനാഫൊറയാണ് ഇപ്പോാം നമ്മാം ഉപയോഗിക്കുന്നത്. പൗരസ്ത്യസഭാപിതാവായ മാർ തെയദോറിൻെറയും നെസ്തോറിയസിൻെറയും പേരിൽ അറിയപ്പെടുന്ന മറ്റു രണ്ട് അനാഫൊറകളും സീറോമലബാർ സഭയിലുണ്ട്. നാലു പ്രണാമ പ്രാർത്ഥനകളും (ഗ്ഹാന്ത) അതിനോടു ചേർന്നുള്ള അനുതാപത്തിൻെറയും യാചനയുടെയും പ്രാർത്ഥനകളും ചേർന്ന നാലു പ്രാർത്ഥനാസമുച്ചയം ഒന്നാമത്തെ അനാഫൊറയിലുണ്ട്.

a *ഒന്നാം പ്രണാമജപം*

"ഞങ്ങളുടെ കർത്താവായ ദൈവമേ" എന്നാരംഭിക്കുന്ന പ്രാർത്ഥനയാണ് ഒന്നാമത്തെ പ്രണാമജപം, കർ

ത്താവായ ദൈവത്തിനു പൊതുവായി കൃതജ്ഞതയും സ്തുതിയും അർപ്പിക്കുന്ന പ്രാർത്ഥനയാണിത്. ദിവ്യ രഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ നമ്മെ അർഹരാക്കിയ ദൈവത്തിൻെറ അനന്തകാരുണ്യം ഏറ്റുപറയുന്നു. വിശ്വാസവും സ്നേഹവും കൃതജ്ഞതയും നിറഞ്ഞ ഹൃദയത്തോടെ ഈ വിശുദ്ധ രഹസ്യങ്ങഠം പരികർമ്മം ചെയ്യുവാൻ വേണ്ട യോഗ്യതയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

b. *സമാധാനാശംസ*

ക്രിസ്തുവിൻെറ സമാധാനമാണിവിടെ ആശംസിക്കുക. ഉത്ഥാനത്തിനുശേഷം യേശു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു സമാധാനം ആശംസിച്ചു (യോഹാ 20: 19-26). സ്നേഹത്തിൻെറയും ഐക്യത്തിൻെറയും കൂദാശയായ ബലിയിൽ യേശുവിൻെറ സമാധാനം സ്വീകരിക്കുകയും പ്രകാശിപ്പിക്കയും ചെയ്യുന്ന അനുഷ്ഠാനമാണ് പരസ്പരമുള്ള സമാധാനാശംസ. ആരാധനാസമൂഹം സമാധാനാശംസ നടത്തുമ്പോഠം ശുശ്രൂഷികളിലൊരാഠം അനുസ്മരണ പ്രാർത്ഥന ചൊല്ലുന്നു. വി. കുർബാനയിൽ പ്രത്യേകമായി അനുസ്മരിക്കേണ്ട ജീവിക്കുന്നവരുടെയും മരിച്ചവരുടെയും പേരുകഠം ഇതിൽ ഉഠംപ്പെടുത്തുന്നു. വി. കുർബാനയിൽ പ്രത്യേകമായി എന്തെങ്കിലും നിയോഗങ്ങഠം സമർപ്പിക്കുവാനുള്ള അവസരവും ഇതുതന്നെ.

*കാർമ്മികൻെറ ആശംസ*

കോറിന്തോസിലെ സഭാസമൂഹത്തിന് വി. പൗലോസ് നല്കുന്ന അഭിവാദനമാണിത് (2 കോറി 13:14). അനാഫൊറ ത്രിത്വത്തിൽ കേന്ദ്രീകൃതമാണ്. പിതാവായ ദൈവത്തിൻെറ അനന്തസ്നേഹവും കർത്താവീശോമിശിഹായുടെ അളവറ്റ കൃപയും പരിശുദ്ധാത്മാവിൻെറ രക്ഷാകര സഹവാസവുമാണ് ബലിയിൽ നമുക്ക് അനുഭവമായിത്തീരേണ്ടത് എന്ന് ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു.

c. *രണ്ടാം പ്രണാമജപം*

'പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ' എന്നാരംഭിക്കുന്ന പ്രാർത്ഥനയാണ് രണ്ടാം പ്രണാമജപം. സകലത്തിൻെറയും സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെ സ്തുതിക്കുകയാണ് ഈ പ്രാർത്ഥനയിലൂടെ. പരിശുദ്ധൻ എന്ന കീർത്തനം പാടി ദൈവത്തെ അനവരതം സ്തുതിക്കുന്ന സ്വർഗ്ഗവാസികളോടുകൂടെ (ഏശ 6:3; വെളി 4:8) ആരാധനാ സമൂഹം ദൈവത്തിന് ആരാധനാസ്തുതികളർപ്പിക്കുന്നു.

*പ്രാർത്ഥനായാചന*

അനാഫൊറയ്ക്കു മുൻപെന്നപോലെ മൂന്നാമത്തെയും നാലാമത്തെയും പ്രണാമജപത്തിനു മുമ്പും വൈദികൻ സമൂഹത്തോടു പ്രാർത്ഥന യാചിക്കുന്നു.

d. *മൂന്നാം പ്രണാമജപം*

"കർത്താവായ ദൈവമേ, സ്വർഗ്ഗീയ ഗണങ്ങളോടുകൂടെ" എന്നാണ് ഈ പ്രാർത്ഥന ആരംഭിക്കുന്നത്. ഈ പ്രണാമജപത്തിനു രണ്ടു ഭാഗങ്ങളുണ്ട്. സ്ഥാപനവാക്യങ്ങൾക്കു മുമ്പുള്ള ഭാഗവും അതിനുശേഷം വരുന്ന ഭാഗവും. ആദ്യഭാഗത്ത് കർത്താവിൻെറ മനുഷ്യാവതാരത്തെയും രക്ഷാകരപ്രവർത്തനങ്ങളെയും അനുസ്മരിക്കുന്നു. വി. പൗലോസിൻെറ ലേഖനത്തിൽനിന്ന് എടുത്തിട്ടുള്ള സമ്പന്നമായ ആശയങ്ങളാണ് ഈ പ്രാർത്ഥനയിലുള്ളത് (ഫിലി 2:6-8; ഗലാ 4:4-6; 1 കോറി 11:23-26). നമ്മുടെ രക്ഷയുടെ സ്മാരകമായ വി. കുർബാനയുടെ സ്ഥാപനവും ഇവിടെ അനുസ്മരിക്കുന്നു.

e. *സ്ഥാപന വാക്യങ്ങൾ*

അന്ത്യ അത്താഴവേളയിൽ വി. കുർബാന സ്ഥാപിച്ചുകൊണ്ട് കർത്താവ് അരുളിച്ചെയ്ത വാക്കുകളും ചെയ്ത പ്രവൃത്തികളുമാണ് ഇവിടെ നാം കൊണ്ടാടുന്നത്. വി. കുർബാനയിലുള്ള നമ്മുടെ വിശ്വാസത്തിൻെറ ആധാരമാണിത്. ഈ വിശ്വാസമാണ് സ്ഥാപനവചനങ്ങൾ സഭ ഉദ്ധരിച്ചുകൊണ്ട് ഏറ്റുപറയുന്നത്. തുടർന്നു

വരുന്ന "എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ-" എന്ന കല്പനാനുസ്മരണം, കർത്താവിൻെറ കല്പന അനുസരിച്ചാണ് വി. കുർബാന അർപ്പിക്കുന്നതെന്ന് വ്യക്തമാക്കുന്നു.

പ്രണാമജപത്തിൻെറ രണ്ടാം ഭാഗത്ത് കർത്താവിൻെറ രക്ഷാകരകർമ്മത്തിൻെറ ഫലമായി നമുക്ക് ലഭിച്ച വലിയ അനുഗ്രഹങ്ങളെ അനുസ്മരിച്ച് ദൈവത്തിന് നന്ദി പറയുന്നു. വി. പൗലോസിൻെറ ലേഖനങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത പ്രാർത്ഥനാ ഭാഗങ്ങളാണിവിടെയുള്ളത് (കൊളോ 1:14; എഫേ 2:4-9).

f. *മാദ്ധ്യസ്ഥ പ്രാർത്ഥന*

മനുഷ്യവർഗ്ഗം മുഴുവനും വേണ്ടി മിശിഹാ അർപ്പിച്ച ബലിതന്നെയാണല്ലോ ബലിപീഠത്തിൽ അർപ്പിക്കപ്പെടുക. ഈ ബലിയിൽ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുക ഉചിതമാണ്. മനുഷ്യവർഗ്ഗം മുഴുവൻെറയും കൂട്ടായ്മ പ്രതിഫലിപ്പിക്കുന്നതാണ് ഈ മാദ്ധ്യസ്ഥ പ്രാർത്ഥന.

g. *നാലാം പ്രണാമജപം*

"കർത്താവായ ദൈവമേ" എന്നാരംഭിക്കുന്ന പ്രാർത്ഥനയാണിത്. സുവിശേഷത്തിലൂടെ കർത്താവു നല്കിയ വിശുദ്ധിയുടെ മാർഗ്ഗം സ്വീകരിച്ച പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ എന്നിവരെപ്പോലെ മാമ്മോദീസാ സ്വീകരിച്ച നാമെല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്ന് അനുസ്മരിപ്പിക്കുകയാണ് ഈ പ്രാർത്ഥനയിൽ. വിശുദ്ധീകരണം പരിശുദ്ധാത്മാവിൻെറ പ്രവർത്തനമാണല്ലോ, അതുകൊണ്ട് പരിശുദ്ധാത്മാവിനെ കേന്ദ്രീകരിച്ചുള്ള പ്രാർത്ഥനയാണിത്.

h. *റൂഹാക്ഷണ പ്രാർത്ഥന (എപ്പിക്ളേസിസ്)*

"കർത്താവേ, നിൻെറ പരിശുദ്ധാത്മാവ് എഴുന്നുള്ളി വരട്ടെ"... എല്ലാറ്റിനെയും വിശുദ്ധീകരിക്കുന്ന

പരിശുദ്ധാത്മാവ് കുർബാനയിൽ വന്നു വസിച്ച് അതിനെ ആശീർവദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിൻെറ ആവാസത്താൽ പവിത്രീകരിക്കപ്പെടുന്ന ദിവ്യ രഹസ്യങ്ങൾ സ്വീകരിച്ചു സമൂഹം മുഴുവൻ പാപമോചിതരായിത്തീരുന്നതിനും സ്വർഗ്ഗഭാഗ്യത്തിനവകാശികളായിത്തീരുന്നതിനുമായി പ്രാർത്ഥിക്കുന്നു. റൂഹാക്ഷണ പ്രാർത്ഥനയിൽ മിശിഹായുടെ ഉത്ഥാനരഹസ്യമാണു പ്രത്യേകമായി അനുസ്മരിക്കുന്നത്. പിതാവായ ദൈവം ക്രിസ്തുവിൻെറ ബലിയിൽ സംപ്രീതനായി അതു സ്വീകരിച്ചു എന്നതിൻെറ അടയാളമാണ് ഈശോയുടെ ഉത്ഥാനം. അതിനാൽ ഉത്ഥാനത്തോടെയാണ് ആ ബലി പൂർത്തിയായത്. ക്രിസ്തുവിനെ ഉയിർപ്പിച്ചത് പരിശുദ്ധാത്മാവിൻെറ ശക്തിയാലാണെന്നുള്ള വി. പൗലോസിൻെറ പ്രബോധനമാണ് ഇതിനാധാരമായി നില്ക്കുന്നത് (റോമാ 8:11; 1 കോറി 6:14; 2കോറി 13:14).

"സജീവവും പരിശുദ്ധവും" എന്ന സ്തുതിഗീതത്തോടെ അനാഫൊറ അവസാനിക്കുന്നു.

### 5. അനുരഞ്ജന ശുശ്രൂഷ

"സ്വർഗ്ഗവാസികളുടെ സമാധാനവും" എന്ന പ്രാർത്ഥനമുതൽ "കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും" എന്ന പ്രാർത്ഥനവരെയുള്ള ഭാഗമാണ് അനുരഞ്ജന ശുശ്രൂഷ. അതിൻെറ ആദ്യഭാഗം ദൈവവും മനുഷ്യനുമായുള്ള അനുരഞ്ജനത്തിനും രണ്ടാം ഭാഗം മനുഷ്യർ തമ്മിലുള്ള അനുരഞ്ജനത്തിനുമായുള്ള പ്രാർത്ഥനയാണ്.

a. "*സ്വർഗ്ഗവാസികളുടെ സമാധാനവും*"....

പാപത്തിൻെറ ഫലമായി നഷ്ടപ്പെട്ട ശാന്തിയും സമാധാനവും ദൈവത്തോടുള്ള അനുരഞ്ജനത്തിലൂടെ ലഭിക്കാനായി മിശിഹായോടുള്ള പ്രാർത്ഥനയാണിത്. പശ്ചാത്താപ വിവശനായ ദാവീദ് രാജാവ് ഹൃദയം നൊന്തു പ്രാർത്ഥിച്ച അനുതാപ സങ്കീർത്തനമാണു "ദൈവമേ

അങ്ങയുടെ കാരുണ്യത്തിനൊത്തവണ്ണം എന്നോടു ദയ തോന്നണമേ" എന്നാരംഭിക്കുന്ന 51-ാം സങ്കീർത്തനം. തുടർന്നു വരുന്ന ധൂപാർപ്പണം പുരോഹിതൻ, ശുശ്രൂഷികൾ, ജനങ്ങൾ എന്നിവരുടെ പാപപരിഹാരാർത്ഥമുള്ള ഒരു കർമ്മമാണ്.

വി. കുർബാന ഉയർത്തുന്നതിനു മുമ്പു പുരോഹിതൻ തന്റെയും ആരാധനാ സമൂഹത്തിന്റെയും അയോഗ്യത ഏറ്റുപറഞ്ഞുകൊണ്ടു ദൈവത്തിന്റെ പക്കലേക്ക് പ്രത്യാശയോടെ കൈകളുയർത്തുന്നു. നമ്മുടെ അയോഗ്യതയെ അവഗണിക്കുന്ന അവിടുത്തെ കാരുണ്യമാണ് (റോമാ, 5:20-21) ഈ ദിവ്യരഹസ്യങ്ങളിലേക്കു നമ്മെ നിരന്തരം അടുപ്പിക്കുന്നത് എന്ന് ഏറ്റുപറയുന്നു.

b. *"നമ്മുടെ രക്ഷകന്റെ"*.....

എന്നു തുടങ്ങുന്ന പ്രാർത്ഥനയോടെയാണ് അനുരജ്ഞന ശുശ്രൂഷയുടെ രണ്ടാം ഭാഗം ആരംഭിക്കുക. ദൈവവുമായി രമ്യതയിലെത്തുവാൻ സഹോദരങ്ങളുമായി രമ്യതയിലെത്തേണ്ടിയിരിക്കുന്നു. ശുശ്രൂഷികളും സമൂഹവും കൂടി ചൊല്ലുന്ന കാറോസൂസ പരസ്പരം തെറ്റുകൾ ക്ഷമിക്കാനും അനുരഞ്ജനപ്പെടുവാനും നമ്മെ സഹായിക്കുന്നു.

c. *പാപമോചന പ്രാർത്ഥന*

"കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും"... സമൂഹത്തിന്റെ മുഴുവന്റെയും പാപമോചനത്തിനായുള്ള പ്രാർത്ഥനയാണിത്. അനുരഞ്ജന ശുശ്രൂഷയിൽ അനുതാപത്തോടെ പങ്കെടുക്കുമ്പോൾ ദൈവം നമ്മുടെ പാപം ക്ഷമിക്കുന്നു. നിർമ്മലമായ മനഃസാക്ഷിയോടും ഒരുക്കമുള്ള ഹൃദയത്തോടും കൂടെ ദിവ്യകാരുണ്യ സ്വീകരണത്തിനണയുവാൻ ഇതു നമ്മെ സഹായിക്കുന്നു. ഇങ്ങനെ വി. കുർബാനയിൽ കർത്താവിന്റെ രക്ഷാകര സ്നേഹവും കരുണയും നമ്മൾ അനുഭവിക്കുന്നു.

## 6. വിഭജന ശുശ്രൂഷ

തിരുവോസ്തി ഉയർത്തിക്കൊണ്ട് പുരോഹിതൻ ചൊല്ലുന്ന "ഞങ്ങളുടെ കർത്താവീശോമിശിഹായേ" എന്നു തുടങ്ങുന്ന പ്രാർത്ഥനയോടെ വിഭജനശുശ്രൂഷ ആരംഭിക്കുന്നു. ഉത്ഥാനാനന്തരം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട മിശിഹായെ അവർ ആരാധിച്ചതുപോലെ സമൂഹം തങ്ങളുടെ മദ്ധ്യേ വി. കുർബാനയിലൂടെ സന്നിഹിതനായിരിക്കുന്ന മിശിഹായെ ആരാധിക്കുന്നു. യോഹന്നാൻെറ സുവിശേഷം 6-ാം അദ്ധ്യായത്തിൽ 33 മുതലുള്ള വാക്യങ്ങളിലൂടെ യേശു പഠിപ്പിക്കുന്ന സത്യങ്ങളാണ് പ്രാർത്ഥനയുടെ ഉള്ളടക്കം.

പുരോഹിതൻ തിരുവോസ്തി രണ്ടായിമുറിച്ച് വലത്തു കൈയിലുള്ള ഭാഗംകൊണ്ട് തിരുരക്തത്തെ കുരിശാകൃതിയിൽ അടയാളപ്പെടുത്തുകയും തിരുരക്തത്തിൽ മുക്കിയ ഭാഗംകൊണ്ട് മറ്റേ പകുതിയിൽ അടയാളപ്പെടുത്തുകയും ചെയ്യുന്നു. കർത്താവിൻെറ ദിവ്യരഹസ്യങ്ങളുടെ പൂർത്തീകരണമാണ് ഇത് പ്രത്യേകമായി ദ്യോതിപ്പിക്കുക.

## 7. ദൈവൈക്യ ശുശ്രൂഷ

വി. കുർബാന സ്വീകരണവും അതിനോടനുബന്ധിച്ചുള്ള പ്രാർത്ഥനകളുമാണ് ഇതിൽപ്പെടുന്നത്. അനുരഞ്ജനശുശ്രൂഷയിലൂടെ ദൈവവും സഹോദരങ്ങളുമായുള്ള അനുരഞ്ജനത്തിലേക്കു പ്രവേശിച്ച സമൂഹം അതിൻെറ പ്രകാശനമായി ദൈവത്തെ "ഞങ്ങളുടെ പിതാവേ" എന്ന് കർത്തൃപ്രാർത്ഥനയിലൂടെ വിളിച്ചപേക്ഷിക്കുകയാണ്.

ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് മാമ്മോദീസാ സ്വീകരിച്ച് അനുരഞ്ജനപ്പെട്ടവർക്കുമാത്രമേ ദിവ്യവിരുന്നിൽ പങ്കെടുക്കാൻ അർഹതയുള്ളു എന്നാണ് "വിശുദ്ധ കുർബാന വിശുദ്ധജനത്തിനുള്ളതാകുന്നു" എന്ന വാക്കുകളിലൂടെ അനുസ്മരിപ്പിക്കുക. വേണ്ടത്ര ഒരുക്കമില്ലാതെ കുർബാന സ്വീകരണത്തിനണയുന്നവർ

ശിക്ഷാവിധിയായിരിക്കും ഏറ്റുവാങ്ങുക എന്ന കാര്യവും പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. (1 കോറി 11: 27-29). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമാണ് എല്ലാ പരിശുദ്ധിയുടെയും ഉറവിടമെന്ന് സമൂഹം ഏറ്റുപറയുന്നു.

വി. കുർബാന സ്വീകരണത്തിലൂടെ ഉത്ഥിതനായ കർത്താവിൻെറ ജീവനിൽ പങ്കാളികളാകുന്നു. സ്വർഗ്ഗത്തിൽ നമുക്ക് ലഭിക്കുവാനിരിക്കുന്ന ദൈവാനുഭവത്തിൻെറ മുന്നാസ്വാദനമാണ് വി. കുർബാനസ്വീകരണം.

## 8. സമാപനശുശ്രൂഷ

ക്രിസ്തുവിൻെറ രക്ഷാകരകർമ്മത്തിൽ കൗദാശികമായി പങ്കുകൊള്ളുകയും അതിലൂടെ പാപമോചനവും രക്ഷയും പ്രാപിച്ച് ദൈവവുമായി ഐക്യപ്പെടുകയും ചെയ്ത സമൂഹം അവർണ്ണനീയമായ ഈ ദാനത്തിന് ദൈവത്തിനു നന്ദി പറയുന്ന ഭാഗമാണ് സമാപനശുശ്രൂഷ. വി. കുർബാനയിലൂടെ ദൈവത്തിൻെറ സ്നേഹവും കൃപയും സ്വീകരിച്ച സമൂഹം തങ്ങൾക്കു ലഭിച്ച ദാനങ്ങൾക്കനുസൃതമായി ജീവിക്കാനുള്ള അനുഗ്രഹങ്ങൾ കൃതജ്ഞതാപ്രാർത്ഥനയിൽ യാചിക്കുന്നു.

വിശുദ്ധ കുർബാനയിൽ, ജീവദായകമായ ദൈവവചനത്തിൻെറ മാധുര്യം ആസ്വദിക്കുവാനും മാലാഖമാരോടുകൂടെ ദൈവനാമത്തെ സ്തുതിക്കുവാനും കർത്താവിൻെറ അമൂല്യമായ ശരീര രക്തങ്ങൾ സ്വീകരിക്കുവാനും നമ്മെ യോഗ്യരാക്കിയതിന് ത്രിത്വൈക ദൈവത്തിന് പുരോഹിതൻ കൃതഞ്ജതയർപ്പിക്കുന്നു. പുരോഹിതൻ ആരാധനാ സമൂഹത്തിന് സമാപനാശീർവാദം നല്കുന്നു. സമാപനാശീർവാദം എന്നതിനുള്ള സുറിയാനി പദം 'ഹുത്താമാ' എന്നാണ്. മുദ്രവയ്ക്കൽ എന്നാണ് ഈ പദത്തിൻെറ അർത്ഥം. ദൈവത്തിൻെറ രക്ഷാകരമായ ഉടമ്പടി അനുസരിച്ച് ജീവിച്ചുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്ന ആരാധന സമൂഹത്തെ പുരോഹിതൻ കർത്താ

വിന്റെ കുരിശിന്റെ സജീവമായ അടയാളത്താൽ മുദ്രവയ്ക്കുന്നു.

ബലിപീഠം കർത്താവിന്റെ കബറിടത്തെ സൂചിപ്പിക്കുന്നു. അതിനാൽ, വി. കുർബാനയ്ക്കുശേഷം വിടവാങ്ങൽ പ്രാർത്ഥന ചൊല്ലി കാർമ്മികൻ അംത്താര ചുംബിക്കുന്നു. അനന്തരം ശുശ്രൂഷികളോടൊപ്പം സങ്കീർത്തിയിലേക്ക് പോകുന്നു.

## B വി. കുർബാന ലത്തീൻ സഭയിൽ

ലത്തീൻ ക്രമത്തിൽ വി. കുർബാനയെ പ്രാരംഭകർമ്മം, ദൈവവചനപ്രഘോഷണകർമ്മം, സ്തോത്രയാഗകർമ്മം, സമാപനകർമ്മം എന്നിങ്ങനെ നാലു പ്രധാന ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇവയ്ക്ക് ഓരോന്നിനും പല ഘടകങ്ങളുണ്ട്.

### 1. പ്രാരംഭകർമ്മം

പ്രാരംഭകർമ്മങ്ങളുടെ ഉദ്ദേശ്യം ദിവ്യപൂജയിൽ സംബന്ധിക്കുവാൻ സമ്മേളിച്ചിരിക്കുന്ന ജനങ്ങളെ ഐക്യപ്പെടുത്തി ഒരു സമൂഹമാക്കുക എന്നതും ദൈവവചനശ്രവണത്തിനും സ്തോത്രയാഗാനുഷ്ഠാനത്തിനും അവരെ ശരിയായി ഒരുക്കുക എന്നതുമാണ്. പ്രാരംഭകർമ്മത്തിൻെറ ഭാഗങ്ങൾ താഴെ വിവരിക്കുന്നവയാണ്.

a *പ്രവേശനഗാനം :*

ജനങ്ങൾ സമ്മേളിച്ചതിനു ശേഷം പ്രവേശനഗാനം ആരംഭിക്കുകയും പുരോഹിതനും ശുശ്രൂഷകരും പ്രവേശിക്കുകയും ചെയ്യുന്നു. ഈ ഗാനത്തിൻെറ ഉദ്ദേശ്യങ്ങൾ തിരുക്കർമ്മങ്ങൾക്ക് ആരംഭംകുറിക്കുക, ജനങ്ങളുടെ ഐക്യം ദൃഢപ്പെടുത്തുക, അന്നത്തെ ദിവ്യബലിയിൽ അനുസ്മരിക്കുന്ന ദിവ്യരഹസ്യങ്ങളിലേയ്ക്കു വിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുക. ക്രിസ്തുവിൻെറ പ്രതിപുരുഷനായി തങ്ങളുടെ മദ്ധ്യേ വരുന്ന വൈദികനെ ആദരവോടെ സ്വീകരിക്കുക എന്നിവയാണ്. പ്രവേശന സമയത്തു ഗാനാലാപനം ഇല്ലാത്തപക്ഷം ദിവ്യപൂജാഗ്രന്ഥത്തിലുള്ള പ്രഭണിതം ജനങ്ങൾ ഒരുമിച്ചോ, ഏതാനും പേർ ചേർന്നോ, പാഠകൻ തനിച്ചോ ചൊല്ലുന്നു. അല്ലെങ്കിൽ അഭിവാദനത്തിനുശേഷം പുരോഹിതൻ ഈ പ്രഭണിതം ചൊല്ലുന്നു. കാർമ്മികനും ശുശ്രൂഷകരും യേശുനാഥനെ പ്രതിനിധാനം ചെയ്യുന്ന ബലിപീഠത്തെ വന്ദി

ച്ചതിനുശേഷം യഥാസ്ഥാനങ്ങളിലേക്കു പോകുന്നു. ആഘോഷാവസരങ്ങളിൽ കാർമ്മികൻ ബലിപീഠം ധൂപിക്കും.

b *അഭിവാദനം :*

പ്രവേശന ഗാനത്തിനുശേഷം പുരോഹിതനും സമൂഹവും കുരിശിൻെറ അടയാളം വരയ്ക്കുന്നു. അതിനുശേഷം പുരോഹിതൻ ഒരു അഭിവാദനത്തിലൂടെ സമ്മേളിച്ചിരിക്കുന്ന സമൂഹത്തിനു ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള അവബോധം ഉളവാക്കുന്നു. ഈ അഭിവാദനവും ജനങ്ങളുടെ പ്രതിവചനവും അവിടെ ഒരുമിച്ചു കൂടിയിരിക്കുന്ന സഭയുടെ രഹസ്യം പ്രകടമാക്കുകയാണ്.

c *അനുതാപകർമ്മം :*

ജനങ്ങളെ അഭിവാദനം ചെയ്തശേഷം കാർമ്മികനോ അല്ലെങ്കിൽ അർഹനായ ഒരു ശുശ്രൂഷകനോ അന്നത്തെ തിരുന്നാളിനെക്കുറിച്ചോ ആ ദിവ്യബലിയിൽ അനുസ്മരിക്കുന്ന പ്രധാന കാര്യങ്ങളെക്കുറിച്ചോ ചെറിയൊരു വിശദീകരണം ജനങ്ങൾക്കു നല്കുന്നു. തുടർന്നു വരുന്നത് ഒരുക്കത്തോടും യോഗ്യതയോടും കൂടി ദിവ്യബലിയിൽ പങ്കെടുക്കുവാൻ വേണ്ടി പാപങ്ങൾ ഏറ്റു പറഞ്ഞു മനസ്തപിക്കുവാൻ ജനങ്ങൾക്കു നല്കുന്ന ഉദ്ബോധനമാണ്. അല്പനേരം മൗനമായി ആത്മപരിശോധന നടത്തിയശേഷം എല്ലാവരും അനുതാപപ്രകരണം ചൊല്ലി പാപങ്ങൾ ഏറ്റുപറയുന്നു. കാർമ്മികൻ പാപമോചന പ്രാർത്ഥന ചൊല്ലിയാണ് ഈ അനുതാപകർമ്മം അവസാനിപ്പിക്കുന്നത്. അനുതാപകർമ്മത്തിനു പകരം തീർത്ഥം ആശീർവദിക്കുകയും തളിക്കുകയും ചെയ്യുന്ന തിരുക്കർമ്മം എല്ലാ ദൈവാലയങ്ങളിലും ജപാലയങ്ങളിലും ഞായറാഴ്ചയോ ഞായറാഴ്ചയിലെ ദിവ്യബലി ശനിയാഴ്ച വൈകുന്നേരം നടത്തുമ്പോഴോ നിർവ്വഹിക്കാവുന്നതാണ്. ജ്ഞാനസ്നാനത്തിൻെറ അനുസ്മരണമാണ് ഈ തിരുക്കർമ്മംകൊണ്ട് ഉദ്ദേശിക്കുന്നത്.

d *കർത്താവേ കനിയണമേ :*

അനുതാപ കർമ്മത്തിൻെറ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടില്ലാത്തപക്ഷം, അനുതാപകർമ്മത്തിനു ശേഷം "കർത്താവേ കനിയണമേ" എന്ന പ്രാർത്ഥന ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു. കർത്താവിനെ സ്തുതിക്കുകയും അവിടുത്തെകാരുണ്യം യാചിക്കുകയും ചെയ്യുന്ന ഒരു പ്രഘോഷണമാണിത്.

e *അത്യുന്നതങ്ങളിൽ :*

പരിശുദ്ധാത്മാവിൽ സമ്മേളിച്ചിരിക്കുന്ന തിരുസഭ പിതാവിനെയും ദൈവകുഞ്ഞാടിനെയും സ്തുതിക്കുകയും അവരോടു പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു പുരാതന കീർത്തനമാണ് 'അത്യുന്നതങ്ങളിൽ' (ലൂക്കാ 2: 14; ഏശയ്യ 6:3). ആഗമനകാലത്തിനും നോമ്പുകാലത്തിനും പുറമെയുള്ള ഞായറാഴ്ചകളിലും മഹോത്സവങ്ങളിലും തിരുനാളുകളിലും വലിയ പ്രാദേശികാഘോഷ ദിവസങ്ങളിലും 'അത്യുന്നതങ്ങളിൽ' ആലപിക്കുകയോ അല്ലെങ്കിൽ ചൊല്ലുകയോ ചെയ്യുന്നു.

f *സമിതി പ്രാർത്ഥന :*

'നമുക്കു പ്രാർത്ഥിക്കാം' എന്ന വാക്കുകളിലൂടെ കാർമ്മികൻ ജനങ്ങളെ സമിതി പ്രാർത്ഥനയ്ക്കായി ക്ഷണിക്കുന്നു. തുടർന്ന്, തങ്ങൾ ദൈവസന്നിധിയിൽ ആണെന്നുള്ള ബോധം ഉളവാക്കുന്നതിനും തങ്ങളുടെ ആവശ്യങ്ങൾ സമർപ്പിക്കുന്നതിന് അവസരം നല്കുന്നതിനും വേണ്ടി ഏതാനും നിമിഷങ്ങൾ നിശബ്ദമായി ചെലവഴിക്കുന്നു. അതിനുശേഷം അദ്ദേഹം സമിതി പ്രാർത്ഥന ചൊല്ലുന്നു. ഈ പ്രാർത്ഥനയിൽ അനുഷ്ഠാനകർമ്മത്തിൻെറ വിഷയം അവതരിപ്പിക്കുകയും പിതാവായ ദൈവത്തിനു ക്രിസ്തുവിൻെറ മാദ്ധ്യസ്ഥ്യം വഴി, പരിശുദ്ധാത്മാവിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്യുന്നു. ജനങ്ങൾ ഈ പ്രാർത്ഥന തങ്ങളുടെ സ്വന്തമാക്കുകയും 'ആമേൻ' എന്ന പ്രഘോഷണം വഴി തങ്ങളുടെ അംഗീകാരം നല്കുകയും ചെയ്യുന്നു. ('ആമേൻ' എന്ന

ഹീബ്രുവാക്കിന്റെ അർത്ഥം 'അപ്രകാരമായിരിക്കട്ടെ' എന്നാണ്). കുർബാനയുടെ പ്രത്യേക ചിന്താവിഷയം മാറുന്നതനുസരിച്ചു സമിതിപ്രാർത്ഥനയും മാറുന്നുണ്ട്.

## 2. ദൈവവചനപ്രഘോഷണകർമ്മം

"ദൈവവചനത്തിന്റെ മേശയിൽ നിന്നു പോഷകപ്രദങ്ങളായ വിഭവങ്ങൾ ധാരാളമായി ലഭിക്കാൻ വേണ്ടി വിശുദ്ധഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന നിക്ഷേപങ്ങൾ വിശ്വാസികൾക്കു പ്രദാനം ചെയ്യണം. ഇതിനുവേണ്ടി ഒരു നിശ്ചിത കാലയളവിനുള്ളിൽ വി. ഗ്രന്ഥത്തിൽ നിന്നു മുഖ്യഭാഗവും അവർക്കു വായിച്ചു കൊടുക്കണം" (ആരാധനക്രമം 51). രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഈ പ്രബോധനം കണക്കിലെടുത്തുകൊണ്ടാണ് ദിവ്യപൂജയിലെ വേദപാഠകത്തിനു രൂപം നല്കിയിരിക്കുന്നത്. ഞായറാഴ്ചകളിലെ വായനകൾക്കായി ത്രിവർഷചക്രവും (3 year cycle) ഇടദിവസങ്ങളിലെ വായനകൾക്കായി ദ്വിവർഷ ചക്രവുമാണ് (2 year cycle) ഏർപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വിശുദ്ധരുടെ തിരുനാളുകൾക്കും വൈവിധ്യമാർന്ന ദിവ്യപൂജകൾക്കും അനുഗുണമായ ധാരാളം വായനകളും ചേർത്തിരിക്കുന്നു. വി. ഗ്രന്ഥത്തിൽ നിന്നുള്ള വായനകളും അവയ്ക്കിടയിലുള്ള സങ്കീർത്തനങ്ങളുമാണ് ദൈവവചന പ്രഘോഷണത്തിന്റെ മുഖ്യഭാഗങ്ങൾ. സുവിശേഷപ്രഭാഷണം, വിശ്വാസപ്രഖ്യാപനം, വിശ്വാസികളുടെ പ്രാർത്ഥന അഥവാ പൊതുനിയോഗങ്ങൾ എന്നിവ അവയെ പരിപോഷിപ്പിക്കുകയും പൂർത്തികരിക്കുകയും ചെയ്യുന്നു.

a. *വിശുദ്ധഗ്രന്ഥ വായനകൾ :*

ഇതുവരെ ദൈവവചനം സ്വീകരിക്കുന്നതിനു സമൂഹം ഒരുങ്ങുകയായിരുന്നു. ഇപ്പോൾ ദൈവം തന്നെ അവരോടു സംസാരിക്കാൻ പോവുകയാണ്. പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നുമുള്ള വായനകളാണ് ദൈവവചനപ്രഘോഷണകർമ്മത്തിന്റെ പ്രധാനഭാഗം. സാധാരണഗതിയിൽ ഞായറാഴ്ചകളിലും തിരു

നാളുകളിലും മൂന്നുവായനകളും ഇടദിവസങ്ങളിൽ രണ്ട് വായനകളുമാണുള്ളത്. മൂന്നു വായനകളുള്ളപ്പോൾ ആദ്യത്തെ വായന പഴയനിയമത്തിൽ നിന്നും രണ്ടാമത്തെ വായന സുവിശേഷങ്ങളൊഴികെയുള്ള മറ്റു പുതിയനിയമഭാഗങ്ങളിൽ നിന്നുമായിരിക്കും. അവസാനത്തെ വായന എപ്പോഴും ഏതെങ്കിലുമൊരു സുവിശേഷത്തിൽ നിന്നാണ്.

ദൈവം പൂർവപിതാക്കന്മാർ വഴിയും പ്രവാചകന്മാർ വഴിയും സംസാരിച്ചതാണു പഴയനിയമത്തിലെ വായനകൾ സൂചിപ്പിക്കുന്നത്. ഞായറാഴ്ചകളിലും തിരുനാളുകളിലും ഉപയോഗിക്കുന്ന പഴയനിയമത്തിലെ വായനയ്ക്ക് ആ ദിവസത്തെ സുവിശേഷ വായനയുമായി വളരെയധികം ബന്ധമുണ്ട്. അപ്പസ്തോലന്മാർ വഴി ദൈവം നമ്മോടു സംസാരിച്ചതു സൂചിപ്പിക്കുന്നതാണു രണ്ടാമത്തെ വായന. സുവിശേഷത്തിൽ ദൈവം തൻെറ പ്രിയപുത്രനായ യേശുക്രിസ്തുവിൻെറ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും നമ്മോടു സംസാരിക്കുന്നു. സുവിശേഷ വായന വളരെ ഭക്ത്യാദരവുകളോടെ നിർവ്വഹിക്കപ്പെടണമെന്ന് ആരാധനക്രമം അനുശാസിക്കുന്നുണ്ട്. മറ്റു വായനകളിൽ നിന്നും വ്യത്യസ്തമായി സുവിശേഷവായനയ്ക്കു പ്രത്യേക ബഹുമാന സൂചകമായ അടയാളങ്ങൾ കല്പിച്ചിട്ടുണ്ട്. ഉദാഹരണമായി സുവിശേഷവായനസമയത്തു കത്തിച്ച തിരികൾ പിടിക്കുകയും സുവിശേഷഗ്രന്ഥത്തെ ധൂപിക്കുകയും ചെയ്യുന്നു. കൂടാതെ ഇതു പ്രഘോഷിക്കുവാൻ ഒരു പ്രത്യേക ശുശ്രൂഷകൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പ്രാർത്ഥന വഴിയോ, ആശീർവാദം വഴിയൊ തന്നെത്തന്നെ അതിനായി ഒരുക്കുന്നുണ്ട്. സുവിശേഷശ്രവണത്തിനു വിശ്വാസികൾ നില്ക്കുകയും പ്രതിവചനങ്ങൾ ഉച്ചരിക്കുകയും ചെയ്തുകൊണ്ടു ക്രിസ്തു സന്നിഹിതനാണെന്നും, തങ്ങളോടു സംസാരിക്കുന്നുവെന്നും അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. ചുംബിച്ചുകൊണ്ടു ശുശ്രൂഷകൻ സുവിശേഷഗ്രന്ഥത്തിനു ബഹുമാനാദരവുകൾ പ്രദർശിപ്പിക്കുന്നു.

b. *പ്രതിവചനസങ്കീർത്തനം :*

ഒന്നാം വായനയ്ക്കുശേഷം പ്രതിവചനസങ്കീർത്തനം ചൊല്ലുകയോ ആലപിക്കുകയോ ചെയ്യുന്നു. അതാതു വായനകളോടു ബന്ധപ്പെട്ടതും അവയെ ആസ്പദമാക്കിയിട്ടുള്ളതുമായതുകൊണ്ട് ഈ സങ്കീർത്തനങ്ങൾ സാധാരണമായി വേദപാഠകഗ്രന്ഥത്തിൽ നിന്നാണ് എടുക്കുക. ജനങ്ങളുടെ പ്രത്യുത്തരം എളുപ്പമാക്കുന്നതിനുവേണ്ടി ആണ്ടുവട്ടത്തിലെ വിവിധ കാലങ്ങൾക്കും, വിശുദ്ധരുടെ വിവിധ ഗണത്തിനും അനുഗുണമായ ചില സങ്കീർത്തനങ്ങളുടെ പാഠങ്ങളും പ്രതിവചനങ്ങളും തിരഞ്ഞെടുത്തിട്ടുണ്ട്. സങ്കീർത്തനം ആലപിക്കുമ്പോൾ വായനയെ ആസ്പദമാക്കിയുള്ള കീർത്തനത്തിനു പകരം ഇവ ഉപയോഗിക്കാവുന്നതാണ്. ദൈവവചനം ശ്രവിച്ച ജനങ്ങൾ ആ വചനത്തിനു നല്കുന്ന മറുപടിയാണ് പ്രതിവചനസങ്കീർത്തനം. യഹൂദപാരമ്പര്യം പ്രതിവചനസങ്കീർത്തനത്തിൽ നിഴലിച്ചുകാണാം.

c. *അല്ലേലുയാ :*

സുവിശേഷവായനയ്ക്കു മുമ്പ് എല്ലാവരും കൂടി അല്ലേലുയാ പാടുന്നു ('അല്ലേലുയാ' എന്ന ഹീബ്രുവാക്കിന്റെ അർത്ഥം 'ദൈവത്തെ സ്തുതിക്കുക' എന്നാണ്). ക്രിസ്തുവിന്റെ രക്ഷാകരസന്ദേശം ശ്രവിക്കുന്നതിൽ ജനങ്ങൾ പ്രദർശിപ്പിക്കുന്ന താത്പര്യവും ആഹ്ലാദവുമാണ് അല്ലേലുയാ സൂചിപ്പിക്കുന്നത്. നോമ്പുകാലത്ത് അല്ലേലുയാ ഉപയോഗിക്കുന്നില്ല. അതിനു പകരം സങ്കീർത്തനമോ അല്ലെങ്കിൽ സുവിശേഷത്തിനു മുമ്പുള്ള വാക്യമോ ഉപയോഗിക്കും.

d. *സീക്വൻസ് :*

സീക്വൻസ് എന്നത് അല്ലേലുയായുടെ തന്നേ ഭാഗമായ സ്തുതിഗീതമാണ്. മുൻകാലങ്ങളിൽ പല അവസരങ്ങളിലും ഇത്. വി. കുർബാനയിൽ ഉപയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഉയിർപ്പു ഞായറാഴ്ചയും പന്തക്കുസ്താ മഹോത്സവത്തിലുമാണ് ഇതുപയോഗിക്കുന്നത്.

മറ്റു ദിനങ്ങളിലും സ്വീകാൻസ് ഉപയോഗിക്കാവുന്നതാണ്

e. *സുവിശേഷപ്രഭാഷണം :*

തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിൽ എഴുതപ്പെട്ട വിശുദ്ധഗ്രന്ഥം ശരിയായി പഠിച്ച് ഓരോ സമൂഹത്തിൻെറയും ആവശ്യവും അവസ്ഥയും മനസ്സിലാക്കി വ്യാഖ്യാനിച്ചുകൊടുക്കുകയാണ് കാർമ്മികൻ സുവിശേഷപ്രഭാഷണത്തിലൂടെ ചെയ്യുന്നത്. വചനമാകുന്ന അപ്പം മുറിച്ചു വിളമ്പുകയാണിവിടെ.

f. *വിശ്വാസ പ്രഖ്യാപനം :*

വിശ്വാസപ്രഖ്യാപനത്തിൽ അഥവാ വിശ്വാസപ്രമാണത്തിൽ വായനകളിലും പ്രസംഗത്തിലും തങ്ങൾ ശ്രവിച്ച ദൈവവചനത്തിനു പ്രത്യുത്തരവും അംഗീകാരവും നല്കുവാൻ ജനങ്ങൾക്ക് അവസരം ലഭിക്കുന്നു. ദിവ്യകാരുണ്യാനുഷ്ഠാനത്തിനു മുമ്പായി വിശ്വാസസത്യങ്ങളെ ഓർമ്മയിൽ കൊണ്ടുവരുന്നതിന് ജനങ്ങൾക്കുള്ള ഒരവസരംകൂടിയാണിത്. ഞായറാഴ്ചകളിലും മഹോത്സവങ്ങളിലും വിശേഷ ആഘോഷാവസരങ്ങളിലുമാണ് വിശ്വാസ പ്രഖ്യാപനം നടത്തുന്നത്.

g. *വിശ്വാസികളുടെ പ്രാർത്ഥന :*

വിശ്വാസികളുടെ പ്രാർത്ഥനയിലൂടെ ജനങ്ങൾ അവരുടെ പൗരോഹിത്യധർമ്മമാണ് നിർവ്വഹിക്കുന്നത്. മാദ്ധ്യസ്ഥ്യ പ്രാർത്ഥനയിൽ തിരുസഭ രാഷ്ട്രത്തിലെ ഭരണാധികാരികളെയും വിവിധ ആവശ്യങ്ങൾ നേരിടുന്ന എല്ലാവരെയും ലോകത്തിലുള്ള എല്ലാ മനുഷ്യരെയും അനുസ്മരിച്ച് പ്രാർത്ഥിക്കുന്നതാണ്.

**3. സ്തോത്രയാഗകർമ്മം**

ക്രിസ്തുനാഥൻ അപ്പവും ചഷകവും എടുത്തു നന്ദി പ്രകാശിപ്പിച്ചു ഭാഗിച്ച് "വാങ്ങി ഭക്ഷിക്കുവിൻ ഇതെൻെറ ശരീരമാകുന്നു. എല്ലാവരും ഈ പാനപാത്രം

വാങ്ങി കുടിക്കുവിൻ, ഇതെൻെറ രക്തമാകുന്നു. ഇതെൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു പറഞ്ഞുകൊണ്ട് അവിടുത്തെ ശിഷ്യന്മാർക്കുനല്കി. ക്രിസ്തുവിൻെറ ഈ വചനങ്ങാംക്കും പ്രവൃത്തികാംക്കും അനുസൃതമായ വിധത്തിലാണു തിരുസഭ സ്തോത്രയാഗാനുഷ്ഠാനകർമ്മങ്ങാം തയ്യാറാക്കിയിരിക്കുന്നത്.

കാഴ്ചദ്രവ്യങ്ങാം തയ്യാറാക്കൽ, സ്തോത്രയാഗ പ്രാർത്ഥന, ദിവ്യകാരുണ്യസ്വീകരണ കർമ്മം എന്നിങ്ങനെ സ്തോത്രയാഗകർമ്മത്തെ മൂന്നു പ്രധാന ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

## കാഴ്ചദ്രവ്യങ്ങാം തയ്യാറാക്കൽ

കാഴ്ചദ്രവ്യങ്ങാം തയ്യാറാക്കലിൻെറ ഭാഗങ്ങാം താഴെ വിവരിക്കുന്നവയാണ്.

a. *അപ്പവും വീഞ്ഞും ഒരുക്കുന്നു*

കാഴ്ചദ്രവ്യങ്ങാം ഒരുക്കുമ്പോാം ക്രിസ്തുനാഥൻ ഉപയോഗിച്ച അതേ വസ്തുക്കളായ അപ്പവും വീഞ്ഞും വെള്ളവും ബലിപീഠത്തിലേക്കു കൊണ്ടുവരുന്നു. അപ്പവും വീഞ്ഞും വിശ്വാസികാംതന്നെ കൊണ്ടുവരാറുണ്ട്. കാർമ്മികനോ പരികർമ്മിയോ ഈ കാഴ്ചവസ്തുക്കാം ഉചിതമായ സ്ഥാനത്തു നിന്നുകൊണ്ടു സ്വീകരിക്കുന്നു. ആരാധനക്രമത്തിനുള്ള അപ്പവും വീഞ്ഞും ജനങ്ങാം അവരുടെ ഭവനങ്ങളിൽനിന്നു കൊണ്ടു വരാറുണ്ടായിരുന്ന പുരാതന ആചാരത്തിൻെറ ആദ്ധ്യാത്മികമൂല്യവും അർത്ഥവും ഈ കർമ്മം വഴി തുടർന്നുകൊണ്ടു പോകുന്നു. കഴിയുമെങ്കിൽ അപ്പത്തിനും വീഞ്ഞിനും പുറമേ മറ്റു കാഴ്ചദ്രവ്യങ്ങളും ജനങ്ങാം പ്രദക്ഷിണമായി അാംത്താരയിലേക്കു കൊണ്ടുവരുന്നു. ഈ കാഴ്ചവസ്തുക്കാം മനുഷ്യപ്രയത്നത്തിൻെറ ഫലങ്ങളാണ്. ക്രിസ്തുവിൻെറ ബലിയോടു നമ്മെ ഓരോരുത്തരെയും യോജിപ്പിക്കുന്ന നമ്മുടെ ജീവിതബലിയുടെ പ്രതീകങ്ങളാണ് ഈ കാഴ്ച ദ്രവ്യങ്ങാം. അതേ സമയം ഈ കാഴ്ചവസ്തുക്കാം ദൈവം

നമുക്കു തരുന്ന ദാനങ്ങളാണ്. ഈ സമയത്ത് ദൈവാലയ നടത്തിപ്പിനും നിർദ്ധനർക്കുള്ള സഹായത്തിനുമായി പണമോ മറ്റു കാഴ്ചകളോ സമർപ്പിക്കുന്നതിനുള്ള അവസരമുണ്ട്. ഇവ ബലിപീഠത്തിലല്ല, ഉചിതമായ മറ്റൊരു സ്ഥലത്താണു വയ്ക്കേണ്ടത്. കാഴ്ചവയ്പു സമയത്തു കാർമ്മികൻ വീഞ്ഞിൽ അല്പം വെള്ളം ഒഴിക്കുന്നു. വീഞ്ഞ് ക്രിസ്തുവിനെയും വെള്ളം വിശ്വാസികളെയുമാണു സൂചിപ്പിക്കുന്നത്. ഈ തിരുക്കർമ്മം വഴി ക്രിസ്തുവിൻെറ ദിവ്യപ്രകൃതിയിൽ വിശ്വാസികൾ പങ്കുചേരുന്നു എന്ന യാഥാർത്ഥ്യം തിരുസഭ നമ്മെ പഠിപ്പിക്കുന്നു. പുരോഹിതൻ ആദ്യം അപ്പവും പിന്നെ വീഞ്ഞും കൈകളിലെടുത്ത് അവയുടെ ദാതാവായ ദൈവത്തെ വാഴ്ത്തുന്നു. "ദൈവമേ അങ്ങ് എന്നെന്നും വാഴ്ത്തപ്പെടട്ടെ" എന്ന മറുപടിയിലൂടെ സമൂഹം എല്ലാ നന്മകളുടെയും ദാതാവായ ദൈവത്തെ വാഴ്ത്തിപ്പുകഴ്ത്തുന്നു.

b. *നൈവേദ്യ പ്രാർത്ഥന :*

തങ്ങളർപ്പിക്കുന്ന ബലി പുരോഹിതൻെറ കരങ്ങളിൽ നിന്നു ദൈവം സ്വീകരിക്കുവാൻ വേണ്ടിയുള്ള സമൂഹത്തിൻെറ പ്രാർത്ഥനയ്ക്കുശേഷം അദ്ദേഹം നൈവേദ്യപ്രാർത്ഥന ചൊല്ലുന്നു. സമൂഹത്തിൻെറ ഈ കാഴ്ചദ്രവ്യങ്ങൾ പ്രീതിയോടെ കടാക്ഷിക്കുവാനും ദിവ്യബലിക്ക് അവ ഉപയുക്തമാക്കിത്തീർക്കുവാനും വേണ്ടിയുള്ള പ്രാർത്ഥനയാണിത്.

## II സ്തോത്രയാഗപ്രാർത്ഥന

എല്ലാ രക്ഷാകരപ്രവർത്തനത്തിനും ദൈവത്തോടു നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള കീർത്തനമാണ് സ്തോത്രയാഗപ്രാർത്ഥന. കൃതജ്ഞതാപ്രകടനത്തിൻെറയും വിശുദ്ധീകരണത്തിൻെയും പ്രാർത്ഥനയായ ഇത് മുഴുവൻ അനുഷ്ഠാനത്തിൻെറയും കേന്ദ്രവും ഉച്ചകോടിയുമാകുന്നു. ഇതിൻെറ ഭാഗങ്ങൾ താഴെ വിവരിക്കുന്നവയാണ്.

a. *ആമുഖഗീതി:*

ഒരു ചുരുങ്ങിയ ഉപക്രമത്തോടെ കാർമ്മികൻ ജനങ്ങളെ പ്രാർത്ഥിക്കുവാൻ ക്ഷണിക്കുന്നു. തങ്ങളുടെ ഹൃദയങ്ങാം പ്രാർത്ഥനയിലും കൃതജ്ഞതയിലും ദൈവത്തിങ്കലേക്ക് ഉയർത്തുവാൻ ജനങ്ങളോട് കാർമ്മികൻ അഭ്യർത്ഥിക്കുന്നു. മുഴുവൻ ജനത്തിൻെറയും നാമത്തിൽ കാർമ്മികൻ രക്ഷാകരകർമ്മത്തെ പ്രതി അല്ലെങ്കിൽ ആ ദിവസത്തിലോ ഏതെങ്കിലും തിരുനാളിലോ കാലത്തിലോ ഓർമ്മിക്കപ്പെടുന്ന അതിൻെറ പ്രത്യേക ഭാവത്തെപ്രതി പിതാവിനെ സ്തുതിക്കുകയും അവിടുത്തേക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

b. *പരിശുദ്ധൻ*

ദൈവത്തിൻെറ നന്മയേയും കാരുണ്യത്തെയും മഹാവൈഭവത്തെയും അനുസ്മരിച്ചുകൊണ്ട് ദൈവദൂതരോടു ചേർന്നുകൊണ്ട് ആരാധനാസമൂഹം ഒന്നടങ്കം 'പരിശുദ്ധൻ' (ഏശയ്യ 6:3; മത്താ 21:9) ആലപിക്കുകയോ ചൊല്ലുകയോ ചെയ്യുന്നു.

c. *പരിശുദ്ധാത്മാവിൻെറ വരവിനായുള്ള പ്രാർത്ഥന (എപ്പിക്ലേസിസ്)*

പിതാവായ ദൈവത്തോടു പരിശുദ്ധാത്മാവിനെ അയച്ച് നാം സമർപ്പിക്കുന്ന അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ ശരീരരക്തങ്ങളാക്കി മാറ്റണമെന്നും അങ്ങനെ പരിശുദ്ധാത്മാവിൻെറ ചൈതന്യംവഴി ഈ അപ്പവും വീഞ്ഞും സ്വീകരിക്കുന്ന എല്ലാവരും നിത്യരക്ഷ പ്രാപിക്കുവാൻ ഇടയാക്കണമെന്നും യാചിക്കുന്നു.

d *ദിവ്യബലി സ്ഥാപനത്തിൻെറയും പരികർമ്മത്തിൻെറയും വിവരണം*

അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യങ്ങളിൽ അവിടുത്തെ ശരീരരക്തങ്ങാം അർപ്പിക്കുകയും, അവ തൻെറ അപ്പസ്തോലന്മാർക്കു ഭക്ഷണപാനീയങ്ങളായി നല്കുകയും, ഈ ദിവ്യരഹസ്യം തുടർന്നുകൊണ്ടു

പോകുവാൻ അവരോടു കല്പിക്കുകയും ചെയ്തു കൊണ്ടു തിരുവത്താഴ സമയത്തു ക്രിസ്തുനാഥൻ സ്ഥാപിച്ചബലി, ക്രിസ്തുവിൻെറ അതേ വചനങ്ങളിൽ ഇവിടെയും അനുഷ്ഠിക്കപ്പെടുന്നു (മർക്കോ 14:22-24; മത്താ 26:26-28; ലൂക്കാ 22:19-20; 1 കൊറി 11:23-25).

e. *കല്പനാനുസ്മരണ പ്രാർത്ഥന*

*(അനമ്നേസിസ്)*

അപ്പസ്തോലന്മാർവഴി ക്രിസ്തുവിൽ നിന്നു ലഭിച്ച കല്പന നിറവേറ്റുന്നതിനുവേണ്ടി, പ്രത്യേകിച്ച് അവിടുത്തെ പീഡാനുഭവം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പ്രത്യാഗമനം ഇവ അനുസ്മരിച്ചുകൊണ്ടു തിരുസഭ അവിടുത്തെ സ്മരണ കൊണ്ടാടുന്നു.

f. *സമർപ്പണ പ്രാർത്ഥന*

ഈ സ്മരണാനുഷ്ഠാനത്തിൽ തിരുസഭ, പ്രത്യേകിച്ച്, അവിടെ സമ്മേളിച്ചിരിക്കുന്ന സഭ, പരിശുദ്ധാത്മാവുവഴി പരമപിതാവിന് ഈശോമിശിഹായുടെ ശരീരരക്തങ്ങളായിത്തീർന്ന യാഗവസ്തുക്കൾ അർപ്പിക്കുന്നു. ക്രിസ്തുവിനോടൊപ്പം നമ്മെത്തന്നെ മുഴുവനായി ദൈവത്തിനു സമർപ്പിക്കുന്നു.

g. *മാദ്ധ്യസ്ഥ്യ പ്രാർത്ഥന*

സ്വർഗ്ഗീയസഭയുടെയും ഭൗമികസഭയുടെയും കൂട്ടായ്മ വ്യക്തമാക്കുന്ന പ്രാർത്ഥനയാണിത്. സ്വർഗ്ഗവാസികളുടെ മദ്ധ്യസ്ഥതയിലൂടെ സഭയുടെ എല്ലാ മേലദ്ധ്യക്ഷന്മാർക്കും ജീവിക്കുന്നവരും മരിച്ചവരുമായ എല്ലാ സഭാംഗങ്ങൾക്കുംവേണ്ടി നാം പ്രാർത്ഥിക്കുന്നു.

h. *സമാപനസ്തുതി*

ജനങ്ങളുടെ 'ആമേൻ' എന്ന പ്രഘോഷണംവഴി സ്ഥിരീകരിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്ന ഈ സ്തോത്രത്തിൽ പരിശുദ്ധാത്മാവിൻെറ ചൈതന്യത്താൽ ഒരു ശരീരമായിത്തീരുന്ന തിരുസഭ, ശിരസ്സായ ക്രി

സ്തുവഴി, പിതാവായ ദൈവത്തെ ആരാധിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

## III ദിവ്യകാരുണ്യസ്വീകരണ കർമ്മം

ഒരേ അപ്പം മുറിക്കൽ വിശ്വാസികളുടെ ഐക്യത്തിന്റെ അടയാളമാണ്. ക്രിസ്തുവിന്റെ തിരുക്കരങ്ങളിൽ നിന്ന് അപ്പസ്തോലന്മാർ സ്വീകരിച്ചതുപോലെ വിശ്വാസികൾ ദിവ്യകാരുണ്യം ഉൾക്കൊള്ളുമ്പോൾ ക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുന്നു. ദിവ്യകാരുണ്യാനുഷ്ഠാനം പെസഹാവിരുന്നാണ്. ആകയാൽ വേണ്ടത്ര ഒരുക്കത്തോടെ വേണം ആദ്ധ്യാത്മിക ഭക്ഷണമായ യേശുവിന്റെ തിരുശരീര രക്തങ്ങൾ സ്വീകരിക്കാൻ. ദിവ്യകാരുണ്യ സ്വീകരണകർമ്മത്തിന്റെ ഭാഗങ്ങൾ താഴെ വിവരിക്കുന്നവയാണ്.

a. *കർത്തൃപ്രാർത്ഥന*

യേശുവുമായുള്ള ഐക്യമാണ് ദിവ്യകാരുണ്യ സ്വീകരണത്തിന്റെ പ്രധാന ലക്ഷ്യം. അവിടുത്തോട് ഒന്നായിത്തീരുന്ന നാം ദൈവത്തിന്റെ മക്കളും പരസ്പരം സഹോദരരുമാണ്. ഈ വസ്തുത നമ്മെ അനുസ്മരിപ്പിക്കുവാനായി എല്ലാവരും ഒരുമിച്ച് "സ്വർഗ്ഗസ്ഥനായ പിതാവേ" (മത്താ 6:9-13; ലൂക്കാ 11:2-4) എന്ന പ്രാർത്ഥന ചൊല്ലുന്നു. കർത്തൃപ്രാർത്ഥന അനുദിനഭക്ഷണത്തിനുവേണ്ടിയും - ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ദിവ്യകാരുണ്യ ഭോജനത്തിനുവേണ്ടിയും - പരിശുദ്ധമായത് പരിശുദ്ധിയുള്ളവർക്ക് നല്കപ്പെടേണ്ടതിനായി പാപങ്ങളുടെ മോചനത്തിനുവേണ്ടിയുമുള്ള ഒരു യാചനയാണ്. തന്നോടൊപ്പം കർത്തൃപ്രാർത്ഥന ആലപിക്കുന്നതിനോ ചൊല്ലുന്നതിനോ ആയി കാർമ്മികൻ വിശ്വാസികളെ ക്ഷണിക്കുന്നു. കർത്തൃപ്രാർത്ഥനയ്ക്കു ശേഷമുള്ള പ്രാർത്ഥന (embolism) കാർമ്മികൻ തനിയേ ചൊല്ലുന്നു: ജനങ്ങളുടെ ദിവ്യസ്തുതി സ്തോത്രത്തോടുകൂടി അതു സമാപിക്കുന്നു.

b. *സമാധാനാശംസ*

ഒരേ അപ്പത്തിൽ നിന്നു ഭാഗഭാക്കുകളാക്കുന്നതിനു മുമ്പായി ദൈവജനം തിരുസഭയിലും മനുഷ്യകുലം മുഴുവനിലും സമാധാനവും ഐക്യവും വളരുന്നതിനുവേണ്ടി പ്രാർഥിക്കുകയും പരസ്പരസ്നേഹത്തിൻെറ അടയാളമായി യേശുനാഥൻ തൻെറ അപ്പസ്തോലന്മാർക്കു നല്കിയ സമാധാനാശംസകാം (യോഹ 14:27) കൈമാറുകയും ചെയ്യുന്നു.

c. *അപ്പംമുറിക്കൽ*

അന്ത്യഅത്താഴവേളയിൽ ക്രിസ്തുനാഥൻ ചെയ്ത ഈ പ്രവൃത്തിമൂലം അപ്പസ്തോലിക കാലഘട്ടത്തിൽ ദിവ്യകാരുണ്യാനുഷ്ഠാനത്തിനു മുഴുവൻ അപ്പംമുറിക്കൽ എന്ന പേരു ലഭിച്ചു. ഇതിൻെറ പ്രായോഗികവശത്തിനുപരിയായി, ദിവ്യകാരുണ്യസ്വീകരണം വഴി, ജീവൻെറ ഏക അപ്പമായ ക്രിസ്തുവിൽ പലരായ നമ്മാം ഒരേശരീരമായിത്തീരുന്നുവെന്ന വസ്തുതകൂടി ഇത് എടുത്തു കാണിക്കുന്നു (1 കോറി 10:17)

d. *സമ്മിശ്രണം*

കാർമ്മികൻ തിരുവോസ്തിയുടെ ഒരു ഭാഗം കാസയിലെ തിരുരക്തത്തിൽ നിക്ഷേപിക്കുന്നു. ഇതിനെയാണു സമ്മിശ്രണം എന്നു പറയുന്നത്. സമ്മിശ്രണത്തിൻെറ അർത്ഥത്തെ സൂചിപ്പിക്കുവാൻ പല വ്യാഖ്യാനങ്ങളുണ്ട്. അവയിൽ ഒന്നുമാത്രം വിവരിക്കാം. ദിവ്യബലി സ്ഥാപനവേളയിൽ അപ്പവും വീഞ്ഞും വെവ്വേറെയായിട്ടാണു കൂദാശചെയ്യപ്പെടുന്നത്. ഈ പ്രവൃത്തി യേശുവിൻെറ മരണത്തെ സൂചിപ്പിക്കുമ്പോാം സമ്മിശ്രണം അവിടുത്തെ ഉയിർപ്പിനെ സൂചിപ്പിക്കുന്നു. വിശുദ്ധ കുർബാനയിൽ നമ്മാം യേശുവിൻെറ മരണത്തിൻെറയും ഉയിർപ്പിൻെറയും സ്മരണയാണ് ആചരിക്കുന്നത് എന്നു മനസ്സിലാക്കുവാൻ ഇതു നമ്മെ സഹായിക്കുന്നു.

e. *ലോകത്തിൻെറ പാപങ്ങൾ*

ലോകത്തിൻെറ പാപമോചനത്തിനായി ദിവ്യകുഞ്ഞാടിൻെറ തിരുശരീരം വിഭജിക്കപ്പെടുന്ന ഈ അവസരത്തിൽ സമൂഹം ദിവ്യകുഞ്ഞാടിനോട് കരുണയ്ക്കും സമാധാനത്തിനും വേണ്ടി യാചിക്കുന്നു.

f. *ദിവ്യകാരുണ്യസ്വീകരണത്തിനുള്ള ഒരുക്കം*

ക്രിസ്തുനാഥൻെറ തിരുശരീരരക്തങ്ങളുടെ സ്വീകരണത്തിനായി നിശ്ശബ്ദമായ പ്രാർത്ഥനയിലൂടെ പുരോഹിതൻ തന്നെത്തന്നെ ഒരുക്കുന്നു. ഈ അവസരത്തിൽ വിശ്വാസികളും മൗനപ്രാർത്ഥനയിലൂടെ തങ്ങളെത്തന്നെ ഒരുക്കുന്നു. അനന്തരം പുരോഹിതൻ, തിരുശരീരം ജനങ്ങൾക്ക് ദൃശ്യമായ വിധത്തിൽ ഉയർത്തിപ്പിടിച്ച് ദിവ്യഭോജനത്തിൽ പങ്കുകൊള്ളുവാൻ അവരെ ക്ഷണിക്കുകയും സുവിശേഷവചനങ്ങൾ (യോഹ 1:29) ഉച്ചരിച്ചുകൊണ്ട് എളിമപ്രകരണത്തിലൂടെ (മത്താ 8:8) അവരെ അതിലേക്കു നയിക്കുകയും ചെയ്യുന്നു.

g. *ദിവ്യകാരുണ്യസ്വീകരണം*

പുരോഹിതൻ തിരുശരീരരക്തങ്ങൾ ഉൾക്കൊള്ളുന്നു. ഇതുകൂടാതെ ദിവ്യബലി പൂർത്തിയാവുകയില്ല. പിന്നെ ജനങ്ങൾ പ്രദക്ഷിണമായി വന്ന് സജീവമായ വിശ്വാസത്തോടും സ്നേഹത്തോടുംകൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്നു. വൈദികൻെറയും ജനങ്ങളുടെയും ദിവ്യകാരുണ്യ സ്വീകരണവേളയിൽ ആലപിക്കുന്ന ഗാനം, ഏകഗാനാലാപനത്തിൽ തങ്ങളുടെ സ്വരങ്ങൾ ലയിപ്പിക്കുന്നതുവഴി, ദിവ്യ ഭോജനം സ്വീകരിക്കുന്നവരുടെ ആദ്ധ്യാത്മിക ഐക്യത്തെ പ്രകടമാക്കുന്നു. ഗാനാലാപനം ഇല്ലാത്തപക്ഷം ദിവ്യപൂജാ ഗ്രന്ഥത്തിലുള്ള പ്രഭണിതം ജനങ്ങൾ എല്ലാവരും കൂടിയോ ഏതാനുംപേർ ഒരുമിച്ചോ അഥവാ വാചകൻ തനിച്ചോ ഉച്ചരിക്കുന്നു. അല്ലാത്തപക്ഷം ദിവ്യകാരുണ്യം സ്വീകരിച്ചതിനുശേഷം, വിശ്വാസികൾക്ക് ദിവ്യകാരുണ്യം നല്കുന്നതിനു മുമ്പായി വൈദികൻ തന്നെ ചൊല്ലുന്നു.

h. *ദിവ്യകാരുണ്യപ്രാർത്ഥന*

ദിവ്യകാരുണ്യം വഴി സ്വീകരിച്ച അമൂല്യദാനങ്ങൾക്കു സമൂഹത്തോടൊരുമിച്ച് അല്പനേരം മൗനമായി ദൈവത്തിനു നന്ദിപറഞ്ഞശേഷം വൈദികൻ ദിവ്യകാരുണ്യപ്രാർത്ഥന ചൊല്ലുന്നു. ഈ ദിവ്യരഹസ്യങ്ങളുടെ ഫലങ്ങൾ അനുദിനജീവിതത്തിൽ പ്രകടമാക്കുവാനും നിലനിർത്തുവാനും വേണ്ട ദൈവസഹായം അപേക്ഷിക്കുന്ന പ്രാർത്ഥനയാണിത്. ജനങ്ങൾ 'ആമ്മേൻ' എന്നു പ്രത്യുത്തരം നല്കിക്കൊണ്ടു പ്രസ്തുതപ്രാർത്ഥന തങ്ങളുടേതാക്കിത്തീർക്കുകയും ചെയ്യുന്നു.

**4. സമാപനകർമ്മം**

സമാപനകർമ്മത്തിൻെറ ഭാഗങ്ങൾ താഴെ വിവരിക്കുന്നവയാണ്

a. *അഭിവാദനവും ആശീർവാദവും*

പുരോഹിതൻ ജനങ്ങളെ അഭിവാദനം ചെയ്തശേഷം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവരെ ആശീർവദിക്കുന്നു. ചില സന്ദർഭങ്ങളിൽ ഈ ആശീർവാദത്തിനു മുമ്പു കൂടുതൽ ആഘോഷമായ ആശീർവാദമോ ജനങ്ങളുടെ മേലുള്ള പ്രാർത്ഥനയോ നടത്തുന്നു.

b. *പിരിച്ചുവിടൽ*

കർത്താവിനെ സ്തുതിച്ചുകൊണ്ടും വാഴ്ത്തിക്കൊണ്ടും ക്രിസ്തുവിൻെറ സമാധാന സംവാഹകരാകാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും സൽപ്രവൃത്തികൾ അനുഷ്ഠിക്കാനുമായി ആരാധനാസമൂഹത്തിലെ ഓരോ അംഗത്തേയും കാർമ്മികൻ പറഞ്ഞയയ്ക്കുന്നു.

## C മലങ്കര കത്തോലിക്കാ സഭയിൽ

### ആമുഖം

മലങ്കര സഭയുടെ ആധികാരികമായി കുർബാന ത്തക്സാ "നമ്മുടെ കർത്താവിൻെറ സഹോദരനും, അപ്പ സ്തോലനും യെറുശലേമിലെ ഒന്നാമത്തെ പ്രധാനാചാ ര്യനു" മായിരുന്ന വി. യാക്കോബിൻെറ പേരിൽ അറിയ പ്പെടുന്നതാണ്. ഇതിനെ മാതൃകയാക്കി രചിക്കപ്പെട്ടിട്ടു ള്ള എഴുപതിൽപരം തക്സാകൾ അന്ത്യോക്യൻ പാരമ്പ ര്യത്തിൽ നിലവിലുണ്ട്. യാക്കോബിൻെറ തക്സാ വള രെ പ്രധാനപ്പെട്ട അവസരങ്ങളിൽ മാത്രമേ ഉപയോഗി ക്കാറുള്ളൂ. യെറുശലേമിൽ അറമായ (സുറിയാനി) ഭാഷയിൽ രൂപംകൊണ്ട യാക്കോബിൻെറ ക്രമം നാലാം നൂറ്റാണ്ടിൽ അന്ത്യോക്യായിൽ വച്ച് ഗ്രീക്ക് ഭാഷയിലാ ക്കുകയും ആറാം നൂറ്റാണ്ടിൽ വീണ്ടും സുറിയാനിയി ലേക്കു തർജ്ജമ ചെയ്യപ്പെടുകയും ചെയ്തു. എട്ടാം നൂറ്റാ ണ്ടിൽ എഡേസ്സായിലെ വി. യാക്കോബ് ചില പരിഷ്കാ രങ്ങൾ തക്സായിൽ വരുത്തി. പതിമൂന്നാം നൂറ്റാണ്ടിൽ ബാർ എബ്രായ എന്ന പണ്ഡിതൻ വീണ്ടും പരിഷ്കരി ക്കുകയും ചുരുക്കുകയും ചെയ്തതാണ് ഇപ്പോൾ നിലവി ലുള്ള യാക്കോബിൻെറ തക്സാ.

### സംജ്ഞകൾ

വി. കുർബാനയ്ക്കു പല പേരുകൾ ഉപയോഗി ക്കുന്നുണ്ട്. *കുർബോനോ* എന്ന സുറിയാനി വാക്കിന് ബലിയർപ്പണം കാഴ്ചയർപ്പണം എന്നാണർത്ഥം. *കൂറോ ബൊ* എന്ന വാക്ക് എഫേസ്യർ 2:18-ൽ വി. പൗലോസ് ഉപയോഗിച്ചിരിക്കുന്നതാണ്. സാമീപ്യം, പ്രവേശനം എന്നാണ് ഈ സുറിയാനിവാക്കിൻെറ അർത്ഥം. ക്രി സ്തുവിൽക്കൂടി, ക്രിസ്തുവിൻെറ ബലിയിൽക്കൂടി, പി താവായ ദൈവത്തെ സമീപിക്കുവാൻ നമുക്കു സാധി ക്കുന്നു എന്നാണ് സൂചന. *എവുക്കാറിസ്തിയ* എന്ന

ഗ്രീക്കു പദത്തിൻെറ അർത്ഥം കൃതജ്ഞതാർപ്പണം എന്ന ത്രേ. *അനാഫൊറ* എന്നതും ഒരു ഗ്രീക്ക് പദമാണ്. ഇതിൻെറയർത്ഥം ബലി എന്നാണ്. നാലാം നൂറ്റാണ്ടു മുതലാണ് ഈ വാക്ക് ഉപയോഗത്തിൽ വന്നത്. തക്സായിൽ സമാധാന പ്രാർത്ഥന മുതൽ കൃതജ്ഞതാ പ്രാർത്ഥനവരെയുള്ള ഭാഗമാണ് അനാഫൊറ.

1. ഒരുക്കശുശ്രൂഷ

നമ്മുടെ കർത്താവിൻെറ മനുഷ്യാവതാരത്തിനു മുമ്പുള്ള ഒരുക്കത്തിൻെറ ദീർഘകാലത്തെ സൂചിപ്പിക്കുന്ന ഈ ശുശ്രൂഷ മദ്ബഹായുടെ തിരശ്ശീലയ്ക്കുള്ളിൽ പട്ടക്കാരൻ രഹസ്യമായി നടത്തുന്നു. ഈ ശുശ്രൂഷയ്ക്കു രണ്ടു ഭാഗങ്ങളുണ്ട്.

a. *മൽക്കിസദേക്കിൻെറ ക്രമം*

അപ്പവും വീഞ്ഞും ത്രോണോസിന്മേൽ ക്രമപ്പെടുത്തുന്ന ഭാഗമാണിത്. ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ നിഴലായിട്ടു കരുതപ്പെടുന്ന മൽക്കിസദേക്ക് (ഹെബ്രാ 6:20) അപ്പവും വീഞ്ഞും എടുത്തുകൊണ്ട് അബ്രഹാമിനെ എതിരേറ്റ സംഭവം (ഉത്പ: 14:18) ഇവിടെ അനുസ്മരിക്കുന്നു. യേശുമിശിഹായുടെ ബലിയിൽ, ചരിത്രാതീതകാലംമുതൽ സ്വാഭാവിക നിയമത്തിൻകീഴിൽ അർപ്പിക്കപ്പെട്ടുപോന്ന എല്ലാബലികളും പൂർത്തിയാക്കപ്പെട്ടു എന്ന് ഈ ഭാഗം സൂചിപ്പിക്കുന്നു. കാസായിൽ വീഞ്ഞും വെള്ളവും കലർത്തുന്നു. വി. ബലിയിൽ ജനങ്ങൾ ക്രിസ്തുവിനോടു യോജിപ്പിക്കപ്പെടുന്നതിൻെറ പ്രതീകമാണിതെന്നു വി. സിപ്രിയാൻ പറയുന്നുണ്ട്. പുരോഹിതൻ അംശവസ്ത്രങ്ങൾ ധരിക്കാതെയാണ് അപ്പവും വീഞ്ഞും ക്രമീകരിക്കുന്നത്.

b. *അഹറോൻെറ ക്രമം :*

അനുതാപത്തിൻെറ ഒരുക്രമം നടത്തിയതിനു ശേഷം അംശവസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണു പുരോഹിതൻ ഒരുക്കത്തിൻെറ രണ്ടാം ശുശ്രൂഷ നടത്തുന്നത്. പഴയനിയ

മത്തിൽ മഹാപുരോഹിതനായ അഹറോൻ വിശുദ്ധവസ്ത്രങ്ങഠം ധരിച്ച് ദൈവത്തിനു ധൂപം അർപ്പിച്ചതിനെ ഇതു സൂചിപ്പിക്കുന്നു. പഴയനിയമ ബലികളും അഹറോൻെറ പൗരോഹിത്യവും യേശു മിശിഹായിൽ പൂർത്തിയായി എന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. പുരോഹിതൻ ദർഗ്ഗാമേൽ കയറിനിന്നു കാസായും പീലാസായും എടുത്തു കൈകഠം കുരിശാകൃതിയിൽ പിടിച്ചുകൊണ്ടു ക്രിസ്തുവിൻെറ രക്ഷാകര പ്രവർത്തനങ്ങളെ അനുസ്മരിക്കുകയും ആദാമും ഹവ്വായും തുടങ്ങി ദൈവത്തെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരെയും ഓർക്കുകയും ചെയ്യുന്നു. രോഗികഠം, മരിച്ചുപോയവർ, ബന്ധുമിത്രാദികഠം മുതലായവരെ ഓർക്കുകയും അതാതു ദിവസത്തെ കുർബാനയ്ക്കുള്ള പ്രത്യേകനിയോഗം പ്രസ്താവിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 1. ധൂപാർപ്പണശുശ്രൂഷ

അനുസ്മരണ പ്രാർത്ഥനയ്ക്കുശേഷം കാസായും പീലാസയും ശോശപ്പാകൊണ്ടു മൂടി, അഹറോൻെറ ധൂപാർപ്പണത്തെ അനുസ്മരിച്ചുകൊണ്ട് പട്ടക്കാരൻ പ്രുമിയോനും സെദറായും ചൊല്ലി ധൂപം അർപ്പിക്കുന്നു. ഇവിടെ ദൈവമാതാവിനെയും, നിബിയർ, ശ്ലീഹർ, പുരോഹിതന്മാർ, നീതിമാന്മാർ, സഭാമക്കഠം എന്നിവരെയെല്ലാം പ്രത്യേകം അനുസ്മരിച്ചു ത്രിത്വസ്തുതിയോടുകൂടെ ഒരുക്ക ശുശ്രൂഷ അവസാനിപ്പിക്കുന്നു.

## 2. പരസ്യശുശ്രൂഷ

വി. കുർബാന പരസ്യമായി ആരംഭിക്കുമ്പോഠം മദ്ബഹയുടെ തിരശ്ശീല നീക്കി, ധൂപാർപ്പണത്തോടെ പട്ടക്കാരൻ ഇപ്രകാരം ചൊല്ലുന്നു: "കർത്താവേ, നിന്നെ പ്രസവിച്ച മറിയാമും നിനക്കു മാമ്മോദീസാ നല്കിയ യോഹന്നാനും ഞങ്ങഠംക്കുവേണ്ടി നിന്നോടപേക്ഷിക്കും; ഞങ്ങളോടു കരുണ ചെയ്യണമേ". വി. കുർബാനയുടെ പരസ്യാരംഭം സ്വർഗ്ഗത്തിൽനിന്നു മനുഷ്യരക്ഷയ്ക്കായുള്ള നമ്മുടെ കർത്താവിൻെറ വരവിനെ സൂചിപ്പിക്കുന്നു.

മനുഷ്യാവതാരത്തിന്റെ ഏറ്റവും അടുത്ത സാക്ഷികളും രക്ഷാകര ചരിത്രത്തിൽ ഏറ്റവും അടുത്തു സഹകരിച്ച വരുമായ മാതാവിന്റെയും സ്നാപകയോഹന്നാന്റെയും മാദ്ധ്യസ്ഥ്യത്തിൽ ആശ്രയിച്ചുകൊണ്ടാണ് ജനം യേശുമിശിഹായെ സ്തുതിക്കുന്നത്. ആരാധനാസമൂഹത്തിലേക്കു വരുന്ന മിശിഹാരാജാവിന് ഇന്നും അവർ വഴി ഒരുക്കുന്നു.

"സ്വഭാവപ്രകാരം മരണമില്ലാത്തവനും..." എന്നു തുടങ്ങുന്ന കീർത്തനം ആറാം നൂറ്റാണ്ടിൽ അന്ത്യോക്യയിലെ മാർ സെവേറിയോസ് രചിച്ചതാണ്. മനുഷ്യനായ ദൈവപുത്രനിലുള്ള വിശ്വാസപ്രഖ്യാപനവും സ്തോത്രാർപ്പണവുമാണ് ഇതിലെ ഉള്ളടക്കം.

"*ദൈവമേ, നീ പരിശുദ്ധനാകുന്നു....*" എന്നാരംഭിച്ചു മൂന്നു പ്രാവശ്യം ചൊല്ലുന്ന പ്രാർത്ഥന ത്രിത്വസ്തുതിയല്ല. ക്രിസ്തുസ്തുതിയാണ്. "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ..." എന്നുള്ളത് അന്ത്യോക്യയിലെ പത്രോസ് പാത്രിയർക്കീസ് അഞ്ചാം നൂറ്റാണ്ടിൽ കൂട്ടിച്ചേർത്തതാണ്.

*കുറിയേലായിസ്സോൻ* "കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ" എന്നർത്ഥമുള്ള ഗ്രീക്കുവാക്യമാണ്. കുരുടന്റെയും കുഷ്ഠരോഗിയുടെയും അപേക്ഷകളും ചുങ്കക്കാരന്റെ പ്രാർത്ഥനയും ഇതനുസ്മരിക്കുന്നു.

### 3. വേദപുസ്തകവായനകൾ

പഴയനിയമത്തിൽ നിന്നു നാലും പുതിയ നിയമത്തിൽ നിന്നു മൂന്നും വായനകളാണ് മലങ്കര സഭയിൽ പതിവുള്ളത്. പഴയനിയമവായന ഒരുക്കശുശ്രൂഷയുടെ സമയത്തു നടത്തുന്നു. പുതിയനിയമത്തിലെ രണ്ടു വായനകൾ (അപ്പ. പ്രവൃത്തികൾ, കാതോലിക ലേഖനങ്ങൾ, വെളിപാട് ഇവയിൽ നിന്ന് ഒന്നും, വി. പൗലോസിന്റെ ലേഖനങ്ങളിൽ നിന്ന് ഒന്നും). ശുശ്രൂഷക്കാരൻ നടത്തുന്നു. സുവിശേഷം വായിക്കുന്നതു പുരോഹിതൻ മാത്ര

മാണ്. വി. കുർബാനയിൽ പട്ടക്കാരൻ നല്കുന്ന ഏഴു സമാധാനാശംസകളിൽ രണ്ടെണ്ണം സുവിശേഷവായനയുടെ ആരംഭത്തിലും അവസാനത്തിലുമാണ്. വി. കുർബാനയിൽ സാക്ഷാത്കരിക്കപ്പെടുന്ന രക്ഷാരഹസ്യങ്ങൾ ദൈവവചനത്തിലൂടെ ആരാധനാസമൂഹത്തോടു പ്രഖ്യാപിക്കുന്നു. ഈ ഭാഗം പ്രബോധനപരവും കൂടിയാകയാൽ സുവിശേഷ പ്രസംഗത്തിനുള്ള സമയവും ഇതുതന്നെയാണ്.

സുവിശേഷവായനയെ തുടർന്ന് ശുശ്രൂഷകൻ ചൊല്ലുന്ന ലുത്തിനിയാ, സ്നാനാർത്ഥികളെയും അയോഗ്യരെയും പിരിച്ചുവിടുന്ന പ്രഖ്യാപനം, കുർബാനയ്ക്കുള്ള ബലിവസ്തുക്കളുടെ ആഘോഷപൂർവമായ പ്രദക്ഷിണം എന്നിവ ആദ്യനൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നെങ്കിലും ഏഴാം നൂറ്റാണ്ടിനു ശേഷം അന്ത്യോക്യൻ പാരമ്പര്യത്തിൽ അവ ക്രമേണ അപ്രത്യക്ഷമായി. ഏവൻഗേല്യോനെ തുടർന്നുള്ള ലുത്തിനിയാ കുർബാനയൊഴിച്ചുള്ള പല ശുശ്രൂഷകളിലും ഇന്നും നിലവിലുണ്ട്.

### 4. പാപപരിഹാരപ്രാർത്ഥന

പ്രുമിയോൻ - സെദറ രൂപത്തിലുള്ള പ്രാർത്ഥനാശൈലി അന്ത്യോക്യൻ പാരമ്പര്യത്തിൻെറ ഒരു വിശിഷ്ടതയാണ്. വേദശാസ്ത്രപരമായ പരിചിന്തനങ്ങൾ ഉൾക്കൊള്ളുന്ന ഈ പ്രാർത്ഥനാരൂപത്തിൻെറ ഒരു വലിയ സമ്പത്ത് ഈ പാരമ്പര്യത്തിലുണ്ട്. ആമുഖമായ പ്രുമിയോൻ പ്രാരംഭവിവരണവും രക്ഷാകരരഹസ്യങ്ങളെ അനുസ്മരിച്ചുള്ള സ്തുതിയുമാണ്. ഓരോ പ്രുമിയോനും അതിൻേറതായ സെദറായുണ്ട്. പല അപേക്ഷകൾ കോർത്തിണക്കിയതാണ് സെദറ. സഭാവത്സരത്തിൻെറ കാലങ്ങളും പെരുന്നാളുകളും അനുസരിച്ച് പ്രുമിയോൻ സെദറാകൾ മാറിക്കൊണ്ടിരിക്കും. ഇവയുടെ മദ്ധ്യത്തിൽ മാറ്റമില്ലാതെ ചേർക്കുന്നതാണ് "പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും" എന്നാരംഭിക്കുന്ന ഹൂസോയൊ പ്രാർത്ഥന. ഇതൊരു പൂർണ്ണമായ പ്രാർത്ഥനയാണ്.

പാപങ്ങാം ക്ഷമിക്കുകയും വിസ്മരിക്കുകയും ചെയ്യുന്നവനായ ദൈവത്തോട്, ബലിയർപ്പിക്കുന്ന പട്ടക്കാരനുവേണ്ടിയും ജീവിച്ചിരിക്കുന്നവർക്കും മരിച്ചു പോയവർക്കും വേണ്ടിയും പാപമോചനം യാചിക്കുന്നു. എല്ലാവരുടെയും പാപപരിഹാരവും പാപപരിഹാരകനുമായി ക്രിസ്തുവിനെ ദർശിക്കുന്നു. കഠിനശിക്ഷകളിൽ നിന്നുള്ള വിടുതലിനും ക്രിസ്തീയമായ അന്ത്യത്തിനും വേണ്ടി യാചിച്ചുകൊണ്ടാണ് ഈ പ്രാർത്ഥന സമാപിക്കുന്നത്. സെദറായുടെ അന്ത്യത്തിൽ പട്ടക്കാരൻ പാപമോചന പ്രഖ്യാപനം നടത്തുന്നു ("ദൈവത്തിൽ നിന്നു കടങ്ങാംക്കു പരിഹാരവും.... നാം പ്രഖ്യാപിക്കുമാറാകട്ടെ").

## 5. ധൂപക്കുറ്റി വാഴ്ത്തൽ

പാപമോചനം ലഭിച്ചതിൻെറ പ്രതികരണമെന്നോണം പരിശുദ്ധത്രിത്വത്തിലുള്ള വിശ്വാസപ്രഖ്യാപനമാണ് ഈ കർമ്മം. പരിശുദ്ധത്രിത്വം പ്രകാശിതമായത് (എഫിഫനി) യോർദ്ദാൻനദിയിൽ വച്ചായിരുന്നതിനാൽ നമ്മുടെ കർത്താവിൻെറ മാമോദീസായെ ഇത് അനുസ്മരിക്കുന്നു. ധൂപക്കുറ്റി ആരാധനാസമൂഹത്തിൻെറ പ്രതീകം കൂടി ആകയാൽ ധൂപക്കുറ്റി വാഴ്വ് ആരാധകരുടെ ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്നു. കാർമ്മികൻ തെക്കുവശത്തേക്കു തിരിഞ്ഞുനിന്ന് ശുശ്രൂഷകൻ ഉയർത്തിപ്പിടിച്ചിരിക്കുന്ന ധൂപക്കുറ്റിയുടെ ചങ്ങലകളിന്മേൽ മൂന്നു പ്രാവശ്യം റൂശ്മാ ചെയ്യുന്നു. "പരിശുദ്ധനായ പുത്രൻ പരിശുദ്ധനാകുന്നു" എന്നു പറയുമ്പോാം രണ്ടുചങ്ങലകാം ചേർത്തു പിടിക്കുന്നതു ക്രിസ്തുവിൻെറ ദൈവത്വത്തെയും മനുഷ്യത്വത്തെയും സൂചിപ്പിക്കുന്നതിനാണ്.

## 6. വിശ്വാസപ്രമാണം

പരിശുദ്ധത്രിത്വത്തിലും കാതോലികസഭയിലും, മാമോദീസയിലും, മരിച്ചവരുടെ ഉയിർപ്പിലും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനിലുള്ള

പ്രത്യാശയിലും വിശ്വാസമർപ്പിക്കുന്ന നിഖ്യാവിശ്വാസ പ്രമാണം വിശ്വാസികാം ഒരുമിച്ചു ചൊല്ലുന്നു. സഭയുടെ പൊതു ആരാധനയിൽ "ഞങ്ങാം വിശ്വസിക്കുന്നു" എന്നാണു ചൊല്ലുന്നത്. ആദിമസഭയിൽ മാമോദീസാ സ്വീകരിക്കുന്നവർ "ഞാൻ വിശ്വസിക്കുന്നു" എന്നാണു ചൊല്ലിയിരുന്നത്. അഞ്ചാം നൂറ്റാണ്ടിൽ അന്ത്യോക്യാ പാത്രിയർക്കീസായിരുന്ന പത്രോസ് ആണ് നിഖ്യാവിശ്വാസപ്രമാണം വി. കുർബാനയിൽ ഉപയോഗിക്കാൻ തുടങ്ങിയത്.

## 7. സമാധാനത്തിൻെറ പ്രാർത്ഥന

കാർമ്മികൻ ദർഗ്ഗായിൽ കയറിനിന്നു സമാധാനത്തിൻെറ പ്രാർത്ഥന ചൊല്ലുന്നു. വി. കുർബാന സ്നേഹത്തിൻെറ കൂദാശയും ഉടമ്പടിയും ഐക്യത്തിൻെറ അടയാളവുമാണെന്ന് ഈ പ്രാർത്ഥന വ്യക്തമാക്കുന്നു. ശുശ്രൂഷകൻ ത്രോണോസിൽ നിന്നും കാർമ്മികനിൽ നിന്നും സമാധാനം സ്വീകരിച്ചു ജനങ്ങാംക്കു പകർന്നുകൊടുക്കുന്നു. ആദിമസഭയിൽ വിശുദ്ധചുംബനം വഴി സമാധാനം നല്കിയിരുന്നു; ഇപ്പോാം കരസ്പർശം മൂലം സമാധാനം നല്കുന്നു. സമാധാനത്തിനുശേഷം തലകുനിച്ചു നില്ക്കുന്നവർക്കുവേണ്ടി അനുഗ്രഹം യാചിക്കുന്നതാണ് അടുത്ത പ്രാർത്ഥന. മൂന്നാമത്തെ പ്രാർത്ഥന അനാഫൊറയ്ക്കു വേണ്ടിയുള്ള ഒരുക്കമാണ്.

## 8. ശോശപ്പാ ആഘോഷം

വിശുദ്ധ വസ്തുക്കളെ ആവരണം ചെയ്യുന്ന പട്ടുതുണിയാണു ശോശപ്പാ. ഇസ്രായേലിനു നീരുറവ നല്കിയ പാറയോടും രക്ഷകൻെറ കബറിടത്തിങ്കൽ വയ്ക്കപ്പെട്ട പാറയോടും ഇതിനെ ഉപമിച്ചിരിക്കുന്നു. ക്രിസ്തുവിൽ നിന്നു ജീവജലം ഒഴുകുന്നു എന്നും ബലിവസ്തുക്കളെ മൂടിയിരുന്ന ശോശപ്പാ നീക്കുമ്പോാം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ വിശ്വാസികാം ദർശിക്കുന്നു എന്നുമാണു സൂചന. പത്രോസിൻെറ ദർശനത്തിൽ (അപ്പ 10:

10-16)സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ വിരിപ്പുപോലുള്ള പാത്രത്തിൻെറ പ്രതീകമായും ശോശപ്പാ കരുതപ്പെടുന്നു.

*മാലാഖാമാരുടെ സ്തുതിപ്പ്*

പരിശുദ്ധത്രിത്വനാമത്തിലുള്ള ശ്ലൈഹികാശീർവാദത്തിനുശേഷം ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ദൈവത്തിൻെറ വലത്തുഭാഗത്തു മിശിഹാ തമ്പുരാൻ ഇരിക്കുന്നിടത്തേക്ക് ഉയർത്തിക്കൊണ്ടു മാലാഖമാരുടെ സ്തുതിഗീതം എല്ലാവരും ചൊല്ലുന്നു. ഏശയ്യാ ദീർഘദർശിയുടെ ദർശനത്തിൽ (ഏശ. 6) മാലാഖമാർ ആലപിച്ച ഗാനവും കർത്താവിൻെറ യെറുശലെം പ്രവേശനത്തിൽ ജനക്കൂട്ടത്തിൽ നിന്നുയർന്ന ഓശാനാലാപനവും കോർത്തിണക്കിയതാണ് ഈ ഗീതം. മാലാഖമാർ പറക്കുന്നതിനെ സൂചിപ്പിക്കാൻ കാർമ്മികൻ കൈകാം ചലിപ്പിക്കുന്നു.

## 9. സ്ഥാപനവാക്യങ്ങാം

മനുഷ്യസൃഷ്ടിമുതലുള്ള രക്ഷാകരചരിത്രം പ്രതിപാദിക്കുന്ന രഹസ്യപ്രാർത്ഥന ചൊല്ലിയതിനുശേഷമാണു കാർമ്മികൻ വി. കുർബാനയുടെ സ്ഥാപനവചനങ്ങാം ഉച്ചരിക്കുന്നത്. ന്യായപ്രമാണപരമായ പെസഹാ മായ്ച്ചശേഷം യേശു സ്വയം മഹാപുരോഹിതകർമ്മം ചെയ്യുകയും തൻെറ അധികാരം ശിഷ്യന്മാർക്കു കൈമാറുകയും ചെയ്തു. "എൻെറ ഓർമ്മയ്ക്കായി നിങ്ങാം ഇപ്രകാരം ചെയ്യുവിൻ" എന്നു കർത്താവു കല്പിച്ചു. ഈ കല്പനയുടെ അനുസരണമാണു വി. കുർബാന. അതുകൊണ്ട് സ്ഥാപനവചനങ്ങാം വി. കുർബാനയിലെ സുപ്രധാനഘടകമാണ്.

വി. കുർബാന സ്ഥാപനത്തെപ്പറ്റി വി. പൗലോസിൻെറ ലേഖനത്തിലും (1 കോറി 11) വി. ലൂക്കായുടെയും (ലൂക്കാ 22) വി. മത്തായിയുടെയും (മത്താ 26) വി. മർക്കോസിൻെറയും (മർക്കോ 14) സുവിശേഷങ്ങളിലും കാണുന്ന പദപ്രയോഗങ്ങാം ആദിമസഭയുടെ ആരാധന

യുടെ പ്രതിഫലനമാണ്. പുതിയനിയമത്തിലെ ആദ്യ വരികൾ എഴുതപ്പെടുന്നതിന് എത്രയോ മുമ്പ് വി. കുർബാനയുടെ ആചരണം രൂപംകൊണ്ടു തുടങ്ങിയിരുന്നു. "നിങ്ങൾക്കുവേണ്ടിയും അനേകർക്കുവേണ്ടിയും മുറിക്കപ്പെടുകയും..." എന്ന വാക്യത്തിൽ "അനേകർക്കുവേണ്ടി" എന്ന വാക്കുകൾ ഏശയ്യായുടെ പുസ്തകത്തിൽ (ഏശയ്യാ 53) കഷ്ടതയനുഭവിക്കുന്ന യാഹ്‌വേയുടെ ദാസനെപ്പറ്റിയുള്ള വിവരണത്തിൽ നിന്നെടുത്തതാണ്. ക്രിസ്തുവിൻെറ പീഡാനുഭവമാണ് ഈ പ്രവചനത്തിൽ സൂചിതമായിരിക്കുന്നത്. "നിങ്ങൾ എല്ലാവരും ഇതിൽ നിന്നു പാനം ചെയ്യുവിൻ" എന്നു പറയുമ്പോൾ മാത്രം "എല്ലാവരും" എന്നുപയോഗിക്കുകയും അപ്പം മുറിച്ചു നല്കിയപ്പോൾ "എല്ലാവരും" എന്നുപറയാതിരിക്കുകയും ചെയ്തത് ശ്ലീഹന്മാരുടെ ഇടയിൽ നാസീർവ്രതം സ്വീകരിച്ചിരുന്ന (ഇവർ ഒരിക്കലും വീഞ്ഞു കുടിക്കുകയില്ലായിരുന്നു) ആരെങ്കിലും ഉണ്ടായിരുന്നതിനാൽ ആയിരിക്കുമെന്നും, അവരും ഈ വീഞ്ഞിൽ നിന്നു കുടിച്ചേ മതിയാവൂ എന്നു കർത്താവു പറഞ്ഞതാണെന്നും മോശ ബർകീഫാ വ്യാഖ്യാനിക്കുന്നുണ്ട്.

## 10. റൂഹാക്ഷണം (Epiclesis)

സ്ഥാപനവചനങ്ങൾ കഴിഞ്ഞാൽ ബലിവസ്തുക്കളിന്മേൽ പരിശുദ്ധാത്മാവിൻെറ ആവാസത്തിനുള്ള പ്രാർത്ഥനയാണ്. സ്ഥാപനവചനങ്ങൾ പൂർത്തിയാകുന്നതു പരിശുദ്ധാത്മാവിൻെറ വ്യാപാരത്താലാണ്. വി. കുർബാനയുടെ രഹസ്യം പൂർണ്ണമാക്കുന്നതും പൂർത്തീകരിക്കുന്നതും പരിശുദ്ധാത്മാവാണ്. എല്ലാ കൃപയും പിതാവിൽ നിന്നു പുത്രനിലൂടെ പരിശുദ്ധാത്മാവു മുഖാന്തരം നമുക്കു ലഭ്യമാകുന്നു. കർത്താവിൻെറ മനുഷ്യാവതാരസമയത്തെന്നപോലെ വി. കുർബാനയിലും പരിശുദ്ധത്രിത്വത്തിൻെറ വ്യാപാരം സുറിയാനി സഭാ പിതാക്കന്മാർ ദർശിക്കുന്നു. "പിതാവായ ദൈവം തിരുമനസ്സാകുന്നു, പുത്രൻ തമ്പുരാൻ ഇറങ്ങിവരുന്നു, പരിശുദ്ധാത്മവ്യാപാരത്താൽ അവൻ അപ്പം വീഞ്ഞുകളുമാ

യി സത്താപരമായി സംയോജിക്കപ്പെടുന്നു" എന്നത്രേ മോശ ബർകീഫാ വ്യാഖ്യാനിക്കുന്നത്.

കാർമ്മികൻ "കർത്താവേ, എന്നോടുത്തരമരുളണമേ" എന്ന് ആവർത്തിച്ചു ചൊല്ലുന്ന പ്രാർത്ഥന ഏലിയാ ദീർഘദർശിയുടേതാണ് ( 1 രാജാ 18). പ്രവാചകൻെറ പ്രാർത്ഥന വഴിയായി സ്വർഗ്ഗത്തിൽ-നിന്ന് അഗ്നിയിറങ്ങി ബലിയെ ദഹിപ്പിച്ചു, വി. കുർബാനയിൽ പരിശുദ്ധാത്മാവ് അഗ്നിയുടെ സാദൃശ്യത്തിൽ ഇറങ്ങിവരുന്നു എന്നാണു സൂചന. അപ്പത്തെയും വീഞ്ഞിനെയും രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധ റൂഹാ വിശ്വാസികളെയും രൂപാന്തരപ്പെടുത്തി ദൈവചൈതന്യം പ്രദാനം ചെയ്യുന്നു.

## 11. മാദ്ധ്യസ്ഥ്യ പ്രാർത്ഥനകൾ

യെറുശലെമിലെ വി. കൂറില്ലോസ് പ്രസ്താവിച്ചതുപോലെ, ക്രിസ്തുവിൻെറ ശരീര രക്തങ്ങളുടെ മദ്ധ്യസ്ഥതയിൽ നടത്തപ്പെടുന്ന മാദ്ധ്യസ്ഥ്യ പ്രാർഥനയ്ക്ക് പ്രത്യേക പ്രയോജനം ലഭിക്കുമെന്നുള്ള വിശ്വാസം കൊണ്ടാണ് മാദ്ധ്യസ്ഥ്യ പ്രാർത്ഥനകൾ ഇവിടെ ചേർത്തിരിക്കുന്നത്. എദേസ്സായിലെ മാർ യാക്കോബാണ് "തുബദേൻ" ഇന്നത്തെ രീതിയിൽ വിപുലീകരിച്ചത്. ആറു പ്രാർത്ഥനകളിൽ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവർക്കും (സഭാതലവൻ, മെത്രാന്മാർ, വൈദികർ, വിശ്വാസികൾ, ഭരണാധികാരികൾ) മൂന്നെണ്ണം മരിച്ചുപോയവർക്കും വേണ്ടിയാണ്. ഈ മൂന്നു പ്രാർത്ഥനകളിൽ ദൈവമാതാവിൻെറയും വിശുദ്ധരുടെയും മാദ്ധ്യസ്ഥ്യം യാചിക്കുകയും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## 12. അപ്പം മുറിക്കൽ

തിരുശരീരം മുറിച്ച് തിരുരക്തവുമായി സംയോജിപ്പിക്കുന്നതാണ് ഖണ്ഡനശുശ്രൂഷ. ആദിമസഭയിൽ ഈ കർമ്മം കുർബാനാനുഭവത്തിനുള്ള ഒരുക്കമായ

അപ്പം മുറിക്കലായിരുന്നു. പിൽക്കാലത്ത് ഇതിനു കൂടുതൽ രഹസ്യാത്മകമായ അർത്ഥം നല്കപ്പെട്ടു. ക്രിസ്തുവിൻെറ പീഡാനുഭവം, കുരിശുമരണം, കബറടക്കം, ഉയിർപ്പ് എന്നിവയാണ് ഖണ്ഡന ശുശ്രൂഷയിൽ അനുസ്മരിക്കുന്നത്. ഇത് തിരശ്ശീലയ്ക്കുള്ളിൽ നടത്തപ്പെടുന്നു. ക്രിസ്തുവിൻെറ ക്രൂശുമരണ സമയത്ത് ഭൂമിയിൽ അന്ധകാരം വ്യാപിച്ചതിനെ ഇത്നുസ്മരിപ്പിക്കുന്നു. ജനനപ്പെരുന്നാൾ മുതൽ പെസഹാ വരെ "കുഞ്ഞാടിൻെറ" രൂപത്തിലും, ഉയിർപ്പുമുതൽ സ്ലീബാ പെരുന്നാൾവരെ 'മനുഷ്യപുത്രൻെറ രൂപത്തിലും' സ്ലീബാ പെരുന്നാൾ മുതൽ ജനനപ്പെരുന്നാൾ വരെ "സ്ലീബാ" യുടെ ആകൃതിയിലുമാണ്, തിരുശരീരം പീലാസായിൽ ക്രമപ്പെടുത്തുന്നത്. ഈ അവസരത്തിലുപയോഗിക്കുന്ന വിശ്വാസപ്രഖ്യാപനം ബർ സ്ലീബിയുടേതും ധ്യാനാത്മകമായ പ്രാർത്ഥന സാറൂഗിലെ മാർ യാക്കോബിൻേറതുമാണ്.

### 13. കർത്തൃ പ്രാർത്ഥന

കർത്താവിൻെറ മരണവും ഉത്ഥാനവുംവഴി പിതാവിൻെറ സന്നിധിയിലേയ്ക്കുള്ള പ്രവേശനം സുഗമമാക്കിയിരിക്കുവെന്നാണു ഖണ്ഡന ശുശ്രൂഷയ്ക്കുശേഷം തിരശ്ശീല നീക്കുന്നതിൻെറ അർത്ഥം: "തൻെറ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരുപാത തുറന്നുതന്നിരിക്കുന്നു" (ഹെബ്രാ 10:20). ഉയിർപ്പുമൂലം നമ്മെ വീണ്ടും ജനിപ്പിച്ചതിനാൽ നാം ദൈവത്തിൻെറ മക്കളായിത്തീർന്നിരിക്കുന്നു. തന്മൂലം ദൈവത്തെ ആബാ - പിതാവേ എന്നു വിളിക്കുവാൻ (റോമ 8:15) നമുക്കു ധൈര്യം ലഭിക്കുന്നു.

യേശുമിശിഹാ തൻെറ ശ്ലീഹന്മാരെ പഠിപ്പിച്ച ഏക പ്രാർത്ഥന "മാമ്മോദീസാ സ്വീകരിച്ച ക്രിസ്ത്യാനികളുടെ വലിയ അവകാശമാണ് " എന്ന് യെറുശലേമിലെ വി. കൂറില്ലോസ് പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്തീയസഭയുടെ കുടുംബപ്രാർത്ഥനയാണ് ഇത്.

അന്ത്യോക്യൻ സുറിയാനി പാരമ്പര്യത്തിൽ കർത്തൃ പ്രാർത്ഥനയിലുള്ള പ്രത്യേക പദപ്രയോഗങ്ങൾ ശ്രദ്ധേയമാണ്. 1. ഞങ്ങൾക്കാവശ്യമുള്ള അപ്പം 2. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ 3. ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.

## 14. തിരുശരീരരക്തങ്ങളുടെ ആഘോഷം

കർത്തൃപ്രാർത്ഥനയ്ക്കു ശേഷം ഒരപേക്ഷയും ആശീർവാദപ്രാർത്ഥനയും ത്രിത്വത്തിൻെറ നാമത്തിലുള്ള ആശീർവാദവും കഴിഞ്ഞ് കാസായും പീലാസായും കാർമ്മികൻ ഉയർത്തി ആഘോഷിക്കുന്നു. ഇതു കർത്താവിൻെറ സ്വർഗ്ഗാരോഹണത്തിൻെറ പ്രതീകമാണ്. വി. കുർബാനയിൽ കർത്താവു സന്നിഹിതനായിരിക്കുന്നു. പുത്രൻെറ സാന്നിദ്ധ്യമുള്ളിടത്ത് പിതാവും റൂഹായും സന്നിഹിതരാണ്. കാസായും പീലാസായും വഹിച്ചുകൊണ്ട് "പിതാവും പുത്രനും പരിശുദ്ധ റൂഹായും നമ്മോടുകൂടെ" എന്നു കാർമ്മികൻ പ്രഖ്യാപിക്കുന്നത് ഇക്കാരണത്താലാണ്.

കുർബാനാനുഭവത്തിനുള്ള ക്ഷണം കൂടിയാണ് ഈ കർമ്മം. "പിതാവും പുത്രനും പരിശുദ്ധ റൂഹായും അല്ലാതെ പരിശുദ്ധനില്ല" എന്ന പ്രതിവാക്യത്തിൻെറ അർത്ഥം എല്ലാ വിശുദ്ധിയുടെയും ഉറവിടം പരിശുദ്ധ ത്രിത്വം മാത്രമാണ് എന്നാകുന്നു.

*വിശുദ്ധന്മാരോടുള്ള സംസർഗ്ഗം (ധൂപപ്രാർത്ഥന)*

കുർബാനയുടെ അവിഭാജ്യഘടകമല്ലെങ്കിലും, ദൈവമാതാവിൻെറയും പരിശുദ്ധന്മാരുടെയും പരേതരുടെയും കുക്കിലിയോൻ ഇവിടെ ചേർത്തിരിക്കുന്നത്, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സഭ ആരാധനയിൽ ഒന്നു ചേർന്നിരിക്കുന്നു എന്നുള്ള സത്യം പ്രഖ്യാപിക്കുവാനാണ്. ഓരോ കുക്കിലിയോനും സങ്കീർത്തനത്തിൽ നിന്നുള്ള ഉദ്ധരണികൊണ്ടാണാരംഭിക്കുന്നത്:

നിന്നാം സ്തുതിയൊടു രാജമകാം.....

സങ്കീ 45:9-11

നയവാൻ പനപോലെ....സങ്കീ 92:12-14

ചാർത്തും നീതിയെ.... സങ്കീ 132:9-12

മക്കളിലപ്പൻ.... സങ്കീ 103:13-15

ദൈവമാതാവിൻെറയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളോടുചേർന്ന് നമ്മുടെ പ്രാർത്ഥനയും സുഗന്ധധൂപത്തോടുകൂടെ ദൈവസന്നിധിയിലേയ്ക്കുയരുന്നു.

## 15. വിശുദ്ധ കുർബാന സ്വീകരണം

കത്തിച്ച മെഴുകുതിരികളുടെ അകമ്പടിയോടെ കാർമ്മികൻ തിരുശരീരരക്തങ്ങാം വിശ്വാസികാംക്കു നല്കുവാനായി പടിഞ്ഞാറോട്ടു കൊണ്ടുവരുന്നു. ഈ വരവിനെ കർത്താവിൻെറ രണ്ടാമത്തെ വരവിൻെറ പ്രതീകമായി കരുതാവുന്നതാണ്. വി. കുർബാന "കർത്താവിൻെറ മരണം അവൻെറ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ്" (1 കോറി 16:26). ബലിയും കൂദാശയും മാത്രമല്ല ക്രിസ്തുവിനോടൊത്ത് സ്വർഗ്ഗരാജ്യത്തിലെ മണവറയിൽ വിരുന്നിൽ പങ്കുകൊള്ളുന്നതിൻെറ സൂചനകൂടിയാണു വി. കുർബാന. "കുഞ്ഞാടിൻെറ വിവാഹവിരുന്നു" തന്നെയാണത് (വെളി 19:9). ഏശയ്യാ ദീർഘദർശിക്ക് ബലിപീഠത്തിൽ നിന്നു നല്കപ്പെട്ട തീക്കട്ട (ഏശാ 6:6-7) വി. കുർബാനയുടെ പ്രതീകമാണ്. ഇതിനെ സൂചിപ്പിച്ചുകൊണ്ടാണ് "കർത്താവേശുമിശിഹായുടെ തിരുശരീരവും തിരുരക്തവുമാകുന്ന തീക്കട്ട..." എന്നു കാർമ്മികൻ പറയുന്നത്.

## 16. കൃതജ്ഞതാ പ്രാർത്ഥനകാം

ദൈവിക വിരുന്നിൽ പങ്കെടുത്തവരായ ദൈവജനം ദൈവകൃപയ്ക്കു കൃതജ്ഞത പ്രകാശിപ്പിക്കുന്നു. ഇവിടെ രണ്ടു പ്രാർത്ഥനകാം ഉണ്ട്. രണ്ടാമത്തേത് ദൈവപുത്രനെ സംബോധന ചെയ്തുകൊണ്ടുള്ളതാണ്. എന്തെ

ന്നാൽ പുത്രൻ മൂലമാണ് നമുക്കു പിതാവിനെ സമീപിക്കുവാൻ സാദ്ധ്യമായത്. മാർ ഈവാനിയോസിൻെറ (വി. ജോൺ ക്രീസോസ്തോം) അനാഫുറായിലെ കൃതജ്ഞതാ പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നു: "മിശിഹാതമ്പുരാനേ... നീ ഞങ്ങൾക്കുവേണ്ടി ബലിയർപ്പിക്കപ്പെടുകയും നിൻെറ വിശുദ്ധ ശരീരം ഞങ്ങൾക്കു ഭക്ഷണമായും പാപപരിഹാരപ്രദമായ നിൻെറ രക്തം ഞങ്ങൾക്കു പാനീയമായും നല്കുകയും ചെയ്തു. നിൻെറ സ്നേഹത്തിൽ ഞങ്ങളെ സ്ഥിരപ്പെടുത്തണമേ. നിന്നോടുള്ള ഭക്തിയാൽ ഞങ്ങളെ നിറയ്ക്കേണമേ. നിന്നിലുള്ള വിശ്വാസം ഞങ്ങളിലുറപ്പിക്കുകയും സുകൃതവ്യാപാരങ്ങളാൽ ഞങ്ങളെ അലങ്കരിക്കുകയും ചെയ്യണമേ...."

## 17. യാത്രപറച്ചിൽ

പരിശുദ്ധത്രിത്വത്തിൻെറ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും ദൈവജനത്തെ ഭരമേല്പിച്ചുകൊണ്ട് ദൈവജനത്തെ കാർമ്മികൻ ആശീർവദിക്കുന്നു. ദൂരസ്ഥരും സമീപസ്ഥരും (എഫേ. 2:17) മരിച്ചവരും ജീവനുള്ളവരുമെല്ലാം ആശീർവാദ വലയത്തിനുള്ളിലാണ്. "ബലഹീനനും പാപിയുമായ എനിക്കുവേണ്ടി" എന്നിങ്ങനെ ജനങ്ങളുടെ പ്രാർത്ഥന യാചിച്ചുകൊണ്ട് കാർമ്മികൻ റൂശ്മാ ചെയ്യുന്നു.

## ബലിപീഠമേ സ്വസ്തി

സമാപനാശീർവാദത്തിനുശേഷം തിരശ്ശീലയിടുന്നു. ജനങ്ങൾ "എൻെറ കടങ്ങളശേഷം നിൻ....." എന്ന കൃതജ്ഞതയുടെയും അപേക്ഷയുടെയും ഗാനം പാടുമ്പോൾ കാർമ്മികൻ വിശുദ്ധ കുർബാന സ്വീകരണം പൂർത്തിയാക്കിയശേഷം പൂജാപാത്രങ്ങൾ തുടയ്ക്കുന്നു. ഈ സമയത്തു പ്രധാനമായും മൂന്നു സങ്കീർത്തനങ്ങളാണു ചൊല്ലുന്നത് (23, 26, 29).

അവസാനമായി കാർമ്മികൻ ബലിപീഠത്തോടു വിടവാങ്ങുന്നു. ചെറിയ ചില വ്യത്യാസങ്ങൾ മാത്രമുള്ള

മൂന്നു പ്രാർത്ഥനകൾ ചൊല്ലി മൂന്നു പ്രാവശ്യം ബലിപീഠത്തെ ചുംബിച്ചുകൊണ്ടാണിതു ചെയ്യുന്നത്. കർത്താവു സന്നിഹിതനാകുന്ന ബലിപീഠത്തെ ജീവനുള്ളതായി ദർശിച്ചുകൊണ്ടു കാർമ്മികൻ ചൊല്ലുന്നു:

"കർത്താവിന്റെ വിശുദ്ധ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഞാൻ ഇനി നിങ്കലേക്കു മടങ്ങി വരുമോ എന്നറിയുന്നില്ല. സ്വർഗ്ഗത്തിലെ ആദ്യജാതന്മാരുടെ സഭയിൽ നിന്നെ കാണുവാൻ കർത്താവെനിക്കിടയാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെടുന്നു."

# 5
# യേശുവിൻെറ ജീവിതത്തിലേക്ക് ആരാധന ക്രമവത്സരത്തിലൂടെ

ആരാധനക്രമവത്സരം എന്നാൽ എന്താണെന്ന് നാലാം സ്റ്റാൻഡേർഡിൽ നാം പഠിച്ചിട്ടുണ്ടല്ലോ. വിവിധ ആരാധനാ ക്രമകാലങ്ങളേവയെന്നും അവയുടെ പ്രത്യേകതകളും എന്തൊക്കെയാണെന്നും വിശുദ്ധ കുർബാനയിലുള്ള പങ്കുചേരലിലൂടെ നാം മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ വിശ്വാസജീവിതത്തിൽ ആരാധന ക്രമവത്സരത്തിനുള്ള പ്രാധാന്യമാണ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നത്.

മാമ്മോദീസായിലൂടെ യേശുവിൽ ഐക്യപ്പെട്ടിരിക്കുന്ന ക്രൈസ്തവരായ നാം യേശുവിൻെറ ജീവിതശൈലി അനുകരിക്കാൻ കടപ്പെട്ടവരാണ്. ഈ കടമ ഫലപ്രദമായ രീതിയിൽ നിറവേറ്റാൻ പല മാർഗ്ഗങ്ങളിലൂടെ തിരുസഭ നമ്മെ സഹായിക്കുന്നുണ്ട്. അതിലൊന്നാണ് ആരാധനക്രമവത്സരത്തിൻെറ ആചരണം.

## ദൈവം നയിക്കുന്ന ചരിത്രം

ലോകസൃഷ്ടിമുതൽ ദൈവം ചരിത്രത്തെ നയിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിൻെറ ഇടപെടൽ ഇസ്രായേലിൻെറ ചരിത്രത്തിൽ നമുക്ക് വ്യക്തമായി കാണാം. മോശയെ ഇസ്രായേൽ ജനത്തിൻെറ നായകനായി അവരോധിച്ചപ്പോഴും അവരെ ചെങ്കടലിലൂടെ നയിച്ചപ്പോഴും വാഗ്ദത്തഭൂമിയായ കാനാൻദേശം അവർക്കു നല്കിയപ്പോഴും ദൈവം ഇസ്രായേലിൻെറ ചരിത്രത്തെ നയിക്കു

കയായിരുന്നു. ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യനെ രക്ഷിക്കാനായി ദൈവം ഇടപെട്ട സംഭവങ്ങളുടെ ചരിത്രമാണ് വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യരക്ഷാർത്ഥം സംഭവിച്ചവ ആയതുകൊണ്ട് ഈ ചരിത്രത്തെ "രക്ഷാചരിത്രം" എന്നു വിളിക്കുന്നു. യേശുവിൻെറ ആഗമനത്തോടുകൂടി ഈ ചരിത്രം ഒരു നിർണ്ണായക ഘട്ടത്തിലെത്തി. എന്നാൽ അതോടെ ചരിത്രം അവസാനിക്കുന്നില്ല. ആ ചരിത്രം സഭയിലൂടെ ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു. ലോകാവസാനം വരെ ഇതു തുടരും. ഈ ചരിത്രത്തിൽ ഇന്നും ഇടപെടുന്ന ദൈവത്തെയാണ് ആരാധനക്രമത്തിൽ നാം കണ്ടുമുട്ടുന്നത്.

## യേശുവിൻെറ ചരിത്രത്തിലുള്ള നമ്മുടെ പങ്കുചേരൽ

യേശുവിൽ പൂർത്തിയായ ചരിത്രം മനുഷ്യജീവിതത്തിൽ അന്വർത്ഥമാകണം. ഇതിന് മനുഷ്യൻ ഈ ചരിത്രത്തിൻെറ ഭാഗമാകേണ്ടതുണ്ട്. ആരാധനക്രമവത്സരത്തിൻെറ ആചരണത്തിലൂടെ നമുക്ക് യേശുവിൻെറ ചരിത്രത്തിൽ പങ്കുചേരാൻ കഴിയും. ആദിമക്രിസ്ത്യാനികൾ യേശുവിനെ നീതിസൂര്യനായിട്ടാണ് കണ്ടിരുന്നത്. ഭൂമി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതുപോലെ നമ്മുടെ കർത്താവിൻെറ ജീവിതത്തിലെ പ്രധാന രക്ഷാകരസംഭവങ്ങൾ ഒരുവർഷം മുഴുവനും ആചരിച്ചുകൊണ്ട് അവിടുത്തെ ചരിത്രത്തിൽ പങ്കുചേരാനും നീതിസൂര്യനായ യേശുവിനെ നമ്മുടെ ജീവിതത്തിൻെറ കേന്ദ്രമാക്കാനും ആരാധനക്രമവത്സരം സഹായിക്കുന്നു.

വിവിധ സഭകളിൽ വ്യത്യസ്ത രീതികളിലാണ് ഈ വത്സരക്രമം ഒരുക്കിയിരിക്കുന്നതെങ്കിലും യേശുവിൻെറ ജനനം, പീഡാസഹനം, മരണം, ഉത്ഥാനം, രണ്ടാമത്തെ ആഗമനം തുടങ്ങിയ ക്രിസ്തുസംഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് എല്ലാസഭകളും ഇത് ആചരിക്കുന്നത്. ക്രിസ്തുസംഭവങ്ങൾക്കു പുറമേ ദൈവമാതാവി

ൻെറയും വിശുദ്ധരുടെയും ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളും ആരാധനക്രമവത്സരത്തിൽ അനുസ്മരിക്കുന്നുണ്ട്.

## ആരാധനക്രമവത്സരത്തിൻെറ രണ്ടുക്രമങ്ങൾ

അടിസ്ഥാനപരമായി രണ്ടു രീതികളാണ് ആരാധനക്രമവത്സരത്തിൽ ഉള്ളത്. ക്രൈസ്തവൻെറ ജീവിതം യേശുവിൻെറ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളുമായി കോർത്തിണക്കി ആചരിക്കുന്ന ക്രമവും (temporal cycle) ആണ്ടുവട്ടത്തിലെ ഓരോ ദിവസവും ഓരോ വിശുദ്ധൻെറയോ വിശുദ്ധയുടെയോ സ്മരണ ആചരിക്കുന്ന ക്രമവും (sanctoral cycle). സ്വഭാവികമായും എല്ലാസഭകളും ആദ്യത്തെ രീതിക്കാണു മുൻതൂക്കം നല്കിയിരിക്കുന്നത്. അതുകൊണ്ടാണ് ആഗമനകാലം, നോമ്പുകാലം, ഉയിർപ്പുകാലം മുതലായവ വലിയ പ്രാധാന്യത്തോടെ നാം ആചരിക്കുക. ക്രിസ്തുസംഭവങ്ങളുടെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനു വേണ്ടിയാണ് ഈ കാലങ്ങളിൽ വിശുദ്ധരുടെ തിരുനാളുകളും മറ്റും കഴിയുന്നത്ര ഒഴിവാക്കുന്നതിനു സഭ നിർദ്ദേശിക്കുന്നത്. കർത്താവിൻെറ ദിനമായ ഞായറാഴ്ചകളിൽ വിശുദ്ധരുടെ ഓർമ്മ ആചരിക്കുന്ന പതിവു സഭ നിരുത്സാഹപ്പെടുത്തുന്നതും ഇക്കാരണത്താലാണ്. അതേസമയം ആരാധനക്രമവത്സരത്തിൻെറ ചൈതന്യത്തിനു നിരക്കുന്ന രീതിയിൽ വിശുദ്ധന്മാരുടെ തിരുനാളുകൾ ആഘോഷിക്കുവാൻ സഭ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

യേശുവിൻെറ ജനനം അനുസ്മരിക്കുന്ന ആഗമനകാലവും (മംഗലവാർത്തക്കാലവും) അവിടുത്തെ പീഡാനുഭവവും മരണവും അനുസ്മരിക്കുന്ന നോമ്പുകാലവും ഉത്ഥിതനോടൊപ്പം സന്തോഷിക്കാൻ ഇടയാക്കുന്ന ഉയിർപ്പുകാലവും മറ്റും ആചരിക്കുന്നത് ക്രിസ്തുവിലുള്ള ജീവിതം നയിക്കാൻ നമ്മെ സഹായിക്കുന്നു. പരിശുദ്ധ കന്യകാമാതാവിൻെറ ജീവിതത്തിലെ സുപ്രധാന സംഭവങ്ങൾ - അമലോദ്ഭവം, ജനനം, മംഗലവാർത്ത - അനുസ്മ



രിച്ചുകൊണ്ട് മറിയത്തിൽ നിന്നു ചൈതന്യം ഉൾക്കൊള്ളാൻ നമുക്കു സാധിക്കുന്നു. വിശുദ്ധരുടെ ഓർമ്മ കൊണ്ടാടുമ്പോൾ അവരുടെ ജീവിതമാതൃകകൾ അനുകരിക്കാനും അവരുടെ മാദ്ധ്യസ്ഥ്യസഹായം യാചിക്കാനും നമുക്ക് അവസരം ലഭിക്കുന്നു. തന്മൂലം ക്രൈസ്തവ ജീവിതത്തിൽ വളരാൻ വിശുദ്ധരുടെ തിരുനാളുകൾ ഉപകരിക്കുന്നു.

കാലങ്ങൾക്ക് അതിൽത്തന്നെ പ്രത്യേകതകളൊന്നുമില്ല. പ്രകൃതിയിലെ പ്രതിഭാസങ്ങളെ - വേനൽ, മഞ്ഞ്, മഴ - ആസ്പദമാക്കിയാണല്ലോ നാം വർഷത്തെ മനസ്സിലാക്കുക. ഏതെങ്കിലും ദിവസത്തിനു പ്രത്യേക പ്രാധാന്യമില്ലെന്നതു ശരിതന്നെ. നാം അർത്ഥവും പ്രസക്തിയും നല്കുന്നതുകൊണ്ടാണ് ഒരു ദിവസം വിശുദ്ധമായി അംഗീകരിക്കപ്പെടുക. ആദിമസഭയിൽ ഈസ്റ്റർ, ഞായർ തുടങ്ങിയ ദിവസങ്ങൾക്കേ ഈ പ്രാധാന്യം ലഭിച്ചിരുന്നു

ള്ളു. തുടർന്ന് പന്തക്കുസ്ത ദനഹാ, (പ്രത്യക്ഷീകരണത്തി രുനാരം) ക്രിസ്മസ്, രക്തസാക്ഷികളുടെ ഓർമ്മ, വിശു ദ്ധരുടെ തിരുനാളുകൾ എന്നിവയും ആചരിക്കാൻ തുടങ്ങി.

അദൃശ്യമായ സത്യങ്ങൾ ഗ്രഹിക്കുന്നതിനും അവ പ്രായോഗിക ജീവിതത്തിൽ അന്വർത്ഥമാക്കുന്നതിനും ദൃശ്യനായ മനുഷ്യന് - കാലത്തിലും ദേശത്തിലും ജീവിക്കുന്ന മനുഷ്യന് - അടയാളങ്ങളും പ്രതീകങ്ങളും ആവശ്യമാണ്. പണ്ടെങ്ങോ നടന്ന സംഭവങ്ങളുടെ ഓർമ്മ പുതുക്കലല്ല ആരാധനക്രമവത്സരത്തിൽ സംഭവിക്കുക. മറിച്ച്, യാഥാർത്ഥ്യങ്ങളിലേക്ക് ആഴ്ന്നിറങ്ങി, അവയെ പുനർജീവിപ്പിച്ച്, സ്വന്തം ജീവിതവുമായി സമരസപ്പെടുത്താനുള്ള ശ്രമമാണ് അതിൽ നടക്കുക. അതുകൊണ്ടാണ് പന്ത്രണ്ടാം പീയൂസ് മാർപാപ്പാ പറഞ്ഞത്, ആരാധനക്രമവത്സരം സഭയിലൂടെയുള്ള യേശുവിൻെറ തീർത്ഥാടനം ആണെന്ന്. രണ്ടാം വത്തിക്കാൻ സൂനഹദോസ് അനുസ്മരിപ്പിക്കുന്നതുപോലെ, ഈ ആചരണത്തിലൂടെ യേശുവിൽ പൂർത്തീകരിക്കപ്പെട്ട രക്ഷാകരരഹസ്യങ്ങൾ അനുഷ്ഠിച്ചുകൊണ്ട് തിരുസഭ തൻെറ നാഥൻെറ ശക്തിയുടെയും യോഗ്യതകളുടെയും അനർഘ നിക്ഷേപങ്ങൾ വിശ്വാസികൾക്കു തുറന്നുകൊടുക്കുന്നു. അങ്ങനെ ആ രഹസ്യങ്ങൾ എല്ലാ സമയത്തും അവതരിപ്പിക്കപ്പെടുകയും വിശ്വാസികൾ അവ ഗ്രഹിച്ച് പ്രസാദവരത്താൽ പൂരിതരാവുകയും ചെയ്യുന്നു (ആരാധനക്രമം, 102).

ഇങ്ങനെയുള്ള വത്സരക്രമത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതാണ് ഞായറാഴ്ച ആചരണം. "ഉയിർപ്പിൻെറ ദിനം", "കർത്താവിൻെറ ദിവസം" എന്നൊക്കെ ഈ ദിവസത്തെ വിളിക്കാവുന്നതാണ്. ഞായറാഴ്ചദിവസം ഉയിർപ്പിൻെറ അനുസ്മരണം ആയതിനാൽ അന്നു നാം വിശുദ്ധമായി ആചരിക്കണം. യേശുവിൻെറ പീഡാനുഭവം, മരണം, ഉത്ഥാനം എന്നീ പെസഹാ രഹസ്യങ്ങളിൽ നമ്മെ പങ്കുകാരാക്കുന്ന കൂദാശയാണ്

പരിശുദ്ധകുർബാന. അതുകൊണ്ടാണ് ആഴ്ചതോറും ക്രൈസ്തവ വിശ്വാസത്തിൻെറ കേന്ദ്രബിന്ദുവായ കുർബാനയിൽ "കർത്താവിൻെറ ദിന"ത്തിൽത്തന്നെ പങ്കെടുത്തുകൊണ്ട് ദൈവത്തിനു കൃതജ്ഞതയും സ്തോത്രവും അർപ്പിക്കാൻ കടമയുണ്ടെന്നു തിരുസഭ പഠിപ്പിക്കുന്നത്.

ആരാധനക്രമവത്സരത്തിൻെറ വിവിധ കാലങ്ങളുടെ ആചരണം നമ്മെ സംബന്ധിച്ച് രക്ഷയുടെ അനുഭവം സ്വന്തമാക്കുവാൻ സഹായിക്കുന്നതാണ്. യേശുവിനോടും പരിശുദ്ധ കന്യകാമറിയത്തോടും രക്തസാക്ഷികളോടും വിശുദ്ധരോടും മാലാഖമാരോടും ഒന്നുചേർന്ന് സഭയിലൂടെ സ്വർഗ്ഗീയഭവനത്തിലേക്കു തീർത്ഥാടനം ചെയ്യുന്നവരാണു ക്രൈസ്തവർ. ഈ തീർത്ഥാടനം ഫലപ്രദമായി നടത്താൻ ആരാധനക്രമവത്സരത്തിൻെറ ആചരണം നമ്മെ സഹായിക്കുന്നു. ആരാധനക്രമവത്സരത്തിൻെറ ആചരണത്തിൽ സജീവമായി പങ്കുകൊള്ളാൻ കഴിയണമെങ്കിൽ ഓരോ സഭയുടെയും ആരാധനക്രമവത്സരത്തിൻെറ പ്രത്യേകതകൾ മനസ്സിലാക്കേണ്ടതുണ്ട്. സീറോ മലബാർ, ലത്തീൻ, മലങ്കരഎന്നീ സഭകളിൽ ആരാധനക്രമവത്സരത്തിനുള്ള സവിശേഷതകൾ എന്തൊക്കെയാണെന്നു നോക്കാം.

## A. സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരം

ക്രിസ്തുവിൽ പൂർത്തിയായ രക്ഷാകരചരിത്രത്തിന് പ്രാമുഖ്യം നല്കുന്ന ആരാധനാക്രമവത്സരമാണ് സീറോ മലബാർ സഭയ്ക്കുള്ളത്. ദൈവമാതാവിൻെറയും വിശുദ്ധരുടെയും രക്തസാക്ഷികളുടെയും മറ്റും തിരുനാളുകൾ രക്ഷാകര ചരിത്രവുമായി ബന്ധപ്പെടുത്തി ആഘോഷിക്കുന്നു. ആണ്ടുവട്ടത്തിലെ എല്ലാ ബുധനാഴ്ചകളും (പ്രത്യേക തിരുനാളുകൾ ഇല്ലെങ്കിൽ) പരിശുദ്ധ കന്യകാമാതാവിൻെറ ബഹുമാനാർത്ഥമുള്ള

താണ്. യേശുവിൻെറ ജീവിതത്തിലെ ഏറ്റവും പ്രധാന പ്പെട്ട സംഭവങ്ങളുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിരിക്കുന്ന ആരാധനാവത്സരമായതുകൊണ്ട്, ആ സംഭവങ്ങളുടെ ഓർമ്മ ആചരിക്കുവാനും ക്രൈസ്തവജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കുവാനും ഈ ക്രമം നമ്മെ സഹായിക്കുന്നു.

സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരത്തെ 9 കാലങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നും ഒൻപതും ഒഴികെയുള്ള കാലങ്ങൾക്ക് 7 ആഴ്ചകൾ വീതം ഉണ്ടായിരിക്കണമെന്നാണ് തത്ത്വം. എന്നാൽ ഈസ്റ്ററിൻെറ തീയതി മാറി വരുന്നതനുസരിച്ച് ആഴ്ചകൾ കൂടിയും കുറഞ്ഞും വരാവുന്നതാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് നിലവിലിരുന്ന ഒരു കലണ്ടറിനെ അടിസ്ഥാനമാക്കിയാണ് ഈ വത്സരക്രമം തയ്യാറാക്കിയിരിക്കുന്നത്. താഴെ പറയുന്ന ഒൻപതു കാര്യങ്ങളാണ് ഒൻപതു കാലങ്ങളിലൂടെ അനുസ്മരിക്കുക. (i) മനുഷ്യാവതാര രഹസ്യം (ii) ഈശോയുടെ പരസ്യജീവിതം (iii) പീഡാനുഭവരഹസ്യം (iv) വീണ്ടെടുപ്പിൻെറ രഹസ്യം (v) പരിശുദ്ധാത്മാവിൻെറ ആഗമനം (vi) സഭയുടെ വളർച്ച (vii) കുരിശിൻെറ മഹത്വീകരണം (viii) ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനം (ix) യുഗാന്ത്യവും മഹത്വീകരണവും. അങ്ങനെ ക്രിസ്തുവിൻെറ ജനനത്തോടെ ആരംഭിച്ച് നമ്മുടെ സ്വർഗ്ഗപ്രവേശത്തോടെ പര്യവസാനിക്കുന്ന രീതിയാണ് ആരാധനക്രമവത്സരം ഒരുക്കിയിരിക്കുന്നത്.

ഈ ആരാധനക്രമവത്സരത്തിലെ ഓരോ കാലത്തിൻെറയും പ്രത്യേകതകളും സന്ദേശവും എന്തെന്ന് പരിശോധിക്കാം.

### 1. മംഗലവാർത്തക്കാലം

നമ്മുടെ രക്ഷകനായ യേശുവിൻെറ മനുഷ്യാവതാര രഹസ്യത്തിൻെറ പശ്ചാത്തലം, ലക്ഷ്യം, ഫലങ്ങൾ എന്നിവയാണ് മംഗലവാർത്ത (സൂബാറാ) കാലത്തിൽ അനുസ്മരിക്കുക. ഇതിനു സഹായകമായ വി. ഗ്രന്ഥ

വായനകളാണ് കലണ്ടറിൽ നല്കിയിരിക്കുന്നത്. ക്രിസ്മസിനുമുമ്പായി നാലു ഞായറാഴ്ചകൾ ഉണ്ടാകത്തക്കവിധത്തിലാണ് ഈ കാലം നിശ്ചയിക്കുക. സഖറിയാ, എലിസബത്ത്, സ്നാപകയോഹന്നാൻ., പരിശുദ്ധ കന്യകാമറിയം, യൗസേപ്പ് പിതാവ് തുടങ്ങിയവരെ ഈ കാലത്തിലെ വായനകളിൽ നാം അനുസ്മരിക്കുന്നു. മനുഷ്യാവതാരരഹസ്യവുമായി ബന്ധപ്പെട്ടവരാണല്ലോ ഇവർ. ക്രിസ്തുവിൻെറ ജനനത്തിലൂടെയുള്ള മാനവരക്ഷയുടെ പ്രഖ്യാപനം അഥവാ അറിയിപ്പാണ് ഈ കാലത്തിലെ അടിസ്ഥാന ചിന്താവിഷയം. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന മാനവവംശത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും മംഗളകരമായ വാർത്തയായിരുന്നല്ലോ അവിടുത്തെ ജനനം.

സീറോ മലബാർ സഭയിൽ "25 നോമ്പ്" എന്ന പേരിലും ഈ കാലഘട്ടം അറിയപ്പെടുന്നു. യേശുവിൻെറ വരവിനു പ്രാർത്ഥനയോടും പ്രായശ്ചിത്ത മനോഭാവത്തോടുംകൂടി ഒരുങ്ങിയിരുന്നതുകൊണ്ടാകാം നോമ്പ് എന്ന പേരു ലഭിച്ചത്.

ക്രിസ്മസിനുശേഷം വരുന്ന രണ്ടാഴ്ചകൾ കൂടി മംഗലവാർത്തക്കാലത്തോടു ചേർക്കുന്നു. പിറവിക്കാലം എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലം മംഗലവാർത്തക്കാലത്തിൻെറ തുടർച്ചയാണ്; രണ്ടാമത്തെ കാലമല്ല. യേശുവിനെ സ്വീകരിക്കാൻ നമ്മുടെ ഹൃദയങ്ങളെ ഒരുക്കേണ്ട കാലഘട്ടമാണിത്.

2. ദനഹാക്കാലം

"ദനഹാ" എന്നത് ഒരു സുറിയാനി പദമാണ്. സൂര്യോദയം, പ്രത്യക്ഷീകരണം എന്നൊക്കെയാണ് ഇതിനർത്ഥം.

ജനുവരി ആറാം തീയതി ദനഹാക്കാലം ആരംഭിക്കുന്നു. ജോർദ്ദാൻ നദിയിൽവച്ച് സ്നാപകയോഹന്നാനിൽ നിന്ന് യേശു മാമ്മോദീസാ സ്വീകരിച്ച സംഭവമാണ്

ദനഹാത്തിരുനാളിൽ കൊണ്ടാടുക. കേരളത്തിൻെറ വടക്കൻ പ്രദേശങ്ങളിൽ 'പിണ്ടികുത്തിപ്പെരുന്നാാ' എന്ന പേരിലും തെക്കൻപ്രദേശങ്ങളിൽ 'രാക്കുളിപ്പെരുന്നാാ' എന്ന പേരിലും ഈ തിരുനാാ ആഘോഷിച്ചുവരുന്നു. ലോകത്തിൻെറ പ്രകാശമായ യേശു പരസ്യമായി തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തിയതിൻെറ സ്മരണയാണ് ദനഹാത്തിരുനാളിൽ കൊണ്ടാടുന്നത്. ഈ കാലത്തിലെ വി. ഗ്രന്ഥവായനകാം യേശുവിൻെറ പരസ്യജീവിതത്തിലെ ചില പ്രധാന സംഭവങ്ങളെ സംബന്ധിച്ചുള്ളവയാണ്.

യേശുവിൻെറ മാമ്മോദീസാ അനുസ്മരിക്കുന്നതോടൊപ്പം നാം സ്വീകരിച്ച മാമ്മോദീസായെപ്പറ്റിയും അതിലൂടെ കൈവന്ന അനുഗ്രഹങ്ങളെപ്പറ്റിയും നന്ദിയോടെ ഓർക്കാനുള്ള ഒരവസരം കൂടിയാണത്. യേശുവിൻെറ മാമ്മോദീസായുടെ അവസരത്തിൽ സ്വർഗ്ഗം തുറക്കപ്പെട്ടതും ദൈവാത്മാവ് പ്രാവിൻെറ രൂപത്തിൽ യേശുവിൻെറ മേൽ ഇറങ്ങിവന്നതും "ഇവൻ എൻെറ പ്രിയപുത്രനാകുന്നു, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന സ്വരം സ്വർഗ്ഗത്തിൽ നിന്നു കേട്ടതും (മത്താ 3:16-17) പരിശുദ്ധത്രിത്വം ആദ്യമായി ലോകത്തിനു വെളിപ്പെടുത്തിയതും ഈ കാലത്തു നാം അനുസ്മരിക്കുന്നു. യേശുവിനെ ആഴത്തിൽ അറിയുവാനും തീവ്രമായി സ്നേഹിക്കുവാനും അവിടുത്തെ അടുത്തനുകരിക്കാനുമുള്ള ആഹ്വാനം ഈ കാലം നമുക്കു നല്കുന്നു. അപ്രകാരം ജീവിച്ച വിശുദ്ധരുടെ ഓർമ്മയാചരണം ഈ കാലത്തിൻെറ പ്രത്യേകതയാണ്.

### 3. നോമ്പുകാലം

ഉയിർപ്പുതിരുനാളിൻെറ ഒരുക്കമായുള്ള ഏഴാഴ്ചക്കാലമാണു നോമ്പുകാലം. യേശുവിൻെറ നാല്പതു ദിവസത്തെ ഉപവാസമാണ് ഇതിൻെറ ആധാരം. അൻപതു നോമ്പ് എന്ന പേരിലാണു സീറോ മലബാർ സഭയിൽ ഈ കാലം അറിയപ്പെടുന്നത്. പേതൃത്താ (പെത്തൂർത്ത) ഞായറാഴ്ച മുതൽ ഉയിർപ്പുതിരുനാാവരെ എല്ലാ ദിവസവും

കർശനമായി നോമ്പു നോക്കുന്ന പതിവാണു മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നത്. കർത്താവിൻെറ പീഡാനുഭവവും മരണവുമാണ് ഈ കാലത്തെ പ്രധാന ചിന്താവിഷയം. മനുഷ്യൻെറ പാപം, അനുതാപത്തിൻെറ ആവശ്യം, മനുഷ്യർ തമ്മിലും മനുഷ്യനും ദൈവവും തമ്മിലുമുള്ള അനുരഞ്ജനം എന്നിവയാണ് ഈ കാലത്തിലെ മറ്റു ധ്യാനചിന്തകൾ. തീക്ഷ്ണമായ പ്രാർത്ഥനയും ആത്മാർത്ഥമായ ഉപവാസവും അനുതാപവും ഔദാര്യപൂർവകമായ ദാനധർമ്മവും പാപപരിഹാരത്തിനുള്ള ഉത്തമോപാധികളാണെന്ന് ഈ കാലത്തിലെ പ്രാർത്ഥനകളിലൂടെ സഭാമാതാവ് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

സാത്താൻെറ പ്രലോഭനങ്ങളെ ചെറുത്തു നില്ക്കാനുള്ള ആഹ്വാനവും നോമ്പുകാലം നല്കുന്നുണ്ട്. നോമ്പിൻെറ ആദ്യ ഞായറാഴ്ചയിൽ വായിക്കുന്ന സുവിശേഷഭാഗം യേശുവിൻെറ പ്രലോഭനത്തെ സംബന്ധിക്കുന്ന വിവരണമാണല്ലോ.

4. ഉയിർപ്പുകാലം

തിരുസഭയിലെ ഏറ്റവും പുരാതനവും പ്രധാനവുമായ തിരുനാളാണ് ഉയിർപ്പുതിരുനാൾ. ഉപവാസത്തിൻെറയും പ്രായശ്ചിത്തത്തിൻെറയും നാളുകൾക്കുശേഷം നാം സന്തോഷത്തിൻെറ കാലത്തിലേക്കു പ്രവേശിക്കുന്നു. രക്ഷകൻെറ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. മരണത്തിനുശേഷം മറ്റൊരു ജീവിതം നമുക്കുണ്ടെന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു.

പാപത്തെയും മരണത്തെയും കീഴ്പ്പെടുത്തിയ യേശുവിലുള്ള പുതുജീവിതം, കുരിശിൻെറ വിജയം തുടങ്ങിയവയും ഈ കാലത്തിൽ സ്മരിക്കപ്പെടുന്നു.

വലിയശനിയാഴ്ച രാത്രിയിൽ മാമ്മോദീസാ നല്കുന്ന പതിവു സഭയിലുണ്ടായിരുന്നു. അന്നു മാമ്മോ

ദീസാ സ്വീകരിച്ചവർ ഈസ്റ്റർ കഴിഞ്ഞു വരുന്ന ആഴ്ചയിൽ വെള്ളവസ്ത്രങ്ങൾ ധരിച്ചുകൊണ്ടായിരുന്നു കുർബാനയിലും മറ്റും സംബന്ധിച്ചിരുന്നത്. പുതുതായി ക്രിസ്ത്യാനികളായവരെ പ്രത്യേകമായി അനുസ്മരിക്കുന്ന ദിവസമാണ് ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായർ. അതുകൊണ്ട് ആ ദിവസത്തെ 'പുതുഞായർ' എന്നുവിളിക്കുന്നു. സീറോ മലബാർ സഭ ഇതിനെ തോമാശ്ലീഹായുടെ ഞായർ എന്നാണു പറയുക. ഉയിർത്തെഴുന്നേറ്റ യേശുവിനെ 'എന്റെ കർത്താവേ എന്റെ ദൈവമേ' (യോഹ 20:28) എന്നു വിളിച്ചുകൊണ്ടു തന്റെ വിശ്വാസം തോമാ ശ്ലീഹാ ഏറ്റുപറഞ്ഞതിനെയാണ് ഈ ദിവസം നാം ഓർമിക്കുന്നത്.

### 5. ശ്ലീഹാക്കാലം

പന്തക്കുസ്താത്തിരുനാൾ ദിവസമാണ് ശ്ലീഹാക്കാലം ആരംഭിക്കുക. 50 എന്നാണു പന്തക്കുസ്താ എന്ന ഗ്രീക്കുപദത്തിന്റെ അർത്ഥം. ഉയിർപ്പുകഴിഞ്ഞ് 50-ാം ദിവസം വരുന്ന തിരുനാളായതുകൊണ്ടാണ് ഈ പേരു ലഭിച്ചത്. പഴയനിയമത്തിൽ ഇസ്രായേൽജനം ദൈവത്തിന്റെ ഉടമ്പടിപ്രകാരമുള്ള ജനമായി മാറിയ മഹാസംഭവത്തിന്റെ ഓർമ്മയാചരണമാണ് പന്തക്കുസ്താതിരുനാൾ. പുതിയനിയമത്തിൽ പുത്തൻ ദൈവജനം ജന്മമെടുക്കുന്നതും പന്തക്കുസ്തായിൽ തന്നെയാണ്. അന്നാണല്ലോ സഭ ഔദ്യോഗികമായി ആരംഭിച്ചത്.

സഭയിലുള്ള പരിശുദ്ധാത്മാവിന്റെ നിരന്തരവും സജീവവുമായ പ്രവർത്തനം, ശ്ലീഹന്മാരും സഭയും തമ്മിലുള്ള ഗാഢബന്ധം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

സ്ഥൈര്യലേപനം എന്ന കൂദാശയിലൂടെ പരിശുദ്ധാത്മാവിന്റെ പ്രത്യേക ശക്തി ലഭിച്ചവരാണല്ലോ ക്രൈസ്തവർ. ആ സത്യം ഓർമ്മിപ്പിച്ചുകൊണ്ട് സുവിശേഷ പ്രഘോഷണത്തിലൂടെ യേശുവിനു സാക്ഷ്യം വഹിക്കുവാൻ ഈ കാലം നമ്മെ ക്ഷണിക്കുന്നു.

6. കൈത്താക്കാലം

ശ്ലീഹാക്കാലത്തിൻെറ അവസാനം പന്ത്രണ്ട് ശ്ലീഹന്മാരുടെയും തിരുനാളാഘോഷത്തോടെയാണ് കൈത്താക്കാലം തുടങ്ങുന്നത്. 'കൈത്ത' എന്ന സുറിയാനിപദത്തിൻെറ അർത്ഥം വേനൽക്കാലം എന്നാണ്.ശ്ലീഹാക്കാലം കഴിഞ്ഞുവരുന്ന കാലഘട്ടം വേനൽക്കാലം ആയതുകൊണ്ടാവാം ഈ പേരു നല്കപ്പെട്ടത്. മദ്ധ്യപൂർവദേശത്ത് വൃക്ഷങ്ങൾ ഫലങ്ങൾ നല്കുന്ന സമയമാണിത്. ഈ ആശയം ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണഫലമായി സംഭവിക്കുന്ന സഭാവളർച്ചയോടു ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് 'ഫലാഗമകാലം', 'സഭയുടെ വളർച്ച' തുടങ്ങിയ പേരുകളിലും ഈ കാലം അറിയപ്പെടുക. സഭ വളർന്നുവികസിച്ച് ലോകത്തിൻെറ നാനാഭാഗങ്ങളിലും പടർന്നുപന്തലിച്ച് ധാരാളം രക്തസാക്ഷികളെയും വിശുദ്ധരെയും പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതിനെ ഈ കാലത്ത് പ്രത്യേകമായി സ്മരിക്കുന്നു.

സഭയുടെ വളർച്ചയിൽ നമുക്കു നിർവഹിക്കാനുള്ള പങ്കിനെപ്പറ്റി ചിന്തിക്കാനുള്ള കാലമാണിത്. രക്തസാക്ഷികളുടെയും അപ്പസ്തോലന്മാരുടെയും ഓർമ്മ ആചരിച്ചുകൊണ്ട് ഈ അവബോധം നമ്മിൽ സൃഷ്ടിക്കാൻ സഭാമാതാവ് ആഗ്രഹിക്കുന്നു.

7. ഏലിയാ - സ്ലീവാക്കാലം

ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനമാണ് ഈ കാലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചിന്താവിഷയം. അവിടുത്തെ രണ്ടാമത്തെ വരവോടുകൂടിയാണല്ലോ സഭ അവളുടെ ലക്ഷ്യത്തിൽ എത്തിച്ചേരുക.

ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിനു മുമ്പ് ഏലിയാ പ്രത്യക്ഷപ്പെടുമെന്ന ചിന്തയും ദൈവപുത്രൻെറ ആഗമനത്തോടൊപ്പം കുരിശും (സ്ലീവ) ഉണ്ടായിരിക്കുമെന്ന ചിന്തയുമാണ് 'ഏലിയാ-സ്ലീവാ' എന്ന പേര് ഈ കാലത്തിനു ലഭിക്കുവാൻ കാരണം. സെപ്റ്റംബർ 14-ാം

തീയതി ആഘോഷിക്കുന്ന കുരിശിൻെറ പുകഴ്ച ഈ കാലത്തിൻെറ പ്രത്യേക തിരുനാളാണ്. അവസാനവിധിക്ക് ഒരുക്കമായുള്ള കാലമായതുകൊണ്ട് അനുതപിക്കാനുള്ള ആഹ്വാനവും ഈ കാലം നല്കുന്നു.

8. മൂശക്കാലം

ഏലിയാ - സ്ലീവാക്കാലത്തിൻെറ ചൈതന്യമാണു മൂശക്കാലത്തിൻേറതും. ഇന്നത്തെ രീതിയനുസരിച്ച് ഏലിയാ - സ്ലീവാക്കാലത്തിനും പള്ളിക്കൂദാശക്കാലത്തിനും ഇടയ്ക്കുവരുന്ന ആഴ്ചകൾ ക്രമപ്പെടുത്താനാണ് ഈ കാലം പ്രയോജനപ്പെടുത്തുക.

താബോർ മലയിൽവച്ച് ഏലിയാ പ്രത്യക്ഷപ്പെട്ടപ്പോൾ മൂശയും ഉണ്ടായിരുന്നല്ലോ. അതുകൊണ്ടായിരിക്കാം ഈ പേരു നല്കപ്പെട്ടത്. ചൈതന്യത്തിലും സന്ദേശത്തിലും വ്യത്യാസമില്ലാത്തതുകൊണ്ടാണ് ഏലിയാ - സ്ലീവാ - മൂശക്കാലം ഒരു കാലമായി കണക്കാക്കപ്പെടുന്നത്.

9. പള്ളിക്കൂദാശക്കാലം

ആരാധനക്രമവത്സരത്തിൻെറ അവസാനത്തെ കാലമാണിത്. അതുകൊണ്ടുതന്നെ യേശുവിൻെറ ജനനത്തോടെ ആരംഭിച്ച ഈ വർഷത്തിന് ഉചിതമായ സമാപനം കുറിക്കേണ്ടത് ആവശ്യമാണല്ലോ.

രണ്ടു പ്രധാനപ്പെട്ട ആശയങ്ങളാണ് ഈ കാലത്തിലെ പ്രാർത്ഥനകളിൽ കാണുന്നത്: സ്വർഗ്ഗമാകുന്ന സഭയും ഈ ലോകത്തിലെ തീർത്ഥാടകസമൂഹമാകുന്ന സഭയും. മിശിഹാ തൻെറ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിൻെറ സ്മരണ ഈ കാലത്തു കൊണ്ടാടുന്നു. ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കുന്ന ക്രൈസ്തവൻ സ്വർഗ്ഗപ്രാപ്തിക്ക് അർഹനാകുമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുകയാണ്.

ക്രിസ്തുവിൻെറ മണവാട്ടിയായ സഭയിൽ ജീവിക്കുന്ന നാം രക്ഷിക്കപ്പെട്ടവരുടെ സമൂഹമാണ്. പക്ഷേ, ഇതു യാഥാർത്ഥ്യമായി അനുഭവപ്പെടണമെങ്കിൽ യേശു ചരിച്ചപാതയിലൂടെ നാമും ചരിക്കണം. അതിനു സഹായകമാകുന്ന രീതിയിലാണ് മംഗലവാർത്താക്കാലം മുതലുള്ള ഓരോ കാലവും ഒരുക്കിയിരിക്കുന്നത്.

അങ്ങനെ, യേശുവിൽ ജനിച്ച്, (മംഗലവാർത്ത: പിറവി) അവിടുത്തോടൊപ്പം പരസ്യജീവിതം നയിച്ച് (ദനഹാ), വേദനിച്ച് (നോമ്പ്), അവിടുത്തെ സന്തോഷത്തിൽ പങ്കുപറ്റി (ഉയിർപ്പ്), പരിശുദ്ധാത്മാവിനാൽ വളർന്ന് (ശ്ലീഹാ), സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിച്ച് ( കൈത്ത), ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തിനും അവസാനവിധിക്കുമായി ഒരുങ്ങി (ഏലിയ - സ്ലീവ-മൂശ), തിരുസഭയിലൂടെ സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ (പള്ളിക്കൂദാശ) വിളിക്കപ്പെട്ടവരാണു ക്രൈസ്തവർ എന്ന സത്യം ഈ ആരാധനക്രമവത്സരം നമ്മെ അനുസ്മരിപ്പിക്കുന്നു.

## B. ലത്തീൻ സഭയുടെ ആരാധനക്രമവത്സരം

പെസഹാ മഹാരഹസ്യാനുസ്മരണകാലം, മനുഷ്യാവതാര രഹസ്യാനുസ്മരണകാലം, ആണ്ടുവട്ടം, വിശുദ്ധരുടെ തിരുനാളുകൾ എന്നിവ ഉൾപ്പെട്ടതാണ് ലത്തീൻ റീത്തിലെ ആരാധനക്രമവത്സരം. അത് വിവിധ വർണ്ണങ്ങളിലുള്ള പുഷ്പങ്ങൾ ഇടകലർത്തി പൊൻനൂലിൽ കോർത്തിണക്കിയ പൂമാലയ്ക്ക് തുല്യമാണ്.

*1. പെസഹാ മഹാരഹസ്യാനുസ്മരണകാലം*

പെസഹാത്രിദിനം, പെസഹാക്കാലം, നോമ്പുകാലം എന്നിങ്ങനെ ഈ കാലഘട്ടത്തെ അതിൻെറ പ്രാധാന്യമനുസരിച്ചു മൂന്നായി വിഭജിക്കാം.

## പെസഹാ ത്രിദിനം

ആണ്ടുതോറുമുള്ള പെസഹാ ആഘോഷങ്ങളുടെ ദിവസങ്ങളാണിവ. യേശുവിൻെറ മരണവും സംസ്കാരവും പുനരുത്ഥാനവും പ്രത്യേകമായ രീതിയിൽ അനുസ്മരിക്കുന്ന ഈ ദിവസങ്ങൾ സഭാവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ടവയാണ്. വലിയ വ്യാഴാഴ്ച വൈകുന്നേരം തിരുവത്താഴ പൂജയോടുകൂടി പെസഹാ ത്രിദിനം ആരംഭിക്കുന്നു. ഇടയ്ക്കുള്ള ദുഃഖവെള്ളിയാഴ്ച ഉപവാസം അനുഷ്ഠിച്ചുകൊണ്ട് കർത്താവിൻെറ പീഡാസഹനവും മരണവും അനുസ്മരിക്കുന്ന ദിവസമാണ്. വലിയ ശനിയാഴ്ച രാത്രി കർത്താവിൻെറ പുനരുത്ഥാനത്തെയും യേശുവിൻെറ പെസഹാരഹസ്യത്തിൽ ജ്ഞാനസ്നാനത്തിലൂടെയുള്ള നമ്മുടെ ഭാഗഭാഗിത്വത്തെയും അനുസ്മരിക്കുന്ന തിരുക്കർമ്മങ്ങളോടുകൂടി പെസഹാ ത്രിദിനം സമാപിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശുവിൽ നിന്നു നിർഗ്ഗളിക്കുന്ന സ്വർഗ്ഗീയ പ്രഭാകിരണങ്ങൾ തട്ടി പ്രശോഭിക്കുന്നതാണ് സഭാവത്സരത്തിലെ ഓരോ ദിവസവും. അതുകൊണ്ട് പെസഹാത്രിദിനത്തെ ആരാധനക്രമത്തിൻെറ കേന്ദ്രബിന്ദുവായി വിശേഷിപ്പിക്കാവുന്നതാണ്.

## പെസഹാക്കാലം

ഉയിർപ്പു ഞായറാഴ്ചതൊട്ടു പന്തക്കുസ്താ തിരുനാൾവരെയുള്ള അൻപതു ദിവസങ്ങളെയാണു ലത്തീൻ ക്രമത്തിൽ പെസഹാക്കാലമെന്നു പറയുന്നത്. പെസഹാ ആഘോഷങ്ങളുടെ ആഹ്ലാദം അലതല്ലുന്ന ദിവസങ്ങളാണിവ. അല്ലേലൂയാ സ്തുതിഗീതാലാപനം ഈ ദിവസങ്ങളുടെ ഒരു പ്രത്യേകതയാണ്. പെസഹാക്കാലത്തിലെ ആദ്യത്തെ എട്ടു ദിവസങ്ങൾ കർത്താവിൻെറ മഹോത്സവങ്ങളായി ആഘോഷിക്കപ്പെടുന്നു. ഉയിർപ്പുതിരുന്നാളിനു പുറമേ രണ്ടു പ്രധാന തിരുനാളുകളാണ് ഈ കാലഘട്ടത്തിൽ ആഘോഷിക്കുന്നത്.

ഒന്നാമത്തേത് ഉയിർപ്പിൻെറ നാല്പതാം ദിവസം ആഘോഷിക്കുന്ന സ്വർഗ്ഗാരോഹണത്തിരുന്നാൾ (ഇന്ത്യയിൽ ഇതു നാല്പതാംദിവസം കഴിഞ്ഞു വരുന്ന ഞായറാഴ്ച ആഘോഷിക്കുന്നു). യേശു ഈ ലോകത്തിൽ നിന്നു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത രഹസ്യവും അവിടെ ദൈവപിതാവിൻെറ വലത്തുഭാഗത്ത് ഉപവിഷ്ടനായിക്കൊണ്ട് മനുഷ്യകുലത്തിനുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്ന രഹസ്യവുമാണ് ഈ തിരുനാളിലൂടെ തിരുസഭ അനുസ്മരിക്കുന്നത്.

പെസഹാക്കാലത്ത് ആഘോഷിക്കുന്ന രണ്ടാമത്തെ പ്രധാനതിരുനാൾ പന്തക്കുസ്തായാണ്. പരിശുദ്ധാത്മാവിൻെറ ആഗമനമാണ് ഈ ദിവസത്തിൽ അനുസ്മരിക്കുന്ന ദിവ്യരഹസ്യം. യേശുവിൽ വിശ്വസിക്കുന്നവരുടെ മേൽ ആത്മാവ് ഇറങ്ങിവന്ന് വിശ്വാസികളുടെ സമൂഹത്തിനു ജന്മം നല്കിയതിൻെറ ഓർമ്മയാണു പന്തക്കുസ്താ.

## നോമ്പുകാലം

പെസഹാ ആഘോഷത്തിനുള്ള ഒരുക്കത്തിൻെറ കാലമാണ് നോമ്പുകാലം. സാർവ്വത്രിക ഉപവാസദിനമായി ആചരിക്കുന്ന വിഭൂതി ബുധനാഴ്ചയിൽ വിശ്വാസികളുടെ നെറ്റിയിൽ അനുതാപത്തിൻെറ അടയാളമായ ഭസ്മം പൂശിക്കൊണ്ട് ആരംഭിക്കുന്ന നോമ്പുകാലം വലിയ വ്യാഴാഴ്ചത്തെ തിരുവത്താഴപൂജയ്ക്കുമുമ്പ് അവസാനിക്കുന്നു. നോമ്പുകാലത്തിൻെറ ആരംഭംമുതൽ ഉയിർപ്പു ഞായറാഴ്ചയുടെ ജാഗരണംവരെ സന്തോഷ സൂചകമായ 'അല്ലേലുയ' ഉപയോഗിക്കുന്നില്ല. ഈ കാലത്തിലെ ഞായറാഴ്ചകൾ ഒന്നാം, രണ്ടാം, മൂന്നാം, നാലാം, അഞ്ചാം നോമ്പുകാല ഞായറാഴ്ചകൾ എന്നു വിളിക്കപ്പെടുന്നു. വിശുദ്ധവാരത്തിനു തുടക്കം കുറിക്കുന്ന ആറാം ഞായറാഴ്ചയ്ക്ക് പീഡാനുഭവ ഞായറാഴ്ച അല്ലെങ്കിൽ കുരുത്തോല ഞായറാഴ്ച എന്നാണു പേര്.

അനുതാപത്തിൻെറയും ജ്ഞാനസ്നാന ദിവ്യ രഹസ്യങ്ങളുടെയും ചൈതന്യം നിറഞ്ഞു നില്ക്കുന്നവയാണ് ഈ ദിവസങ്ങൾ. വലിയ ശനിയാഴ്ച രാത്രി ജ്ഞാനസ്നാനത്തിലൂടെ യേശുവിനോടൊപ്പം 'മരിക്കുകയും ഉയിർക്കുകയും' ചെയ്തുകൊണ്ട് ജീവജലത്തിൻെറ ഉറവിടമായ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവാനായി ജ്ഞാനസ്നാനാർത്ഥികളെ ഒരുക്കുന്നകാലമാണിത്. ജ്ഞാനസ്നാനാർത്ഥികളോടൊപ്പം എല്ലാ തിരുസഭാംഗങ്ങളും പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവൃത്തികളിലൂടെയും ഈ ഒരുക്കത്തിൽ പങ്കുചേരുന്നു. പെസഹാരാത്രിയിൽ തങ്ങളുടെ ജ്ഞാനസ്നാനവാഗ്ദാനങ്ങൾ നവീകരിച്ചുകൊണ്ട് പെസഹാഘോഷങ്ങളിൽ സജീവമായും ഫലപ്രദമായും പങ്കുചേരുവാൻ ഈ ഒരുക്കം സഭാംഗങ്ങളെ സഹായിക്കുന്നുമുണ്ട്.

*II മനുഷ്യാവതാര രഹസ്യാനുസ്മരണകാലം*

സഭയുടെ ആരംഭകാലത്ത് യേശുവിൻെറ തിരുപ്പിറവിയെ സംബന്ധിക്കുന്ന രഹസ്യങ്ങൾക്ക് ഇന്നത്തെപ്പോലെ അത്ര പ്രാധാന്യം നല്കിയിരുന്നില്ല. എന്നാൽ നാലാം നൂറ്റാണ്ടിൽ അവിടവിടെയായി പൊന്തിവന്ന യേശുവിൻെറ ദൈവത്വത്തെ നിഷേധിക്കുന്ന പാഷണ്ഡതകളെ എതിർക്കുവാൻ മനുഷ്യാവതാര രഹസ്യങ്ങളിലുള്ള സഭയുടെ വിശ്വാസം പ്രകടമായി പ്രഖ്യാപിക്കുകയെന്നത് ഒരു ആവശ്യമായി വന്നു. മനുഷ്യനായി അവതരിച്ച യേശു തൻെറ ഉദ്ഭവത്തിൻെറ ആരംഭനിമിഷം മുതൽ ദൈവം തന്നെയായിരുന്നു എന്ന സഭയുടെ വിശ്വാസത്തെ എടുത്തുകാട്ടുവാൻ പോരുന്നവയാണ് ഈ കാലഘട്ടത്തിലെ ആഘോഷങ്ങളെല്ലാം. മനുഷ്യാവതാരാനുസ്മരണ കാലത്തെ തിരുപ്പിറവിക്കാലം എന്നും ആഗമനകാലമെന്നും രണ്ടായി തിരിച്ചിരിക്കുന്നു.

*1. തിരുപ്പിറവിക്കാലം*

രണ്ടാഴ്ചത്തേക്ക് നീണ്ടു നില്ക്കുന്ന ഒരു കാലഘട്ടമാണിത്. ക്രിസ്മസ് രാത്രി ആരംഭിക്കുന്ന തി

7H83

രുപ്പിറവിക്കാലം രണ്ടാഴ്ച കഴിഞ്ഞ് കർത്താവിൻെറ ജ്ഞാനസ്നാനത്തിരുനാളോടുകൂടി സമാപിക്കുന്നു. യേശുവിൻെറ ദൈവത്വത്തെ വെളിപ്പെടുത്തുന്ന താഴെ പറയുന്ന തിരുനാളുകളാണ് ഈ കാലഘട്ടത്തിൽ ആഘോഷിക്കുന്നത്.

### ക്രിസ്മസ്

സുവിശേഷങ്ങളിൽ വിവരിക്കുന്ന ക്രിസ്മസ് രാത്രിയിലെ പ്രഭാപൂരവും മാലാഖമാരുടെ ഗാനങ്ങളും അതോടനുബന്ധിച്ച ആശ്ചര്യം ജനിപ്പിക്കുന്ന മറ്റു സംഭവങ്ങളും യേശുവിൻെറ ദൈവത്വത്തെ വെളിപ്പെടുത്തുവാൻപോരുന്നവയാണ്. ഡിസംബർ 25-ാം തീയതി റോമാക്കാർ സൂര്യദേവൻെറ ഉത്സവദിനമായി ആഘോഷിരുന്നു. ഈ ഉത്സവത്തിന് പുതിയൊരു അർത്ഥം നല്കി തിരുസഭ ഇതിനെ - രക്ഷാകിരണങ്ങൾ വിതറുന്ന നീതിസൂര്യനായ യേശു ഈ ലോകത്തിൽ ഉദയം ചെയ്ത തിരുനാളായി ആഘോഷിക്കാൻ തുടങ്ങി. ക്രിസ്മസിന് അതിൻേറതായ അഷ്ടദിനാചരണമുണ്ട്.

### യേശുവിൻെറ പ്രത്യക്ഷീകരണത്തിരുന്നാൾ

പൗരസ്ത്യസഭകളിൽ ആദ്യമൊക്കെ കർത്താവിൻെറ തിരുപ്പിറവി ആഘോഷിച്ചിരുന്നില്ല. അതിനുപകരം ജനുവരി 6-ാം തീയതി യേശുവിൻെറ പ്രത്യക്ഷീകരണത്തിരുന്നാൾ - രാജാധിരാജനായ യേശു തൻെറ ദൈവികമഹത്വം ലോകത്തിനു വെളിപ്പെടുത്തിയ രഹസ്യം - സാഘോഷം കൊണ്ടാടിയിരുന്നു. പൗരസ്ത്യസഭകളോടൊപ്പം പാശ്ചാത്യസഭയും ജനുവരി 6-ാം തീയതി കർത്താവിൻെറ പ്രത്യക്ഷീകരണത്തിരുനാളായി ആഘോഷിക്കുവാൻ തുടങ്ങി (ഇന്ത്യയിൽ ജനുവരി 6-ാം തീയതി ഞായറാഴ്ചയാണെങ്കിൽ അന്നോ അല്ലെങ്കിൽ അതു കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ ഈ തിരുനാൾ ആഘോഷിക്കുന്നു).

തിരുപ്പിറവിക്കാലത്ത് ആഘോഷിക്കപ്പെടുന്ന മറ്റു തിരുന്നാളുകൾ താഴെ വിവരിക്കുന്നവയാണ്. അഷ്ടദിനാ



DHARMARAM COLLEGE LIBRARY
BANGALORE - 29

പാരണത്തിന് ഇടയ്ക്കുവരുന്ന ഞായറാഴ്ച ആഘോഷി ക്കുന്ന തിരുക്കുടുംബത്തിൻെറ തിരുനാൾ; ക്രിസ്മസ് കഴിഞ്ഞ് എട്ടാം ദിവസമായ ജനുവരി ഒന്നാം തീയതി ആ ഘോഷിക്കുന്ന ദൈവമാതാവായ പരിശുദ്ധ കന്യകാമറി യത്തിൻെറ മഹോത്സവം (അന്നേ ദിവസം ഈശോയുടെ നാമകരണവും അനുസ്മരിക്കപ്പെടുന്നു); പ്രത്യക്ഷീ കരണത്തിരുനാൾ കഴിഞ്ഞു വരുന്ന കർത്താവിൻെറ ജ്ഞാനസ്നാനത്തിരുനാൾ.

*2. ആഗമനകാലം*

പെസഹാക്കാലത്തിന് ഒരുക്കമായി നോമ്പുകാലമു ള്ളതുപോലെ തിരുപ്പിറവി ആഘോഷങ്ങൾക്ക് ഒരുങ്ങുന്ന കാലമാണ് ആഗമനകാലം. രണ്ടുവിധത്തിലുള്ള യേശുവി ൻെറ ആഗമനത്തിനായിട്ടാണ് തിരുസഭ ഈ അവസ രത്തിൽ ഒരുങ്ങുന്നത്. ഒന്നാമതായി ലോകരക്ഷകനായ യേശുവിൻെറ ആദ്യത്തെ ആഗമനം - ബേത്ലെഹെം പുൽക്കൂട്ടിലെ തിരുപ്പിറവി - ഇന്ന് ഫലപ്രദമായ രീതി യിൽ അനുസ്മരിക്കാൻ വേണ്ട ഒരുക്കം. രണ്ടാമതായി ലോകാവസാനത്തിൽ തൻെറ അനുയായികൾക്ക് വിജയ ത്തിൻെറ കിരീടം നല്കുവാൻ വരുന്ന വിധിയാളനായ യേശുവിൻെറ ആഗമനത്തിനായുള്ള ഒരുക്കം. പ്രതീക്ഷയു ടെയും സന്തോഷത്തിൻെറയും വികാരങ്ങളാണ് ആഗമനകാലത്തെ തിരുക്കർമ്മങ്ങളിലുടനീളം പ്രതിഫലി ച്ചു കാണുന്നത്.

ആഗമനകാലം നവംബർ 30-നോ അതിനുതൊട്ടു ള്ള ഞായറാഴ്ചയുടെ ഒന്നാം സായാഹ്നപ്രാർത്ഥനയോടു കൂടിയോ ആരംഭിക്കുകയും പിറവിത്തിരുനാളിൻെറ ഒന്നാം സായാഹ്നപ്രാർത്ഥനയ്ക്ക് മുമ്പായി സമാപിക്കു കയും ചെയ്യുന്നു. ഈ കാലത്തിലെ ഞായറാഴ്ചകൾ ആഗമനകാലത്തിലെ ഒന്നാം, രണ്ടാം, മൂന്നാം, നാലാം, ഞായറാഴ്ചകളെന്നറിയപ്പെടുന്നു.

## III. ആണ്ടുവട്ടം

ഒരു വർഷത്തിൽ അൻപത്തിരണ്ടോ അൻപത്തിമൂന്നോ ഞായറാഴ്ചകളാണല്ലോ ഉള്ളത്. സഭാവത്സരത്തിലെ മുപ്പത്തിമൂന്ന് (ചില വർഷങ്ങളിൽ മുപ്പത്തി നാല്) ഞായറാഴ്ചകൾ "ആണ്ടുവട്ടത്തിലെ ഞായറാഴ്ചകൾ" എന്നാണ് അറിയപ്പെടുക. ഈ ഞായറാഴ്ചകളോടനുബന്ധിച്ചു വരുന്ന ഇടദിവസങ്ങൾ "ആണ്ടു വട്ടത്തിലെ ഇടദിവസങ്ങളായും" അറിയപ്പെടുന്നു.

### തീർത്ഥാടനത്തിൻെറ പ്രതീതി

ആണ്ടുവട്ടത്തിലെ ഈ 33/34 ആഴ്ചകളിലുള്ള ആരാധനക്രമം ഒരു തീർത്ഥാടനത്തിൻെറ പ്രതീതി ജനിപ്പിക്കുന്നതാണ്. മഹത്വപൂർണ്ണനായ യേശു ദൈവപിതാവിൻെറ വലത്തു ഭാഗത്തിരുന്നുകൊണ്ട് ദൈവത്തിന് അർഹമായ ആരാധന സമർപ്പിക്കുകയും മനുഷ്യർക്കായി നിരന്തരം മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്നു. ഈ യേശുതന്നെയാണ് ഇന്ന് കൂദാശകളിലൂടെ നമ്മുടെ മദ്ധ്യേ സന്നിഹിതനായിരിക്കുന്നതും. യേശുവുമായുള്ള കൗദാശിക ഐക്യത്തിലൂടെ ഈ ലോകമാകുന്ന മരുഭൂമിയിൽകൂടിയുള്ള യാത്ര മുന്നോട്ടു കൊണ്ടുപോകുവാൻ വേണ്ട ശക്തി തിരുസഭ സംഭരിക്കുന്നു. ഒരിക്കൽ സ്വർഗ്ഗത്തിലെത്തി മഹത്വത്തോടെ ദൈവപിതാവിൻെറ വലത്തുഭാഗത്തിരിക്കുന്ന യേശുവിനോടൊപ്പം നിത്യമായി ദൈവത്തെ ആരാധിക്കുകയാണ് ഈ യാത്രയുടെ ലക്ഷ്യം. ഇത്തരമൊരു മനോഭാവം നമ്മിലുളവാക്കുവാൻ പോരുന്നവയാണ് "ആണ്ടുവട്ടത്തി" ലെ തിരുക്കർമ്മങ്ങളെല്ലാം തന്നെ.

ആണ്ടുവട്ടത്തിലെ ആഴ്ചകളെന്നറിയപ്പെടുന്ന 33/34 ആഴ്ചകളും ആരാധനക്രമവത്സരത്തിൽ രണ്ടു ഘട്ടങ്ങളായിട്ടാണു നില്ക്കുന്നത്. ഈ രണ്ടു ഘട്ടങ്ങളുടെയും ഇടയ്ക്കാണ് മനുഷ്യാവതാര രഹസ്യസ്മരണകാലവും പെസഹാ മഹാനുസ്മരണകാലവും വരിക. ആഗമനകാലം ഒന്നാം ഞായറാഴ്ചയോടുകൂടി ആരംഭിക്കുന്ന മനുഷ്യാവതാരാനുസ്മരണകാലം യേശുവിൻെറ ജ്ഞാനസ്

നാനത്തിരുനാളോടുകൂടി അവസാനിക്കുന്നു. ജ്ഞാനസ്നാനത്തിരുനാളിൻെറ പിറ്റേദിവസമാണ് ആണ്ടുവട്ടത്തിലെ ആഴ്ചകളുടെ ഒന്നാംഘട്ടം ആരംഭിക്കുന്നത്. നോമ്പുകാലത്തിൻെറ ആരംഭമായ വിഭൂതിത്തിരുന്നാളിൻെറ തലേദിവസം ഈ ഒന്നാം ഘട്ടം അവസാനിക്കുന്നു. എന്നിട്ട് പെസഹാ മഹാനുസ്മരണക്കാലത്തിൻെറ അവസാനം കുറിക്കുന്ന പന്തക്കുസ്താത്തിരുനാളിൻെറ പിറ്റേദിവസമാണ് "ആണ്ടുവട്ടത്തിലെ ആഴ്ചകളുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നത്." ആഗമനകാലം ഒന്നാം ഞായറാഴ്ചയുടെ തലേദിവസം ഈ രണ്ടാംഘട്ടം അവസാനിക്കുകയും ചെയ്യും. ആണ്ടുവട്ടത്തിലെ അവസാനത്തെ ഞായറാഴ്ച തിരുസഭ ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ ആഘോഷിക്കുന്നു.

## IV. വിശുദ്ധരുടെ തിരുനാളുകൾ

പെസഹാരഹസ്യത്തിലൂടെ പാപത്തിൻെറയും മരണത്തിൻെറയും മേൽ വിജയമകുടം കൈവരിച്ച യേശുവുമായി ഐക്യപ്പെടുവാൻ തങ്ങളെത്തന്നെ പരിപൂർണ്ണമായി സമർപ്പിക്കുകയും അതിൽ വിജയം വരിക്കുകയും ചെയ്തവരാണു വിശുദ്ധന്മാർ. പെസഹാരഹസ്യം തിരുസഭാംഗങ്ങളിൽ ഒരു യാഥാർത്ഥ്യമായിത്തീരുന്നതാണ് വിശുദ്ധന്മാരിൽ നാം കാണുക. ഇങ്ങനെ പരിശുദ്ധ കന്യകാമറിയത്തിൻെറയും മറ്റുവിശുദ്ധരുടെയും തിരുനാളുകൾ ആഘോഷിക്കുമ്പോൾ നാം അനുസ്മരിക്കുന്നതും പെസഹാരഹസ്യം തന്നെയാണ്. വിശുദ്ധരുടെ ജീവിതം ഭൗമികസഭയിലെ അംഗങ്ങളായ നമുക്കു നല്ലൊരു മാതൃകയും അവരുടെ മാദ്ധ്യസ്ഥ്യം സഹായകവുമാണ്. അതുകൊണ്ടാണ് ആരാധനാവത്സരത്തിനിടയ്ക്കു പലപ്പോഴും തിരുസഭ വിശുദ്ധരുടെ സ്മരണ ആചരിക്കുന്നത്. വിശുദ്ധരുടെ മിക്കവാറും എല്ലാതിരുനാളുകളും "ആണ്ടുവട്ടത്തിലാണ് ആചരിക്കുക".

തിരുനാളുകളെ അവയുടെ പ്രാധാന്യത്തിൻെറയും അവയ്ക്കു നല്കുന്ന ആഡംബരത്തിൻെറയും അടിസ്ഥാ

നത്തിൽ മഹോത്സവം, തിരുനാറം, സ്മരണ, ഐച്ഛിക സ്മരണ എന്നിങ്ങനെ നാലായി തരംതിരിച്ചിരിക്കുന്നു. വിശുദ്ധരുടെ തിരുനാളുകറം ആഘോഷിക്കുവാൻ തിരുസഭ വിവിധതരം കലണ്ടറുകറം അനുവദിച്ചിരിക്കുന്നു. അവ താഴെ വിവരിക്കുന്നവയാണ്.

## പൊതുകലണ്ടർ

അനുഷ്ഠാനങ്ങളുടെ മുഴുവൻ കാലചക്രവും ഇത് ഉറക്കൊള്ളുന്നു. വിവിധകാലങ്ങളിലും സാർവത്രിക സഭയാൽ വണങ്ങപ്പെടേണ്ട വിശുദ്ധരുടെയോ, അല്ലെങ്കിൽ എല്ലായിടത്തും, ദൈവജനത്തിനിടയിൽ വിശുദ്ധരുടെ മാതൃകകളായി എടുത്തു കാണിക്കപ്പെട്ട വിശുദ്ധരുടെയോ തിരുനാളുകളിലും പ്രകടമാക്കപ്പെടുന്ന രക്ഷാകരരഹസ്യാനുഷ്ഠാനവും ഇത് ഉറക്കൊള്ളുന്നു.

## രൂപതാകലണ്ടർ

രൂപതാ, ഇടവക മദ്ധ്യസ്ഥന്മാരുടെ തിരുനാളുകറക്കും ഭദ്രാസന ദേവാലയത്തിൻെറ പ്രതിഷ്ഠാതിരുനാളിനും പുറമേ രൂപതയുമായി ഏതെങ്കിലും പ്രത്യേക വിധത്തിൽ ബന്ധപ്പെട്ട വിശുദ്ധരുടെയോ, വാഴ്ത്തപ്പെട്ടവരുടെയോ തിരുനാളുകളും ഇത് ഉറക്കൊള്ളുന്നു.

## സന്ന്യാസ സമൂഹത്തിൻെറ കലണ്ടർ

സന്ന്യാസസമൂഹത്തിൻെറ നാമഹേതുക വിശുദ്ധൻെറയോ, സ്ഥാപകൻെറയോ, മദ്ധ്യസ്ഥൻെറയോ തിരുനാളുകറക്കു പുറമേ, സന്ന്യാസസമൂഹത്തിൽ അംഗങ്ങളായിരുന്നവരോ അല്ലെങ്കിൽ അതുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരുന്നവരോ ആയ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും തിരുനാളുകളും ഇത് ഉറക്കൊള്ളുന്നു.

ആരാധനക്രമവത്സരത്തെ അതിൻെറ പ്രാധാന്യമനുസരിച്ചാണ് ഈ ലേഖനത്തിൽ വിവരിച്ചത്. എന്നാൽ അതിൻെറ കാലക്രമത്തിലുള്ള വളർച്ച താഴെ വിവരിക്കുന്ന ക്രമപ്രകാരമാണ്. ആഗമനകാലത്തോടെ ആരംഭിക്കുന്ന ആരാധനക്രമവത്സരം തിരുപ്പിറവിക്കാലം, ആണ്ടുവട്ടം

(ഒന്നാംഘട്ടം) നോമ്പുകാലം, പെസഹാത്രിദിനം, പെസഹാക്കാലം ആണ്ടുവട്ടം (രണ്ടാംഘട്ടം) എന്നിവ പൂർത്തിയാകുമ്പോഠം അവസാനിക്കുന്നു.

## C. മലങ്കരസഭയുടെ ആരാധനക്രമവത്സരം

നിത്യരക്ഷയുടെ എല്ലാ രഹസ്യങ്ങളിലേക്കും ഒരേ സമയം ശ്രദ്ധതിരിക്കാൻ നമുക്കു സാദ്ധ്യമല്ല. അതുകൊണ്ട് ഒരു വർഷത്തെ വിവിധ കാലങ്ങളായി വേർതിരിച്ച് ഓരോ കാലത്തും രക്ഷാകരചരിത്രത്തിലെ ദൈവിക വ്യാപാരത്തിലെ ഒരു ഭാഗത്തെ അനുസ്മരിച്ചു പ്രാർത്ഥിക്കുവാനും ജീവിതത്തിൽ പകർത്തുവാനുമായി സഭ ക്രമപ്പെടുത്തിയിരിക്കുന്നതുമാണ് ആരാധനവത്സരം. അന്ത്യോക്യൻ സഭാപാരമ്പര്യത്തിൽ ആരാധനക്രമവത്സരം രൂപംകൊണ്ടത് നാലാം നൂറ്റാണ്ടിൻെറ മദ്ധ്യത്തിലാണ്. ഇന്നും അതു വ്യത്യാസംകൂടാതെ തുടരുന്നു. അന്ത്യോക്യൻ സഭാപാരമ്പര്യത്തിലെ ആരാധനക്രമവത്സരമാണു മലങ്കരസഭയിലുള്ളത്.

### വാരചക്രം (weekley cycle)

ആരാധനവത്സരത്തെപ്പറ്റി ചിന്തിക്കുന്നതിനു മുമ്പ് ഒരാഴ്ചയിലെ ദിവസങ്ങഠംക്കു സഭ നല്കിയിരിക്കുന്ന പ്രത്യേക ഊന്നലുകഠം നമുക്കു മനസ്സിലാക്കാം. എല്ലാ ഞായറാഴ്ചകളും ക്രിസ്തുവിൻെറ ഉയിർപ്പിൻെറ അനുസ്മരണത്തിനുള്ളതാണ്. ഉയിർപ്പിൻെറ ഓർമ്മ ആഴ്ചവട്ടത്തിൻെറ ഒന്നാം ദിവസം പുതുക്കുകയും ആ രഹസ്യത്തിൻെറ പ്രകാശത്തിൽ ഒരാഴ്ചയിലെ മറ്റു ദിവസങ്ങളിൽ ജീവിക്കുകയും ചെയ്യുന്നതിനാണിത്. തിങ്കളും ചൊവ്വായും അനുതാപത്തിൻെറ ദിവസങ്ങളായി പ്രത്യേകം മാറ്റി വയ്ക്കപ്പെട്ടിരിക്കുന്നു. ബുധൻ, ദൈവമാതാവിൻെറ ദിനമാണ് - കന്യകാമറിയത്തിൻെറ ദിവ്യമാതൃത്വത്തെയും രക്ഷാകരപദ്ധതിയിൽ അവഠംക്കുള്ള

സ്ഥാനത്തെയുംപറ്റി ധ്യാനിക്കുന്നതിനുള്ള ദിവസം. വ്യാഴം നമ്മുടെ കർത്താവിൻെറ അപ്പസ്തോലന്മാരെ അനുസ്മരിക്കാനുള്ള ദിവസമാണ്. അവരോടൊപ്പം ക്രിസ്തുവിൻെറ പാത ഒരുക്കിയ പഴയനിയമകാലത്തെ പ്രവാചകന്മാരെയും സുവിശേഷത്തിനുവേണ്ടി ജീവനർപ്പിച്ച രക്തസാക്ഷികളെയും സഭ അനുസ്മരിക്കുന്നു. വെള്ളി പരിശുദ്ധസ്ലീബായുടെ അനുസ്മരണ ദിനമാണ്. ക്രിസ്തുവിൻെറ രക്ഷാകരമായ കുരിശുമരണത്തിൻെറയും തൻെറ മരണത്താൽ നമ്മുടെ മരണത്തിന്മേൽ നേടിയ വിജയത്തിൻെറയും രഹസ്യത്തെ എല്ലാ വെള്ളിയാഴ്ചകളിലും സഭ ധ്യാനവിഷയമാക്കുന്നു. ശനിയാഴ്ച, മരിച്ചുപോയ എല്ലാ വിശ്വാസികളെയും പട്ടക്കാരെയും ഓർത്ത് അവർക്കുവേണ്ടി സഭ പ്രാർത്ഥിക്കുന്നു. ഓരോ വാരവും അവസാനിക്കുന്നത് നമ്മുടെ മരണത്തെയും യേശു ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന പൊതുവായ പുനരുത്ഥാനത്തെയും അനുസ്മരിപ്പിച്ചുകൊണ്ടാണ്.

## സംവത്സരചക്രം (yearly cycle)

അന്ത്യോക്യൻ സുറിയാനി പാരമ്പര്യത്തിൽ സഭാവത്സരത്തെ ഏഴായി തിരിച്ചിരിക്കുന്നു. വി. വേദപുസ്തകത്തിൽ ഏഴ് എന്ന സംഖ്യ പൂർണ്ണതയുടെ പ്രതീകമാണ്. സഭാവത്സരത്തിലെ ഏഴു കാലങ്ങൾ ഇവയാണ്: (1) സൂബോറൊ (അറിയിപ്പ്); (2) യൽദൊ (ജനനം); ദനഹാ (പ്രകാശനം); (3) നോമ്പ് (4) ക്യംതൊ (ഉയിർപ്പ്); (5) പെന്തിക്കൊസ്തി; (6) തേജസ്കരണം; (7) സ്ലീബാ. ഈ ഏഴുകാലങ്ങളിലുമുള്ള ഓരോ ഞായറാഴ്ചയിലും പെരുന്നാൾ ദിവസങ്ങളിലും ഉപയോഗിക്കാനായി പ്രത്യേകം പ്രാർത്ഥനക്രമങ്ങളും ഓരോ പ്രാർത്ഥനയ്ക്കും പ്രത്യേകം പ്രുമിയോൻ - സെദറാകളും ഉണ്ട്. ഇവ പെങ്കീസോ (പെരുനാൾ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന പുസ്തകം) എന്ന പേരിൽ അറിയപ്പെടുന്നു. ഒരാഴ്ചയിലെ ഓരോ ദിവസത്തിൻെറയും യാമങ്ങൾക്കുള്ള പ്രത്യേക പ്രാർത്ഥനകളെ ശ്ഹീമൊ (common) പ്രാർത്ഥന എന്നു വിളിക്കുന്നു.

*1. സൂബോറൊക്കാലം*

മലങ്കര സഭയിൽ ആരാധനാവർഷം ആരംഭി ക്കുന്നത് കുദോശ് ഈത്തോ (സഭയുടെ വിശുദ്ധീകരണം) ഞായറാഴ്ചയാണ്. ഒക്ടോബർ മാസത്തിൻെറ അവസാനത്തെ രണ്ടു ദിവസങ്ങളിൽ ഒന്നു ഞായറാഴ്ചയാണെങ്കിൽ അതാണു വർഷാരംഭം. അല്ലെങ്കിൽ നവംബറിലെ ആദ്യ ഞായറാഴ്ച ആയിരിക്കും. സഭയുടെ സ്ഥാപനവും വിശുദ്ധീകരണവുമാണ് ഈ ഞായറാഴ്ചയിലെ ധ്യാനവിഷയം. രണ്ടാമത്തെ ഞായറാഴ്ചയും (ഹൂദോസ് ഈത്തൊ - സഭയുടെ നവീകരണം) വർഷാരംഭത്തോടു യോജിച്ചിരിക്കുന്നതായി കരുതപ്പെടുന്നു. മിശിഹായിൽ ക്കൂടിയുള്ള രക്ഷ ചരിത്രത്തിൽ ലഭ്യമാകുന്നത്, സഭയിൽ ക്കൂടിയാണെന്ന് സൂബോറൊക്കാലം വ്യക്തമാക്കുന്നു. ഈ കാലത്തു ബാക്കിയുള്ള അഞ്ച് ആഴ്ചകളും രക്ഷകൻെറ വരവിനോടു ബന്ധപ്പെട്ട അറിയിപ്പുകളാണ്.

*2. യൽദൊ - (ദനഹാക്കാലം)*

ക്രിസ്മസിന് ഒരാഴ്ച മുമ്പുമുതൽ വലിയനോമ്പ് തുടങ്ങുന്നതുവരെയുള്ള സമയമാണ് ഇത്. ക്രിസ്മസും യോർദാൻ നദിയിലെ മാമ്മോദീസായും ഈ കാലത്തിൽ പ്പെടുന്നു. "പ്രകാശത്തിൽ നിന്നുള്ള പ്രകാശ"മായ ക്രിസ്തുവിൻെറ പ്രത്യക്ഷീകരണമാണ് രണ്ടിൻെറയും പ്രതിപാദ്യം. അന്ത്യോക്യൻ പാരമ്പര്യത്തിൽ കർത്താവിൻെറ മാമ്മോദീസായാണ്. 'എപ്പിഫനി' അഥവാ ദൈവത്വം പ്രകാശിതമാവുന്ന അവസരം. പരിശുദ്ധ ത്രിത്വം പ്രകാശിതമാവുന്നതും അവിടെത്തന്നെ. ആട്ടിടയന്മാർക്ക് ബേത്‌ലെഹെമിൽ ഉദിച്ച പ്രകാശം യോർദാൻ നദിയിൽ വച്ച് ലോകത്തിനു മുഴുവൻ വെളിപ്പെട്ടു. ദനഹാ കാലത്തിൻെറ അവസാനമുള്ള മൂന്നാഴ്ചകളിൽ അനുതാപത്തിനായുള്ള മൂന്നു നോമ്പും (യൗനാൻ ദീർഘദർശിയെ സ്മരിച്ചുകൊണ്ട്), പരേതരായ വൈദികരെയും, മരിച്ചുപോയ എല്ലാ വിശ്വാസികളെയും അനുസ്മരിക്കുന്ന ഞായറാഴ്ചകളും വരുന്നു.

*3. വലിയ നോമ്പുകാലം*

നമ്മുടെ കർത്താവിൻെറ ഉയിർപ്പുതിരുന്നാളിന് ഒരുക്കമായുള്ള തപസ്സുകാലമാണിത് - സഭാവത്സരത്തിലെ ഏറ്റവും അനുഗൃഹീതമായ അവസരം. കർത്താവിൻെറ 40 ദിവസത്തെ ഉപവാസവും പരസ്യശുശ്രൂഷയുമാണ് ഈ അവസരത്തിലെ ധ്യാനവിഷയങ്ങൾ. നോമ്പിലെ ആറു ഞായറാഴ്ചകളിൽ കർത്താവിൻെറ ദൈവികശക്തി വെളിപ്പെടുത്തിയ വിവിധ അത്ഭുതങ്ങളാണു ചിന്താവിഷയം. നാലാമത്തെ ബുധനാഴ്ച (പാതിനോമ്പ്) ദൈവാലയ മദ്ധ്യത്തിൽ "ഗോഗുൽത്താ" സ്ഥാപിക്കപ്പെടുന്നു. നോമ്പിൻെറ നാല്പതാം ദിവസമായ വെള്ളിയാഴ്ചയുടെ പിറ്റേദിവസം ലാസറിനെ ഉയിർപ്പിച്ച ശനിയാഴ്ചയും അതിൻെറ പിറ്റേ ദിവസം ഓശാന ഞായറാഴ്ചയുമാണ്. പീഡാനുഭവവാരത്തിലെ വ്യാഴാഴ്ച (രഹസ്യങ്ങളുടെ വ്യാഴാഴ്ച എന്നാണ് ഈ ദിവസം വിളിക്കപ്പെടുക) വി. കുർബാന സ്ഥാപനത്തിൻെറയും വെള്ളിയാഴ്ച രക്ഷാകരമായ ക്രൂശുമരണത്തിൻെറയും ഭക്തിപൂർവ്വമായ ആചരണം നടത്തുന്നു. കർത്താവ് പാതാളത്തിലേക്കിറങ്ങി മരിച്ചവരോടു സുവിശേഷം അറിയിച്ചതിനെ ദുഃഖശനിയാഴ്ചയിൽ ഓർക്കുന്നു. ഇക്കാരണത്താൽ "അറിയിപ്പിൻെറ ശനിയാഴ്ച" എന്ന പേര് ഈ ദിവസത്തിനു നല്കപ്പെട്ടിരിക്കുന്നു.

*4. ക്യംതാക്കാലം*

ഉയിർപ്പു ഞായറാഴ്ച മുതൽ പെന്തിക്കൊസ്തി വരെയുള്ള ഏഴ് ആഴ്ചകളിൽ ഉയിർപ്പിൻെറ മഹിമയെപ്പറ്റി സഭ ചിന്തിക്കുന്നു. സഭാവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പെരുന്നാൾ ഇതാണ്. ക്രിസ്തീയ വിശ്വാസത്തിൻെറയും ആരാധനയുടെയും കേന്ദ്രവും ക്രിസ്തീയ ജീവിതത്തിൻെറ അടിസ്ഥാനവും ഇതുതന്നെ. വി. കുർബ്ബാനയിൽ ഉത്ഥിതനായ ക്രിസ്തുവിനെയാണു നാം സ്വീകരിക്കുന്നത്. ഉയിർപ്പിനെ സൂചിപ്പിക്കാനായിട്ടാണു ഞായറാഴ്ചകളിലും ഉയിർപ്പുപെരുന്നാൾ കഴിഞ്ഞുള്ള 40 ദിവസങ്ങളിലും എഴുന്നേറ്റുനിന്നു പ്രാർത്ഥി

ക്കണം എന്നു നിഖ്യാ സൂനഹദോസ് (325 എ.ഡി) അനുശാസിച്ചത്. കൃംതാ പെരുന്നാളിൽ മാമ്മോദീസാ സ്വീകരിക്കുന്നവർ ഒരാഴ്ച മുഴുവൻ വെള്ളവസ്ത്രം ധരിച്ചു നടക്കുന്ന പതിവ് ആദ്യ നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നു. അതുകൊണ്ടു കൃംതാ കഴിഞ്ഞുള്ള ആഴ്ചയ്ക്കു "ഹേവോറെ" (വെള്ളി) ആഴ്ച എന്നു പേരു പറയുന്നു. കൃംതാ കഴിഞ്ഞു നാല്പതാം ദിവസം കർത്താവിൻെറ സ്വർഗ്ഗാരോഹണ പെരുന്നാളാണ്.

*5. പെന്തക്കൊസ്തി (ശ്ലീഹാ)ക്കാലം*

സ്വർഗ്ഗാരോഹണത്തിനുശേഷം പത്തുദിവസം കഴിയുമ്പോൾ പെന്തക്കൊസ്തിയായി. അന്നുമുതൽ ആഗസ്റ്റ് 5 വരെയാണു - പെന്തിക്കൊസ്തിക്കാലം. പരിശുദ്ധാത്മാവിൻെറ വരവ്, ശ്ലീഹന്മാരുടെ സുവിശേഷഘോഷണം എന്നിവ ഇക്കാലത്ത് അനുസ്മരിക്കുന്നു. ശ്ലീഹാനോമ്പ്, പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ, മാർത്തോമ്മായുടെ ദുക്റോനൊ എന്നിവ ഈ കാലയളവിലാണ്. അതുകൊണ്ടു ശ്ലീഹാക്കാലം എന്നും ഇതറിയപ്പെടുന്നു.

*6. തേജസ്കരണകാലം*

കർത്താവിൻെറ മറുരൂപപ്പെരുന്നാൾ (ആഗസ്റ്റ് 6) മുതൽ സെപ്റ്റംബർ 13 വരെയാണ് തേജസ്കരണകാലം. തേജസ്കരണം കർത്താവിൻെറ കുരിശിൻെറയും ഉയിർപ്പിൻെറയും മുൻ സൂചനയാണ്. പഴയനിയമവും, പുതിയനിയമവും വേർപ്പെടുത്താവുന്നതല്ലെന്നും, കുരിശും മഹത്വവും ഒന്നാണെന്നും മരിച്ചവരും ജീവിച്ചിരിക്കുന്നവരും ക്രിസ്തുവിൽ ഒന്നാകുന്നു എന്നും തേജസ്കരണം നമ്മെ പഠിപ്പിക്കുന്നു. ദൈവമാതാവിൻെറ ജനനത്തിരുനാളും ഈ കാലത്തിലാണു സഭ ആഘോഷിക്കുന്നത്. വിശ്വാസികളുടെ മഹത്വീകരണത്തിൻെറ പ്രത്യാശ ഇതിൽ വ്യക്തമായിക്കാണാം.

*7. സ്ലീബാക്കാലം*

സ്ലീബാപ്പെരുനാാം (സെപ്റ്റംബർ 14) മുതൽ കൂദോശ് ഈത്തോവരെയുള്ള ഏഴാഴ്ചകളാണ് സഭാവത്സരത്തിന്റെ അവസാനഘട്ടം. ഹെലീനാ രാജ്ഞി നമ്മുടെ കർത്താവിന്റെ കുരിശു കണ്ടെത്തി യെറുശലേമിൽ ഒരു ദൈവാലയത്തിൽ അതു പ്രതിഷ്ഠിച്ചതിന്റെ ഓർമ്മ ദിവസമാണ് സെപ്റ്റംബർ 14. ലോകാവസാനം, മരിച്ചവരുടെ പുനരുത്ഥാനം, പൊതുവിധി, കർത്താവിന്റെ രണ്ടാമത്തെ വരവ്, സ്വർഗ്ഗീയ ഓർശലേമിന്റെ പ്രത്യക്ഷത എന്നിവയെ അനുസ്മരിക്കുന്നതാണ് സ്ലീബാക്കാലം. അങ്ങനെ സഭാവത്സരത്തിലെ ഏഴു കാലങ്ങൾ രക്ഷാകര ചരിത്രത്തിന്റെ പൂർണ്ണമായ അനാവരണം നിർവഹിച്ചുകൊണ്ട് സ്വർഗ്ഗത്തിലുള്ള പൗരത്വത്തെ ദർശിച്ച് ഭൂമിയിലെ വിശ്വാസ തീർത്ഥാടനം പൂർത്തിയാക്കുന്നതിന് വിശ്വാസികളെ പ്രാപ്തരാക്കുന്നു.

## പ്രാർത്ഥന

കർത്താവായ യേശുവേ, മാമ്മോദീസായിൽ അവിടുത്തോട് ഐക്യപ്പെട്ടിരിക്കുന്ന ഞങ്ങൾ അവിടുത്തെ ജീവിതശൈലി അനുകരിക്കാൻ കടപ്പെട്ടവരാണെന്ന് അറിയുന്നു. ആരാധനക്രമവത്സരത്തിന്റെ ആചരണത്തിലൂടെ അങ്ങയുടെ ജീവിതരഹസ്യങ്ങളിൽ പങ്കു ചേർന്നുകൊണ്ട് അങ്ങയെ യഥാർത്ഥമായി അനുകരിക്കാനും അങ്ങയോടുള്ള ബന്ധത്തിൽ വളരാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. ആരാധനക്രമവത്സരാചരണത്തിലൂടെ യേശുവിന്റെ ചരിത്രത്തിൽ നമുക്കു പങ്കുചേരാൻ കഴിയുന്നതെങ്ങനെ ?
2. ആരാധനക്രമവത്സരത്തിൽ പ്രാധാന്യത്തോടെ അനുസ്മരിക്കുന്ന ക്രിസ്തുസംഭവങ്ങൾ ഏതെല്ലാം?

3. ആരാധനക്രമവത്സരത്തിന്റെ രണ്ടു ക്രമങ്ങൾ ഏതെല്ലാം.

4. വിശുദ്ധരുടെ തിരുനാളുകൾക്ക് ക്രൈസ്തവജീവിതത്തിൽ എന്തു സ്വാധീനമാണുള്ളത്?

5. ആരാധനക്രമവത്സരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതെന്താണ് ?

6. സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരത്തിലെ പ്രധാനപ്പെട്ട കാലങ്ങൾ ഏവ ? ഓരോ കാലത്തിലും അനുസ്മരിക്കുന്ന പ്രധാന വിഷയമെന്ത് ?

7 ലത്തീൻ സഭയുടെ ആരാധനക്രമവത്സരത്തിലെ പ്രധാനപ്പെട്ട കാലങ്ങൾ ഏവ ? ഓരോ കാലത്തിലും അനുസ്മരിക്കുന്ന പ്രധാന വിഷയമെന്ത് ?

8. മലങ്കര സഭയുടെ ആരാധനക്രമവത്സരത്തിലെ പ്രധാനപ്പെട്ട കാലങ്ങൾ ഏവ ? ഓരോ കാലത്തിലും അനുസ്മരിക്കുന്ന പ്രധാന വിഷയമെന്ത് ?

## പ്രവർത്തിക്കുക

ആരാധനക്രമവത്സരത്തിലെ വിവിധകാലങ്ങൾ സൂചിപ്പിക്കുന്ന ഒരു ചാർട്ടു തയ്യാറാക്കുക.

# 6
# ജ്ഞാനസ്നാനം - നിത്യ രക്ഷയുടെ കൂദാശ

ഭാരതത്തിലെത്തിയിട്ടുള്ള ചില വിദേശീയർക്ക് ഭാരതപൗരത്വം ലഭിച്ചിട്ടുള്ളതായി അറിയാമല്ലോ. ഒരു രാജ്യത്തെ പൗരത്വം സ്വീകരിക്കണമെങ്കിൽ ആ രാജ്യത്തിന്റെ ഭരണഘടന അംഗീകരിക്കുകയും അതനുശാസിക്കുന്ന ചില നിയമപരമായ അനുഷ്ഠാനങ്ങൾ പൂർത്തിയാക്കുകയും വേണം. ദൈവരാജ്യത്തിലെ പൗരത്വം നേടാനും ചില വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഒരിക്കൽ നിക്കോദേമോസ് എന്ന പേരുള്ള ഒരു യഹൂദപ്രമാണി യേശുവിനെ സന്ദർശിച്ചപ്പോൾ അവിടുന്നു വ്യക്തമാക്കിയതാണ് ഈ കാര്യം. "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ 3:5). ജ്ഞാനസ്നാനത്തിന്റെ അഥവാ മാമ്മോദീസായുടെ ആവശ്യകതയാണ് ഈ വാക്കുകളിലൂടെ പ്രകടമാകുന്നത്. യേശുവിന്റെ പ്രബോധനത്തിനനുസൃതമായി ആദിമസഭയിൽ എല്ലാവർക്കും ജ്ഞാനസ്നാനം നല്കിയിരുന്നു. ദൈവരാജ്യം പ്രാപിക്കാൻ സഹായിക്കുന്നതിൽ ജ്ഞാനസ്നാനം എത്രത്തോളം പ്രാധാന്യമുള്ളതാണെന്നു വി. ഗ്രന്ഥത്തിന്റെയും സഭാപാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ നമുക്കു മനസ്സിലാക്കാം.

## വിശുദ്ധഗ്രന്ഥത്തിൽ

ഉത്ഥാനത്തിനുശേഷം യേശു ശിഷ്യന്മാരെ സുവിശേഷവേലയ്ക്ക് അയച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ.

പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28:19-20). ശിഷ്യഗണത്തിൻെറ ഈ പ്രേഷിതദൗത്യം രേഖപ്പെടുത്തുന്നിടത്ത് വി. മർക്കോസ് വിശ്വാസത്തോടുകൂടിയ ജ്ഞാനസ്നാനം രക്ഷയ്ക്ക് ആവശ്യകമാണെന്നു പറയുന്നു: "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ 16: 15-16).

## പാരമ്പര്യത്തിൽ

യേശുവിൻെറ കല്പനയനുസരിച്ച് അപ്പസ്തോലന്മാർ അന്നറിയപ്പെട്ടിരുന്ന ലോകത്തിൻെറ വിവിധഭാഗങ്ങളിൽപോയി സുവിശേഷം പ്രസംഗിച്ചു. ക്രിസ്തുവിൽ വിശ്വസിച്ചവരെയെല്ലാം അവർ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. പത്രോസിൻെറ ആദ്യത്തെ പ്രസംഗം കേട്ട് മൂവായിരത്തോളം ആളുകൾ ജ്ഞാനസ്നാനം സ്വീകരിച്ചതായി 'അപ്പോസ്തോലന്മാരുടെ പ്രവർത്തനങ്ങൾ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (അപ്പ 2:41-42).

## യോഹന്നാൻ നല്കിയിരുന്ന ജ്ഞാനസ്നാനം

സ്നാപകയോഹന്നാൻ നല്കിയിരുന്ന ജ്ഞാനസ്നാനത്തിൻെറയും യേശു സ്വീകരിച്ച ജ്ഞാനസ്നാനത്തിൻെറയും പശ്ചാത്തലത്തിൽ ആദിമ സഭ ക്രിസ്തീയ ജ്ഞാനസ്നാനത്തിൻെറ അർത്ഥം മനസ്സിലാക്കി. യോഹന്നാൻ നല്കിയിരുന്ന ജ്ഞാനസ്നാനത്തെ പാപമോചനത്തിനുള്ള അനുതാപത്തിൻെറ 'ജ്ഞാനസ്നാനം' എന്നാണ് വി. മർക്കോസ് വിശേഷിപ്പിക്കുന്നത് (മർക്കോ 1:4). പാപത്തിൽ നിന്നുള്ള മാനസാന്തരവും ജലംകൊണ്ടുള്ള സ്നാനവുമായിരുന്നു അതിൻെറ പ്രധാന ഘടകങ്ങൾ. വരാനിരിക്കുന്ന രക്ഷകനു വഴിയൊരുക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായിരുന്നു അത്. "ഞാൻ ജലംകൊ

ണ്ടു സ്നാനം നല്കുന്നു. എന്നാൽ എന്നെക്കാ ൾ ശക്തനായ ഒരുവൻ വരുന്നു, അവൻെറ ചെരുപ്പിൻെറ കെട്ടഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല, അവൻ പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങൾക്കു സ്നാനം നല്കും" (ലൂക്കാ 3:16).

## യേശു സ്വീകരിച്ച ജ്ഞാനസ്നാനം

പാപികളായ മനുഷ്യർക്കൊപ്പം യേശുവും യോഹന്നാനിൽ നിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു. പാപസ്പർശമേല്ക്കാത്ത യേശുവിനു പാപമോചനത്തിനുള്ള ജ്ഞാനസ്നാനത്തിൻെറ ആവശ്യമുണ്ടായിരുന്നില്ല. യേശുവിനു സ്നാനം നല്കാൻ യോഹന്നാൻ മടികാണിച്ചു. ' സർവനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാകുന്നു ' എന്നു പറഞ്ഞുകൊണ്ട് തനിക്കു സ്നാനം നല്കാൻ യേശു യോഹന്നാനെ പ്രേരിപ്പിച്ചു. രക്ഷാകര കൃത്യത്തിലൂടെ മനുഷ്യപാപങ്ങൾക്കു പരിഹാരം ചെയ്യാനുള്ള സന്നദ്ധത യേശു തൻെറ ജ്ഞാനസ്നാനത്തിലൂടെ പ്രകടമാക്കുകയായിരുന്നു. യേശുവിൻെറ ദൗത്യത്തിനു പിതാവ് ബാഹ്യമായ അംഗീകാരം നല്കിയതിൻെറ അടയാളമായിരുന്നു സ്വർഗ്ഗം തുറക്കപ്പെട്ടതും ദൈവാത്മാവ് പ്രാവിൻെറ രൂപത്തിൽ ഇറങ്ങിവന്നതും സ്വർഗ്ഗീയസ്വരം ശ്രവിച്ചതും.

## ക്രിസ്തീയ ജ്ഞാനസ്നാനം

ക്രിസ്തുവിൻെറ രക്ഷാകരദൗത്യം വെളിവാക്കുന്നതായിരുന്നു അവിടുത്തെ ജ്ഞാനസ്നാനമെങ്കിൽ അവിടുന്നു നേടിയ രക്ഷയിലുള്ള ആദ്യപങ്കാളിത്തമാണ് നമ്മുടെ ജ്ഞാനസ്നാനം. ക്രിസ്തുവിൻെറ സഹനത്തിലും മരണത്തിലും ഉയിർപ്പിലുമുള്ള ഭാഗഭാഗിത്വമായിട്ടാണ് വി. പൗലോസ് ജ്ഞാനസ്നാനത്തെ മനസ്സിലാക്കുന്നത്. ജ്ഞാനസ്നാനത്തിൽ നാം ക്രിസ്തുവിനോടുകൂടി പാപത്തിനു മരിക്കുന്നു. അവിടുത്തെ ഉത്ഥിത ജീവനിൽ പുനർജന്മം പ്രാപിക്കുകയും ചെയ്യുന്നു (റോമ6:3-11). അതുവഴി ജന്മപാപമുൾപ്പെടെ എല്ലാ പാപ

ങ്ങളിൽനിന്നും മോചിതരായി ദൈവികജീവനിൽ നാം പങ്കുകാരാവുകയും ക്രിസ്തുവിൽ പുതിയ സൃഷ്ടികളായിത്തീരുകയും ചെയ്യുന്നു. ദൈവാത്മാവിൽ നാം ദൈവത്തിൻെറ മക്കളും ക്രിസ്തുവിൻെറ സഹോദരരുമായിത്തീരുന്നു. ജ്ഞാനസ്നാനംവഴി ക്രിസ്തുവിൽ നാമെല്ലാവരും ഐക്യപ്പെടുകയും ഒരേ ശരീരത്തിലെ അംഗങ്ങളെന്ന നിലയിൽ പരസ്പരം ബന്ധിക്കപ്പെടുകയുമാണ്. "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകുവാൻ ജ്ഞാനസ്നാനമേറ്റു" (1 കോറി 12:13). അങ്ങനെ ജ്ഞാനസ്നാനം നമ്മെ ക്രിസ്തു സ്ഥാപിച്ച സഭയിലെ അംഗങ്ങളും ആ സഭയിലെ എല്ലാ അനുഗ്രഹങ്ങൾക്കും അവകാശികളുമാക്കുന്നു.

## നിത്യരക്ഷയ്ക്ക് ആവശ്യകമോ?

ഒരിജൻ (185-255) തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾ 'സഭയ്ക്കു പുറമേ രക്ഷയില്ല' എന്നൊരു ചിന്താഗതി സഭയിൽ വളർത്താൻ കാരണമായി.



ജ്ഞാനസ്നാനം സ്വീകരിച്ച് ദൃശ്യസഭയിൽ അംഗങ്ങളാകാത്തവർ രക്ഷ പ്രാപിക്കുകയില്ല എന്നാണ് ഈ പ്രസ്താവത്തിൻെറ അർത്ഥം. വി. സിപ്രിയാൻ (210-258) ഈ ആശയം തറപ്പിച്ചു പറയുകയുണ്ടായി.

സിപ്രിയാനുശേഷം വി. അഗസ്റ്റിനും സഭയ്ക്കു പുറമേ രക്ഷയില്ല എന്നു പഠിപ്പിച്ചു. സഭയുടെ രക്ഷാകരമായ പ്രാധാന്യവും പ്രസക്തിയും വ്യക്തമാക്കുകയായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശ്യം. രക്ഷയ്ക്കുള്ള അവശ്യഘടകമായി ക്രിസ്തു സഭയെ സ്ഥാപിച്ചു എന്ന ആശയമാണ് സഭയ്ക്കു പുറമേ രക്ഷയില്ല എന്ന പ്രസ്താവത്തിലൂടെ സഭാപിതാക്കന്മാർ അവതരിപ്പിച്ചത്. കത്തോലിക്കാ സഭയുമായുള്ള ഐക്യം രക്ഷ പ്രാപിക്കുവാനുള്ള അവശ്യഘടകമാണെന്ന് ഫ്ളോറൻസ് കൗൺസിൽ (1442) പഠിപ്പിച്ചു.

മേല്പറഞ്ഞ ചിന്താഗതിക്കു സമാന്തരമായി ജ്ഞാനസ്നാനം സ്വീകരിക്കാത്തവരുടെ രക്ഷയും ദൈവശാസ്ത്രജ്ഞന്മാർ പഠനവിഷയമാക്കിയിരുന്നു. മദ്ധ്യശതകങ്ങളിലാണ് ഈ പ്രശ്നത്തിന് ഉത്തരം നല്കപ്പെട്ടത്. ബല്ലാർമിൻ, സ്വാരസ് തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാർ 'ആഗ്രഹത്താലുള്ള മാമ്മോദീസാ' എന്ന ആശയം പ്രചരിപ്പിച്ചു. വി. തോമസ് അക്വീനാസും ഈ ആശയത്തെ പിന്താങ്ങി. ആഗ്രഹത്താലുള്ള ജ്ഞാനസ്നാനത്തിൻെറ അർത്ഥമിതാണ്. "ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുന്നു നല്കുന്ന രക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരാൾക്ക് പ്രായോഗിക വൈഷമ്യങ്ങൾമൂലം ജ്ഞാനസ്നാനം സ്വീകരിക്കാൻ സാധിക്കാതെ വന്നാലും ആ കൂദാശയുടെ കൃപാവരം ലഭിക്കുന്നതാണ്. ആഗ്രഹത്താലുള്ള മാമ്മോദീസാ സ്വീകരിക്കുന്നവർ അദൃശ്യമായി സഭാതനയരാണെന്നും അതിനാൽ അവർ രക്ഷ പ്രാപിക്കുമെന്നും ത്രെന്തോസ് സൂനഹദോസ് (1545-1563) പഠിപ്പിച്ചു"

കുറ്റകരമല്ലാത്ത അജ്ഞതമൂലം സഭയെ രക്ഷാമാർഗ്ഗമായി മനസ്സിലാക്കാത്ത ആളുകളും രക്ഷപ്രാപിക്കാ

മെന്നാണ് സഭയുടെ ഇപ്പോഴത്തെ പ്രബോധനം. "സ്വന്തം കുറ്റംകൂടാതെ ക്രിസ്തുവിൻെറ സുവിശേഷത്തെയും അവിടുത്തെ സഭയെയും അറിയാതിരിക്കുകയും അതേസമയം ആത്മാർത്ഥഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുകയും മനസ്സാക്ഷിയുടെ സ്വരത്തിലൂടെ പ്രകടമാകുന്ന ദൈവതിരുമനസ്സ് കൃപാവരത്തിൻെറ പ്രചോദനങ്ങൾക്കനുസൃതമായി നിറവേറ്റാൻ പരിശ്രമിക്കുകയും ചെയ്യുന്നവർക്ക് നിത്യരക്ഷ പ്രാപിക്കാം. എന്തെല്ലാം നന്മയും സത്യവും അവരിൽ കാണുണ്ടോ അതെല്ലാം സുവിശേഷ സ്വീകരണത്തിനുള്ള ഒരുക്കമായി സഭ പരിഗണിക്കുന്നു. എല്ലാവർക്കും ജീവനുണ്ടാകാനായി എല്ലാവരെയും പ്രകാശിപ്പിക്കുന്നവൻ നല്കിയ ദാനമായി ഇവയെ അവർ കരുതുന്നു" (തിരുസഭ, 16).

സഭയ്ക്കുപുറമേ രക്ഷയില്ല എന്ന പ്രസ്താവം പ്രസക്തമാകുന്നത് സഭയാണ് ഏക രക്ഷാമാർഗ്ഗമെന്നു മനസ്സിലാക്കിയശേഷവും സഭയെ നിഷേധിക്കുന്നവരുടെ കാര്യത്തിലാണ്. തിരുസഭയെ രക്ഷയ്ക്കുള്ള അവശ്യഘടകമായി ക്രിസ്തുവഴി ദൈവം സ്ഥാപിച്ചിരിക്കുന്നു എന്ന പരമാർത്ഥം മനസ്സിലാക്കിയിട്ടും അതിൽ പ്രവേശിക്കുകയോ അതിൽ നിലനില്ക്കുകയോ ചെയ്യാത്ത മനുഷ്യർ രക്ഷപ്രാപിക്കുകയില്ല (തിരുസഭ, 14).

## ശിശുജ്ഞാനസ്നാനം

രക്ഷയുടെ സമൂഹമായ സഭയിൽ അംഗമാകാനുള്ള മാർഗ്ഗമെന്ന നിലയിൽ ജ്ഞാനസ്നാനം ശിശുക്കൾക്കും നല്കുന്ന പാരമ്പര്യം ആദിമനൂറ്റാണ്ടുകളിൽ നിലവിൽ വന്നു. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഈ പതിവ് അത്രതന്നെ പ്രബലമായിരുന്നില്ല. ആദ്യമൊക്കെ മുതിർന്നവരോടാണ് സുവിശേഷം പ്രസംഗിക്കപ്പെട്ടിരുന്നത്. അവർ ജ്ഞാനസ്നാനം സ്വീകരിച്ച് സഭാംഗങ്ങളായി കഴിഞ്ഞതിനുശേഷം അവർക്കു ജനിച്ചമക്കളെ സഭയിൽ പ്രവേശിപ്പിക്കുകയെന്ന ആവശ്യമുണ്ടായി. അപ്പോഴാണു ശിശുജ്ഞാനസ്നാനവും അംഗീകരിക്കപ്പെട്ടത്. അപ്പസ്തോ

ലന്മാരുടെ പ്രസംഗങ്ങൾവഴി ചില കുടുംബങ്ങൾ ഒന്നടങ്കം വിശ്വാസം സ്വീകരിച്ചു സ്നാനപ്പെട്ടതായി "അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് " ലീദിയായുടെയും (അപ്പ 16:15) ഫിലിപ്പിയിലെ കാരാഗൃഹകാവല്ക്കാരൻെറയും (അപ്പ 16:33) ക്രിസ്പൂസിൻെറയും (അപ്പ 18:8) കുടുംബങ്ങൾ ഉദാഹരണങ്ങളാണ്. ഇങ്ങനെ കുടുംബങ്ങൾ ജ്ഞാനസ്നാനം സ്വീകരിച്ച അവസരങ്ങളിൽ കുടുംബാംഗങ്ങളായി ഉണ്ടായിരുന്ന ശിശുക്കൾക്കും ജ്ഞാനസ്നാനം നല്കിയിരിക്കാനാണു സാധ്യത.

നാലാം നൂറ്റാണ്ടായപ്പോഴേക്കും എല്ലാ സഭകളിലും തന്നെ ശിശുജ്ഞാനസ്നാനം അംഗീകരിക്കപ്പെട്ട പതിവായിക്കഴിഞ്ഞിരുന്നു. സഭയ്ക്കുപുറമേ രക്ഷയില്ല എന്ന ചിന്താഗതിയുടെ സ്വാധീനം ശിശുക്കൾക്കും ജ്ഞാനസ്നാനം നല്കുക ആവശ്യകമാണെന്ന വിശ്വാസത്തിന് ആക്കം കൂട്ടി. ആധുനികകാലത്ത് നേരേമറിച്ചൊരു ചിന്താഗതി പ്രബലപ്പെട്ടിട്ടുണ്ട്. ജ്ഞാനസ്നാന സ്വീകരണത്തിന് ആവശ്യകമായ വിശ്വാസസമർപ്പണം ബോധപൂർവം നിർവഹിക്കുവാൻ ശിശുക്കൾക്ക് സാധ്യമല്ലാത്തതിനാൽ ശിശുജ്ഞാനസ്നാനത്തിന് അർത്ഥമില്ല എന്നതാണ് പുതിയ വാദഗതി. എന്നാൽ സഭ ഈ അഭിപ്രായത്തെ അനുകൂലിക്കുന്നില്ല. ജ്ഞാനസ്നാനത്തിലൂടെ ദൈവികജീവനിൽ പങ്കാളിത്തം ലഭിക്കാൻ ശിശുവിനും അവകാശമുണ്ട് എന്നതാണ് സഭയുടെ നിലപാട്. ശിശുക്കളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ആവശ്യകമായതെല്ലാം അവർ സ്വന്തമായി തീരുമാനങ്ങളെടുക്കുവാൻ പ്രായമാകുന്നതിനുമുമ്പുതന്നെ മാതാപിതാക്കന്മാരും സമൂഹവും അവർക്കു നല്കാറുണ്ടല്ലോ. അതുപോലെ അവരുടെ ആദ്ധ്യാത്മികവളർച്ചയ്ക്ക് ആവശ്യകമായ ദൈവികജീവൻ നല്കാൻ ജ്ഞാനസ്നാനത്തിലൂടെ സഭയും തയ്യാറാകുന്നു. വിശ്വാസ ജീവിതത്തിനാവശ്യമായ കൃപാവരം ജ്ഞാനസ്നാനത്തിലൂടെ ശിശുവിന് ലഭിക്കുന്നു.

ശിശുപ്രായത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നവർ വളർച്ചയെത്തുമ്പോൾ ബോധപൂർവകമായ വിശ്വാസ സമർപ്പണം നടത്തണമെന്നു സഭ നിഷ്കർഷിക്കുന്നുണ്ട്. അതിനാലാണ് ജ്ഞാനസ്നാനത്തിൽ ശിശുക്കൾക്കു വേണ്ടി തലതൊട്ടപ്പനും തലതൊട്ടമ്മയും ഏറ്റുപറഞ്ഞ വിശ്വാസം പിന്നീട് വി. കുർബാന, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ സ്വീകരണസമയത്ത് അർത്ഥികൾ തന്നെ പ്രഖ്യാപിക്കുന്ന പതിവ് സഭയിൽ നടപ്പിലാക്കിയതും.

ദൈവിക ജീവനിൽ പങ്കുകാരാക്കിക്കൊണ്ട് നമ്മെ ദൈവമക്കളും സഭയിലെ അംഗങ്ങളുമാക്കുന്ന കൂദാശയാണ് ജ്ഞാനസ്നാനം എന്നു നാം കണ്ടു. യേശുവിന്റെ കല്പനയനുസരിച്ചാണ് സഭ ജ്ഞാനസ്നാനം എന്ന കൂദാശ പരികർമ്മം ചെയ്യുന്നത്. എന്നാൽ ഈ കൂദാശയുടെ മാഹാത്മ്യം വിസ്മരിച്ചുകൊണ്ട് ഇതിനെ കേവലം ഒരു ചടങ്ങുമാത്രമായി കാണുന്ന പ്രവണത വളർന്നുവരുന്നുണ്ട്. ജ്ഞാനസ്നാനത്തിന്റെ പ്രസക്തിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചുമുള്ള പഠനം ഈ കൂദാശയുടെ അർത്ഥവത്തായ അനുഷ്ഠാനത്തിന് പ്രേരകമാകണം.

ശിശുക്കളായിരുന്നപ്പോൾ ജ്ഞാനസ്നാനം സ്വീകരിച്ചവരാണല്ലോ നാം. ജ്ഞാനസ്നാനാവസരത്തിൽ നാം സ്വീകരിച്ച ദൈവികജീവനിൽ വളരാൻ നമുക്കു ചുമതലയുണ്ട്. അറിവും ബുദ്ധിയും വികസിക്കുന്നതിനോടൊപ്പം നമ്മുടെ വിശ്വാസജീവിതവും വളരേണ്ടിയിരിക്കുന്നു. ജ്ഞാനസ്നാനാർത്ഥിക്കു വേണ്ടി തലതൊട്ടപ്പനും തലതൊട്ടമ്മയും ഏറ്റുപറഞ്ഞ വിശ്വാസം ഇന്ന് ബോധപൂർവം ഏറ്റുപറയാൻ നമുക്കു കഴിയണം. അങ്ങനെ ക്രിസ്തുവും അവിടുന്നു സ്ഥാപിച്ച സഭയുമാണ് ഏകരക്ഷാമാർഗ്ഗമെന്ന നമ്മുടെ വിശ്വാസജീവിതത്തിലൂടെ നാം പ്രഖ്യാപിക്കണം.

### പ്രാർത്ഥന

ജ്ഞാനസ്നാനത്തിലൂടെ വീണ്ടും ജനിക്കുവാൻ

ഞങ്ങൾക്ക് അനുഗ്രഹം നല്കിയ ദൈവമേ, അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. ക്രൈസ്തവ ജീവിതത്തിലേക്കുള്ള അങ്ങയുടെ വിളി സ്വീകരിക്കുന്ന ഞങ്ങൾ നിർവഹിക്കേണ്ട ചുമതലകൾ വളരെ വലുതാണെന്നു ഞങ്ങൾ മനസ്സിലാക്കുന്നു. ജ്ഞാനസ്നാനവിളിയുടെ മാഹാത്മ്യത്തിനൊത്തവിധം എപ്പോഴും ജീവിച്ചുകൊണ്ട് അങ്ങയുടെ വിളിക്ക് യഥാർത്ഥമായി മറുപടി നല്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. യേശുവിൻെറ കല്പനയനുസരിച്ചാണ് സഭ ജ്ഞാനസ്നാനം നല്കുന്നതെന്നതിന് ഒരു തെളിവ് വി. ഗ്രന്ഥത്തിൽ നിന്നു ചൂണ്ടിക്കാണിക്കുക.
2. യോഹന്നാൻ നല്കിയിരുന്ന സ്നാനത്തിൻെറ സ്വഭാവമെന്തായിരുന്നു ?
3. യേശുവിൻെറ ജ്ഞാനസ്നാനവും അവിടുത്തെ ദൗത്യവും തമ്മിലുള്ള ബന്ധമെന്ത്?
4. ക്രിസ്തീയ ജ്ഞാനസ്നാനത്തിൻെറ അർത്ഥമെന്ത്?
5. 'ആഗ്രഹത്താലുള്ള മാമ്മോദീസാ' എന്നാലെന്ത് ?
6. സഭയ്ക്കു പുറത്തുള്ളവരുടെ രക്ഷയെപ്പറ്റി സഭയുടെ ഇപ്പോഴത്തെ പ്രബോധനമെന്ത് ?
7. ആദിമസഭയിൽ ശിശുക്കൾക്കും ജ്ഞാനസ്നാനം നല്കിയിരുന്നുവെന്നതിന് വി. ഗ്രന്ഥത്തിൽ നിന്നു തെളിവുകൾ നല്കുക.
8. ശിശു ജ്ഞാനസ്നാനത്തെപ്പറ്റിയുള്ള സഭയുടെ നിലപാട് വിശദമാക്കുക.

## പ്രവർത്തിക്കുക

നിങ്ങളുടെ ഇടവക ദൈവാലയത്തിൽ ജ്ഞാനസ്നാനം നടക്കുന്ന സന്ദർഭങ്ങളിൽ സാധിക്കുമ്പോഴെല്ലാം അതിൽ സജീവമായി പങ്കുകൊള്ളുവാൻ തീരുമാനിക്കുക.

# 7

# അനുരഞ്ജനം – ദൈവത്തോടും സഹോദരങ്ങളോടും

ഹൈന്ദവർ പുണ്യനദിയായി കരുതുന്ന ഗംഗയിൽ പതിനായിരക്കണക്കിനു ഭക്തജനങ്ങൾ പാപമോചനാർത്ഥം സ്നാനം ചെയ്യുന്നതായി പത്രങ്ങളിൽ നാം വായിക്കാറുണ്ടല്ലോ. മനുഷ്യനെ അവൻെറ നിഴൽപോലെ പിന്തുടരുന്ന പാപബോധം എന്ന സത്യത്തിലേക്കാണ് ഇതു വിരൽചൂണ്ടുന്നത്. തെല്ലും മുന്നോട്ടു നീങ്ങാനാവാത്തവിധം മനുഷ്യനെ അവൻെറ ജീവിതത്തിൽ തടഞ്ഞുനിർത്തുന്ന ഭീകര യാഥാർത്ഥ്യമാണു പാപമെന്ന് അവൻ മനസ്സിലാക്കുന്നു. പാപത്തിൻെറ ഈ ബന്ധനത്തിൽ നിന്നു മോചനം നേടാൻ എല്ലാ മനുഷ്യരും തീവ്രമായി ആഗ്രഹിക്കുന്നുണ്ട്.

മനുഷ്യനെ അവൻെറ ദയനീയമായ പാപാവസ്ഥയിൽ നിന്നു ശാശ്വതമായി മോചിപ്പിക്കുക എന്നത് രക്ഷകനായ ക്രിസ്തുവിൻെറ ദൗത്യമായിരുന്നു. പാപം സഹോദരനെതിരായ തിന്മയാണ്. വ്യക്തിക്കു സമൂഹത്തോട് അഭേദ്യമായ ബന്ധമുള്ളതുകൊണ്ടു തിന്മയുടെ വേര് സമൂഹത്തിലേക്കും വ്യാപിക്കുന്നു. ദൈവം മനുഷ്യസമൂഹത്തിൻെറ ഏകപിതാവാകയാൽ വ്യക്തിയുടെ തിന്മ അവിടുത്തെയും വേദനിപ്പിക്കുന്നു. ഈ പൊതുവിപത്തിനു ഫലപ്രദമായ പരിഹാരമായി അനുരഞ്ജനത്തിൻെറ കൂദാശ യേശു സ്ഥാപിച്ചു. മുറിവേറ്റ സഹോദരനോടും സമൂഹത്തോടും ദൈവത്തോടും രമ്യതപ്പെടുക. അതാണ് ഈ കൂദാശയുടെ ലക്ഷ്യം.

## അനുരഞ്ജനത്തിൻെറ കൂദാശയെ ചോദ്യം ചെയ്യുന്നവർ

ബാല്യംമുതൽ അനുരഞ്ജന കൂദാശ സ്വീകരിച്ചു പോരുന്നവരാണല്ലോ നമ്മൾ. എങ്കിലും ഈ കൂദാശയുടെ ഫലപ്രദമായ സ്വീകരണത്തിനു പല തടസ്സങ്ങളും ഇന്ന് ഉണ്ടാകുന്നുണ്ട്. ചിലരെങ്കിലും ഇന്ന് അനുരഞ്ജനകൂദാശയുടെ പ്രസക്തിയെ ചോദ്യം ചെയ്യുന്നു. അവർ ഉന്നയിക്കാറുള്ള പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ് :

1. അനുരഞ്ജനകൂദാശയുടെ ആവർത്തിച്ചുള്ള സ്വീകരണം പലരുടെയും ജീവിതത്തിൽ സാരമായ പരിവർത്തനങ്ങൾ വരുത്തുന്നില്ല. അതിനാൽ ഈ കൂദാശയുടെ വീണ്ടും വീണ്ടുമുള്ള സ്വീകരണം ഫലശൂന്യമാണ്.

2. മനുഷ്യന് ആത്മാഭിമാനം വർദ്ധിച്ചുവരുന്ന ഈ കാലത്ത് വ്യക്തിജീവിതത്തിൻെറ രഹസ്യമായ അറകളെ മറ്റൊരു വ്യക്തിയുടെ (വൈദികൻെറ) മുമ്പിൽ തുറന്നു വയ്ക്കുന്നതു ശരിയല്ല.

3. ഇന്ന് പലരും കൂദാശ സ്വീകരിക്കുന്നത് ഒരു പതിവുകർമ്മമായിട്ടാണ്. എന്തുതെറ്റു ചെയ്താലും വൈദികനോട് ഏറ്റുപറയുകയും വൈദികൻ പാപമോചനവാക്കുകൾ ഉച്ചരിക്കുകയും ചെയ്തുകഴിഞ്ഞാൽ എല്ലാം ശുഭമായി എന്ന് അവർ കരുതുന്നു. തികച്ചും യാന്ത്രികമാണ് ഇത്തരക്കാരുടെ കുമ്പസാരം. തെറ്റുചെയ്താലും സാരമില്ല, കുമ്പസാരിച്ചാൽ മതിയല്ലോ എന്ന ചിന്താഗതിയാണ് അവരെ നയിക്കുന്നത്.

4. കുമ്പസാരത്തിനുപകരം മനഃശാസ്ത്രപരമായ കൗൺസലിംഗ് മതിയാവുകയില്ലേ?

മേല്പറഞ്ഞ പ്രശ്നങ്ങൾക്കു സഭയുടെ പ്രബോധനമനുസരിച്ചു തക്കതായപരിഹാരമുണ്ടോ എന്നു പരിശോധിക്കാം. മൂന്നും നാലും സ്റ്റാൻഡേർഡുകളിൽ അനുരഞ്ജന കൂദാശയെക്കുറിച്ചു പഠിപ്പിച്ചിട്ടുള്ളതിൻെറ

അടിസ്ഥാനത്തിലാണ് ഇവിടെ നാം ഈ വിഷയം ചർച്ച ചെയ്യുന്നത്.

## മനഃപരിവർത്തനം - കാതലായ ആവശ്യം

"മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4:17) എന്ന് ഉദ്ഘോഷിച്ചുകൊണ്ടാണ് യേശു തന്റെ ജീവിതദൗത്യം പരസ്യമായി ആരംഭിച്ചത്. ദൈവരാജ്യത്തിന്റെ സുവിശേഷം സ്വീകരിക്കുന്നവരിലെല്ലാം അടിസ്ഥാനപരമായ ഒരു മാനസാന്തരം സംഭവിച്ചേ തീരൂ.

മാനസാന്തരത്തിനു രണ്ടു വശങ്ങളുണ്ട്: പാപത്തോടുള്ള വിടവാങ്ങലും ദൈവത്തിങ്കലേക്കുള്ള തിരിച്ചുവരവും. ധൂർത്തപുത്രൻ പറഞ്ഞു : 'ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കലേക്കു പോകും' ഏതു മാനസാന്തരത്തിലും അതുതന്നെയാണു സംഭവിക്കേണ്ടത്. പാപത്തിന്റെ ദാസ്യത്തെ വിട്ടുപേക്ഷിച്ചു ദൈവസ്നേഹത്തിൽ അഭയം ഗമിക്കാനുള്ള ദൃഢനിശ്ചയം.



ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്ക് പോകും

ക്രിസ്തീയജീവിതം നിരന്തരമായ ഒരു മാനസാന്തരമാണ്. സ്വാർത്ഥത്തിൻെറ താത്പര്യങ്ങൾ മനുഷ്യനെ പാപത്തിലേക്കു നയിച്ചുകൊണ്ടിരിക്കും. അതിനെതിരേ സമരം ചെയ്യുന്ന ക്രൈസ്തവൻ നിരന്തരം പുതിയപുതിയ തീരുമാനങ്ങളിലൂടെ നന്മയിൽ വളരണം. ഈ വളർച്ചയ്ക്കു തളർച്ച സംഭവിച്ചാൽ അതിനെ അതിജീവിക്കാൻ അനുരഞ്ജനത്തിൻെറ കൂദാശ സഹായിക്കുന്നു.

മാനസാന്തരം പൂർണ്ണമാകണമെങ്കിൽ പാപം ചെയ്യുകയില്ലെന്ന ദൃഢമായ പ്രതിജ്ഞ ആവശ്യകമാണ്. പാപിനിയായ സ്ത്രീയോടുള്ള യേശുവിൻെറ വാക്കുകൾ ഈ പ്രതിജ്ഞയുടെ ആവശ്യകത സൂചിപ്പിക്കുന്നുണ്ട്. "യേശു പറഞ്ഞു : ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്" (യോഹ 8:11). ദൃഢനിശ്ചയത്തിൻെറ അഭാവമാണ് ഒരേ തെറ്റുകൾതന്നെ ഗൗരവത്തിനൊരു കുറവുമില്ലാതെ ആവർത്തിക്കപ്പെടുന്നതിനു പ്രധാന കാരണം. അതിനാൽ, ജീവിത പരിവർത്തനം ആഗ്രഹിക്കുന്നവർ കുമ്പസാരത്തിനണയുമ്പോൾ ശരിയായ പശ്ചാത്താപവും ദൃഢമായ പ്രതിജ്ഞയും ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു. ഈ നിഷ്ഠ പാലിച്ചാൽ ആവർത്തിച്ചുള്ള കുമ്പസാരംവഴി പാപത്തിൻേറതായ പ്രവർത്തനങ്ങളെ ഓരോന്നായി അതിജീവിച്ച് ക്രമേണ പാപരഹിതവും വിശുദ്ധവുമായ ഒരു നിലയിലേയ്ക്ക് ഉയരാൻ കഴിയും.

### ഏറ്റുപറച്ചിൽ എന്തിന് ?

സ്വന്തം കുറ്റങ്ങൾ വേറൊരു വ്യക്തിയോട് ഏറ്റുപറയുക മാനസികമായി ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. എന്നാൽ, ഏറ്റുപറച്ചിലിൻെറ ആവശ്യകത കണക്കിലെടുക്കുമ്പോൾ ഈ വൈഷമ്യം അത്രതന്നെ ഗണനീയമല്ല.

പാപം നമ്മിൽ ത്രിവിധത്തിലുള്ള ഭിന്നത സൃഷ്ടിക്കുന്നു : അത് ദൈവത്തിൽനിന്നു നമ്മെ അകറ്റുന്നു,

സഹോദരരോടു ശത്രുതയുളവാക്കുന്നു. നമ്മിൽത്തന്നെയും അസ്വാസ്ഥത സൃഷ്ടിക്കുന്നു. ഈ ത്രിവിധ ഭിന്നതകളും കുമ്പസാരമെന്ന കൂദാശയിലൂടെ പരിഹൃതമാകണം. ദൈവത്തോടും സഹോദരരോടും പാപങ്ങാം ഏറ്റു പറഞ്ഞ് അനുരഞ്ജനം സ്വീകരിച്ചാലേ വ്യക്തിപരമായ അസ്വസ്ഥതയും അകലുകയുള്ളു.

ധൂർത്തപുത്രൻ പിതാവിനോടു തൻെറ പാപം ഏറ്റുപറയുന്നുണ്ട്. യേശുവിൻെറ പാദങ്ങാം കണ്ണീരുകൊണ്ടു കഴുകി തലമുടികൊണ്ടു തുടച്ച പാപിനിയായ സ്ത്രീയും അവളുടെ പാപങ്ങാം ഏറ്റുപറയുകയായിരുന്നു. വി. യാക്കോബ് ഉദ്ബോധിപ്പിക്കുന്നു: "നിങ്ങാം സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങാം ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ" (യാക്കോ 5:16).

പാപം ചെയ്യുന്നവൻ ആർക്കെല്ലാമെതിരായി തെറ്റു ചെയ്യുന്നുവോ അവരോടെല്ലാം തെറ്റു സമ്മതിച്ചു രമ്യതയിലാവുകയാണ് ഏറ്റുപറച്ചിലിൻെറ ഉദ്ദേശ്യം. പാപത്തെക്കുറിച്ചു നമ്മുടെ ഉള്ളിലുള്ള പശ്ചാത്താപത്തിൻെറ ബാഹ്യപ്രകടനം കൂടിയാണത്. അതിനാൽ, പശ്ചാത്താപം പൂർണ്ണമാക്കാനും ഏറ്റുപറച്ചിൽ സഹായിക്കുന്നു. യേശുവിൻെറ പീഡാസഹനവും മരണവുമാണല്ലോ നമുക്കു രക്ഷ നേടിത്തന്നത്. പാപങ്ങാം ഏറ്റുപറയുന്നതിനുള്ള ക്ലേശം അവിടുത്തെ രക്ഷാകരമായ സഹനത്തിലുള്ള പങ്കാളിത്തമായി നാം കരുതണം.

പാപങ്ങാം ഏറ്റുപറയുമ്പോാം നാം എങ്ങനെ പറയുന്നു, എന്തെല്ലാം പറയുന്നു എന്നതിന് അമിതപ്രാധാന്യം കല്പിക്കേണ്ടതില്ല. നമ്മുടെ പാപാവസ്ഥ സഭയെ അറിയിക്കുകയും അതിനു മോചനം നേടുകയുമാണ് ആവശ്യം. ജീവിതത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങാം

വൈദികനിൽ നിന്നു സ്വീകരിക്കാനുതകുന്ന തുറന്ന മനോഭാവം ഇക്കാര്യത്തിൽ നാം പ്രദർശിപ്പിക്കണം. പാപപ്രവൃത്തികളുടെ ഗൗരവവും എണ്ണവും വ്യക്തമാക്കണമെന്നു സഭ പഠിപ്പിക്കുന്നതിൻെറ പ്രധാന ഉദ്ദേശ്യമിതാണ്.

എന്തുകൊണ്ട് വൈദികനോട് ഏറ്റു പറയണം ? ആദിമസഭാ സമൂഹങ്ങളിൽ പാപികൾ തങ്ങളുടെ തെറ്റുകൾ വിശ്വാസികളുടെ സമൂഹത്തോട് ഏറ്റുപറയുക പതിവായിരുന്നു. ഇതിലുണ്ടാകുന്ന അപാകതകളെ കണക്കിലെടുത്തുകൊണ്ട് കാലക്രമേണ സഭ ഏർപ്പെടുത്തിയതാണ് ഇന്നത്തെ രീതിയിൽ വൈദികനോടു പാപങ്ങൾ ഏറ്റുപറയുന്നരീതി.

പാപം സമൂഹത്തിനെതിരായ തിന്മയാണല്ലോ. അതിനാൽ അത് സഭയ്ക്കെതിരായിട്ടുള്ള തിന്മയുമാണ്. ഇതിൽ നിന്ന് കുമ്പസാരംവഴി പാപി സഭയോടും അനുരഞ്ജനപ്പെടണമെന്നുവരുന്നു. വൈദികനോടുള്ള ഏറ്റുപറച്ചിൽ സഭയോടുള്ള അനുരഞ്ജനത്തിൻെറ മാർഗ്ഗമാണ്. വൈദികനെ സഭയുടെ പ്രതിനിധിയായി കാണണം. ക്രിസ്തുവിൻെറ പ്രതിപുരുഷനും ദൈവജനത്തിൻെറ നേതാവുമായ അദ്ദേഹം സഭയുടെ നാമത്തിൽ സഭാംഗങ്ങളുടെ പാപസങ്കീർത്തനം ശ്രവിക്കാൻ സമുചിതനായ വ്യക്തിയാണ്. അതിനുള്ള അധികാരം പൗരോഹിത്യം സ്വീകരിക്കുമ്പോൾ സഭയിലൂടെ ക്രിസ്തു അദ്ദേഹത്തിനു നല്കുന്നുമുണ്ട്. വൈദികനോടു പാപങ്ങൾ ഏറ്റുപറയുമ്പോൾ സഭയോടുതന്നെയാണ് നാം ഏറ്റുപറയുന്നത്. പാപമോചനാശീർവാദത്തോടെ ലഭിക്കുന്ന പ്രസാദവരം സഭയോടു നമ്മെ രമ്യതപ്പെടുത്തുകയും ചെയ്യുന്നു.

### ബോധപൂർവകമായ സ്വീകരണം

കുമ്പസാരത്തിന് ഇന്നു സ്വീകരിക്കുന്ന രീതിയും അവസരങ്ങളും ഈ കൂദാശയുടെ പരികർമ്മത്തെ പലപ്പോഴും യാന്ത്രികമാക്കാറുണ്ട്. വളരെയധികം ആളുകൾ ഒരു വൈദികൻെറയടുത്തു തടിച്ചുകൂടുമ്പോൾ കുമ്പസാരിക്കുന്നവരുടെ ഏറ്റുപറച്ചിലും, വൈദികൻ നല്കുന്ന ആദ്ധ്യാ

ത്മികനിർദ്ദേശവും യാന്ത്രികമായില്ലെങ്കിലേ അദ്ഭുതത്തിനു വകയുള്ളു. തിരുനാളുകളിലും വിശേഷാവസരങ്ങളിലും ഇതിനുള്ള സാദ്ധ്യത ഏറെയാണ്. ഈ രീതിക്ക് പ്രതിവിധി കണ്ടെത്തേണ്ടിയിരിക്കുന്നു. ,

കൂദാശകളൊന്നും തന്നെ പതിവുകർമ്മമായി മാത്രം സ്വീകരിക്കുക ശരിയല്ല. കുമ്പസാരിക്കുവാൻ സൗകര്യവും സാവകാശവുമുള്ള സമയം കണ്ടെത്തണം. ജീവിതാവസ്ഥ മുഴുവൻ തുറന്നുവച്ചാലേ നവീകരണത്തിനാവശ്യകമായ നിർദ്ദേശങ്ങളും മാർഗ്ഗദർശനവും വൈദികനിൽ നിന്നു ലഭിക്കൂ. സ്ഥിരമായ മാർഗ്ഗനിർദ്ദേശത്തിന് ഒരാദ്ധ്യാത്മികഗുരുവിനെ തിരഞ്ഞെടുക്കാൻ സാധിക്കുമെങ്കിൽ ജീവിതനവീകരണത്തിന് അതു കൂടുതൽ സഹായകമാണ്.

### ആദ്ധ്യാത്മിക സൗഖ്യം

മനുഷ്യൻെറ മാനസിക പ്രശ്നങ്ങളിൽ നിന്നു മോചനം നേടാൻ മനഃശാസ്ത്രപരമായ കൗൺസലിംഗ് വളരെ ഉപകരിക്കും. എന്നാൽ കൗൺസലിംഗിനെ കുമ്പസാരത്തിനുപകരം പ്രതിഷ്ഠിക്കുക സാദ്ധ്യമല്ല. കാരണം, പാപമോചനവും അനുരഞ്ജനവും മാനസികതലത്തിൽ നടക്കുന്ന രോഗവിമുക്തിയല്ല. കൗൺസലിംഗിലെന്നതിനെക്കാൾ ഏറെ ആന്തരികമാണ് കുമ്പസാരമെന്ന കൂദാശയുടെ പ്രവർത്തനം. മനുഷ്യാത്മാവിൻെറ മോചനവും സൗഖ്യവുമാണ് കുമ്പസാരത്തിലൂടെ കരഗതമാകുന്നത്. ആദ്ധ്യാത്മികമായ മോചനത്തിലൂടെ പാപി ദൈവത്തോടും സഹോദരരോടും അനുരഞ്ജനം പ്രാപിക്കുന്നു. കൗൺസലിംഗിൽ ഇതു സാധിക്കുന്നില്ല.

പാപമോചനം ആത്യന്തികമായി ദൈവകാരുണ്യത്തിൻെറ പ്രവർത്തനമാണ്. നല്ല കള്ളനോടും പാപിനിയായ സ്ത്രീയോടും രോഗികളോടുമെല്ലാം യേശുതൻെറ കാരുണ്യം പ്രകടമാക്കുന്നു. അവിടുത്തെ കാരുണ്യമേകുന്ന വചനമാണ് അവരെ ആന്തരികമായും ബാഹ്യമാ

യുമൊക്കെ സുഖപ്പെടുത്തിയത്. അന്നെന്നപോലെ ഇന്നും പാപമോചനത്തിന്, ആദ്ധ്യാത്മികമായ സുഖപ്രാപ്തിക്ക് ക്രിസ്തുവിൻെറ രക്ഷാകരമായ വചനം അവശ്യഘടകമാണ് ക്രിസ്തുവിൻെറ പ്രതിനിധിയായ വൈദികൻെറ പാപമോചനപരമായ വാക്കുകളിലൂടെ ക്രിസ്തുതന്നെയാണ് നമ്മുടെ പാപങ്ങ൪ മോചിക്കുന്നത്.

## ആത്യന്തികലക്ഷ്യം

ജീവിതനവീകരണമാണ് അനുരഞ്ജനകൂദാശയുടെ ആത്യന്തികലക്ഷ്യം. നവീകരണം പരിശുദ്ധാത്മാവിൻെറ പ്രവർത്തനമാണല്ലോ. അനുരഞ്ജന കൂദാശയിൽ ദൈവാത്മാവിൻെറ സജീവമായ പ്രവർത്തനമുണ്ട്. ശിഷ്യന്മാർക്ക് പാപമോചനത്തിനുള്ള അധികാരം നല്കുന്നതിനുമുമ്പായി ക്രിസ്തു അവർക്ക് പരിശുദ്ധാത്മാവിനെ നല്കുന്നതായി വിശുദ്ധ ലിഖിതത്തിൽ കാണാം. “അവരുടെമേൽ നിശ്വസിച്ചുകൊണ്ട് യേശു അവരോട് അരുളിച്ചെയ്തു : നിങ്ങ൪ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങ൪ ആരുടെ പാപങ്ങ൪ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങ൪ ആരുടെ പാപങ്ങ൪ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും” (യോഹ 20:22-23).

അപ്പസ്തോലന്മാരിലൂടെ പാപമോചനത്തിനായി പ്രവർത്തിച്ച പരിശുദ്ധാത്മാവ് ഇന്നും സഭയിലെ പാപസങ്കീർത്തനവേദികളിൽ അനുരഞ്ജന പ്രവർത്തനങ്ങ൪ തുടരുകയാണ്, ദൈവത്തിങ്കലേക്കും സഹോദരരിലേക്കും അവിടുന്ന് നമ്മുടെ ഹൃദയങ്ങളെ തുറക്കുന്നു. ഒരു പുതിയ ഹൃദയം നമുക്കു നല്കപ്പെടുന്നു. ഒരു പുതിയ ചൈതന്യം നമ്മിൽ സംജാതമാകുന്നു (എസെ 36: 26). ദൈവാത്മാവിനാൽ നവീകൃതരാകുന്നവർക്ക് ക്രിസ്തീയകൂട്ടായ്മയിൽ വളരാൻ കഴിയുന്നു.

## പ്രാർത്ഥന

ഞങ്ങളുടെ പാപമോചനത്തിനായി കുരിശിൽ മരിച്ച യേശുനാഥാ, പാപംവഴി സഹോദരങ്ങളെയും ദൈവത്തെയും ദ്രോഹിച്ചതിന് ഞങ്ങൾ അങ്ങയോടു മാപ്പപേക്ഷിക്കുന്നു. ഞങ്ങളെ പാപബന്ധനത്തിൽ നിന്നു മോചിപ്പിക്കാനായി അനുരഞ്ജന കൂദാശ സ്ഥാപിച്ചതിന് അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു. യഥാർത്ഥമായ അനുതാപത്തോടും പ്രതിജ്ഞയോടും കൂടി ഈ കൂദാശ സ്വീകരിച്ചുകൊണ്ട് ജീവിതനവീകരണം നേടാനും വിശുദ്ധമായ ജീവിതം നയിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. കുമ്പസാരത്തിലൂടെ ജീവിതപരിവർത്തനം നേടാനും വിശുദ്ധമായ ജീവിതം നയിക്കാനും എങ്ങനെ കഴിയും ?
2. ഏറ്റുപറച്ചിലിന്റെ ആവശ്യകതയെന്ത് ?
3. പാപങ്ങൾ വൈദികനോട് ഏറ്റുപറയേണ്ടത് എന്തുകൊണ്ട്?
4. കുമ്പസാരത്തിന്റെ യാന്ത്രികസ്വഭാവം മാറ്റാൻ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
5 കുമ്പസാരത്തിനുപകരം കൗൺസലിംഗിനെ പ്രതിഷ്ഠിക്കുക സാധ്യമല്ല. എന്തുകൊണ്ട് ?
6. അനുരഞ്ജന കൂദാശയുടെ ആത്യന്തികലക്ഷ്യം എന്ത്? അത് എങ്ങനെ സാധിക്കാം?

## പ്രവർത്തിക്കുക

അനുരഞ്ജന കൂദാശ അർത്ഥവത്തായി സ്വീകരിക്കാൻ എങ്ങനെ സാധിക്കുമെന്ന് ചർച്ച ചെയ്യുക.

# 8

# രക്ഷയുടെ അനുഭവം രോഗത്തിലും മരണത്തിലും

"ഞങ്ങളുടെ പ്രിയപ്പെട്ട അപ്പൻ... അന്ത്യകൂദാശക ളെല്ലാം സുബോധത്തോടെ സ്വീകരിച്ച് കർത്താവിൽ ഭാഗ്യ മരണം പ്രാപിച്ചവിവരം അറിയിച്ചുകൊള്ളുന്നു". എന്നു സന്തപ്തമക്കൾ. ഇതുപോലെയുള്ള ചരമ അറിയിപ്പുകൾ നാം പത്രത്തിൽ വായിക്കാറുണ്ടല്ലോ. എന്താണ് ഇവിടെ അന്ത്യകൂദാശകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്? കൂ ദാശകൾ എന്നു ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതു കൊണ്ട് ഒന്നിലേറെ കൂദാശകൾ ഉണ്ടായിരിക്കണമല്ലോ. അതു ശരിതന്നെ. പ്രധാനമായും മൂന്നു കൂദാശകളാണു നല്ല മരണത്തിനു നമ്മെ സഹായിക്കുന്നത് - അനു രഞ്ജനത്തിൻെറ കൂദാശയായ കുമ്പസാരം, വി. കുർ ബാന, രോഗിലേപനം. ഇവയിൽ കുമ്പസാരവും കുർബാ നയും ജീവിതത്തിൽ പലപ്രാവശ്യം നാം സ്വീകരിക്കുന്ന കൂദാശകളാണ്. എങ്കിലും മരണത്തിനൊരുക്കമായി സ്വീ കരിക്കുമ്പോൾ ഈ കൂദാശകൾക്കു പ്രത്യേകമായ അർത്ഥം കൈവരുന്നു. ദൈവത്തോടുള്ള അന്തിമമായ അനുരഞ്ജനത്തിൻെറ അടയാളമാണു മരണത്തിനു മുമ്പു സ്വീകരിക്കുന്ന കുമ്പസാരം. വി. കുർബാന മരണ ത്തിലേക്കു കടക്കുന്നവന് സ്വർഗ്ഗയാത്രയ്ക്കുള്ള തിരുപ്പാ ഥേയം ആണ്.

ഈ രണ്ടുകൂദാശകളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കാവുന്ന കൂദാശയാണു രോഗിലേപനം. സാധാ രണമായി, മരിക്കുന്നവർക്കു മരണത്തിനു തൊട്ടുമുമ്പായി കൊടുക്കുന്ന കൂദാശയായതുകൊണ്ടു രോഗിലേപനത്തെ പലരും ഭയത്തോടെയാണു വീക്ഷിക്കുന്നത്. രോഗി

ലേപനം, ആ പേരു സൂചിപ്പിക്കുന്നതുപോലെ, രോഗികൾക്കുള്ള കൂദാശയാണ്. രോഗികൾക്കു സഭയുടെ നാമത്തിൽ വി. തൈലം (സൈത്ത്) കൊണ്ടു ലഭിക്കുന്ന ലേപനമാണ് ഈ കൂദാശയിലെ അടയാളം. മരണത്തിലേക്ക് ഒരുവനെ നയിച്ചേക്കാവുന്ന ഗൗരവമുള്ള രോഗാവസ്ഥയിലാണ് ഈ കൂദാശ നല്കാൻ സഭ നിർദ്ദേശിക്കുന്നത്.

## രോഗവും പാപവും

രോഗാവസ്ഥയെ പാപത്തോടു ബന്ധപ്പെടുത്തി മനസ്സിലാക്കുന്ന പതിവു പഴയനിയമത്തിലുണ്ടായിരുന്നു. പല സങ്കീർത്തനങ്ങളിലും ഈ ചിന്ത പ്രതിഫലിക്കുന്നുണ്ട്. "അങ്ങയുടെ രോഷംമൂലം എൻെറ ശരീരത്തിൽ സ്വസ്ഥതയില്ല; എൻെറ പാപം നിമിത്തം എൻെറ അസ്ഥികളിൽ ആരോഗ്യവുമില്ല" (സങ്കീ 38:3). തിന്മനിറഞ്ഞ യൂദാരാജ്യം രോഗങ്ങളാൽ വ്രണിതമായിരിക്കുന്നു എന്നാണ് ഏശയ്യാ പ്രവാചകൻ പറയുന്നത്: "തിന്മനിറഞ്ഞ രാജ്യം. അനീതിയുടെ ഭാരം വഹിക്കുന്ന ജനം. ദുഷ്കർമ്മികളുടെ സന്തതി, ദുർമാർഗ്ഗികളായ മക്കൾ! അവർ കർത്താവിനെ പരിത്യജിക്കുകയും ഇസ്രായേലിൻെറ പരിശുദ്ധനെ നിന്ദിക്കുകയും ചെയ്തു. അവർ എന്നിൽ നിന്നു തീർത്തും അകന്നുപോയി. ഇനിയും നിങ്ങളെ പ്രഹരിക്കണമോ? എന്തേ നിങ്ങൾ തിന്മയിൽത്തന്നെ തുടരുന്നു? നിങ്ങളുടെ ശിരസ്സുമുഴുവൻ വ്രണമാണ്. ഹൃദയം തളർന്നുപോയിരിക്കുന്നു. ഉള്ളങ്കാൽ മുതൽ ഉച്ചിവരെ ക്ഷതമേല്ക്കാത്ത ഒരിടവും ഇല്ല. ചതവുകളും വ്രണങ്ങളും രക്തമൊലിക്കുന്ന മുറിവുകളും മാത്രം! അവയെ കഴുകി വൃത്തിയാക്കുകയോ വച്ചുകെട്ടുകയോ ആശ്വാസത്തിനു തൈലം പുരട്ടുകയോ ചെയ്തിട്ടില്ല" (ഏശ 1:4-6). പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകലുന്ന മനുഷ്യൻ രോഗാവസ്ഥയിലാണെന്ന് ഈ ദൈവവചനഭാഗങ്ങൾ സൂചിപ്പിക്കുന്നു.

പാപത്തിനു ലഭിക്കുന്ന ശിക്ഷയാണു രോഗമെന്ന തെറ്റിദ്ധാരണ യഹൂദരുടെ ഇടയിൽ ഉണ്ടായിരുന്നു. ഈ

തെറ്റിദ്ധാരണ യേശു തിരുത്തുന്നതായി സുവിശേഷങ്ങളിൽ നിന്നു നാം മനസ്സിലാക്കുന്നു.

"അവൻ കടന്നുപോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു : റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവൻെറയോ ഇവൻെറ മാതാപിതാക്കന്മാരുടെയോ? യേശു മറുപടി പറഞ്ഞു : ഇവൻെറയോ ഇവൻെറ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത ദൈവത്തിൻെറ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9:1-3).



യേശുവും രോഗശാന്തിയും

തിന്മയുടെ ശക്തിയായ സാത്താൻെറ സ്വാധീനം മനുഷ്യനെ രോഗിയാക്കാമെന്ന് യേശു ഒരിക്കൽ സൂചിപ്പിക്കുന്നുണ്ട്. കൂനുള്ള സ്ത്രീയെ സുഖപ്പെടുത്തിയശേഷം സിനഗോഗധികാരിയോടു സംസാരിക്കുന്ന യേശു

പറഞ്ഞു, സാത്താൻ അവളെ പതിനെട്ടു വർഷം ബന്ധിച്ചിട്ടിരിക്കുകയായിരുന്നുവെന്ന് (ലൂക്കാ 13:16). സാധാരണ രോഗങ്ങളെയും പിശാചുബാധകളെയും ഒരേനിലയിൽ കണ്ടുകൊണ്ട് രണ്ടുവിധത്തിലും പീഡിതരായവരെ യേശു സുഖപ്പെടുത്തുന്നു : "അവൻ അശുദ്ധാത്മാക്കളെ വചനംകൊണ്ടു പുറത്താക്കുകയും എല്ലാ രോഗികളെയും സുഖപ്പെടുത്തുകയും ചെയ്തു" (മത്താ 8:16). രോഗികള കാണുന്നമാത്രയിൽ കരളലിയുകയും അവരെ സുഖപ്പെടുത്തുകയും ചെയ്യുന്ന രക്ഷകനെയാണ് നാം ക്രിസ്തുവിൽ ദർശിക്കുക (മത്താ 20:34; മർക്കോ 8:22-26; 7:31-37).

രോഗികളെ സുഖപ്പെടുത്തുന്നതിൻെറയും പിശാചുക്കളെ ബഹിഷ്കരിക്കുന്നതിൻെറയും ആത്യന്തികമായ ലക്ഷ്യം ഒന്നുതന്നെയാണ് - ദൈവരാജ്യത്തിൻെറ സംസ്ഥാപനം (മത്താ 11:5). രോഗശാന്തിയും മനഃശാന്തിയുമെല്ലാം മനുഷ്യരുടെ ഇടയിൽ ദൈവത്തിൻെറ ഭരണം സ്ഥാപിക്കപ്പെടുന്നതിൻെറ തെളിവുകളാണ്.

ലോകത്തിൽ നിന്നു രോഗങ്ങൾ നീക്കം ചെയ്യുകയല്ല ക്രിസ്തു ചെയ്തത്. പിന്നെയോ, രോഗികൾ തന്നിൽ വിശ്വാസമർപ്പിച്ചപ്പോൾ അവിടുന്ന് അവരെ സുഖപ്പെടുത്തുകയാണ് (മർക്കോ 1:40; മത്താ 8:2-6). വിശ്വാസമുള്ളവർക്ക് സൗഖ്യം ദാനമായി നല്കുകയാണ്. "നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞുകൊണ്ട് അവൻ അവരുടെ കണ്ണുകളിൽ സ്പർശിച്ചു. അവരുടെ കണ്ണുകൾ തുറന്നു" (മത്താ 9:29). ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവനിലൂടെ സംസ്ഥാപിതമാകുന്ന ദൈവരാജ്യത്തിൽ വിശ്വസിക്കുന്നവരാണ്. ഈ വിശ്വാസമാണ് രോഗശാന്തിയുടെ അടിസ്ഥാനം (മത്താ 9:22-26;15:28; മർക്കോ 10:52).

## സഭയും രോഗശാന്തിയും

ദൈവരാജ്യത്തിൻെറ അടയാളമാണ് സഭ. ദൈവരാജ്യത്തിൻെറ പൂർണ്ണതയിലേക്കാണ് സഭ നീങ്ങിക്കൊ

ണ്ടിരിക്കുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക്, ക്രിസ്തുവിലൂടെ സംജാതമായ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർക്ക് സഭയിൽ രോഗശാന്തി ലഭിക്കുന്നു. ഉത്ഥിതനായ ക്രിസ്തുവിൻെറ നാമത്തിൽ ജന്മനാ മുടന്തനായവനെ വി. പത്രോസ് സുഖപ്പെടുത്തുന്ന സംഭവം അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ എന്ന ഗ്രന്ഥത്തിൽ നാം വായിക്കുന്നുണ്ടല്ലോ (അപ്പ 3:1-10). ആദിമ സഭയിൽ പരിശുദ്ധാത്മാവ് രോഗശാന്തിയുടെ വരം സമൃദ്ധമായി ചൊരിഞ്ഞിരുന്നു (അപ്പ 5:12-16).

ആദ്യകാല ക്രൈസ്തവസമൂഹങ്ങളുടെ വിശ്വാസപാരമ്പര്യത്തെ പ്രകടമാക്കുന്നതാണു വി. യാക്കോബിൻെറ പ്രബോധനം. "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിൻെറ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്നു അവനു മാപ്പു നല്കും" (യാക്കോ 5:14-15). ക്രിസ്തുനാഥൻ നല്കിയ രോഗശാന്തികളുടെ പിൻബലത്തിലും പരിശുദ്ധാത്മാവിൻെറ ശക്തിയാലും ആദിമസഭയിൽ അപ്പസ്തോലന്മാരും അവരുടെ ശിഷ്യന്മാരും തുടർന്നുപോന്ന ഒരു പാരമ്പര്യമാണ് വി. യാക്കോബിൻെറ വാക്കുകളിൽ സംഗ്രഹിച്ചിരിക്കുന്നത്. രോഗശാന്തിക്കുവേണ്ടിയുള്ള സഭയുടെ ഔദ്യോഗികമായ പ്രാർത്ഥനയാണ് ഇവിടെ നാം കാണുക. ശ്രേഷ്ഠന്മാർ ആദിമ സഭാസമൂഹങ്ങളിലെ അജപാലകരായിരുന്നു. അവരാണ് ഈ ഔദ്യോഗിക പ്രാർത്ഥനയും ശുശ്രൂഷയും നിർവഹിച്ചിരുന്നത്. രണ്ടു പ്രധാനകർമ്മങ്ങൾ ഇവിടെ നിർദ്ദേശിച്ചിരിക്കുന്നു. 1 രോഗികൾക്കുവേണ്ടി ശ്രേഷ്ഠന്മാർ നടത്തുന്ന സഭയുടെ ഔദ്യോഗികമായ പ്രാർത്ഥന. 2 തൈലാഭിഷേകം.

ആദിമ സഭയിലെ ശ്രേഷ്ഠന്മാരുടെ പിൻഗാമി

കളാണ് ഇന്നത്തെ വൈദികർ. അതിനാൽ വൈദികരാണ് രോഗിലേപനത്തിൻെറ കാർമ്മികർ. ശാരീരികരോഗങ്ങൾക്കും മുറിവുകൾക്കും തൈലം ഉപയോഗിച്ചുകൊണ്ടുള്ള ശുശ്രൂഷകൾ ക്രിസ്തുവിൻെറ കാലത്തു നിലവിലുണ്ടായിരുന്നു. നല്ല സമരിയാക്കാരൻെറ ഉപമയിൽ കവർച്ചക്കാർ ആക്രമിച്ച മനുഷ്യൻെറ മുറിവുകളിൽ എണ്ണയും വീഞ്ഞുമൊഴിച്ചാണ് സമരിയാക്കാരൻ പ്രഥമ ശുശ്രൂഷ നടത്തിയത് (ലൂക്കാ 10:34). ഇവിടെ ഉപയോഗിച്ചത് ഒലിവ് എണ്ണ (സൈത്ത്) ആകാനാണു സാധ്യത. യേശു തൻെറ ശിഷ്യന്മാരെ യൂദായിലെങ്ങും സുവിശേഷം പ്രസംഗിക്കുന്നതിനായി അയച്ചപ്പോൾ അവർ രോഗികളെ തൈലംപൂശി സുഖപ്പെടുത്തിയതായി മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 6:13). പിന്നീട് സഭയുടെ പാരമ്പര്യത്തിൽ പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തെ വ്യഞ്ജിപ്പിക്കുന്ന അടയാളമായി സൈത്ത് സ്വീകരിക്കപ്പെട്ടു. മെത്രാന്മാരാണ് സൈത്ത് ആശീർവദിച്ച് അതിനെ പരിശുദ്ധാത്മാവിൻെറ ശക്തി പകരുന്ന അടയാളമാക്കി മാറ്റുന്നത്. രോഗിലേപനത്തിലെ സൈത്തുപൂശൽ രോഗശാന്തിയെയും പാപമോചനത്തെയും ഉദ്ദേശിച്ചുള്ളതാണ്. സഭയുടെ നാമത്തിൽ വൈദികൻ നടത്തുന്ന പ്രാർത്ഥനയും തൈലലേപനവും രോഗിക്ക് പരിശുദ്ധാത്മാവിൻെറ ദാനങ്ങളായ രോഗശാന്തിയും പാപമോചനവും നല്കുന്നു.

സാധാരണഗതിയിലുള്ള രോഗശാന്തി മറ്റു പ്രാർത്ഥനകൾ വഴിയും സാധ്യമാണ്. അതുപോലെ പാപമോചനവും സാധാരണഗതിയിൽ കുമ്പസാരം വഴി ലഭിക്കുന്നു. അസാധാരണമായ രോഗശാന്തിയും പാപമോചനവുമാണ് രോഗിലേപനം എന്ന കൂദാശവഴി ലഭിക്കുന്നത്. അതുകൊണ്ടാണ് മരണത്തിലേക്കു നയിച്ചേക്കാവുന്ന വിധം ഗുരുതരമായ രോഗമുള്ളവർക്ക് മാത്രം രോഗിലേപനം നല്കുന്ന പാരമ്പര്യം സഭയിൽ നിലവിൽ വന്നത്.

രോഗികൾക്കും മരണാസന്നർക്കും ആശ്വാസം പകരുന്ന കൂദാശയാണിത്. അപ്രകാരം ഈ കൂദാശയെ മന

സ്സിലാക്കാനും അവ്വിധം അതിനെ സ്വീകരിക്കാനും രോഗികളെ ഒരുക്കേണ്ടത് ബന്ധപ്പെട്ടവരുടെ കടമയാണ്.

## പ്രാർത്ഥന

രോഗശാന്തിയിലൂടെ ദൈവരാജ്യത്തിന്റെ അനുഭവം പ്രദാനംചെയ്ത കർത്താവായ യേശുവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. എല്ലാത്തരം ബന്ധനങ്ങളിൽ നിന്നും ഞങ്ങൾക്കു മോചനമരുളാൻ അങ്ങ് സഭയിൽ വസിക്കുന്നുവല്ലോ. രോഗികൾക്ക്, തങ്ങളുടെ രോഗത്തിലും വേദനയിലും അവിടുത്തെ സ്നേഹം അനുഭവിച്ചറിയാനും രക്ഷയുടെ അനുഭവം ഉൾക്കൊള്ളാനും വേണ്ടി, രോഗിലേപനം എന്ന കൂദാശ സ്വീകരിക്കാൻ സാധിക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ഉത്തരം കണ്ടുപിടിക്കുക

1. മരണത്തിനൊരുക്കമായി കുമ്പസാരം, വി. കുർബാന എന്നീ കൂദാശകൾ സ്വീകരിക്കുമ്പോൾ അവയ്ക്കു കൈവരുന്ന പ്രത്യേക അർത്ഥമെന്ത്?
2. രോഗിലേപനം സ്വീകരിക്കേണ്ട സന്ദർഭമേത് ?
3. പാപവും രോഗവും തമ്മിലുള്ള ബന്ധത്തെ പഴയനിയമം ചിത്രീകരിക്കുന്നതെങ്ങനെ ?
4. യേശു നല്കിയ രോഗശാന്തിയുടെ ആത്യന്തികമായ ലക്ഷ്യമെന്ത് ?
5. സഭ ആദിമകാലംമുതൽ രോഗിലേപനം നല്കിയിരുന്നുവെന്നതിന്റെ തെളിവ് യാക്കോബിന്റെ ലേഖനത്തിലുള്ളതു ചൂണ്ടിക്കാണിക്കുക.
6. രോഗിലേപനത്തിലെ സൈത്തുപൂശൽ എന്തിനെ സൂചിപ്പിക്കുന്നു ?

## പ്രവർത്തിക്കുക

നിങ്ങളുടെ ഇടവകയിൽ മരണാസന്നരായ രോഗികൾക്കു രോഗിലേപനം നല്കുന്ന സന്ദർഭങ്ങളിൽ ആശുശ്രൂഷയിൽ പങ്കുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

## 9

# ലൈംഗികത - ദൈവദാനം

പ്രകൃതിയിലെ ജീവജാലങ്ങളെ ശ്രദ്ധിക്കൂ. അവയെല്ലാം പുതിയ തലമുറകൾക്കു ജന്മം നല്കുന്നുണ്ട്. പുതിയൊരു തലമുറയെ ജനിപ്പിക്കാനുള്ള കഴിവ് ജീവിയുടെ മുഖ്യസവിശേഷതകളിലൊന്നാണ്. സസ്യങ്ങളെയും ജന്തുക്കളെയും പെരുകുവാൻ ശേഷിയുള്ളവയായിട്ടാണു ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ദൈവത്തിൻെറ അളവറ്റ സ്നേഹത്തിൻെറയും സൃഷ്ടിവൈഭവത്തിൻെറയും പ്രകാശനമാണ് മനോഹരമായ ഈ പ്രപഞ്ചവും ഇതിലെ സർവചരാചരങ്ങളും. സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ച ദൈവം അവരെ അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു: "സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ 1:27-28).

അങ്ങനെ സ്നേഹിക്കുവാനും സൃഷ്ടിക്കുവാനുമുള്ള തൻെറ കഴിവുകളിൽ ദൈവം മനുഷ്യരെ പങ്കുകാരാക്കി. പുതിയ തലമുറയ്ക്ക് ജന്മം കൊടുക്കുക എന്നതിനു പുറമേ നിസ്വാർത്ഥമായി സ്നേഹിക്കുവാനും ദൈവം മനുഷ്യരെ ശക്തരാക്കിയിരിക്കുന്നു. ഈ ലക്ഷ്യം സാധിക്കാൻ വേണ്ടി ദൈവം മനുഷ്യരിൽ നിക്ഷേപിച്ച വാസനകളുടെയും അനുഭൂതികളുടെയും ആകെത്തുകയാണ് ലൈംഗികത അഥവാ സെക്സ്.

ലൈംഗികത അശുദ്ധമല്ല. മനുഷ്യന് ദൈവം നല്കിയ വിലപ്പെട്ട ദാനമാണത്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും രക്ഷിക്കപ്പെട്ടതും പുനരുത്ഥാനത്തെ പ്രതീക്ഷിക്കുന്നതുമായ മനുഷ്യശരീരത്തിൻെറ ഒരു മൗലിക ശക്തിയാണത്. തന്മൂലം ലൈംഗികത നല്ലതും വി

ശുദ്ധവുമാണ്. ദൈവത്തിൻെറ ഈ ദാനം ശരിയായി വിനിയോഗിക്കുന്നവരെ ഇത് ധന്യരാക്കും.

### പൂർണ്ണത വിവാഹത്തിൽ

മനുഷ്യ പ്രകൃതിയിൽ സെക്സിനു രണ്ടു വ്യത്യസ്തമായ പ്രകാശനരീതികളാണ് ദൈവം നല്കിയിരിക്കുന്നത് - പുരുഷനും സ്ത്രീയും. അവർ പരസ്പരപൂരകങ്ങളാണ്. ഈ പരസ്പരപൂരകത്വത്തിലാണ് മനുഷ്യൻെറ പൂർണ്ണത അവന് അനുഭവപ്പെടുന്നത്.

ലൈംഗികവ്യത്യാസത്തിൻെറ അവബോധം കൂടാതെ കൗമാരപ്രായംവരെ ആൺകുട്ടികളും പെൺകുട്ടികളും വളരുന്നു. അതിനുശേഷം അവരുടെ രൂപഭാവങ്ങൾക്കു മാറ്റമുണ്ടാകുന്നു. ആൺകുട്ടികളിൽ പുരുഷത്വത്തിൻെറയും പെൺകുട്ടികളിൽ സ്ത്രീത്വത്തിൻെറയും അരങ്ങേറ്റം ആരംഭിക്കുന്നു. ശ്രദ്ധിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള ആഗ്രഹം രണ്ടുകൂട്ടരിലും കണ്ടുതുടങ്ങുന്നു. ക്രമേണ അവരിൽ അഭിനിവേശങ്ങൾ ഉണരുകയും പരസ്പരാകർഷണവും അനുരാഗവും അനുഭവപ്പെടുകയും ചെയ്യുന്നു. ഇവയെല്ലാം ദൈവകല്പിതമായ പ്രതിഭാസങ്ങളാണ്. അതിനാൽ തന്നെ നല്ലതും മഹനീയവുമാണ്. വിവാഹജീവിതത്തോട് ആഭിമുഖ്യം ജനിപ്പിക്കുവാനും അതിനു കളമൊരുക്കുവാനും വേണ്ടി ദൈവം ആസൂത്രണം ചെയ്തിരിക്കുന്ന സംവിധാനങ്ങളാണ് ഇവയെല്ലാം.

മൃഗങ്ങളിൽ സെക്സിൻെറ ഉദ്ദേശ്യം പ്രധാനമായും വംശവർദ്ധനവാണ്. മനുഷ്യനിൽ അതു സന്താനോത്പാദനത്തോടൊപ്പം സ്നേഹബന്ധത്തിനുള്ള വിശേഷശക്തികൂടിയാണ്. ജീവദായകമെന്നപോലെ സ്നേഹദായകവുമാണത്. വിശപ്പോ ദാഹമോപോലെ ഒരു വാസനമാത്രമായി സെക്സിനെ കാണുന്നത് ഉചിതമല്ല. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ആന്തരികവും ഗാഢവുമായ സ്നേഹത്തിൻെറ നിർവൃതിദായകമായ മേഖലയിൽ മാത്രമേ സെക്സിൻെറ അർത്ഥവും ആഴവും കണ്ടെത്താ

നാവൂ. ദാമ്പത്യബന്ധത്തിലെ അവികലമായ ആത്മസമർപ്പണത്തിൻെറയും അന്യൂനമായ സ്നേഹത്തിൻെറയും ശക്തമായ പ്രകടനമാണു സെക്സ്. രണ്ടുഹൃദയങ്ങൾ ഒന്നുചേരുന്നതിൻെറ ശാരീരികമായ അടയാളവും ആവിഷ്കരണവുമാണത്.

## ചാരിത്രശുദ്ധി

ലൈംഗികകഴിവുകളെ ദൈവം ഉദ്ദേശിച്ചിരിക്കുന്ന ലക്ഷ്യത്തിനുവേണ്ടി മാത്രം വിനിയോഗിക്കുന്ന മനോഭാവത്തിനാണ് ചാരിത്രശുദ്ധി എന്നുപറയുന്നത്. ദാമ്പത്യസ്നേഹത്തിലും ഒരുമയിലും പ്രകാശിതമാകേണ്ട സെക്സിനെ വികാരാവേശത്തിൻെറ ശമനത്തിനും സുഖാസ്വാദനത്തിനും വേണ്ടി ദുർവിനിയോഗിക്കുമ്പോൾ അതു തിന്മയാകുന്നു.

ക്രൈസ്തവരായ നാം മാമ്മോദീസായിലൂടെ നമ്മുടെ ശരീരത്തെയും ആത്മാവിനെയും ദൈവത്തിനു സമർ



സ്നേഹം പങ്കുവയ്ക്കുന്ന കരങ്ങൾ

പ്പിക്കുന്നു. അതോടെ നാം പരിശുദ്ധാത്മാവിൻെറ ആലയങ്ങളും യേശുവിൻെറ മൗതികശരീരത്തിലെ അവയവങ്ങളുമായിത്തീരുന്നു. "നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പരിശുദ്ധാത്മാവിൻെറ ആലയമാണു നിങ്ങളുടെ ശരീരമെന്നു നിങ്ങൾക്ക് അറിഞ്ഞുകൂടെ?" (1കോറി 6:19).

ലൈംഗികവിശുദ്ധി മനുഷ്യൻെറ ശരീരത്തെയെന്നപോലെ മനസ്സിനെയും ആശ്രയിച്ചു നില്ക്കുന്നു. "ആസക്തിയോടെ സ്ത്രീയെ നോക്കുന്ന ഏതൊരുവനും ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു" എന്നാണല്ലോ യേശു പറയുന്നത് (മത്താ 5: 28). മറ്റെല്ലാ തെറ്റുകളുംപോലെ ലൈംഗികവിശുദ്ധിക്കെതിരായ തെറ്റുകളും ഹൃദയതലത്തിലാണ് ആരംഭിക്കുന്നത്.

ലൈംഗികവികാരങ്ങൾ ഒരിക്കലും നമ്മുടെ ജീവിതത്തിൻെറ ഉന്നതമായ ലക്ഷ്യങ്ങളെ അടിമപ്പെടുത്താനനുവദിക്കരുതെന്നു വി. പൗലോസ് ഓർമ്മിപ്പിക്കുന്നുണ്ട് (റോമാ 8:7-8, 12-13). ചാരിത്രശുദ്ധിയിൽ ഉറച്ചു നില്ക്കാൻ ഉത്തമമായ മാർഗ്ഗം ദൈവാരൂപിയുടെ പ്രവർത്തനത്തിനു നമ്മെത്തന്നെ സമർപ്പിക്കുകയാണ്.

**നിയന്ത്രണം**

ലൈംഗികമായ വിചാരവികാരങ്ങൾ ചില സന്ദർഭങ്ങളിൽ വളരെ ശക്തമായി നമുക്ക് അനുഭവപ്പെടും. ഇത്തരം ലൈംഗികചിന്തകളെ 'അശുദ്ധവിചാരങ്ങൾ' എന്നു വിളിക്കുന്നതു ശരിയല്ല. കാരണം അവ സ്വാഭാവികവും മനുഷ്യസഹജവുമാണ്. അവയെ പാപകരമാക്കാതിരിക്കുവാനാണു നാം ശ്രദ്ധിക്കേണ്ടത്.

ലൈംഗികമായ ചിന്തകൾ പാപകരമാകാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടത് എങ്ങനെ ? പക്ഷികൾ നമ്മുടെ തലയ്ക്കുമീതേ പറക്കരുതെന്നു ശഠിക്കാനാവില്ല. എങ്കിലും അവ നമ്മുടെ തലയിൽ കൂടുകൂട്ടരുതല്ലോ.

ലൈംഗികചിന്തകളും ഭാവനകളും നമ്മുടെ ഉള്ളിലൂടെ കടന്നു പോകരുതെന്നു നിർബന്ധിക്കാനാവില്ല. അവ നമ്മുടെ ഹൃദയത്തിൽ കൂടുകെട്ടി പാപം വിരിയിക്കാൻ ഇടയാക്കരുത്. വിചാരങ്ങാം വികാരങ്ങളെ ജനിപ്പിക്കുന്നു. ലൈംഗികമായ വിചാരങ്ങളെ മനസ്സിൽ തങ്ങാനനുവദിക്കുമ്പോാം അവ നമ്മിൽ ലൈംഗികവികാരങ്ങളെ ഉണർത്തിവിടും. അത്തരം വികാരങ്ങാം ദൈവഹിതത്തിനു വിരുദ്ധമായ ലൈംഗികപ്രവൃത്തികാംക്കു നമ്മെ പ്രേരിപ്പിച്ചേക്കും. ഈ വിധത്തിലുള്ള പ്രേരണകാംക്കു നാം മാനസികമായോ ശാരീരികമായോ കീഴ്പ്പെടുമ്പോഴാണ് അവ പാപമായിത്തീരുന്നത്.

## സ്നേഹിക്കുക, സ്നേഹിക്കപ്പെടുക

ലൈംഗികവിശുദ്ധി പ്രാപിക്കുവാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം സ്നേഹത്തിൽ വളരുകയാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള കഴിവുകളെ വികസിപ്പിക്കുവാൻ നമുക്കു കഴിയണം. സ്നേഹം നിറഞ്ഞ വ്യക്തിബന്ധങ്ങളിലൂടെ നമ്മുടെ കഴിവുകളെയും വാസനകളെയും വളർത്തി വ്യക്തിത്വം വികസിപ്പിക്കുവാൻ നമുക്കു സാധിക്കും. എന്നാൽ എല്ലാവരെയും ഒന്നുപോലെ സ്നേഹിക്കുവാൻ നമുക്കു സാധിക്കുകയില്ല. ഒന്നോ രണ്ടോ വ്യക്തികളെ കൂടുതലായി സ്നേഹിക്കുകയും നമ്മുടെ ആശയങ്ങളും ആവശ്യങ്ങളും അവരുമായി കൈമാറുകയും ചെയ്യുക സ്വാഭാവികമാണ്. ഇപ്രകാരമുള്ള സ്നേഹബന്ധങ്ങളെയാണ് സുഹൃദ്ബന്ധങ്ങളെന്നു പറയുന്നത്. ആത്മാർത്ഥതയോടും വിശ്വസ്തതയോടും കൂടെ സ്നേഹിക്കുന്ന ഒന്നോ രണ്ടോ സുഹൃത്തുക്കാം നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്. സ്നേഹബന്ധങ്ങളിൽ വികാരങ്ങാംക്കു സ്ഥാനമുണ്ട്. എന്നാൽ ലൈംഗികവികാരങ്ങളെ തൃപ്തിപ്പെടുത്തുവാൻ സ്നേഹബന്ധങ്ങളെ ദുരുപയോഗിക്കുക തിന്മയാണ്.

മറ്റുള്ളവരെ, അവർ സ്വവർഗ്ഗത്തിൽ പ്പെട്ടവരോ ഇതരവർഗ്ഗത്തിൽപ്പെട്ടവരോ ആയിക്കൊള്ളട്ടെ, വ്യക്തി

കളായിക്കണ്ട് ആദരപൂർവം സ്നേഹിക്കാൻ കഴിയാത്തവർക്കാണ് സെക്സിൻെറ മണ്ഡലത്തിൽ പ്രശ്നങ്ങാം അധികം ഉണ്ടാവുക. സ്നേഹം എന്തെന്ന് അറിഞ്ഞിട്ടില്ലാത്തവരും, സ്നേഹം നിഷേധിക്കപ്പെടുന്നവരും, മറ്റുള്ളവരിൽ നിന്ന് ശ്രദ്ധയും അംഗീകാരവും നേടാൻ കഴിയാത്തവരും അവിഹിതപ്രവൃത്തികളിലേക്ക് എളുപ്പത്തിൽ വഴുതിവീഴും. സ്നേഹത്തിനുവേണ്ടിയുള്ള ദാഹമാണ് ചെറുപ്പക്കാരായ പലരെയും അപക്വവും ചപലവുമായ പ്രണയബന്ധങ്ങളിലും അനാശാസ്യകൃത്യങ്ങളിലും കൊണ്ടുചെന്നെത്തിക്കുന്നത്. അതിനാൽ നാം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അഭ്യസിക്കണം. സ്നേഹവും സന്തോഷവും നിറഞ്ഞുനില്ക്കുന്ന കുടുംബാന്തരീക്ഷമാണ് ചാരിത്രത്തിൻെറ ഏറ്റവും നല്ല പരിശീലനക്കളരി.

## മുൻകരുതലുകാം

സംസാരം മനുഷ്യനെ തിന്മയിലേക്കു നയിക്കാവുന്ന ഒരു പ്രധാന ഘടകമാണ്. താളംതെറ്റിയ ചിന്തകളും വികൃതമായ ആശയങ്ങളുംകൊണ്ട് ഹൃദയം നിറഞ്ഞുകഴിയുമ്പോാം സംസാരത്തിലൂടെ പ്രതിഫലിക്കുന്നതും അവതന്നെയായിരിക്കും. നമ്മുടെയും മറ്റുള്ളവരുടെയും ലൈംഗികവികാരങ്ങളെ ഉണർത്തുകയും, ദുർവൃത്തിയിലേക്ക് നയിക്കുകയും ചെയ്യത്തക്ക അശ്ലീലസംസാരം എപ്പോഴും ആപൽക്കരമാണ്. വി. പൗലോസ് എഫേസോസുകാരെ അനുസ്മരിപ്പിക്കുന്നു : "നിങ്ങളുടെയിടയിൽ വ്യഭിചാരത്തിൻെറയും യാതൊരുവിധ അശുദ്ധിയുടെയും അത്യാഗ്രഹത്തിൻെറയും പേരുപോലും കോംക്കരുത്. അങ്ങനെ വിശുദ്ധർക്കു യോഗ്യമായ രീതിയിൽ വർത്തിക്കുവിൻ. മ്ലേച്ഛതയും വ്യർത്ഥഭാഷണവും ചാപല്യവും നമുക്കു യോജിച്ചതല്ല. പകരം കൃതജ്ഞതാസ്തോത്രമാണ് ഉചിതം. വ്യഭിചാരിക്കും അശുദ്ധനും അത്യാഗ്രഹിക്കും വിഗ്രഹാരാധകനും ദൈവത്തിൻെറയും ക്രിസ്തുവിൻെറയും രാജ്യത്തിൽ അവകാശമില്ലെന്ന് നിങ്ങാം അറിഞ്ഞുകൊള്ളുവിൻ". (എഫേ 5:3-5)

അശ്ലീലസംഭാഷണം സെക്സിനോടും അതിൻെറ പാവനതയോടുമുള്ള ആദരവും മതിപ്പും നശിപ്പിക്കും.

ആധുനികകാലത്ത് യുവജനങ്ങളുടെ ജീവിതത്തിൽ ലൈംഗിക ശക്തിയുടെ ദുരുപയോഗത്തിനു കളമൊരുക്കുന്ന ഒരു പ്രധാനഘടകമാണ് അശ്ലീല ഗ്രന്ഥങ്ങൾ. നാം എന്തു വായിക്കുന്നുവോ അതായിത്തീരുകയാണ്. അശ്ലീലഗ്രന്ഥങ്ങൾ വായിക്കുന്നവരുടെ മനസ്സുനിറയെ ലൈംഗിക ചിന്തകളും താത്പര്യങ്ങളുമായിരിക്കും. നല്ല പുസ്തകങ്ങൾ വായിച്ചാൽ പക്വമായ ജീവിത വീക്ഷണവും ഉത്തമമായ ബോദ്ധ്യങ്ങളും നമ്മെ നയിക്കും. അനുദിനം പതിനഞ്ചു മിനിറ്റു സമയമെങ്കിലും ബൈബിൾ വായിക്കുവാൻ ഓരോരുത്തരും ഉത്സാഹിക്കേണ്ടതാണ്.

മൃദുലവികാരങ്ങളെ ചൂഷണം ചെയ്യാൻപോരുന്ന സിനിമ, നാടകം, നൃത്തം തുടങ്ങിയ കലാമാദ്ധ്യമങ്ങൾ ആസ്വദിക്കുന്നതിലും നിഷ്കർഷയും മിതത്വവും പാലിക്കേണ്ടതാണ്. ഇതൊന്നും എന്നെ ബാധിക്കുകയില്ലെന്ന അലസചിന്താഗതി അപകടകരമാണ്. കപ്പലിൽ ഒരു ചെറിയ ദ്വാരമുണ്ടായാൽ മതിയല്ലോ വെള്ളം കയറി ക്രമേണ കപ്പൽ മുങ്ങുവാൻ.

ശാലീനതയും മിതത്വവും അടക്കവും ഒതുക്കവും ചാരിത്രത്തിൻെറ സ്വാഭാവികകാവൽക്കാരാണ്. സ്വന്തം ശരീരത്തോടുള്ള ആദരവും അതിൻെറ പവിത്രതയെക്കുറിച്ചുള്ള അവബോധവുമാണ് മാന്യമായ വസ്ത്രധാരണ രീതിയിലൂടെ നാം വ്യക്തമാക്കുന്നത്. മാന്യമായ വസ്ത്രധാരണം യഥാർത്ഥത്തിൽ മനുഷ്യശരീരത്തിൻെറ അഴകും ആകർഷകത്വവും വർദ്ധിപ്പിക്കും. നേരേമറിച്ച് നമ്മുടെ വസ്ത്രധാരണവും നടത്തവും മറ്റുള്ളവരിൽ തിന്മയുടെ പ്രേരണകൾ ഉണർത്താനാണു കാരണമാകുന്നതെങ്കിൽ നാം ദുഷ്പ്രേരണ നല്കുക എന്ന തെറ്റിന് ഉത്തരവാദികളായിത്തീരുകയാണ്. യേശു ഏറ്റവും കർക്ക

ശമായ ഭാഷയിൽ അപലപിച്ച തിന്മകളിൽ ഒന്ന് ദുഷ്പ്രേരണയാണല്ലോ. "എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നല്കുന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ലു കെട്ടി കടലിൻെറ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും". (മത്താ 18:6).

## ദൈവകൃപ എല്ലാവർക്കും ആവശ്യം

നാം എത്ര മുൻകരുതലുകളും മനഃശാസ്ത്രപരമായ സമീപനങ്ങളും സ്വീകരിച്ചാലും സെക്സിൻെറ പരിശുദ്ധി പാലിക്കാൻ ദൈവത്തിൻെറ കൃപാവരം ആവശ്യകമാണ്. കാരണം മൺപാത്രങ്ങളിലാണ് നാം ഈ നിധി സംവഹിക്കുന്നത്. ദുർബലവും പാപഗ്രസ്തവുമാണ് നമ്മുടെ പ്രകൃതി.

ദൈവാനുഗ്രഹത്തിൻെറ സഹായത്താൽ ഈ മനുഷ്യപ്രകൃതിയുടെ ദുർവാസനകളോട് പടപൊരുതി ജയിക്കാൻ എല്ലാവർക്കും കടമയുണ്ട്. അമിതമായ സുഖതൃഷ്ണയും അലസതയും വെടിഞ്ഞ് പരിത്യാഗത്തിൻെറ മാർഗ്ഗം സ്വീകരിക്കുക ലൈംഗികമണ്ഡലത്തിൽ നിയന്ത്രണവും പക്വതയും പ്രാപിക്കുവാൻ ആവശ്യകമാണ്. വ്യക്തിഗതമായ പ്രാർത്ഥന പ്രലോഭനങ്ങളെ ജയിക്കാനുള്ള ആദ്ധ്യാത്മികശക്തി നമുക്കു നല്കും. അതുപോലെതന്നെ അനുരഞ്ജന കൂദാശയുടെയും വി. കുർബാനയുടെയും അടുത്തടുത്തുള്ള സ്വീകരണം സെക്സിൻെറ പരിശുദ്ധി പാലിക്കാൻ നമ്മെ സഹായിക്കും.

## പ്രാർത്ഥന

പ്രപഞ്ചത്തെയും അതിലുള്ള സകലചരാചരങ്ങളെയും സൃഷ്ടിച്ച സ്നേഹനിധിയായ ദൈവമേ, അവിടുത്തെ സൃഷ്ടിവൈഭവത്തിലും അനന്തമായ സ്നേഹത്തിലും പങ്കുചേരുവാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കിയതിന് അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. ലൈംഗികത അവിടുന്നു ഞങ്ങൾക്കു നല്കിയ അമൂല്യദാനമാണെന്നു ഞങ്ങൾ ഗ്രഹിക്കുന്നു. പാവനമായ ഈ ദാനത്തിൻെറ മാഹാത്മ്യം

മനസ്സിലാക്കിക്കൊണ്ട് അതിനെ ശരിയായവിധത്തിൽമാത്രം വിനിയോഗിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ലൈംഗികവിശുദ്ധിക്ക് എതിരായ പ്രലോഭനങ്ങളെ ജയിക്കാൻ ഞങ്ങളെ സഹായിക്കണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. ലൈംഗികത എന്നാലെന്ത്?
2. ലൈംഗികത നല്ലതും വിശുദ്ധവുമാണ്. എന്തുകൊണ്ട്?
3. സെക്സിന് അർത്ഥവും ആഴവും കൈവരുന്നതു വിവാഹത്തിലാണ്. സമർത്ഥിക്കുക ?
4. ചാരിത്രശുദ്ധി എന്നാലെന്ത് ? സെക്സ് തിന്മയാകുന്നതെപ്പോഴാം ?
5. ലൈംഗികവിശുദ്ധി പാലിക്കാൻ പ്രേരകമായ പ്രത്യേക കാര്യങ്ങൾ ഏവ?
6. ലൈംഗികവിശുദ്ധി പ്രാപിക്കുവാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം സ്നേഹത്തിൽ വളരുകയാണ് വിശദീകരിക്കുക.
7. വിചാരത്തിൽപോലും വിശുദ്ധി പാലിക്കേണ്ടതെങ്ങനെ ?
8. ലൈംഗികവിശുദ്ധി പാലിക്കുന്നതിനു നമുക്കു സ്വീകരിക്കാവുന്ന മുൻകരുതലുകൾ ഏവ?

## പ്രവർത്തിക്കുക

1. വി. മരിയഗൊരേത്തിയുടെ ജീവചരിത്രം വായിച്ച് ചാരിത്രശുദ്ധി പാലിക്കാൻവേണ്ടി അവർ അനുഷ്ഠിച്ച മഹാത്യാഗത്തെക്കുറിച്ചു നോട്ടുകുറിക്കുക.

2. കുട്ടികളുടെയിടയിൽ അശ്ലീലസാഹിത്യം പ്രചരിക്കാതിരിക്കാൻ നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്നു ചർച്ചചെയ്യുക.

# 10
# വിവാഹം – സമർപ്പണത്തിനുള്ള വിളി

"മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനു ചേർന്ന ഇണയെ ഞാൻ നല്കും" (ഉത്പ 2:15). ഈ ദൈവനിശ്ചയത്തിന്റെ പൂർത്തീകരണമാണു പറുദീസായിൽ രൂപംകൊണ്ട പ്രഥമകുടുംബത്തിൽ നാം കാണുന്നത്. വിവാഹബന്ധം ദൈവതിരുമനസ്സിന്റെ നിറവേറലാണ്.

ദൈവം ആശീർവദിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന ഒരു ബന്ധമായിട്ടാണ് ബൈബിൾ വിവാഹബന്ധത്തെ ചിത്രീകരിക്കുന്നത്. ഉത്പത്തിപുസ്തകത്തിൽ മനുഷ്യസൃഷ്ടിയെക്കുറിച്ചു രണ്ടു വിവരണങ്ങളുള്ളതുപോലെ വിവാഹത്തിന്റെ സ്ഥാപനത്തെക്കുറിച്ചും രണ്ടു പ്രതിപാദനങ്ങളുണ്ട്. ഓരോന്നും വിവാഹ ജീവിതത്തിന്റെ അർത്ഥവ്യാപ്തിയുടെ ഓരോ വശം എടുത്തു കാട്ടുന്നു.

ആദ്യത്തെ വിവരണത്തിൽ വിവാഹത്തിലൂടെ സാധിക്കേണ്ട മനുഷ്യവംശത്തിന്റെ നിലനില്പിനാണു പ്രാധാന്യം കൊടുത്തിരിക്കുന്നത്. "ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. അവിടുന്നു സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു. സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ 1:28).

രണ്ടാമത്തെ വിവരണത്തിൽ സ്ത്രീപുരുഷസഖിത്വമാണ് ഊന്നിപ്പറഞ്ഞിരിക്കുന്നത്. "എല്ലാ കന്നുകാലി

കറക്കും ആകാശത്തിലെ പറവകറക്കും വയലിലെ മൃ ഗങ്ങറക്കും അവൻ പേരിട്ടു. എന്നാൽ തനിക്കിണങ്ങിയ തുണയെ കണ്ടില്ല. അതുകൊണ്ട്, ദൈവമായ കർത്താവ് മനുഷ്യനെ ഗാഢനിദ്രയിലാഴ്ത്തി. ഉറങ്ങിക്കിടന്ന അവ ൻെറ വാരിയെല്ലുകളിലൊന്നെടുത്തശേഷം അവിടം മാം സംകൊണ്ടുമൂടി. മനുഷ്യനിൽ നിന്ന് എടുത്ത വാരി യെല്ലുകൊണ്ട് അവിടുന്ന് ഒരു സ്ത്രീക്കു രൂപം കൊ ടുത്തു. അവളെ അവൻെറ മുമ്പിൽ കൊണ്ടുവന്നു. അ പ്പോറ അവൻ പറഞ്ഞു: "ഒടുവിൽ ഇതാ എൻെറ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നു ള്ള മാംസവും. നരനിൽ നിന്ന് എടുക്കപ്പെട്ടതുകൊണ്ടു നാരിയെന്ന് ഇവറ വിളിക്കപ്പെടും. അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും" (ഉത്പ 2:20-24).

ദൈവം തൻെറ സ്വന്തം ഛായയിലും സാദൃശ്യത്തി ലും സൃഷ്ടിച്ച മനുഷ്യന് അവിടുത്തെ സൃഷ്ടികർ മ്മത്തിൽ പങ്കാളിയാകാനുള്ള അനുശാസനവും അത് അനുസരിക്കാനുള്ള കഴിവുകളും നല്കുന്ന രംഗമാണ് ആദ്യത്തെ വിവരണത്തിലുള്ളത്.

രണ്ടാമത്തെ വിവരണം ഭാര്യാഭർത്തൃബന്ധത്തി ൻെറ ഐക്യവും അഭേദ്യതയും എടുത്തുകാട്ടുന്നു. വാരി യെല്ലിൽ നിന്നു സ്ത്രീയെ സൃഷ്ടിച്ചുവെന്ന വിവരണവും മറ്റും അക്ഷരാർത്ഥത്തിലല്ല, ആന്തരാർത്ഥത്തിലാണു മനസ്സിലാക്കേണ്ടത്. ഭാര്യാഭർത്തൃബന്ധത്തിൻെറ അവി ഭാജ്യതയും അലംഘനീയതയുമാണ് പ്രതിരൂപാത്മകമാ യ ഈ വിവരണത്തിലൂടെ പ്രകാശിതമാകുന്നത്.

### ദൈവവിളി

ആദ്യപുരുഷനെയും സ്ത്രീയെയും വിളിച്ചതുപോ ലെ നിയമാനുസൃതം വിവാഹിതരാകുന്ന ഓരോ പുരു ഷനെയും സ്ത്രീയെയും ദൈവം തൻെറ സ്നേഹത്തിലും സൃഷ്ടികർമ്മത്തിലും പങ്കാളികളാകാൻ വിളിക്കുന്നു. വിവാഹത്തിൽ സ്ത്രീയും പുരുഷനും ഒരുമിക്കുന്നത്

മാനുഷികദൃഷ്ടിയിൽ ഒരു യാദൃച്ചികസംഭവമായി തോന്നാം. എന്നാൽ ദൈവത്തിൻെറ ദൃഷ്ടിയിൽ അതു ലോകസ്ഥാപനത്തിനു മുമ്പേതന്നെ നിശ്ചയിക്കപ്പെട്ട ദൈവിക പദ്ധതിയുടെ സാക്ഷാത്കാരമാണ്. പൗരോഹിത്യവും സന്ന്യാസവുംപോലെ തന്നെ ദൈവത്തിൻെറ വിളിയാണ് വിവാഹാന്തസ്സും.

## ലക്ഷ്യം ഒന്നുതന്നെ

എല്ലാ ജീവിതാന്തസ്സുകളുടെയും ലക്ഷ്യം ദൈവത്തെ പ്രാപിക്കുക അല്ലെങ്കിൽ വിശുദ്ധി നേടുക എന്നതാണ്. തിരുസഭയിൽ എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയിൽ ഇങ്ങനെ പറയുന്നു : "ഏതു ജീവിതാന്തസ്സിലും പരിതഃസ്ഥിതിയിലും ആയിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാവരും ക്രൈസ്തവ ജീവിതത്തിൻെറ പൂർണ്ണതയും സ്നേഹത്തിൻെറ തികവും പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന വസ്തുത സ്പഷ്ടമാണ് " (തിരുസഭ, 40).

## പരസ്പരം പവിത്രീകരിക്കുന്ന ജീവിതം

മാമ്മോദീസായിലൂടെ സാക്ഷാത്കരിക്കപ്പെടുന്ന ആ വിളി വിവാഹബന്ധത്തിൽ ഒരു പുതിയ ഘട്ടത്തിലേക്കു കടക്കുന്നു. ദമ്പതികൾ സ്നേഹചൈതന്യത്തിൽ വിവാഹജീവിതത്തിൻെറ കടമകളും കടപ്പാടുകളും നിറവേറ്റാനും അതുവഴി പരിശുദ്ധരും നിഷ്കളങ്കരുമായിത്തീരാനുമുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. ക്രൈസ്തവദമ്പതികളും മാതാപിതാക്കളും സ്നേഹത്തിലും പ്രസാദവരത്തിലും ആയുഷ്കാലം മുഴുവൻ നിലനില്ക്കാൻ പരസ്പരം സഹായിച്ചുകൊണ്ട് വിശുദ്ധിയിലേക്കുള്ള അവരുടെ മാർഗ്ഗത്തിലൂടെ ചരിക്കണം. (തിരുസഭ 41). ക്രിസ്തുവും സഭയുമായുള്ള ബന്ധം സഭയെ പവിത്രീകരിക്കുന്ന ഒന്നാണ്; ഇതുപോലെ ഭാര്യാഭർത്തൃബന്ധവും പരസ്പരം പവിത്രീകരിക്കുന്നതാണ്. കാരണം, ദൈവമാണ് അവരെ യോജിപ്പിക്കുന്നതും ആശീർവദിക്കുന്നതും.



കൂദാശ

ലോകത്തിൻെറ കാഴ്ചപ്പാടിൽ വിവാഹം ഒരു സാമൂഹികവ്യവസ്ഥയാണ്, സ്ത്രീയും പുരുഷനും ഒരുമിച്ചു ജീവിക്കുന്നതിന് സമൂഹം നല്കുന്ന അംഗീകാരം. എന്നാൽ ക്രിസ്തീയ വീക്ഷണത്തിൽ വിവാഹം വിശുദ്ധവും വിശുദ്ധീകരിക്കുന്നതുമായ ഒരു ബന്ധവും ജീവിതശൈലിയുമാണ്. സൃഷ്ടിയുടെ ആരംഭത്തിലേ ദൈവം രൂപം കൊടുത്ത വിവാഹബന്ധം യേശുവിൻെറ രക്ഷകരകർമ്മം വഴി ഒരു കൂദാശയായിത്തീർന്നു. യേശുവും സഭയുമായുള്ള ബന്ധത്തിൻെറ പ്രതീകമാണ് വിവാഹം (എഫേ 5:23-25). യേശു സഭയെ പവിത്രീകരിക്കുന്നു. ഭാര്യാഭർത്തൃബന്ധവും പരസ്പരവിശുദ്ധീകരണത്തിന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതാണ്. കൂദാശകൾ സ്വീകരിക്കുമ്പോൾ വ്യക്തിക്ക് ദൈവവരപ്രസാദം ലഭിക്കുന്നു. വിവാഹമെന്ന കൂദാശ സ്വീകരിക്കുമ്പോഴും ഈ ദാനംകൊണ്ട് ദമ്പതികൾ പൂരിതരാകുന്നു.

## ദൈവം വിളക്കിച്ചേർക്കുന്ന കണ്ണി

ദാമ്പത്യ ജീവിതത്തിൻെറ കടമയും ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിനും നിർവഹിക്കുന്നതിനും വേണ്ട ദൈവാനുഗ്രഹവും ശക്തിയും നല്കുന്ന കൃപാവരം ഈ കൂദാശയിലൂടെ ലഭിക്കുന്നു. ദാമ്പത്യസ്നേഹം, അന്യോന്യസമർപ്പണം, വിശ്വസ്തത, സന്തോഷം, തുടങ്ങിയ മേഖലകളിലെല്ലാം ഈ കൃപാവരംമൂലം അവർ വിശുദ്ധീകരിക്കപ്പെടുന്നു.

ദമ്പതികളുടെ പരസ്പര സ്വീകരണവും അതിലൂടെ പ്രകടിതമാകുന്ന പരസ്പര സമർപ്പണവുമാണ് വിവാഹം എന്ന കൂദാശയുടെ ഏറ്റവും കാതലായ ഭാഗം. ഭയമോ ബാഹ്യമായ സമ്മർദ്ദമോ, അജ്ഞതയോ പരസ്പര സ്വീകരണത്തിനുള്ള സമ്മതത്തെ ഒരിക്കലും സ്വാധീനിക്കാൻ പാടില്ല. ദമ്പതികളുടെ തികച്ചും സ്വന്തവും സ്വതന്ത്രവും വ്യക്തിഗതവുമായ ഒരു സമർപ്പണമാണ് വിവാഹസമ്മതം നല്കൽ. വിവാഹസമർപ്പണത്തിന് സമ്മതം നല്കുന്ന മുഹൂർത്തത്തിൽ യേശു ദാമ്പത്യബന്ധത്തെ ആശീർവദിക്കുകയും ഉറപ്പിക്കുകയും അതിനു മുദ്രവയ്ക്കുയും ചെയ്യുന്നു. വിവാഹസമ്മതം ദമ്പതികളെ പരസ്പരം സംയോജിപ്പിക്കുന്നതോടൊപ്പം യേശുവിനോടും ബന്ധിക്കുന്നു.

വിവാഹം എന്ന കൂദാശയിൽ വധൂവരന്മാർതന്നെയാണ് കാർമ്മികർ. വിവാഹം ആശീർവദിക്കുന്ന വൈദികൻ സഭയുടെ ഔദ്യോഗികസാക്ഷിയും പ്രതിനിധിയും മാത്രമാണ്. ആ കൂദാശയിലെ കൂദാശവസ്തുക്കാം ദമ്പതികളുടെ മനസ്സും ശരീരവുമാണ്. മാമ്മോദീസായിലൂടെ ദൈവത്തിൻെറ ആലയമായിത്തീർന്ന ദമ്പതികാം വിവാഹബന്ധത്തിലൂടെ തങ്ങളുടെ ശരീരവും ആത്മാവും ബലിവസ്തുക്കളായി ദൈവത്തിനും ജീവിതപങ്കാളിക്കും കാഴ്ചയർപ്പിക്കുകയാണ്. ദൈവം ഈ സമർപ്പണം സ്വീകരിക്കുകയും ദമ്പതികളെ ക്രിസ്തുവിൻെറ പരിത്രാണകർമ്മത്തിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുന്നു. അ

ങ്ങനെ, ദാമ്പത്യസ്നേഹത്തിൻെറ സജീവ സ്മാരകങ്ങളായ സന്താനങ്ങളെ ജനിപ്പിക്കാനും ഭൂമിയിലെയും സ്വർഗ്ഗത്തിലെയും പൗരന്മാരായി അവരെ വളർത്താനുമുള്ള ഉത്തരവാദിത്വവും അതിനുവേണ്ട കൃപാവരവും അവർ സ്വീകരിക്കുന്നു.

## ബലിയുടെ ജീവിതം

വിവാഹം എന്ന കൂദാശ പരികർമ്മം ചെയ്യുന്നവർ ദമ്പതികരംതന്നെയാണെന്നു പറഞ്ഞുവല്ലോ. മാമ്മോദീസായിലൂടെ ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ പങ്കുചേർന്ന അവർ പുരോഹിതരായി ബലിയർപ്പണം നടത്തുകയാണ് വിവാഹവേദിയിൽ. സഭയ്ക്കുവേണ്ടി ജീവൻ ബലികഴിച്ച യേശുവിന് സഭയുമായുള്ള ബന്ധത്തിൻെറ പ്രതീകമാണ് ഭാര്യാഭർത്തൃബന്ധം (എഫേ 5:25). ബലിപീഠത്തിൻെറ മുമ്പിൽ വച്ച് വിവാഹമെന്ന കൂദാശ പരികർമ്മം ചെയ്യപ്പെടുകയെന്നത് അർത്ഥപൂർണ്ണമാണ്. വിവാഹജീവിതം ആജീവ നാന്തമുള്ള ഒരു ബലിയർപ്പണമാണ് എന്ന വസ്തുത അങ്ങനെ അനുസ്മരിക്കപ്പെടുന്നു. ജീവിതാവസാനംവരെ അനുകൂല പ്രതികൂല സാഹചര്യങ്ങളിൽ ഒന്നുപോലെ നിലനില്ക്കേണ്ട ഒരു സമർപ്പണ ജീവിതമാണ് ദമ്പതികളുടേത്.

## സ്നേഹത്തിൻെറ ഉടമ്പടി

ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രണ്ടു വ്യക്തികരം നല്കുന്ന ഉഭയസമ്മതമാണല്ലോ ഉടമ്പടി. ഉടമ്പടിയുടെ വ്യവസ്ഥകരം പാലിക്കാൻ അതിൽ ഏർപ്പെടുന്ന രണ്ടുകൂട്ടരും ബാദ്ധ്യസ്ഥരാണ്. സീനായ്മലയുടെ താഴ്വരയിൽ വച്ചു ദൈവം ഇസ്രായേൽ ജനതയുമായി ഒരുടമ്പടി ചെയ്തു. “എൻെറ സ്വരം കേരക്കുകയും എൻെറ നിയമങ്ങരം അനുസരിക്കുകയും ചെയ്താൽ മറ്റെല്ലാ ജനതകളെക്കാരം നിങ്ങളെനിക്കു പ്രിയപ്പെട്ട ജനതയായിരിക്കും” (പുറ 19:5). ഹോസിയാ, ജറെമിയാ തുടങ്ങിയ പ്രവാചകന്മാർ ദൈവവും ഇസ്രായേൽ ജനതയുമായുള്ള ബന്ധത്തെ ഭാര്യാഭർത്തൃബന്ധത്തോടാണ് ഉപമി

ച്ചിരിക്കുന്നത്. കാരണം രണ്ടും അലംഘനീയവും അവിഭക്തവുമായ സ്നേഹത്തിൻറ ഉടമ്പടികളാണ്.

പുതിയനിയമത്തിൽ യേശുക്രിസ്തു പുതിയ ഇസ്രായേലായ സഭയുമായി ഒരു ഉടമ്പടി സ്ഥാപിച്ചു. പഴയനിയമകാലത്ത് ഉടമ്പടികളെല്ലാം രക്തംകൊണ്ടാണു മുദ്രവച്ചിരുന്നത്. സഭയുമായുള്ള പുതിയ ഉടമ്പടി ക്രിസ്തു സ്വന്തം രക്തംകൊണ്ടു മുദ്രവച്ചു. ക്രിസ്തു സ്വയം ബലയർപ്പിച്ചുകൊണ്ടു സഭയോടുള്ള ത്യാഗോജ്ജ്വലമായ സ്നേഹം പ്രകടമാക്കി. അതുപോലെ നിസ്വാർത്ഥമായിരിക്കണം ഭാര്യാഭർത്താക്കന്മാരുടെ സ്നേഹവും. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താക്കന്മാർ ഭാര്യമാരെ സ്നേഹിക്കണം എന്ന് എഫേസോസുകാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് എഴുതി (എഫേ 5:25-30). ഭാര്യാഭർത്താക്കന്മാർക്കിടയിലുണ്ടായിരിക്കേണ്ട ത്യാഗപൂർണ്ണമായ സനേഹബന്ധത്തെക്കുറിച്ചാണ് അദ്ദേഹം അതിൽ പ്രതിപാദിക്കുന്നത്. ത്യാഗസമ്പൂർണ്ണമായ ദാമ്പത്യസ്നേഹം ഒരേസമയം മാനുഷികവും ദൈവികവുമാണ്. കാരണം, പ്രസ്തുത സ്നേഹം മാനുഷികമായതിനെ ദൈവികമായതിനോടു യോജിപ്പിച്ചുകൊണ്ട് ഭാര്യാഭർത്താക്കന്മാരെ സ്വതന്ത്രവും പരസ്പരമുള്ളതുമായ സമർപ്പണത്തിലേക്കു നയിക്കുന്നു.

വിവാഹജീവിതത്തിന് ആസ്വാദ്യതയും നിത്യനൂതനത്വവും പ്രദാനം ചെയ്യുന്നത് ദമ്പതികളുടെ അന്യോന്യസ്നേഹമാണ്. കഷ്ടപ്പാടുകളുടെയും പ്രശ്നങ്ങളുടെയും പ്രതികൂലസാഹചര്യങ്ങളുടെയും മദ്ധ്യത്തിൽ തികഞ്ഞ വിശ്വസ്തതയിലും ഹൃദയത്തിൻെറ ഐക്യത്തിലും അവരെ നിലനിർത്തുന്നത് ഈ സ്നേഹമത്രേ. അവികലമായ സ്നേഹത്തിലൂടെ ഇവിടെ രണ്ടു വ്യക്തികൾ ഒന്നായിത്തീരുന്നു: "അവർ ഇനി രണ്ടല്ല, ഒരു ശരീരമാണ്" (മത്താ 19:6).

## വിവാഹിതരും ചാരിത്രവും

നിസ്വാർത്ഥമായി പരസ്പരം സ്നേഹിക്കുന്ന ഭാര്യാഭർത്താക്കന്മാരാണ് വിവാഹജീവിതത്തിലെ ഉത്തമ

പങ്കാളികൾ. അവിടെ അവിശ്വസ്തതയെക്കുറിച്ച് ചിന്തിക്കാൻപോലും വയ്യ. വിശ്വസ്തതയാണ് വൈവാഹിക ചാരിത്രത്തിൻെറ അടിസ്ഥാനം.

എന്താണീ വിശ്വസ്തതയുടെ കാതൽ? സ്നേഹമാണല്ലോ വിവാഹജീവിതത്തിൻെറ കേന്ദ്രബിന്ദു. ഈ സ്നേഹത്തിൻെറ മാറ്റ് എങ്ങനെ നിർണ്ണയിക്കാം? അലൗകികമായ സ്നേഹസമർപ്പണം ശാരീരിക രൂപഭാവങ്ങൾ കൈക്കൊള്ളുകയാണ്, ദാമ്പത്യജീവിതത്തിൽ. ഭാര്യയും, ഭർത്താവും തങ്ങളുടെ ആത്മശരീരങ്ങൾ പൂർണ്ണമായിട്ടാണ് പരസ്പരം ദാനം ചെയ്യുന്നതും സ്വീകരിക്കുന്നതും. ലൈംഗികസ്വഭാവമുള്ള ഈ ഹൃദയബന്ധത്തിൽ മൂന്നാമതൊരാൾക്കു പ്രവേശനം നല്കുന്നതു വഞ്ചനയാണ്. രണ്ടു വ്യക്തികളുടെ സമ്പൂർണ്ണസമർപ്പണത്തിൻെറ ആവിഷ്കാരമാണല്ലോ ദാമ്പത്യത്തിലെ ലൈംഗികത. എന്നാൽ ദാമ്പത്യബന്ധത്തിനു പുറത്തുള്ള ലൈംഗികവേഴ്ചയിൽ ഈ സമർപ്പണം സാധ്യമല്ല. തന്മൂലം അത് അതിൽ തന്നെ ഒരു വൈരുദ്ധ്യമാണ്. പൂർണ്ണമായ ഹൃദയൈക്യത്തിൻെറയും ലൈംഗിക യോജിപ്പിൻേറതുമായ ഈ "രഹസ്യ" (എഫേ 5:32)ത്തിലേക്ക് കടന്നുവരുന്നവനോ, കള്ളനും. കള്ളനു വാതിൽ തുറന്നുകൊടുക്കുക പങ്കാളിയെ ചതിക്കലാണ്. അപ്പോൾ വിശ്വസ്തതയാണ് സ്നേഹത്തിൻെറ മാറ്റുരച്ചറിയാനുള്ള ഉരകല്ല്. ഈ അർത്ഥത്തിൽ വേണം ഉത്പത്തിപ്പുസ്തകത്തിലെയും വി. പൗലോസിൻെറ ലേഖനത്തിലെയും പ്രബോധനത്തെ മനസ്സിലാക്കാൻ. "പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ടു ഭാര്യയോടുചേർന്നിരിക്കും. അവർ ഇരുവരും ഏകശരീരമായിത്തീരും" (ഉത്പ 2:24; എഫേ 5:31). തൻെറ പങ്കാളിക്കുവേണ്ടി നിതാന്തജാഗ്രതയോടെ മനസ്സിൻെറയും ശരീരത്തിൻെറയും വാതിലുകൾ ബന്ധിച്ച്, വൈവാഹികജീവിതത്തിൻെറ രഹസ്യാത്മകത കാത്തുസൂക്ഷിക്കുക എന്നതാണ് ചാരിത്രത്തിൻെറ ആന്തരാർത്ഥം.

## പ്രാർത്ഥന

സ്നേഹത്തിൻെറ പങ്കുവയ്ക്കലിനും മനുഷ്യവംശത്തിൻെറ നിലനില്പിനുമായി വിവാഹമെന്ന കൂദാശ സ്ഥാപിച്ച ദൈവമേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ദാമ്പത്യജീവിതത്തിൻെറ വിശുദ്ധിയും പ്രാധാന്യവുമെന്തെന്നു ഗ്രഹിക്കുവാൻ ഞങ്ങൾ പ്രാപ്തരാകട്ടെ. കുടുംബജീവിതത്തിലേക്കുള്ള വിളിയുടെ ഗൗരവപൂർവമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനുള്ള കൃപാവരം എല്ലാ ദമ്പതികൾക്കും അങ്ങു പ്രദാനം ചെയ്യണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. വിവാഹത്തെ സംബന്ധിച്ച് പഴയനിയമത്തിലുള്ള രണ്ടു വിവരണങ്ങൾ സംഗ്രഹിക്കുക.
2. വിവാഹം ദൈവവിളിയാണ് വിശദീകരിക്കുക.
3. പരസ്പരം പവിത്രീകരിക്കുന്ന ഒന്നാണ് വിവാഹജീവിതമെന്ന് പറയാൻ കാരണമെന്ത്?
4 വിവാഹത്തെ സംബന്ധിച്ച ക്രിസ്തീയ വീക്ഷണമെന്ത് ?
5. വിവാഹമെന്ന കൂദാശയുടെ ഏറ്റവും കാതലായ ഭാഗം ഏത്?
6. വിവാഹജീവിതം ആജീവനാന്തമുള്ള ബലിയർപ്പണമാണെന്നു പറയുന്നത് എന്തുകൊണ്ട്?
7. വിവാഹം സ്നേഹത്തിൻെറ ഉടമ്പടിയാണ്. വിശദീകരിക്കുക.
8. ദാമ്പത്യബന്ധത്തിനു പുറത്തുള്ള ലൈംഗിക വേഴ്ച വഞ്ചനയും അതിൽത്തന്നെ ഒരു വൈരുദ്ധ്യവുമാണ്. എന്തുകൊണ്ട്?

## പ്രവർത്തിക്കുക

കൂദാശക്രമ പുസ്തകത്തിൽ നിന്ന് വിവാഹം ആശീർവദിക്കുന്ന ക്രമം വായിക്കുകയും വിവാഹപ്രതിജ്ഞയുടെ വാചകങ്ങൾ നോട്ടുബുക്കിൽ കുറിക്കുകയും ചെയ്യുക.

# 11
# സഭാസമൂഹത്തിലെ പ്രത്യേക ശുശ്രൂഷകർ

പഴയനിയമത്തിൽ ഏശയ്യാപ്രവചാകനെ ദൈവത്തിന്റെ ദൗത്യവാഹകനായി നിയോഗിക്കുന്നതിന്റെ വിവരണമുണ്ട്. ദൈവത്തിനുവേണ്ടി ജനത്തോടു സംസാരിക്കുവാൻ ആരുപോകും എന്ന് കർത്താവ് ചോദിച്ചപ്പോഠ ഏശയ്യാ പ്രത്യുത്തരം നല്കി: "ഇതാ ഞാൻ, എന്നെ അയച്ചാലും" (ഏശ 6:8-9). ദൈവത്തിന്റെ ഇതേ ആഹ്വാനം എല്ലായിടത്തും എല്ലാകാലഘട്ടങ്ങളിലും മുഴങ്ങുന്നുണ്ട്. ഈ ആഹ്വാനത്തിനു പ്രത്യുത്തരമായി ജീവിതം ദൈവത്തിനു സമർപ്പിക്കുന്നവരാണു പുരോഹിതരും സന്ന്യസ്തരും. ദൈവത്തിന്റെ ആഹ്വാനം സ്വീകരിക്കുക എന്ന ധീരമായ വെല്ലുവിളി ഏറ്റെടുക്കുന്ന അവരുടെ ജീവിതാവസ്ഥയുടെ സവിശേഷതകഠ ഏവയെന്നു നമുക്കു പരിശോധിക്കാം.

### പൗരോഹിത്യ ശുശ്രൂഷ

യേശുക്രിസ്തുവാണ് ദൈവത്തിനും മനുഷ്യർക്കുമിടയ്ക്കുള്ള ഏക മദ്ധ്യസ്ഥൻ. ക്രിസ്തുവിൽ മാത്രമേ അതുല്യവും പരിപൂർണ്ണവുമായ പൗരോഹിത്യമുള്ളു. നിത്യപുരോഹിതനായ ക്രിസ്തു തന്റെ ജീവിതവും മരണവും ഉത്ഥാനവും ഉഠക്കൊള്ളുന്ന ഒരു സമ്പൂർണ്ണ ബലിയർപ്പിച്ചു. അങ്ങനെ അവിടുന്ന് പുതിയനിയമത്തിലെ പൗരോഹിത്യത്തിന് ആരംഭമിട്ടു. മനുഷ്യരക്ഷയാണ് ക്രിസ്തുവിന്റെ ബലിയുടെ ലക്ഷ്യം. ആ ലക്ഷ്യം ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകുവാൻ വേണ്ടി അവിടുന്ന് പൗരോഹിത്യം എന്ന കൂദാശ സ്ഥാപിച്ചു.

## അല്മായ പൗരോഹിത്യവും കൗദാശിക പൗരോഹിത്യവും

സഭയിലെ അംഗങ്ങളെല്ലാവരും മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുകാരാണ്. വൈദികരും അല്മായരും മിശിഹായെ അനുകരിക്കേണ്ടവരാണ്. മാമ്മോദീസാ വഴി എല്ലാ ക്രൈസ്തവരും ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതിനെ 'വിശ്വാസികളുടെ പൊതുവായ പൗരോഹിത്യ'മെന്നാണു വിളിക്കുന്നത്. "അത്യുന്നത നിത്യ പുരോഹിതനായ ക്രിസ്തു അവിടുത്തെ ദൗത്യവും ശുശ്രൂഷയും അല്മായർവഴിയും തുടർന്നുകൊണ്ടു പോകുവാൻ തിരുമനസ്സായി... തൻെറ പൗരോഹിത്യ കർത്തവ്യത്തിൽ ക്രിസ്തു അവർക്കു ഭാഗഭാഗിത്വം നല്കുകയും ചെയ്തു" (തിരുസഭ, 34). ദിവ്യബലിയിലെ ഭാഗഭാഗിത്വം, കൂദാശകളുടെ സ്വീകരണം, കൃതജ്ഞതാപ്രകടനം, പ്രാർത്ഥന, ജീവിതസാക്ഷ്യം സ്വയം പരിത്യാഗം, കർമ്മനിരതമായ സ്നേഹം എന്നിവവഴി വിശ്വാസികൾ തങ്ങളുടെ പൊതു പൗരോഹിത്യധർമ്മം നിർവഹിക്കുന്നു.

ഇതിൽ നിന്നു വ്യത്യസ്തമായ ശുശ്രൂഷാപരവും കൗദാശികവുമായ പൗരോഹിത്യത്തെപ്പറ്റിയാണ് ഇവിടെ നാം പരാമർശിക്കുന്നത്. ദൈവജനത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ഏതാനുംപേർ ദൈവവചനം പ്രഘോഷിക്കാനും, ക്രിസ്തുവിൻെറ സഭയെ നയിക്കാനും, വിശുദ്ധരഹസ്യങ്ങളുടെ ശുശ്രൂഷയിലൂടെ ദൈവജനത്തെ വിശുദ്ധീകരിക്കാനുംവേണ്ടി മെത്രാൻെറ കൈവയ്പു ശുശ്രൂഷവഴി പൗരോഹിത്യം സ്വീകരി

*പൗരോഹിത്യത്തിൻെറ മഹത്വം തെളിയിച്ച ആർസിലെ വികാരി*



ക്കുന്നു. "ജനങ്ങളിൽ നിന്ന് ജനങ്ങൾക്കുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന പ്രധാനപുരോഹിതൻ ദൈവികകാര്യങ്ങൾക്ക് നിയമിക്കപ്പെടുന്നത് പാപപരിഹാരത്തിനായി ബലികളും കാഴ്ചകളും അർപ്പിക്കാനാണ് " (ഹെബ്രാ 5:1).

ക്രിസ്തുവിൻെറ ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരാണ് പുരോഹിതർ (വൈദികർ). മലയാളികൾ വൈദികനെ അച്ചൻ എന്നാണ് അഭിസംബോധന ചെയ്യുന്നത്. പിതാവ് എന്നാണല്ലോ അതിനർത്ഥം. എന്തുകൊണ്ടു വൈദികനെ പിതാവെന്നു വിളിക്കുന്നു ? നമ്മെ ജനിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന വ്യക്തിയാണല്ലോ നമ്മുടെ പിതാവ്. ഒരു കത്തോലിക്കാ വൈദികനാകട്ടെ കൂദാശകളുടെ പരികർമ്മം, ദൈവവചനശുശ്രൂഷ, സഭാസമൂഹത്തിനു ചെയ്യുന്ന ഇതരസേവനങ്ങൾ എന്നിവയിലൂടെ ദൈവമക്കളെ ആദ്ധ്യാത്മികമായി ക്രിസ്തുവിൽ ജനിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിലാണ് നാം അദ്ദേഹത്തെ അച്ചൻ എന്നു വിളിക്കുന്നത്.

ദൈവത്തിനും ദൈവജനത്തിനുമിടയ്ക്ക് നിലകൊള്ളുന്നവനാണ് പുരോഹിതൻ. പുരോഹിതനെന്ന പദത്തിൻെറ വാച്യാർത്ഥംതന്നെ മുമ്പിൽ വയ്ക്കപ്പെട്ടവൻ എന്നാണ്. മനുഷ്യരക്ഷയെന്ന ദൗത്യം മനുഷ്യരുടെയിടയിൽ നിറവേറ്റുകയാണ് പുരോഹിതൻെറ കടമ. അദ്ദേഹം ക്രിസ്തുവിൻെറ നാമത്തിൽ ക്രിസ്ത്യാനികളെ ഒന്നിപ്പിച്ച് ഒരു വിശുദ്ധ സമൂഹമായി അവരെ വളർത്തിയെടുക്കണം. ക്രിസ്തുവിൻെറ പുരോഹിതൻ ലൗകിക ജീവിതത്തിൽ നിന്നു വ്യത്യസ്തമായ ഒരു ജീവിതത്തിനു സാക്ഷ്യം വഹിക്കുന്നവനാകണം. എന്നാൽ സാധാരണക്കാരൻെറ ജീവിതസാഹചര്യങ്ങളോടു ബന്ധപ്പെട്ടാലേ അവർക്കുവേണ്ടി രക്ഷാകരമായ സേവനം ഫലപ്രദമായി ചെയ്യുവാൻ വൈദികനും കഴിയൂ. ഒരു പുരോഹിതൻെറ കടമകൾ താഴെക്കാണുന്നവയാണ്:

*1. വചനപ്രഘോഷണം*

ദൈവവചന ശുശ്രൂഷകരാണ് വൈദികർ. സുവിശേഷം പ്രസംഗിക്കുകയാണ് അവരുടെ കടമ. രക്ഷാ

കരമായ വചനം വഴി അക്രൈസ്തവരിൽ അവർ വിശ്വാസദീപം കൊളുത്തുകയും വിശ്വാസികളിൽ അതിനെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. സുവിശേഷസത്യങ്ങൾ സകലർക്കും പകർന്നുകൊടുക്കാൻ കടപ്പെട്ടവരാണവർ.

ദൈവവചനം പ്രഘോഷിക്കേണ്ട വൈദികൻ അതിൽ ആഴമുള്ള അറിവ് നേടിയിരിക്കണം. സെമിനാരിയിലെ നീണ്ടപരിശീലനത്തിൽ ആദ്ധ്യാത്മികവും ബൗദ്ധികവുമായ വിജ്ഞാനം അദ്ദേഹം സമ്പാദിക്കുന്നു.

*2. കൂദാശകളുടെ ശുശ്രൂഷ*

കൂദാശകൾ പരികർമ്മം ചെയ്യുകയാണ് വൈദികന്റെ മർമ്മപ്രധാനമായ കർത്തവ്യം. ദൈവം മാത്രമാണു പരമപരിശുദ്ധൻ. പവിത്രീകരിക്കുന്നവനും ദൈവംതന്നെ. കൂദാശകളുടെ പരികർമ്മത്തിലൂടെ ദൈവജനത്തെ വിശുദ്ധീകരിക്കുന്ന പ്രക്രിയയിൽ വൈദികൻ സഹകരിക്കുന്നു. "മാമ്മോദീസാവഴി വൈദികർ മനുഷ്യരെ ദൈവജനസമൂഹത്തിലേക്ക് ആനയിക്കുന്നു. അനുരഞ്ജനത്തിന്റെ കൂദാശയിലൂടെ പാപികളെ ദൈവത്തോടും അവിടുത്തെ സഭയോടും രമ്യതപ്പെടുത്തുന്നു. രോഗിലേപനം വഴി രോഗികളെ ആശ്വസിപ്പിക്കുന്നു. സർവോപരി, അവർ ദിവ്യബലിയിൽ കൗദാശികമായി ക്രിസ്തുവിന്റെ ബലിയർപ്പിക്കുന്നു" (വൈദികർ, 5).

വൈദികന്റെ നേതൃത്വത്തിലുള്ള ദൈവജനത്തിന് ആദ്ധ്യാത്മിക ജീവൻ ലഭിക്കുന്ന ഉറവിടമാണല്ലോ ദിവ്യകാരുണ്യം. ആ ദിവ്യകേന്ദ്രത്തിലേക്കു ദൈവജനത്തെ നയിക്കുകയും അതിന്റെ ഉറവയിൽ നിന്ന് അവർക്കു ദൈവിക ജീവൻ പകർന്നു കൊടുക്കുകയും ചെയ്യുക പൗരോഹിത്യധർമ്മത്തിന്റെ പ്രധാനഘടകമാണ്.

*3. ആദ്ധ്യാത്മിക നേതൃത്വം*

ദൈവജനത്തിന്റെ നേതാവാണ് വൈദികൻ. മെത്രാനോടു ചേർന്നു ദൈവജനത്തെ നയിക്കാൻ അദ്ദേഹ

ത്തിനു കടമയുണ്ട്. സമൂഹത്തിൽ സ്വകർത്തവ്യങ്ങൾ ക്രിസ്തീയമായി നിർവഹിക്കാൻ ക്രൈസ്തവരെ പഠിപ്പിക്കേണ്ടവനാണു വൈദികൻ. നല്ലിടയനായ ക്രിസ്തുവിന്റെ മാതൃക അനുകരിച്ചു വൈദികൻ സമൂഹത്തിൽ എല്ലാവർക്കും ദൈവാനുഭൂതി പകർന്നുകൊടുക്കുന്നു. അദ്ദേഹം "എല്ലാവർക്കും എല്ലാമായിത്തീരുന്നു." സമൂഹത്തിലെ ദരിദ്രർ, അവശവിഭാഗങ്ങൾ എന്നിവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്താൻ വൈദികൻ കടപ്പെട്ടിരിക്കുന്നു. ഇതു സഭയോടും സഭാധികാരികളോടുമുള്ള കൂട്ടായ്മയിലും വിധേയത്വത്തിലുമാണു നിർവഹിക്കേണ്ടത്.

*സന്ന്യാസ ശുശ്രൂഷ*

ഇന്നു ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ക്രൈസ്തവ സന്ന്യാസിനീസന്ന്യാസികൾ ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. സുവിശേഷോപദേശങ്ങളനുസരിച്ച്, പ്രത്യേകിച്ച് അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നിവവഴി ദൈവത്തിനു സമ്പൂർണ്ണ സമർപ്പണം ചെയ്തവരാണു സന്ന്യസ്തർ. അർപ്പണമാണ് സന്ന്യാസത്തിന്റെ അന്തസ്സത്ത. സന്ന്യാസജീവിതത്തിന്റെ ആരംഭവും ചരിത്രത്തിലൂടെയുള്ള പുരോഗതിയും നാം ഒൻപതാം സ്റ്റാൻഡേർഡിൽ പഠിച്ചതാണല്ലോ.

*സന്ന്യാസികൾ സഭയിൽ*

സഭയുടെ ഘടനയിൽ സന്ന്യസ്തരുടെ സ്ഥാനമെന്ത് ? അല്മായരുടെയും വൈദികരുടെയുമിടയ്ക്കുള്ള ഒരു കൂട്ടരല്ല സന്ന്യസ്തർ. ഈ രണ്ടു വിഭാഗത്തിൽപ്പെട്ടവർക്കും സന്ന്യാസികളാകാം. അങ്ങനെ വൈദികസന്ന്യാസികളും അവൈദിക സന്ന്യാസികളുമുണ്ട്. ആദ്യകാലത്ത് സന്ന്യാസികൾ വൈദികരായിരുന്നില്ല. പില്ക്കാലത്ത് പ്രേഷിതരംഗങ്ങളിൽ കൂടുതൽ വൈദികരെ ആവശ്യമായി വന്നപ്പോൾ സന്ന്യാസികൾ പൗരോഹിത്യശുശ്രൂഷയ്ക്കു മുമ്പോട്ടു വരുകയാണുണ്ടായത്.

എന്താണൊരുവനെ സന്ന്യാസിയാക്കുന്നത്? ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ മൂന്നു സുവിശേഷസുകൃതങ്ങൾ സ്വീകരിച്ചു ജീവിക്കുന്നവനാണ് സന്ന്യാസി (തിരുസഭ, 44). ദാമ്പത്യ ജീവിതത്തിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് ക്രിസ്തീയമായ പൂർണ്ണത പ്രാപിക്കുവാൻ ശ്രമിക്കുന്നവരാണ് വിവാഹിതർ. സന്ന്യസ്തരാകട്ടെ, മുകളിൽപ്പറഞ്ഞ മൂന്നു വ്രതങ്ങളിലൂടെ ക്രിസ്തീയപൂർണ്ണത പ്രാപിക്കാൻ ശ്രമിക്കുന്നു. വ്യത്യസ്തമായൊരു വിളിയാണിത്. വിവാഹിതരും സന്ന്യസ്തരും ഒരേ വിശുദ്ധി പ്രാപിക്കാൻ പരിശ്രമിക്കുന്നു.

സന്ന്യസ്തർ കർത്താവിനുവേണ്ടിയുള്ള ഏകാഗ്രമായ അർപ്പണത്തിനു സംഘടിതമായ സാക്ഷ്യം നല്കുന്നവരാണ്. സ്നേഹത്തിലൂടെ ദൈവത്തിനു സ്വയം സമർപ്പിച്ച് ദൈവസ്നേഹം തങ്ങളിൽ ഏറ്റുവാങ്ങി, പ്രാർത്ഥനയിലൂടെയും സഹനത്തിലൂടെയും ശുശ്രൂഷയിലൂടെയും ക്രിസ്തുവിനെ ലോകത്തിനു പ്രദാനം ചെയ്യുകയാണ് അവരുടെ ധർമ്മം. ദൈവരാജ്യത്തിൻെറ ജീവിക്കുന്ന പ്രതീകമാണ് സന്ന്യാസം. സഭയ്ക്കു തൻെറ മണവാളനോടുള്ള സ്നേഹം സന്ന്യസ്തരുടെ വിശ്വസ്ത ജീവിതത്തിലൂടെ പ്രകടമാകുന്നു. ആ വിശ്വസ്തത പ്രകടമാക്കുവാനുള്ള പ്രത്യക്ഷ മാർഗ്ഗങ്ങളാണു ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ.

*a ബ്രഹ്മചര്യം*

സന്ന്യാസജീവിതം നയിക്കുന്നവർ തങ്ങളുടെ ശരീരത്തെ ഒരു സ്ത്രീക്കോ പുരുഷനോ സമർപ്പിക്കുന്നില്ല. അവർ തങ്ങളെ പരിപൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ദൈവസ്നേഹത്താൽ പൂരിതരായി, പ്രാർത്ഥനയിലൂടെയും സഹനത്തിലൂടെയും ആ സ്നേഹം ദൈവജനത്തിനു പകർന്നുകൊടുക്കുന്നു. അങ്ങനെ ബ്രഹ്മചര്യത്തിലൂടെ സന്ന്യാസി തൻെറ ശരീരത്തെയും മനസ്സിനെയും ദൈവവചനശുശ്രൂഷയ്ക്കും ദൈവജന സേവനത്തിനുമായി പരിപൂർണ്ണമായി സമർപ്പിക്കുന്നു.

*b ദാരിദ്ര്യം*

ആദ്ധ്യാത്മിക ദാരിദ്ര്യത്തിൻെറയും ലൗകികദാരിദ്ര്യത്തിൻെറയും ആവശ്യകത സുവിശേഷങ്ങളിൽ പ്രകടമാണ്. ഒരു സന്ന്യാസി ദാരിദ്ര്യത്തിലൂടെ തനിക്കുള്ളതെല്ലാം ദൈവത്തിനു സമർപ്പിക്കുന്നു. അങ്ങനെ ലൗകികവസ്തുക്കാം അയാളെ ദൈവത്തിൽ നിന്നകറ്റുന്നതിനു പകരം ദൈവവുമായി കൂടുതൽ അടുപ്പിക്കുന്നു. സന്ന്യാസി എല്ലാ വസ്തുക്കളെയും സൗകര്യങ്ങളെയും തൻേറതായി കരുതാതെ ദൈവം സമൂഹത്തിനു നല്കിയ ദാനമായിക്കണ്ട് ദൈവജനത്തിൻെറ നന്മയ്ക്കായി കൈകാര്യം ചെയ്യുന്നു. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ടു സന്ന്യാസി ദാരിദ്ര്യത്തിലൂടെ ക്രിസ്തുവിനെ അനുകരിക്കുന്നു.

*c അനുസരണം*

തന്നെത്തന്നെ കുരിശുമരണത്തോളം താഴ്ത്തി, പിതാവിനോട് അനുസരണം പ്രകടിപ്പിച്ച ക്രിസ്തുവിനെ അനുകരിക്കുവാൻ വി. പൗലോസ് ഫിലിപ്പിയിലെ ക്രൈ



*വിശുദ്ധിയിലേക്കുള്ള വിളിക്ക് സന്ന്യാസജീവിതത്തിലൂടെ മറുപടി നല്കിയ ചാവറയച്ചനും അൽഫോൻസാമ്മയും*

സ്തവരോട് ആഹ്വാനം ചെയ്യുന്നു (ഫിലി 2:8). സ്വന്തം താത്പര്യങ്ങളെ മറന്ന്, പിതാവിൻെറ ഇഷ്ടം നിറവേറ്റിയവനാണു ക്രിസ്തു. സ്വന്തം ആഗ്രഹങ്ങളെ ത്യജിച്ച് ക്രിസ്തുവിൻെറ അഭീഷ്ടം നിറവേറ്റുകയാണു സന്ന്യാസത്തിലെ അനുസരണം. ക്രിസ്തുവിൻെറ അനുസരണം ലോകത്തിൻെറ രക്ഷയ്ക്കു കാരണമായി. സന്ന്യാസത്തിലെ അനുസരണത്തിൻെറ ലക്ഷ്യവും അതുതന്നെയാണ്. ദൈവത്തിൻെറ ഇഷ്ടം തൻെറ ജീവിതത്തിലൂടെ ലോകത്തിനു പ്രകടമാക്കുന്നവനാണു സന്ന്യാസി. ശുശ്രൂഷിക്കപ്പെടാനല്ലാതെ ശുശ്രൂഷിക്കാൻ ദാസനായി അവതരിച്ച ക്രിസ്തുവിനെ അടുത്തനുകരിക്കുകയാണു സന്ന്യാസിയുടെ ധർമ്മം.

സന്ന്യാസവ്രതങ്ങളിൽ ഉൾക്കൊള്ളുന്ന പരിത്യാഗം നിഷേധാത്മകമായ ഒന്നല്ല. അതു സമ്പൂർണ്ണ സമർപ്പണത്തിനുള്ള ഒരു വ്യവസ്ഥ മാത്രമാണ്. ആ പരിത്യാഗത്തിലൂടെ സന്ന്യാസി ദൈവത്തിനു തന്നെത്തന്നെ സമർപ്പിക്കുകയും ക്രിസ്തുവിൻെറ മാതൃക സ്വീകരിക്കുകയും ചെയ്യുന്നു.

പ്രവൃത്തിപഥത്തിൽ പ്രകടമായ വ്യത്യാസങ്ങളും, ശുശ്രൂഷകളിൽ വൈവിധ്യവുമുണ്ടെങ്കിലും സന്ന്യാസികളും പുരോഹിതരും ക്രിസ്തുവിൻെറ വയലിലെ ജോലിക്കാരാണ്. രണ്ടുകൂട്ടരും ലോകത്തിൻെറ ദീപമായ ക്രിസ്തുവിനെ വെളിപ്പെടുത്തുവാനും അവിടുത്തേക്കു സാക്ഷ്യം വഹിക്കുവാനും പ്രതിജ്ഞാബദ്ധരാണ്. നിത്യപുരോഹിതനായ ക്രിസ്തുവിൻെറ രക്ഷാകര രഹസ്യത്തിൻെറ തുടർച്ച ഇവരിലൂടെ സാധിക്കണം.

ക്രിസ്തുവിൻെറ വചനപ്രഘോഷണവും രക്ഷാകരദൗത്യവും തുടരേണ്ടതിന് ക്രിസ്തു അപ്പസ്തോലന്മാരെ തിരഞ്ഞെടുത്ത് അയച്ചതുപോലെ ക്രിസ്തുവിൻെറ തുടർച്ചയായ തിരുസഭ ആ ദിവ്യദൗത്യനിർവഹണത്തിനായി പുരോഹിതരെയും സന്ന്യാസിനീസന്ന്യാസികളെയും പ്രത്യേകമായി തിരഞ്ഞെടുത്ത് അയയ്ക്കുന്നു. പുരോഹിതൻെറയും സന്ന്യാസിയുടെയും ശുശ്രൂഷകളുടെ

ലക്ഷ്യം ഒന്നുതന്നെയാണ്; ദൈവജനത്തിനു സേവനം ചെയ്യുക. അതുവഴി ദൈവത്തെ മഹത്വപ്പെടുത്തുക.

## പ്രാർത്ഥന

നിത്യപുരോഹിതനായ യേശുവേ, അവിടുത്തെ രക്ഷാകര ശുശ്രൂഷ തുടർന്നുകൊണ്ടു പോകുവാൻ പൗരോഹിത്യമെന്ന കൂദാശ സ്ഥാപിച്ചതിന് അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. ദൈവത്തിനും ദൈവജനത്തിനും പ്രത്യേകമാംവിധം ശുശ്രൂഷ ചെയ്യാനായി അങ്ങു ഞങ്ങളെ വിളിക്കുമ്പോൾ ഏശയ്യായെപ്പോലെ 'ഇതാ ഞാൻ, എന്നെ അയച്ചാലും' എന്നു പറഞ്ഞുകൊണ്ട് ആ വിളിക്ക് പ്രത്യുത്തരം നല്കാൻ ഞങ്ങളെ ശക്തരാക്കണമേ. പൗരോഹിത്യത്തിൻെറയും സന്ന്യാസത്തിൻെറയും മാഹാത്മ്യം മനസ്സിലാക്കിക്കൊണ്ട് വൈദികരെയും സന്ന്യാസികളെയും വേണ്ടത്ര ആദരവോടെ വീക്ഷിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. യേശു പൗരോഹിത്യം എന്ന കൂദാശ സ്ഥാപിച്ചതെന്തിന്?
2. വിശ്വാസികളുടെ പൊതുവായ പൗരോഹിത്യം എന്നാലെന്ത്?
3. പുരോഹിതൻെറ പ്രധാന കടമകൾ ഏതെല്ലാം?
4. സന്ന്യാസത്തിൻെറ അന്തസ്സത്തയെന്തെന്ന് വിശദീകരിക്കുക.
5. സഭയിൽ സന്ന്യാസികളുടെ സ്ഥാനവും ദൗത്യവുമെന്ത്?
6. സന്ന്യാസവ്രതങ്ങളുടെ അർത്ഥം വിശദമാക്കുക.

## പ്രവർത്തിക്കുക

1. വി. ജോൺമരിയ വിയാനിയുടെ ജീവചരിത്രം വായിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
2. മദർ തെരേസയുടെ ആതുര സേവനത്തെക്കുറിച്ച് നോട്ടുകുറിക്കുക.

# 12
# മനസ്സാക്ഷി

മാംസം ഭക്ഷിക്കുന്നത് നിഷിദ്ധമായി കരുതിയിരുന്ന വൈഷ്ണവരായിരുന്നു മഹാത്മാഗാന്ധിയുടെ കുടുംബക്കാർ. എന്നാൽ മോഹൻദാസ് ഗാന്ധിയുടെ ജ്യേഷ്ഠൻ രഹസ്യമായി മാംസം ഭക്ഷിച്ചിരുന്നു. മോഹൻദാസിന് പതിനഞ്ചു വയസ്സ് പ്രായമുള്ളപ്പോൾ ജ്യേഷ്ഠൻ രഹസ്യമായി മാംസം കഴിക്കാൻവേണ്ടി വളരെയധികം കടം വരുത്തിവച്ചിരുന്നു. അച്ഛനമ്മമാർ അറിയാതെ കടം വീട്ടാനുള്ള മാർഗ്ഗത്തെക്കുറിച്ച് ആ സഹോദരന്മാർ കൂടിയാലോചിക്കുകയും ഒരാളുടെ സ്വർണ്ണാഭരണത്തിൽ നിന്ന് ഒരു കഷണം അടർത്തിയെടുത്ത് രഹസ്യത്തിൽ വിറ്റ് കടം വീട്ടുകയും ചെയ്തു. പക്ഷേ, അങ്ങനെ ചെയ്തത് തെറ്റാണെന്ന് മോഹൻദാസിന് അറിയാമായിരുന്നു. ആഭരണത്തിന്റെ അംശം കാണാതായകാര്യം അച്ഛനമ്മമാർ അറിഞ്ഞു. മക്കളോട് വിശദീകരണം ചോദിച്ചെങ്കിലും അറിഞ്ഞുകൂടാ എന്നാണ് മറുപടി പറഞ്ഞത്. മക്കളുടെ വാക്ക് അവർ വിശ്വസിക്കുകയും ചെയ്തു.

ചെയ്തുപോയ തെറ്റിനെക്കുറിച്ച് മോഹൻദാസ് പിന്നീട് പശ്ചാത്തപിച്ചു. എല്ലാം അമ്മയോടേറ്റു പറഞ്ഞു. അച്ഛനെ നേരിടാൻ അവനു ഭയമായിരുന്നു. തന്റെ പ്രവൃത്തി അച്ഛനെ വേദനിപ്പിക്കുമല്ലോ എന്ന ചിന്തയാണ് അവനെ അലട്ടിയത്. എന്തായാലും അച്ഛനോട് മാപ്പു പറയുക തന്നെ. നേരിട്ടു പറയാനുള്ള വിഷമംകൊണ്ട് കുറ്റസമ്മതം ഒരു കടലാസിൽ എഴുതി അച്ഛന്റെ കൈയിൽ കൊടുത്തു. കടലാസ് വായിച്ച പിതാവ് സമ്മിശ്രവികാരങ്ങളാൽ കണ്ണീർ ചൊരിഞ്ഞു. ഒപ്പം മകന്റെ കണ്ണുകളും നിറഞ്ഞൊഴുകി.

ഒരു തെറ്റിനു കൂട്ടുനിന്ന ഗാന്ധിജിയുടെ മനസ്സിൻെറ പ്രവർത്തനമാണ് ഈ സംഭവത്തിൽ, കാണുന്നത്. തെറ്റുചെയ്യുന്നവന് കുറ്റബോധമുണ്ടാകും. തെറ്റുചെയ്യാതിരിക്കാനും തെറ്റുചെയ്താൽ പശ്ചാത്തപിക്കാനും പ്രേരിപ്പിക്കുന്ന ഒരു ആന്തരികശക്തി മനുഷ്യനിലുണ്ട്.

## ആന്തരികാഹ്വാനം

ഓരോ മനുഷ്യനിലും ജന്മസിദ്ധമായ ഒരു ആന്തരിക പ്രചോദനമുണ്ട്. "നന്മചെയ്യണം, തിന്മചെയ്യരുത്." നന്മയും തിന്മയും എന്താണ് എന്നതിനെക്കുറിച്ചും ഇപ്രകാരം ഒരു ഉൾക്കാഴ്ച ഓരോ വ്യക്തിയിലുമുണ്ട്. സമൂഹത്തിൽ ലഭിക്കുന്ന വിദ്യാഭ്യാസവും പരിശീലനവും നന്മതിന്മകളുടെ വിവേചനത്തിന് ഒരുവനെ സഹായിക്കുന്നു. ഓരോ ജീവിതസാഹചര്യത്തിലും നന്മയായിട്ടുള്ളതു ചെയ്യാൻ നാം സ്വയം പ്രേരിതരാകുന്നു. നന്മയുടെ ഈ ആകർഷണങ്ങൾക്കൊത്തു ചരിക്കുവാൻ ഒരുവനെ ശക്തിപൂർവം പ്രേരിപ്പിക്കുന്ന ആന്തരികാഹ്വാനമാണ് മനസ്സാക്ഷി. നന്മതിന്മകളെക്കുറിച്ച് ഓരോരുത്തർക്കുമുള്ള വീക്ഷണം വ്യത്യാസപ്പെട്ടിരിക്കും. അതനുസരിച്ച് മനസ്സാക്ഷിയുടെ പ്രചോദനങ്ങൾക്കും വ്യത്യാസമുണ്ടായിരിക്കും.

ഓരോ മനുഷ്യനും ഹൃദയത്തിൽ ദൈവത്താൽ ആലേഖിതമായ ഒരു നിയമമുണ്ട് എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (സഭ ആധുനിക ലോകത്തിൽ, 16). ആ നിയമമനുസരിച്ചാണ് ദൈവം അവനെ വിധിക്കുക. മനസ്സാക്ഷിയുടെ അഗാധതലങ്ങളിൽ മനുഷ്യൻ ഒരുനിയമം കാണുന്നുണ്ട്. അത് അവൻ സ്വയം തൻെറമേൽ ആരോപിച്ചതല്ല. പ്രത്യുത, അവൻ ഈ നിയമം അനുസരിക്കാൻ കടപ്പെട്ടവനായിത്തീരുകയാണ്. നന്മയെ സ്നേഹിക്കാനും തിന്മയെ ഉപേക്ഷിക്കാനും എപ്പോഴും ആഹ്വാനം ചെയ്തുകൊണ്ടു മനസ്സാക്ഷിയുടെ സ്വരം ആവശ്യഘട്ടങ്ങളിൽ അവൻെറ ഹൃദയത്തിൽ മന്ത്രിക്കുന്നുണ്ട് - 'ഇതു ചെയ്യുക, അതു വർജ്ജിക്കുക' എന്നൊക്കെ.

## വി. ഗ്രന്ഥത്തിൽ

പഴയനിയമത്തിലെ മിക്ക ഗ്രന്ഥങ്ങളിലും മനസ്സാക്ഷിയെക്കുറിച്ചുള്ള യഹൂദരുടെ ചിന്തയാണു പ്രതിഫലിക്കുന്നത്. യഹൂദർക്കു ധാർമ്മികതയുടെ ഇരിപ്പിടം ഹൃദയമാണ്. നന്മചെയ്യാൻ പ്രചോദനം നല്കുന്നതും ഹൃദയംതന്നെ. അതിനാൽ യഹൂദർക്കു മനസ്സാക്ഷി എന്നു പറയുന്നതു ഹൃദയമാണ്. 'മനസ്സാക്ഷി' എന്ന പദപ്രയോഗം പോലും പഴയനിയമത്തിലില്ല. ഗ്രീക്കു സംസ്കാരത്തിന്റെ സ്വാധീനമുള്ള ജ്ഞാനത്തിന്റെ പുസ്തകത്തിൽ മാത്രം ഈ പദം ഒരുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (ജ്ഞാനം 17:11).

പുതിയനിയമത്തിൽ വി. പൗലോസ് മനസ്സാക്ഷിയെക്കുറിച്ചു വ്യക്തമായ പ്രബോധനങ്ങൾ നല്കുന്നുണ്ട്. എന്താണു മനസ്സാക്ഷി എന്നതിന് അക്രൈസ്തവർക്കും ക്രൈസ്തവർക്കും അദ്ദേഹം പ്രത്യേകം പ്രബോധനങ്ങൾ നല്കുന്നു.

ക്രിസ്തുവിന്റെ നിയമം സ്വീകരിച്ചിട്ടില്ലാത്തവർക്കും മനസ്സാക്ഷിയുടെ സ്വരം ശ്രവിക്കാൻ കടമയുണ്ട്. വി. പൗലോസ് പറയുന്നു : "നിയമം ലഭിച്ചിട്ടില്ലാത്ത വിജാതീയർ നിയമം ആവശ്യപ്പെടുന്ന കാര്യങ്ങൾ സ്വഭാവികമായിത്തന്നെ നിറവേറ്റുമ്പോൾ, നിയമമില്ലെന്നിരിക്കിലും അവർ തങ്ങൾക്കുതന്നെ ഒരു നിയമമാവുകയാണു ചെയ്യുന്നത്. നിയമത്തിന്റെ അനുശാസനം തങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നുവെന്ന് അവർ സ്പഷ്ടമാക്കുന്നു. അവരുടെ മനസ്സാക്ഷി അതിന്നു സാക്ഷ്യം നല്കുന്നു. അവരുടെ വൈരുദ്ധ്യമാർന്ന വിചാരങ്ങൾ അവരെ കുറ്റപ്പെടുത്തുകയോ ന്യായീകരിക്കുകയോ ചെയ്യും" (റോമ 2:14-15).

## വിശ്വാസവും മനസ്സാക്ഷിയും

ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസം തന്നെയാണ് മനസ്സാക്ഷിയുടെ അടിസ്ഥാനം. താൻ വിശ്വസിക്കുന്ന തത്ത്വങ്ങള

നുസരിച്ചാണ് ഒരു ക്രൈസ്തവൻ തൻെറ ധാർമ്മിക ജീവിതം നയിക്കേണ്ടത്. ഈ അർത്ഥത്തിൽ വിശ്വാസത്തിന് അനുസൃതമായ ധാർമ്മിക പ്രചോദനമാണ് മനസ്സാക്ഷി.

## ദൈവാത്മാവിൻെറ സ്വരം

നന്മയെ അന്വേഷിക്കാനും അതു പ്രവർത്തിക്കാനും പ്രേരിപ്പിച്ചുകൊണ്ട് ദൈവത്തിൻെറ ചൈതന്യം എല്ലാ മനുഷ്യരിലും വർത്തിക്കുന്നുണ്ട്. മനസ്സാക്ഷിയുടെ സ്വരം ദൈവത്തിൻെറ സ്വരമാണെന്നു പറയാം. ജ്ഞാനസ്നാനവും സ്ഥൈര്യലേപനവുംവഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ചിട്ടുള്ള ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം മനസ്സാക്ഷിയുടെ ആധികാരികതീരുമാനങ്ങളിൽ പരിശുദ്ധാത്മാവിൻെറ പ്രത്യേക സഹായമുണ്ടായിരിക്കും. "പരിശുദ്ധാത്മാവുതന്നെ എൻെറ മനസ്സാക്ഷിക്കു സാക്ഷ്യം വഹിക്കുന്നു" (റോമാ 9:1).

## നന്മയും തിന്മയും

മനുഷ്യമനസ്സ് പ്രകൃത്യാ നന്മയെ സ്നേഹിക്കുന്നു. നന്മ ചെയ്യാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. പരമനന്മയായ ദൈവത്തെ പ്രാപിക്കുകയാണ് മനുഷ്യൻെറ ആത്യന്തികലക്ഷ്യം. ഈ ലോകത്തിലായിരിക്കുവോളം സത്യം, നീതി, സ്നേഹം ഇങ്ങനെ പലഭാവങ്ങളിൽ പരമനന്മ മനുഷ്യനു പ്രത്യക്ഷ്യപ്പെടുന്നു. ഇപ്രകാരം കണ്ടെത്തുന്ന നന്മകളെ സ്വീകരിക്കുവാനോ തിരസ്കരിക്കുവാനോ നമുക്കു സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യമുപയോഗിച്ച് നാം എടുക്കുന്ന തീരുമാനത്തിനാണ് മനസ്സാക്ഷിയുടെ തീരുമാനം എന്നു പറയുന്നത്.

നന്മയെ സ്നേഹിക്കുന്ന മനുഷ്യൻ എന്തുകൊണ്ടു തിന്മ ചെയ്യുന്നു എന്നത് ഒരു പ്രശ്നമാണ്. അതിൻെറ കാരണം മനുഷ്യപ്രകൃതിയിലുള്ള പാപത്തിൻെറ സ്വാധീനമാണ്. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്: "ഇച്ഛിക്കുന്ന നന്മയല്ല ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്" (റോമാ 7:19). തിന്മ ചെയ്യുന്ന മനുഷ്യൻ തിന്മയായിട്ടുള്ളതിൽ താത്

കാലിക നന്മ കണ്ടെത്തുന്നു. മദ്യപാനം ദോഷകരമാണെന്ന് അറിയാവുന്ന ഒരുവൻ അതു നല്കുന്ന താത്കാലിക സുഖത്താൽ പ്രേരിതനായി മദ്യപിക്കാറില്ലേ?

## മനസ്സാക്ഷി രൂപീകരണം

പാപത്തിൻെറ ശക്തിയാൽ ദുർബലമാക്കപ്പെട്ടതാണല്ലോ മനുഷ്യപ്രകൃതി. അതിനെ നന്മയിൽ നിലനിർത്താൻ മനസ്സാക്ഷിയുടെ ഉറച്ച തീരുമാനങ്ങൾക്കേ കഴിയൂ. മനസ്സാക്ഷി രൂപീകരിക്കുകയെന്നതിൻെറ ആവശ്യകതയാണ് ഇതു വ്യക്തമാക്കുന്നത്.

നന്മ എന്താണെന്ന് അറിഞ്ഞിരിക്കുക മനസ്സാക്ഷി രൂപീകരണത്തിലെ പ്രഥമ പടിയാണ്. അനുദിനവ്യാപാരങ്ങളിൽ നന്മയുടെയും തിന്മയുടെയും വശങ്ങളെ വിവേചിച്ചറിയുവാൻ വേണ്ട ശിക്ഷണം ബുദ്ധിക്കു ലഭിക്കണം. മതം വിശ്വാസത്തിൻെറയും ധാർമ്മികനിയമങ്ങ



മനസ്സാക്ഷിയുടെ സ്വരം ശ്രവിച്ച നല്ല സമറായൻ

ളുടെയും അഭ്യസനം അതിന് ആവശ്യമാണ്. ക്രൈസ്തവരെ സംബന്ധിച്ചാണെങ്കിൽ അവ ബൈബിളിലും തിരുസഭയുടെ പഠനങ്ങളിലും കണ്ടെത്താൻ കഴിയും.

നന്മയ്ക്ക് അനുകൂലമായ തീരുമാനങ്ങളെടുക്കാൻ മനസ്സിന് അഥവാ ഇച്ഛാശക്തിക്കു ശിക്ഷണം നല്കുകയാണ് അടുത്തപടി. സ്വാർത്ഥതയിൽ നിന്നു തിന്മ ഉടലെടുക്കുന്നു. അതിനാൽ സ്വാർത്ഥതയുടെ പ്രേരണകളെ നിരന്തരം തള്ളിക്കളയുവാൻവേണ്ട കരുത്തു മനസ്സിനു ലഭിക്കണം. ധാർമ്മികജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികളെ ചെറുത്തുനില്ക്കാനും എല്ലാകാര്യങ്ങളിലും സത്യത്തിനും നീതിക്കും സ്നേഹത്തിനും യോജിച്ച സ്വതന്ത്രതീരുമാനങ്ങളെടുക്കാനും വേണ്ട മാനസിക പക്വതയാണ് ആവശ്യം. അതോടൊപ്പം നന്മ ചെയ്തുകൊണ്ട് ദൈവത്തെയും സഹോദരരെയും സ്നേഹിക്കാൻ പോരുന്ന അഭിനിവേശവും ഉള്ളിൽ വളർന്നുവരണം.

ക്രിസ്തീയ വിശ്വാസികൾ സഭയുടെ പ്രബോധനങ്ങൾക്കു മനസ്സാക്ഷി രൂപീകരണത്തിൽ സ്ഥാനം നല്കണമെന്നു പറഞ്ഞുവല്ലോ. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചകാര്യങ്ങളിൽ ദൈവത്തിൻെറ വെളിപാടു നമുക്കു വിശദീകരിച്ചുതരാൻ സഭയ്ക്ക് ദൈവദത്തമായ അധികാരമുണ്ട്. ആകയാൽ സഭാപഠനങ്ങളെ ആദരിക്കുവാനും അംഗീകരിക്കുവാനും നമ്മുടെ മനസ്സാക്ഷിക്കു സാധിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു : "മനസ്സാക്ഷിരൂപീകരണത്തിൽ ക്രിസ്തീയ വിശ്വാസികൾ വളരെ കാര്യമായി ശ്രദ്ധിക്കേണ്ടവയാണ് സഭയുടെ പരിശുദ്ധവും സുനിശ്ചിതവുമായ സിദ്ധാന്തങ്ങൾ" (മതസ്വാതന്ത്ര്യം, 14).

## മനസ്സാക്ഷിയുടെ മൂല്യം

മനുഷ്യവ്യക്തി ദൈവവുമായി സമാഗമത്തിലേർപ്പെടുന്ന വിശുദ്ധമായ വേദിയാണു മനസ്സാക്ഷി. അതിൻെറ തീരുമാനങ്ങൾ അലംഘനീയമാണ്. പരിപക്വമായ മനസ്സാക്ഷിയുടെ തീരുമാനങ്ങൾ അനുസരിക്കുവാൻ

വ്യക്തിക്കു ധാർമ്മികമായ ഉത്തരവാദിത്വമുണ്ട്. നമ്മുടെ മനസ്സാക്ഷി അനുസരിച്ചായിരിക്കും ദൈവം നമ്മെ വിധിക്കുക.

## ഉത്തമ മനസ്സാക്ഷി

മനസ്സാക്ഷിയുടെ തീരുമാനങ്ങൾ എപ്പോഴും അപ്രമാദങ്ങളായിരിക്കണമെന്നില്ല. ശരിയായ രൂപീകരണം സിദ്ധിച്ചിട്ടില്ലാത്ത മനസ്സാക്ഷി എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും തെറ്റിപ്പോകാറുണ്ട്. സ്വാർത്ഥതയുടെ സ്വാധീനം, നന്മയെക്കുറിച്ചുള്ള അജ്ഞത, വികാരങ്ങളുടെ സമ്മർദ്ദം, മറ്റുള്ളവരുടെ ദുഷ്പ്രേരണകൾ ഇവയെല്ലാം മനസ്സാക്ഷിയുടെ തീരുമാനങ്ങളെ വഴിതെറ്റിക്കുന്ന ഘടകങ്ങളാണ്. ശരിയായ മനസ്സാക്ഷി അഥവാ ഉത്തമ മനസ്സാക്ഷി പുലർത്താൻ ആഗ്രഹിക്കുന്നവർ ഈ സാധ്യതകൾക്കെതിരേ തങ്ങളെത്തന്നെ ശക്തരാക്കണം. ഉത്തമ മനസ്സാക്ഷി പാലിക്കാൻ ആവശ്യകമായ പ്രധാനകാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

*1. മൂല്യബോധം*

മാനുഷികവും ക്രിസ്തീയവുമായ മൂല്യങ്ങളെക്കുറിച്ച് അറിവും പരിശീലനവും നേടുകയാണ് ആദ്യത്തെ ആവശ്യം. മനുഷ്യന്റെ സമഗ്രമായ നന്മയ്ക്ക് സഹായകമായ ഗുണങ്ങളെയാണ് മൂല്യങ്ങളെന്നു പറയുന്നത്. ഓരോ പ്രവൃത്തിമാർഗ്ഗത്തിലും അടങ്ങിയിരിക്കുന്ന ധാർമ്മികമൂല്യങ്ങളെ വിലയിരുത്തുവാൻ മൂല്യങ്ങളെപ്പറ്റിയുള്ള ശരിയായ അറിവ് അഥവാ മൂല്യബോധം സഹായിക്കുന്നു.

*2. വ്യക്തമായ തീരുമാനം*

നന്മ എന്താണെന്നു വ്യക്തമായി ഗ്രഹിക്കുവാൻ നാം പരിശ്രമിക്കണം. സംശയങ്ങളുള്ള സന്ദർഭത്തിൽ പുസ്തകങ്ങൾ വായിച്ചോ അറിവുള്ളവരോടു ചോദിച്ചോ പ്രവൃത്തിമാർഗ്ഗത്തിന്റെ നന്മതിന്മകളെകുറിച്ച് സംശയനിവാരണം വരുത്തിയശേഷമേ തീരുമാനമെടു

ക്കാവൂ. ഉടനടി പ്രവർത്തിക്കേണ്ട സന്ദർഭത്തിൽ ഇതു സാധ്യമല്ല. അപ്പോൾ ചെയ്യേണ്ട കാര്യത്തിൽ ഉൾച്ചേർന്നിരിക്കുന്ന വിവിധമൂല്യങ്ങളെ തട്ടിച്ചുനോക്കി കൂടുതൽ നല്ലതേതെന്നു തോന്നിക്കുന്ന മാർഗ്ഗം അവലംബിക്കണം. തിന്മയായിട്ടുള്ള രണ്ടു പ്രവൃത്തിമാർഗ്ഗങ്ങളിൽ ഒന്നു തിരഞ്ഞെടുക്കേണ്ടിവരുമ്പോൾ ലഘുതരമായ തിന്മയെ അനുകൂലിക്കണമെന്നതാണ് ധർമ്മ ശാസ്ത്രജ്ഞന്മാരുടെ നിഗമനം.

*3. സ്വാതന്ത്ര്യം*

വികാരങ്ങളുടെ ദുഃസ്വാധീനത്തിലും നിയമത്തിന്റെയോ അധികാരത്തിന്റെയോ അതിരുകവിഞ്ഞ സമ്മർദ്ദത്തിലും നിന്ന് സ്വതന്ത്രമായിരിക്കണം മനസ്സാക്ഷിയുടെ തീരുമാനങ്ങൾ.

*4. പരിശുദ്ധാത്മാവിന്റെ സഹായം*

മനസ്സാക്ഷിയെ നന്മയിൽ നിലനിർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം. അതിനാൽ മനസ്സാക്ഷിയുടെ തീരുമാനങ്ങൾക്കുവേണ്ടി നാം പ്രാർത്ഥനയിലൂടെ ദൈവാരൂപിയുടെ സഹായം തേടേണ്ടതാണ്. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളെ നമ്മുടെ സ്വാർത്ഥതാത്പര്യങ്ങളിൽ നിന്നു വിവേചിച്ചറിയാനും ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രശ്നസങ്കീർണ്ണമാണ് ആധുനികലോകം. തിന്മയുടെ പുതിയ രൂപങ്ങൾ ഇന്നു സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഗർഭച്ഛിദ്രം, നക്സലിസം, മയക്കുമരുന്നുകളുടെ ഉപയോഗം മുതലായവ ഉദാഹരണങ്ങളാണല്ലോ. ഇവയുടെയെല്ലാം നടുവിൽ മാനുഷിക മൂല്യങ്ങളെയും ക്രിസ്തീയാദർശങ്ങളെയും ഉയർത്തിപ്പിടിക്കുവാൻ ക്രൈസ്തവനു സാധിക്കണമെങ്കിൽ ഉത്തമമായൊരു മനസ്സാക്ഷിയുടെ ഉടമയായിരിക്കണം അവൻ.

### പ്രാർത്ഥന

നന്മ അന്വേഷിക്കാനും അതു പ്രവർത്തിക്കാനും പ്രേരിപ്പിച്ചുകൊണ്ട് മനസ്സാക്ഷിയിലൂടെ ഞങ്ങളോട് സംസാരിക്കുന്ന ദൈവമേ, അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ തിരുവിഷ്ടത്തിനനുസൃതമായി യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കാൻ വേണ്ടി ഉത്തമ മനസ്സാക്ഷി ഞങ്ങളിൽ രൂപപ്പെടുത്തണമേ. അനുദിന ജീവിതത്തിൽ എല്ലാ നിമിഷങ്ങളിലും മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

### ഉത്തരം കണ്ടുപിടിക്കുക

1. മനസ്സാക്ഷി എന്നാലെന്ത് ?
2. മനസ്സാക്ഷിയെക്കുറിച്ച് വി. പൗലോസ് നല്കുന്ന പ്രബോധനമെന്ത്?
3. 'മനസ്സാക്ഷിയുടെ സ്വരം ദൈവത്തിൻെറ സ്വരം തന്നെയാണ്' വിശദീകരിക്കുക.
4. നന്മയെ സ്നേഹിക്കുന്ന മനുഷ്യൻ തിന്മ ചെയ്യുന്നത് എന്തുകൊണ്ട് ?
5. മനസ്സാക്ഷി രൂപീകരണം സാധിക്കേണ്ടത് എങ്ങനെ?
6. ഉത്തമമനസ്സാക്ഷി പാലിക്കുവാൻ ആവശ്യകമായ പ്രധാന കാര്യങ്ങൾ ഏവ ?

### പ്രവർത്തിക്കുക

പരീക്ഷയിൽ കോപ്പിയടിക്കുന്ന ശീലമുള്ള കുട്ടികളെ ആ ദുശ്ശീലത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ വേണ്ടി നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്ന് ചർച്ച ചെയ്യുക.

# 13

# സമ്പത്തും സാമൂഹിക നീതിയും

'ആറടിമണ്ണ്' എന്ന പേരിൽ ടോാംസ്റ്റോയിയുടെ ഒരു കഥയുണ്ട്. അതിലെ നായകനായ കർഷകനു കൃഷിചെയ്യാൻ സ്ഥലമില്ലായിരുന്നു. അതിനാൽ അയാാംക്കു കുറെ ഭൂമി അനുവദിച്ചുകൊടുക്കുവാൻ രാജാവ് തീരുമാനിച്ചു. ഇതായിരുന്നു വ്യവസ്ഥ. ഒരു ദിവസം രാവിലെ മുതൽ വൈകുന്നേരംവരെ നടന്നു തീർക്കാവുന്നിടത്തോളം ഭൂമി അയാാംക്കു സ്വന്തമാക്കാം. സൂര്യാസ്തമയത്തിനുമുമ്പ് രാജസന്നിധിയിൽ തിരിച്ചെത്തണമെന്നുമാത്രം.

പുലരിയിൽത്തന്നെ കർഷകൻ യാത്രപുറപ്പെട്ടു. പരമാവധി ഭൂമി കൈവശമാക്കാൻവേണ്ടി അയാാം വളരെ വേഗം നടന്നു. ഭക്ഷണത്തിൻെറ കാര്യംപോലും മറന്നു. സൂര്യൻ അസ്തമിക്കാൻ തുടങ്ങുമ്പോാം മാത്രമാണ് രാജസന്നിധിയിൽ തിരിച്ചെത്തേണ്ടകാര്യം അയാാം ഓർമ്മിച്ചത്. സർവശക്തിയും പ്രയോഗിച്ച് ഓടി രാജസന്നിധിയിലെത്തി. പക്ഷേ, അയാാം അവിടെ വീണു മരിച്ചു. രാജഭൃത്യന്മാർ അയാളെ സംസ്കരിച്ചു. ആ കർഷകനു വേണ്ടിവന്നത് വെറും ആറടി മണ്ണുമാത്രം.

ധനം എന്നും മനുഷ്യനെ മയക്കിയിരുന്നു. പണക്കാരനാകാൻവേണ്ടി എന്തു സാഹസം പ്രവർത്തിക്കാനും അവനു മടിയില്ല. മഹത്വത്തിൻെറ മാനദണ്ഡം സമ്പത്തിൻെറ പെരുപ്പമാണെന്ന ചിന്താഗതി അവനെ അത്യാഗ്രഹിയാക്കുന്നു. വ്യാപാരത്തിൽ കൊള്ളലാഭം തേടുന്നതും, ഭക്ഷണസാധനങ്ങളിൽ - മരുന്നുകളിൽപ്പോലും മായം ചേർക്കുന്നതും, ധാരാളമുണ്ടായിരുന്നിട്ടും തൊട്ടടുത്തു

താമസിക്കുന്ന ദരിദ്രകുടുംബത്തെ സഹായിക്കാൻ സന്മനസ്സു കാണിക്കാത്തതുമെല്ലാം ദ്രവ്യാഗ്രഹത്തിൻെറ വ്യത്യസ്തരൂപങ്ങളാണ്.

## സ്വകാര്യസ്വത്തും ധനസമ്പാദനവും

പ്രപഞ്ചവും അതിലെ എല്ലാ വസ്തുക്കളും ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ചതാണ്, ദൈവമാണ് എല്ലാറ്റിൻെറയും ഉടമസ്ഥൻ (ലേവ്യ 25:23). എല്ലാവർക്കും ആവശ്യാനുസരണം ഉപയോഗിക്കാനുള്ള വിഭവങ്ങൾ ഭൂമിയിലുണ്ട്. നീതിയോടെ പണിയെടുത്തുണ്ടാക്കുന്ന സമ്പത്ത് സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള അവകാശം ദൈവം മനുഷ്യനു നല്കി. നമ്മുടെ ജീവിതത്തിന് ആവശ്യകമായ വസ്തുവകകൾ സൂക്ഷിക്കാനും സ്വതന്ത്രമായി കൈകാര്യം ചെയ്യാനുമുള്ള അവകാശത്തെ ഉടമസ്ഥാവകാശം അഥവാ സ്വകാര്യസ്വത്തവകാശം എന്നു പറയുന്നു.

*ഭിന്നവീക്ഷണങ്ങൾ*

സാമൂഹിക രാഷ്ട്രീയ ചിന്താധാരകളിൽ ഉടമസ്ഥാവകാശംപോലെ വിവാദപരമായ മറ്റൊരു വിഷയമുണ്ടോ എന്നു സംശയമാണ്. സ്വകാര്യസ്വത്തിനോടുള്ള സമീപനത്തിൽ ലിബറ ലിസവും കമ്മ്യൂണിസവും വിഭിന്ന ധ്രുവങ്ങളിൽ നില്ക്കുന്നു. ലിബറലിസ്റ്റുകളുടെ വീക്ഷണമനുസരിച്ചു സാമ്പത്തികമണ്ഡലം സ്വതന്ത്രമായിരിക്കണം. ഗവൺമെൻറിൻെറ നിയന്ത്രണം ഉണ്ടാകരുത്. മികച്ച ലാഭത്തിനുവേണ്ടിയുള്ള മത്സരം അദ്ഭുതാവഹമായ സാമ്പത്തികപുരോഗതിക്കു വഴിതെളിക്കും. ലിബറലിസം ഉടമയുടെ സാമ്പത്തികലാഭത്തിനു പ്രഥമസ്ഥാനം നല്കുന്നു. തൊഴിലാളി ചൂഷണം ചെയ്യപ്പെടാനുള്ള സാധ്യത ഏറെയാണിവിടെ.

കമ്മ്യൂണിസത്തിൽ ഭൗതികയാഥാർത്ഥ്യങ്ങൾക്കപ്പുറത്തൊരു മൂല്യവുമില്ല. സ്വത്ത് രാഷ്ട്രത്തിൻെറ വകയാണ്. സ്വകാര്യസ്വത്തിനു സ്ഥാനമില്ല. ഉള്ളവരിൽ

നിന്നു സ്വത്തുക്കൾ പിടിച്ചെടുക്കുകയാണു കമ്മ്യൂണിസത്തിന്റെ ലക്ഷ്യം. ഈ വ്യവസ്ഥിതിയിൽ വ്യക്തി സ്വാതന്ത്ര്യമില്ല. വ്യക്തികൾ രാജ്യത്തിന്റെ ഉപകരണങ്ങൾ മാത്രം.

*സഭയുടെ പ്രബോധനം*

സാമ്പത്തികമണ്ഡലത്തിൽ വ്യക്തികൾ സമഭാവനയോടെ പെരുമാറണമെന്നതാണു സഭയുടെ നിലപാട്. വ്യക്തിസ്വാതന്ത്ര്യവും കുടുംബഭദ്രതയും സാമൂഹിക നീതിയുമാണ് ഇക്കാര്യത്തിൽ സഭ മുറുകെപ്പിടിക്കുന്ന തത്ത്വങ്ങൾ. വ്യക്തിയുടെയും കുടുംബത്തിന്റെയും ഭദ്രത സംരക്ഷിക്കാനാഗ്രഹിക്കുന്ന സഭയുടെ നിലപാടു സ്വകാര്യസ്വത്തവകാശം എടുത്തുകളയരുതെന്നാണ്.

ഏതൊരാളിന്റെയും വ്യക്തിത്വവികാസം സാധിക്കുന്നത് കുടുംബത്തിലാണ്. വ്യക്തികൾ ആരോഗ്യത്തിലും വിദ്യാഭ്യാസത്തിലും സാമൂഹിക നിലവാരത്തിലും വളർച്ച പ്രാപിക്കണമെങ്കിൽ കുടുംബത്തിനു സാമ്പത്തികഭദ്രത ഉണ്ടായേ തീരൂ. എന്നാൽ സ്വകാര്യസ്വത്തവകാശം ദുരുപയോഗിക്കപ്പെടുന്ന സാഹചര്യമുണ്ടാകരുത്. അതു രാജ്യത്തിന്റെ പൊതുതാത്പര്യത്തിനു ഹാനികരമാവുകയുമരുത്. അതിനാൽ സ്വകാര്യസ്വത്തിനു നിയന്ത്രണവും പരിധിയും ആവശ്യകമാണെന്നു സഭ നമ്മെ പഠിപ്പിക്കുന്നു.

*സമ്പത്തിന്റെ ദുരുപയോഗം*

മനുഷ്യരെന്ന നിലയിൽ ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെട്ട എത്രയോ പേർ നമുക്കു ചുറ്റുമുണ്ട്! എന്നിട്ടും എന്റെ പണമല്ലേ, ആർക്കാണു ചോദിക്കാനവകാശം എന്ന മട്ടിൽ പലരും സമ്പത്ത് ദുർവിനിയോഗം ചെയ്യുന്നു; സാമൂഹികനീതിക്കു വിരുദ്ധമാണ് ഇത്തരം പ്രവർത്തനങ്ങൾ. 'ഓരോരുത്തനും അവനവൻ അർഹിക്കുന്നതു കൊടുക്കുക ' എന്നത്രേ നീതിയുടെ നിർവചനം. നമ്മുടെ സഹോദരനു ജീവിക്കാൻ അത്യാവശ്യമായതുനി

ഷേധിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ നാം പണം ധൂർത്തടിക്കുക അനീതിയാണ്.

അമിതാഹാരവും അനിയന്ത്രിതമായ സുഖാസക്തിയും വരുത്തിക്കൂട്ടുന്ന അസ്വാസ്ഥ്യങ്ങൾക്കു പ്രതിവിധി നേടാൻ തന്നെ പ്രതിവർഷം കോടികണക്കിനു ഡോളർ ചെലവഴിക്കുന്ന സമ്പന്നരാഷ്ട്രങ്ങളുണ്ട്. അതേസമയം അവികസിത രാജ്യങ്ങളെ മൊത്തമെടുത്താൽ മിനിറ്റിൽ 1500 ഓളം പേർ പട്ടിണികൊണ്ടു മരിക്കുന്നു. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ചു ലോകജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗം കടുത്ത പട്ടിണിയിലാണ്. മൂന്നിലൊരു ഭാഗമാണു ഭൂമിയിലെ സമ്പത്തിന്റെ മുക്കാൽ ഭാഗവും കയ്യടക്കിയിരിക്കുന്നത്.

*യേശുവിന്റെ സമീപനം*

ദൈവത്തെയും സഹോദരങ്ങളെയും മറന്നു സ്വന്തം സുഖത്തിനുവേണ്ടി മാത്രം സമ്പത്തു കുന്നുകൂട്ടുന്നതിനെ യേശു എതിർത്തു (ലൂക്കാ 12:20-25; മർക്കോ 10:24). ഒരേ പിതാവിന്റെ മക്കളാണു മനുഷ്യരെല്ലാം. അതിനാൽ എല്ലാവരും സഹോദരങ്ങളെപ്പോലെ അന്യോന്യം ആവശ്യങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കണം. ഇതാണു യേശുവിന്റെ പ്രബോധനം.

ഭൗതികവിഭവങ്ങളുടെ വിനിയോഗത്തിന് യേശു വ്യക്തമായ മാർഗ്ഗരേഖകൾ നല്കിയിട്ടുണ്ട്. സമ്പത്ത് ആരുടെയും സ്വന്തമല്ലെന്നും അതു മനുഷ്യമക്കൾക്കെല്ലാവർക്കുംകൂടി ദൈവം നല്കുന്നതാണെന്നുമത്രെ യേശുവിന്റെ പ്രബോധനത്തിലെ അടിസ്ഥാനപരമായ കാഴ്ചപ്പാട്. മനുഷ്യരാരും ഉടമസ്ഥരല്ല. സൂക്ഷിപ്പുകാർ മാത്രമാണ്. അതിനാൽ ഉള്ളവൻ ഇല്ലാത്തവനു നല്കാൻ തയ്യാറാകണം. സമ്പത്തു സ്നേഹപൂർവം പങ്കുവച്ചനുഭവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന നീതിബോധമാണ് യേശു നമ്മിൽ നിന്നാഗ്രഹിക്കുന്നത്.

കർത്താവിൻെറ മുന്നോടിയായിവന്ന സ്നാപക യോഹന്നാൻ പറഞ്ഞു : "രണ്ടുടുപ്പുള്ളവൻ ഇല്ലാത്തവന് ഒന്നു കൊടുക്കട്ടെ" (ലൂക്കാ 3:11). യേശു് ഒരു പടികൂടി കടന്ന് ധനികനായ യുവാവിനോടു പറഞ്ഞു: "നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോഠം സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും." (ലൂക്കാ 18:22). ധനവാൻെറയും ലാസറിൻെറയും ഉപമയിലെ ധനവാൻ എന്തുകൊണ്ടാണ് നരകശിക്ഷയ്ക്കു വിധിക്കപ്പെടുന്നത്? അയാഠം ലാസറിനെ വെറുക്കുകയോ പീഡിപ്പിക്കുകയോ ചെയ്തതിൻെറ പേരിലല്ല, ലാസറിനെ സഹോദരനായി കാണാതിരുന്നതിനാലാണ്. ധനവാൻ തൻെറ സമ്പത്ത് അവകാശിയായ സഹോദരനുമായി പങ്കുവയ്ക്കാൻ കടപ്പെട്ടിരിക്കുന്നു എന്നതാണ് യേശുവിൻെറ പ്രബോധനം. ദരിദ്രർക്കു പങ്കുവയ്ക്കാൻ മനസ്സു കാണിക്കാത്ത ധനവാന്മാർക്ക് വി. യാക്കോബിൻെറ ലേഖനത്തിൽ നിശിതമായ ഭാഷയിൽ മുന്നറിയിപ്പു നല്കുന്നുണ്ട് (യാക്കോ 5:1-5).



*"ദരിദ്രൻെറ അന്നന്നപ്പമാണ് ധനവാൻെറ അറപ്പുരകളിൽ സമാഹരിച്ചിരിക്കുന്നത്"*

## സഭാപ്രബോധനങ്ങൾ

കാലാകാലങ്ങളിൽ സഭാപിതാക്കന്മാരും മാർപാപ്പാമാരും സൂനഹദോസുകളും സാമൂഹിക നീതിയെക്കുറിച്ചു വിശ്വാസികളെ ഉദ്ബോധിപ്പിച്ചിരുന്നു.

ആദിമസഭയുടെ ഉപദേശങ്ങൾ ഉൾക്കൊള്ളുന്ന ദിദാക്കെ (Didache) എന്ന ഗ്രന്ഥം പഠിപ്പിക്കുന്നു : "ദരിദ്രരെ നിരസിക്കരുത്. എല്ലാറ്റിലും അവരെ പങ്കുകാരാക്കുക"

സഭാപിതാവായ വി. ക്രിസോസ്തോമിൻെറ ഭാഷ കുറേക്കൂടി ശക്തമാണ്: "ഞാൻ ഉറപ്പിച്ചുപറയുന്നു : അധികം വച്ചിരിക്കുന്ന സ്വത്തു നിങ്ങളുടേതല്ല. നിങ്ങളുടേതും നിങ്ങളുടെ അയല്ക്കാരൻേറതുമാണ്. വീടിൻെറ കല്ലും തറയും മോടിപിടിപ്പിക്കാൻ നിങ്ങൾ നിങ്ങളുടെ ആയിരക്കണക്കിനു സഹോദരങ്ങളെ അവശതയിലാഴ്ത്തുന്നു."

ധനവാൻ ദരിദ്രനു ചെയ്യുന്ന സഹായം ഔദാര്യത്തിൻെറ പ്രവൃത്തിയല്ല. കടമയുടെ നിർവഹണം മാത്രമാണ്. വിശുദ്ധ ബേസിൽ പറയുന്നു : "ദരിദ്രൻെറ അന്നന്നപ്പമാണ് ധനവാൻെറ അറപ്പുരകളിൽ സമാഹരിച്ചിരിക്കുന്നത്. ആദ്യമേ കൈവശമാക്കാൻ അവസരം ലഭിച്ചതുകൊണ്ടുമാത്രം, തൻെറ അധീനത്തിലുള്ള സ്വത്തെല്ലാം ഒരാൾ ഇഷ്ടംപോലെ വ്യയം ചെയ്യുക നീതിയല്ല. ഓരോരുത്തനും ആവശ്യത്തിനനുസരിച്ചുമാത്രം സ്വന്തമാക്കിയിരുന്നെങ്കിൽ ദാരിദ്ര്യം തുടച്ചുനീക്കുക എളുപ്പമായേനെ. നീ അധികം വച്ചിരിക്കുന്ന ഭക്ഷണം വിശക്കുന്നവനു ന്യായമായി ലഭിക്കേണ്ടതാണ്. ധനികനാണെന്നതല്ല, നിൻെറ സ്വത്തു മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള വൈമനസ്യമാണു നിന്നെ അഭിശപ്തനാക്കുന്നത്."

ആധുനിക മാർപാപ്പാമാർ എല്ലാവരും തന്നെ സാമൂഹികനീതി പുലർത്താൻ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നുണ്ട്. ലെയോ പതിമൂന്നാമൻ, ജോൺ ഇരുപത്തി

മൂന്നാമൻ, പോാം ആറാമൻ തുടങ്ങിയവരുടെ പ്രബോധനങ്ങാം ലോകത്തിന്റെ ചിന്താഗതിയിൽ വിപ്ലവകരമായ മാറ്റങ്ങാം വരുത്തി. 1979-ൽ അമേരിക്ക സന്ദർശിച്ചപ്പോാം ജോൺ പോാം രണ്ടാമൻ മാർപാപ്പാ അവരോടു പറഞ്ഞു: "നിങ്ങളുടെ മേശകളിൽ നിന്നു പൊഴിയുന്ന അപ്പക്കഷണങ്ങാംകൊണ്ടു പുലരേണ്ടവരല്ല അവർ (ദരിദ്രരാഷ്ട്രങ്ങാം). ഇരുപതാം നൂറ്റാണ്ടിലെ ലാസർമാർ നിങ്ങളുടെ കവാടത്തിൽ കാത്തുനില്ക്കുമ്പോാം സമ്പത്തു ധൂർത്തടിക്കാൻ നിങ്ങാംക്ക് അവകാശമില്ല." സഭാപിതാക്കന്മാരുടെയും പണ്ഡിതന്മാരുടെയും അഭിപ്രായങ്ങളെ സമാഹരിച്ചുകൊണ്ടു കൗൺസിൽ പറയുന്നു, അങ്ങേയറ്റം ആവശ്യസ്ഥിതിയിലിരിക്കുന്നവന് മറ്റുള്ളവരുടെ സ്വത്തിൽ നിന്നു തനിക്ക് ആവശ്യമുള്ളതെടുക്കാൻ അവകാശമുണ്ട് എന്ന്. "എല്ലാ വ്യക്തികളും ഗവൺമെൻറുകളും അവരവരുടെ കഴിവനുസരിച്ച് തങ്ങാംക്കുള്ളവ മറ്റുള്ളവർക്കും കൊടുക്കട്ടെ. പ്രത്യേകിച്ച്, ദരിദ്രരായ വ്യക്തികളെയും രാഷ്ട്രങ്ങളെയും സ്വന്തംകാലിൽ നില്ക്കാനും അഭിവൃദ്ധിപ്പെടാനും പര്യാപ്തമായവിധം സഹായിക്കേണ്ടതാണ്" (സഭ ആധുനികലോകത്തിൽ, 69).

## നീതിയുടെ മാർഗ്ഗം

"ദരിദ്രർ എന്നും നിങ്ങളോടു കൂടെയുണ്ടായിരിക്കും" എന്ന യേശുവിന്റെ വാക്കുകളെ തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടു സാമൂഹിക നീതി അസാധ്യമാണെന്നു കരുതുന്നവരുണ്ട്. പാപത്തിന്റെ പരിണതഫലമാണു സാമൂഹിക അനീതികാം. മനുഷ്യന്റെ സമഗ്രവിമോചനം സാധിച്ച യേശു സാമൂഹികനീതി സ്ഥാപിച്ചു കിട്ടുന്നതിനാവശ്യകമായ മാർഗ്ഗങ്ങാം സ്വയം കണ്ടെത്തുന്നതിനു മനുഷ്യനെ നിരന്തരം സഹായിക്കുന്നുണ്ട്. മനുഷ്യൻ സ്വാർത്ഥമോഹിയും ചൂഷണ തത്പരനുമായിരിക്കുന്നിടത്തോളം കാലം ദരിദ്രർ ഉണ്ടായിരിക്കുമെന്നാണ് യേശു പറഞ്ഞത്. സ്വാർത്ഥത വെടിഞ്ഞു ചൂഷണത്തിനു വിരാമമിടാൻ വ്യക്തികളും സമൂഹങ്ങളും നിതാന്തജാഗ്രതയോടെ വർത്തിക്കേണ്ടിയിരിക്കുന്നു.

ദരിദ്രനായാലും സമ്പന്നനായാലും അദ്ധ്വാനിക്കാൻ മനുഷ്യനു കടമയുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരും തൊഴിലാളികളും ആത്മാർത്ഥമായ അദ്ധ്വാനത്തിലൂടെ പുരോഗതി പ്രാപിക്കാൻ നിരന്തരം പരിശ്രമിക്കണം. അദ്ധ്വാനിക്കാതെ മറ്റുള്ളവരുടെ അദ്ധ്വാനഫലങ്ങൾ ആഗ്രഹിക്കുക നീതിവിരുദ്ധമാണ്. സ്വകാര്യ ഉടമകൾക്കോ ഗവൺമെൻറിനോ വേണ്ടി ജോലി ചെയ്യുന്നവർ മനസ്സിരുത്തേണ്ട കാര്യമാണിത്.

സ്വപരിശ്രമത്താൽ നേടിയ സമ്പത്തുപോലും സഹോദരൻെറ ആവശ്യത്തിനായി പരിത്യജിക്കാൻ ക്രിസ്തുശിഷ്യൻ തയ്യാറാകും. ലോകത്തിൻെറ ചിന്താഗതിക്കു വിരുദ്ധമായ ഈ നിലപാട് രക്തസാക്ഷിത്വത്തിനു സമാനമായ ത്യാഗം നമ്മിൽ നിന്നാവശ്യപ്പെടുന്നുണ്ട്. നീതിപാലനത്തിന് സംഘടിതമായ രീതിയിൽ ഭരണകൂടങ്ങൾ വഴിയും നാം യത്നിക്കണം. ഭരണകർത്താക്കൾ ആദർശധീരതയും ദൃഢനിശ്ചയവും ഉള്ളവരാണെങ്കിൽ ചൂഷകരെ അമർത്തുവാനും സമ്പത്തിൻെറ വിതരണം നീതിപൂർവകമാക്കാനും സാധിക്കും.

## പ്രാർത്ഥന

ഭൗതികവസ്തുക്കൾ എല്ലാവർക്കും വേണ്ടി ദൈവം നല്കിയതാണെന്ന് ഞങ്ങളെ പഠിപ്പിച്ച കർത്താവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. സമ്പത്ത് സ്നേഹപൂർവം പങ്കുവച്ച് അനുഭവിക്കണമെന്ന് അവിടുത്തെ ഉപദേശങ്ങളിൽ നിന്നും സഭാ പ്രബോധനങ്ങളിൽ നിന്നും ഞങ്ങൾ മനസ്സിലാക്കുന്നു. അവിടുത്തെ ആഹ്വാനമനുസരിച്ച് ഞങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളെ കഴിയുംവിധം സഹായിക്കാനുള്ള ധാർമ്മിക ധീരത ഞങ്ങൾക്കു നല്കണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. സ്വകാര്യ സ്വത്തവകാശമെന്നാലെന്ത്?
2. സ്വകാര്യസ്വത്തവകാശത്തെപ്പറ്റി സഭയുടെ പ്രബോധനമെന്ത്?

3. സമ്പത്തിനോടുള്ള യേശുവിൻെറ സമീപനമെന്ത്?
4. സഭാപിതാവായ വി. ബേസിൽ സമ്പത്തിനെ സംബന്ധിച്ചു നല്കുന്ന പ്രബോധനമെന്ത് ?
5. സമ്പത്തിൻെറ പങ്കുവയ്ക്കലിനെക്കുറിച്ച് സഭ നല്കുന്ന പ്രബോധനമെന്ത്?

## പ്രവർത്തിക്കുക

1. ബൈബിളിൽ നിന്ന് യാക്കോബ് 5:1-5; ആമോസ് 8:4-14; ലൂക്കാ 6:24-26 എന്നീ ഭാഗങ്ങൾ വായിക്കുക.

2. നിങ്ങളുടെ ഇടവകയിലുള്ള പാവപ്പെട്ട കുട്ടികളെ സഹായിക്കാനുള്ള ഒരു പദ്ധതി തയ്യാറാക്കുക.

# 14

# ബൈബിൾ - എഴുതപ്പെട്ട ദൈവവചനം

ലോകത്തിൽ ഇന്ന് ഏറ്റവുമധികം പ്രചാരമുള്ള ഗ്രന്ഥമാണു ബൈബിൾ. ആദ്യമായി അച്ചടിക്കപ്പെട്ടതും ഏറ്റവും കൂടുതൽ ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ഗ്രന്ഥവും ബൈബിൾ തന്നെ. എന്താണ് ഈ ഗ്രന്ഥത്തിൻെറ മാഹാത്മ്യത്തിനു കാരണം? അമൂല്യവിജ്ഞാനം ഉൾക്കൊള്ളുന്ന ഒരു മതഗ്രന്ഥമാണ് എന്നതല്ല പ്രത്യുത, മനുഷ്യവർഗ്ഗത്തിൻെറ രക്ഷയ്ക്കായി ദൈവം നല്കിയ വചനങ്ങളുടെ സമാഹാരമാണ് എന്നതത്രേ ബൈബിളിൻെറ മാഹാത്മ്യത്തിന് അടിസ്ഥാനം. ബൈബിളിലെ വചനങ്ങളിലൂടെ പ്രകാശിതമാകുന്ന രക്ഷാകരമായ ദൈവികസന്ദേശം ശരിയായി ഗ്രഹിക്കാൻ കഴിയണമെങ്കിൽ അതിൻെറ രൂപവത്കരണത്തെയും ആശയാവിഷ്കരണത്തെയും കുറിച്ച് അറിഞ്ഞിരിക്കേണ്ടതുണ്ട്.

ബൈബിളിൽ അബ്രാഹം മുതലുള്ള പൂർവപിതാക്കന്മാരുടെ ജീവിതാനുഭവങ്ങളാണ് ചരിത്രപരമായി പ്രതിപാദിക്കുന്നത്. ഇതിനു പശ്ചാത്തലമായി പ്രപഞ്ചസൃഷ്ടി, മനുഷ്യസൃഷ്ടി മുതലായ കാര്യങ്ങൾ അന്നത്തെ ജനത്തിനു മനസ്സിലാകുന്ന ഭാഷയിലും ശൈലിയിലും അവതരിപ്പിച്ചിട്ടുണ്ട്. ബൈബിളിലെ പഴയനിയമത്തിൻെറ അടിസ്ഥാനപ്രമേയമായി നിലകൊള്ളുന്നത് ഇസ്രായേൽജനതയുടെ തിരഞ്ഞെടുപ്പും വിമോചനവും രൂപവത്കരണവുമാണ്.

**രചനാകാലം**

മോശയുടെ കാലംതൊട്ട് (ബി.സി. 1250-നോട് അടുത്ത്) ബി.സി. 50 വരെയാണു പഴയനിയമഗ്രന്ഥങ്ങളുടെ രചനാകാലമായി കണക്കാക്കിപ്പോരുന്നത്. പുതിയനിയമഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത് എ.ഡി. 50-നും 140-നും മധ്യേയാണ്. സുദീർഘമായ ഈ കാലത്തെ, യഹൂദരുടെ ചരിത്രപശ്ചാത്തലത്തിൽ, പല ഘട്ടങ്ങളായി തിരിക്കാം. 1. പുറപ്പാടുസംഭവവും വാഗ്ദാനഭൂമിയിലേക്കുള്ള പ്രവേശനവും (ബി.സി. 1550-1200); 2. ന്യായാധിപന്മാരുടെ കാലഘട്ടം (ബി.സി. 1200-1030); 3. ഏകരാജഭരണം (ബി.സി. 1030-931); 4. വിഭക്തഭരണം (ബി.സി. 931-721); 5. യൂദാരാജ്യം മാത്രമുള്ള ഘട്ടം (ബി.സി. 721-587); 6. ബാബിലോൺ വിപ്രവാസവും തിരിച്ചുവരവും (ബി. സി. 587-538). ഇത്രയും ചരിത്രസംഭവങ്ങൾ ബൈബിളിന്റെ ഉള്ളടക്കത്തിൽ പ്രധാനപ്പെട്ടവയാണ്.

ബാബിലോൺ വിപ്രവാസത്തിനുശേഷം ഇസ്രായേൽ ജനത ഒരിക്കലും പൂർവകാലത്തേപ്പോലെ സ്വതന്ത്രരാഷ്ട്രമായി നിലനിന്നില്ല. ബി. സി. 539 മുതൽ 333 വരെ അവർ പേർഷ്യൻ ആധിപത്യത്തിലും ബി. സി. 333 മുതൽ 135 വരെ ഗ്രീക്ക് ആധിപത്യത്തിലും ആയിരുന്നു. മക്കബായ വിപ്ലവകാലത്ത് (ബി.സി. 75-135) അവർക്കു കുറേ സ്വാതന്ത്ര്യം ലഭിച്ചിരുന്നു. വിപ്രവാസത്തിനുശേഷമുള്ള രാഷ്ട്രീയ മത്സരപശ്ചാത്തലം നിഴലിക്കുന്ന ഏതാനും ഗ്രന്ഥങ്ങൾ പഴയനിയമത്തിലുണ്ട്.

ബി. സി. 63-ൽ റോമാക്കാരുടെ ജൈത്രയാത്രയോടെ സിറിയ പലസ്തീന പ്രദേശങ്ങളെല്ലാം റോമൻ ഭരണാധിപത്യത്തിലായി. ബൈബിൾ രചനാ ചരിത്രത്തിൽ പുതിയ നിയമഘട്ടവും ആരംഭിക്കുകയായി. റോമൻ ചക്രവർത്തിമാരും റോമാക്കാരുടെ സാമന്തന്മാരായി ഭരിച്ച ഹേറോദേസ് രാജാക്കന്മാരും (ബി.സി. 37-എ.ഡി. 70) റോമൻ ഗവർണർമാരും പുതിയ നിയമ ചരിത്രത്തിൽ സ്ഥാനം ലഭിച്ചിട്ടുള്ളവരാണ്.

## ബൈബിൾ രൂപവത്കരണം

*a. വാമൊഴി പാരമ്പര്യം*

ബൈബിളിലെ ദൈവവചനം എഴുതപ്പെടുന്നതിനു മുമ്പ് വാമൊഴിയായിട്ടാണ് നിലവിലിരുന്നത്. വാമൊഴി പാരമ്പര്യം കൈമാറ്റം ചെയ്യുന്നതിന് ഏറ്റവും യോജിച്ച സാഹിത്യരൂപങ്ങളായിരുന്നു ചൊല്ലുകളും ഗാനങ്ങളും. പഴയനിയമത്തിലും പുതിയനിയമത്തിലും ചൊല്ലുകൾക്കു വളരെ പ്രാധാന്യമുണ്ട്. ഗാനരൂപമാകട്ടെ മുഖ്യമായും ആരാധനാനുഷ്ഠാനത്തോടും കീർത്തനങ്ങളോടും ബന്ധപ്പെട്ടവയത്രേ. വാമൊഴി പാരമ്പര്യം ലിഖിതരൂപത്തിലായപ്പോഴാണ് ഗദ്യസാഹിത്യം കൂടുതൽ പ്രയോജകീഭവിച്ചത്. ഹീബ്രു, അരമായ, ഗ്രീക്ക് എന്നീ ഭാഷകളിലാണ് ബൈബിളിലെ മൂല ഗ്രന്ഥങ്ങൾ രൂപംകൊണ്ടത്.

*b. ലിഖിതരൂപം*

ബൈബിൾ ആലേഖനം ചെയ്തത് കടലാസിൻെറ ആദ്യകാലരൂപമായ പപ്പീറസിലോ, തുകലിലോ ആയിരു



*ചാവുകടലിൻെറ സമീപത്തുള്ള ഒരു ഗുഹയിൽനിന്ന് കണ്ടെടുത്ത വി. ഗ്രന്ഥ ചുരുൾ (എ. ഡി. ഒന്നാം നൂറ്റാണ്ടിലേത്)*

ന്നു. പപ്പീറസ് ചെടിയുടെ തണ്ടു ചതച്ച് രൂപപ്പെടുത്തി എടുക്കുന്നതാണ് പപ്പീറസ് എന്നറിയപ്പെടുന്ന കടലാസ്. പല കടലാസു താളുകൾ അല്ലെങ്കിൽ തുകൽകഷണങ്ങൾ തയ്ച്ചുച്ചേർത്ത് ചുരുളുകളാക്കിയാണ് ആദ്യകാലത്ത് പുസ്തകങ്ങൾ രൂപപ്പെടുത്തിയിരുന്നത്.

ചുരുളുകളെക്കാൾ സൗകര്യപ്രദമായി കൈകാര്യം ചെയ്യാവുന്ന ഒരു പുസ്തകരൂപം എ.ഡി. ആദ്യ നൂറ്റാണ്ടിൽ നിലവിൽവന്നു അതാണ് കോഡെക്സ് (Codex) എന്നറിയപ്പെടുന്നത്. രണ്ടോ അതിലധികമോ പപ്പീറസ് താളുകൾ ഒന്നിച്ചു നടുവിലൂടെ തയ്ച്ചുചേർക്കുന്ന രൂപമാണിത്.

പപ്പീറസ് താളുകളിൽ ഏഴുതി ചുരുളുകളായി സൂക്ഷിക്കുന്ന ഒരു ഗ്രന്ഥത്തെയാണു ഗ്രീക്കുഭാഷയിൽ ബിബ്ലോസ് (Biblos) എന്നു വിളിച്ചു തുടങ്ങിയത്. തുടർന്ന് തുകൽച്ചുരുളിനും കോഡെക്സിനും ഈ പേരുതന്നെ നല്കപ്പെട്ടു. പിൽക്കാലത്തു ഗ്രീക്കുഭാഷയിൽ ഏതു പുസ്തകത്തെയും ബിബ്ലിയോൺ എന്നു വിളിച്ചുവന്നു. ഇതിൻെറ ബഹുവചനരൂപമായ ബിബ്ലിയ (Biblia) എന്ന പദത്തിൽ നിന്നാണ് ബൈബിൾ എന്ന പേര് ആധുനികഭാഷയിലുണ്ടായത്. ഇന്നു 'ബൈബിൾ' എന്ന പേര് വിശുദ്ധഗ്രന്ഥത്തെ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ.

## പാഠവും വിവർത്തനങ്ങളും

പഴയനിയമത്തിൻെറയും പുതിയനിയമത്തിൻെറയും മൂലഭാഷയിൽ എഴുതപ്പെട്ട ആധികാരികകൃതിയെ പാഠം (Text) എന്നാണു വിളിക്കുക. മൂലഭാഷയിൽ നിന്ന് ഈ കൃതികൾക്കു പല വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്.

ഹീബ്രുഭാഷയിൽ എഴുതപ്പെട്ട പഴയനിയമത്തിൻെറ അരമായപരിഭാഷകൾ എസ്രായുടെ കാലംമുതലേ (ബി.സി. 400) പ്രചാരത്തിൽ വന്നു. വിവിധ കാല

ഘട്ടങ്ങളിൽ ഉണ്ടായ അരമായ പരിഭാഷകളെ 'തർഗും' എന്ന പൊതുപ്പേരിലാണു വിളിക്കുക. ഈ പേരിനു തർജ്ജമ എന്നേ അർത്ഥമുള്ളു.

ക്രൈസ്തവ പാരമ്പര്യത്തിലും ബൈബിൾ പഠനരംഗത്തും സർവപ്രധാനമായ ഒരു പരിഭാഷയാണു സപ്തതി (Septuagint) എന്ന പേരിലറിയപ്പെടുന്നത്. ഗ്രീക്കു ഭാഷയിലുള്ള പഴയനിയമ വിവർത്തനമാണിത്. ടോളമി രണ്ടാമൻ ഈജിപ്തു ഭരിച്ചിരുന്നകാലത്ത് (ബി. സി. 285-247) അലക്സാണ്ഡ്രിയായിൽ വച്ച് 72 യഹൂദപണ്ഡിതന്മാർ രാജാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരം തയ്യാറാക്കിയതാണ് ഈ വിവർത്തനം. സപ്തതി എന്നതിന് 70 എന്നാണർത്ഥം. ആദിമക്രൈസ്തവസഭ ഔദ്യോഗികമായി അംഗീകരിച്ച പഴയനിയമം, സപ്തതിയായിരുന്നു. അക്കാരണത്താൽ തന്നെ യഹൂദർ എ.ഡി. 130-ൽ ആ വിവർത്തനത്തെ നിരാകരിക്കുകയും ചെയ്തു.

ക്രൈസ്തവസഭയുടെ ആരംഭകാലത്ത് സുറിയാനിയിലും ലത്തീനിലും ബൈബിളിന്റെ പല തർജ്ജമകളുണ്ടായി. സുറിയാനിയിലുണ്ടായ വിവർത്തനങ്ങളിൽ പ്രസിദ്ധമാണ് 'പ്ശീത്ത' എന്ന പേരുള്ള പരിഭാഷ. 'സരള പരിഭാഷ' എന്നാണ് ആ പേരിന്റെ അർത്ഥം. പ്ശീത്തയിലുള്ള പഴയനിയമഭാഗത്തിന്റെ തർജ്ജമ എ.ഡി. രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ ആണ് നടന്നത്. അതിലെ പുതിയനിയമഭാഗത്തിന്റെ തർജ്ജമ നടന്നത് എ.ഡി. 4-ാം നൂറ്റാണ്ടിന്റെ അവസാനമാണ്.

ലത്തീൻഭാഷയിൽ വി. ജറോം എ.ഡി. 382-നും 405-നും മദ്ധ്യേ തയ്യാറാക്കിയ തർജ്ജമയാണ് 'വുൾഗാത്ത' എന്ന പേരിലറിയപ്പെടുക. ഈ വാക്കിന്റെ അർത്ഥവും 'സരളപരിഭാഷ' എന്നുതന്നെ

ഇന്ന് വിവിധഭാഷകളിൽ പ്രചാരത്തിലിരിക്കുന്ന ആധികാരിക ബൈബിൾ വിവർത്തനങ്ങളെല്ലാം ഹീബ്രു

മൂലത്തെയും പ്ശീത്താ, വുഠംഗാത്ത എന്നീ പരിഭാഷക ളെയും ആധാരമാക്കിയുള്ളവയാണ്.

## കാനൻ

കാത്തോലിക്കാസഭാ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ബൈബിഠം ചെറുതും വലുതുമായി 73 ഗ്രന്ഥങ്ങളുടെ സമാഹാരമാണ്. പഴയനിയമത്തിൽ 46 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളുമുണ്ട്. യഹൂദരുടെ പഴയനിയമത്തിലും ഇതര ക്രൈസ്തവസഭാവിഭാഗങ്ങഠം അംഗീകരിക്കുന്ന ബൈബിളിലും പുസ്തകങ്ങളുടെ എണ്ണം കത്തോലിക്കരുടേതിൽ നിന്ന് വ്യത്യസ്തമാണ്. ബൈബിളിലെ പ്രാമാണിക ഗ്രന്ഥങ്ങളുടെ ലിസ്റ്റ് 'കാനൻ' എന്നാണറിയപ്പെടുന്നത്. മാനദണ്ഡം എന്നാണ് കാനൻ എന്ന പദത്തിനർത്ഥം. വിശ്വാസത്തിൻെറ മാനദണ്ഡങ്ങളായി അംഗീകരിക്കേണ്ട ഗ്രന്ഥങ്ങളാണ് കാനനിൽ ഉഠപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങഠം അഥവാ കാനോനികഗ്രന്ഥങ്ങഠം. ത്രെന്തോസ് സൂനഹദോസ് 1546 ഏപ്രിൽ 8-നാണ് ബൈബിളിൻെറ കാനനെ സംബന്ധിച്ചുള്ള അന്തിമമായ പ്രഖ്യാപനം നടത്തിയത്.

## ഗ്രന്ഥവിഭജനം

യഹൂദർ ബൈബിളിനെ നിയമം, പ്രവാചകന്മാർ, ലിഖിതങ്ങഠം എന്നിങ്ങനെ മൂന്നായി വിഭജിച്ചിരിക്കുന്നു. എന്നാൽ കത്തോലിക്കർ ബൈബിഠം ഗ്രന്ഥങ്ങളെ ചരിത്രപരം, പ്രബോധനപരം, പ്രവചനപരം എന്നിങ്ങനെ മൂന്നു ഗ്രൂപ്പുകളായിട്ടാണു തിരിച്ചിരിക്കുന്നത്. ഈ വിഭജനമനുസരിച്ച് ഓരോ ഗ്രൂപ്പിലുംപെട്ട ഗ്രന്ഥങ്ങഠം താഴെ ചേർക്കുന്നു.

## പഴയനിയമഗ്രന്ഥങ്ങഠം

*1. ചരിത്രപരം (21 ഗ്രന്ഥങ്ങഠം)*

i) പഞ്ചഗ്രന്ഥി-ഉത്പത്തി, പുറപ്പാട്, ലേവ്യർ, സംഖ്യ, നിയമാവർത്തനം

ii) ജോഷ്വാ മുതൽ എസ്തേർ വരെയുള്ള ഗ്രന്ഥങ്ങഠം-ജോഷ്വാ, ന്യായാധിപന്മാർ, റൂത്ത്, (1,2)

സാമുവേൽ, (1,2) രാജാക്കന്മാർ, (1,2) ദിനവൃത്താന്തം, എസ്റാ, നെഹെമിയാ, തോബിത്, യൂദിത്ത്, എസ്തേർ.

iii) മക്കബായർ (1,2).

*2. പ്രബോധനപരം ( 7 ഗ്രന്ഥങ്ങൾ)*

ജോബു മുതൽ പ്രഭാഷകൻവരെ : ജോബ്, സങ്കീർത്തനങ്ങൾ, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ.

*3. പ്രവചനപരം (18 ഗ്രന്ഥങ്ങൾ)*

ഏശയ്യാ മുതൽ മലാക്കി വരെ:

i) മുഖ്യപ്രവാചകന്മാർ - ഏശയ്യാ, ജറെമിയാ, വിലാപങ്ങൾ, ബാറൂക്ക്, എസെക്കിയേൽ, ദാനിയേൽ

ii) ഉപപ്രവാചകന്മാർ - ഹോസിയാ, ജോയേൽ, ആമോസ്, ഒബാദിയാ, യോനാ, മിക്കാ, നാഹും, ഹബക്കുക്ക്, സെഫനിയാ, ഹഗ്ഗായി, സഖറിയാ മലാക്കി.

അങ്ങനെ പഴയനിയമഗ്രന്ഥങ്ങൾ ആകെ 46.

## പുതിയനിയമഗ്രന്ഥങ്ങൾ

1. ചരിത്രപരം (5 ഗ്രന്ഥങ്ങൾ)

i) സുവിശേഷങ്ങൾ

ii) അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ

*2. പ്രബോധനപരം (21 ഗ്രന്ഥങ്ങൾ)*

i) വി. പൗലോസിൻറ ലേഖനങ്ങൾ

ii) കാതോലിക ലേഖനങ്ങൾ

*3. പ്രവചനപരം (ഒരു ഗ്രന്ഥം)*

യോഹന്നാനു ലഭിച്ച വെളിപാട്

അങ്ങനെ, പുതിയനിയമഗ്രന്ഥങ്ങൾ ആകെ 27.

ദൈവനിവേശനം

വി. ഗ്രന്ഥരചനയിലുള്ള ദൈവിക പ്രചോദനവും പ്രേരണയും സൂചിപ്പിക്കുന്ന പദമാണു ദൈവനിവേശനം എന്നത്. വി. പൗലോസാണ് ഈ വാക്ക് ആദ്യമായുപയോഗിച്ചത്. " വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു" (2 തിമോ 3:16). രണ്ടാം വത്തിക്കാൻ സൂനഹദോസ് ബൈബിളിനെപ്പറ്റി ഇപ്രകാരം പഠിപ്പിക്കുന്നു: "പുതിയനിയമത്തിലെയും പഴയനിയമത്തിലെയും പുസ്തകങ്ങൾ, അവയുടെ സമ്പൂർണ്ണതയിൽ എല്ലാ ഭാഗങ്ങളുമുൾപ്പെടെ സംപൂജ്യവും കാനോനികവുമാണ്. അവയുടെ രചന പരിശുദ്ധാത്മാവിന്റെ നിവേശനത്തിൽ നിന്നാണ്. ദൈവമാണ് അവയുടെ കർത്താവ് ആ രൂപത്തിൽ അവ സഭയ്ക്കുതന്നെ ഏല്പിക്കപ്പെട്ടിട്ടുള്ളവയുമാണ് " (ദൈവാവിഷ്കരണം 11).

വിശുദ്ധഗ്രന്ഥങ്ങൾ ദൈവനിവേശിതമാണെന്നതിന് ഒട്ടേറെ തെളിവുകൾ ബൈബിളിൽതന്നെയുണ്ട്. വി. പത്രോസ് തന്റെ രണ്ടാം ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു : " പ്രവചനങ്ങൾ ഒരിക്കലും മാനുഷികബുദ്ധിയാൽ രൂപംകൊണ്ടതല്ല. മറിച്ചു പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ് " (2 പത്രോ 1:21). ദൈവംതന്നെ ചിലരോട് എഴുതാൻ കല്പിക്കുന്നതായി കാണാം. കർത്താവു മോശയോടു പറഞ്ഞു: " നീ ഇത് ഓർമ്മയ്ക്കായിട്ട് ഒരു പുസ്തകത്തിലെഴുതി ജോഷ്വായെ വായിച്ചു കേൾപ്പിക്കുക" (പുറപ്പാട് 17:14). ജറെമിയാ പ്രവാചകനോടു ദൈവം പറഞ്ഞു: " നീ ഒരു പുസ്തകച്ചുരുളെടുത്ത് ഞാൻ നിന്നോടു പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം അതിലെഴുതുക" (ജറെ 36:2).

ബൈബിൾ ദൈവനിവേശിതമാണെങ്കിലും അത് മനുഷ്യരായ ഗ്രന്ഥകാരന്മാരാൽ എഴുതപ്പെട്ടവയാണ്.

വ്യക്തിത്വമുള്ള ഉപകരണങ്ങളെന്നനിലയിലാണ് മനുഷ്യ ഗ്രന്ഥകർത്താക്കൾ ബൈബിളിൻെറ രചനയിൽ സഹകരിച്ചിട്ടുള്ളത്. അവരുടെ വ്യക്തിത്വവും സംസ്കാരവും കഴിവുകളും അഭിരുചികളും ഭാഷാശൈലിയും ചിന്താരീതിയും യാതൊരു കോട്ടവുംകൂടാതെ നിലനിന്നിരുന്നു. അതേസമയം ദൈവം ഉദ്ദേശിച്ചകാര്യങ്ങൾ ശരിയായി മനസ്സിലാക്കുന്നതിനും തെറ്റുകൂടാതെ രേഖപ്പെടുത്തുന്നതിനും അവിടുന്ന് അവരെ പ്രത്യേകവിധം സഹായിച്ചു. അങ്ങനെ ദൈവവും മനുഷ്യനും തമ്മിലുള്ള സഹകരണത്തിൽ നിന്നാണ് ബൈബിൾ രൂപം കൊണ്ടത്.

## പ്രാർത്ഥന

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി അവതരിച്ച വചനമായ യേശുനാഥാ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. വി. ഗ്രന്ഥത്തിലൂടെ അവിടുന്നു തന്നെയാണല്ലോ ഞങ്ങളോട് സംസാരിക്കുന്നത്. വി. ഗ്രന്ഥം ദൈവത്തിൻെറ എഴുതപ്പെട്ട വചനമാണെന്ന് ഗ്രഹിക്കാനും അതിനനുസൃതമായി ഞങ്ങളുടെ വിശ്വാസജീവിതത്തെ രൂപപ്പെടുത്താനും ഞങ്ങൾക്ക് കൃപയരുളണമേ.

## ഉത്തരം കണ്ടുപിടിക്കുക

1. ബൈബിളിൻെറ രൂപവത്കരണത്തിലെ പ്രധാന ഘട്ടങ്ങൾ വിവരിക്കുക.
2. ബൈബിളിൻെറ പ്രധാനപ്പെട്ട വിവർത്തനങ്ങൾ ഏതെല്ലാം ? അവ ഏതു കാലഘട്ടങ്ങളിലാണ് രൂപം കൊണ്ടത് ?
3. 'കാനൻ' എന്നാലെന്ത് ?
4. വി. ഗ്രന്ഥം ദൈവനിവേശിതമാണെന്ന് പറയുന്നത് എന്തുകൊണ്ട് ?
5. ബൈബിൾ രചനയിൽ മനുഷ്യൻ വഹിച്ചിട്ടുള്ള പങ്കെന്ത്?

## പ്രവർത്തിക്കുക

പി.ഒ.സിയിൽ നിന്നു പ്രസിദ്ധീകരിച്ച ബൈബിളിലെ ആമുഖം വായിച്ച് ഈ പാഠത്തോട് ബന്ധപ്പെട്ട ഭാഗങ്ങളുടെ നോട്ടുകുറിക്കുക.

# 15
# ബൈബിളും ശാസ്ത്രവും

ബൈബിൾ ദൈവനിവേശിത ഗ്രന്ഥമാണെന്നു കഴിഞ്ഞപാഠത്തിൽ നാം കണ്ടല്ലോ. ബൈബിൾ ദൈവനിവേശിതമായതിനാൽ അതിന് അപ്രമാദിത്വമുണ്ടെന്ന് സഭ പഠിപ്പിക്കുന്നു. എന്നാൽ ബൈബിളിലെ ചില വിവരണങ്ങൾ അറിയപ്പെടുന്ന ശാസ്ത്രസത്യങ്ങളോടു പ്രത്യക്ഷത്തിൽ യോജിക്കുന്നില്ലെന്നു കാണാം. പ്രപഞ്ചസൃഷ്ടിയെക്കുറിച്ചും ജീവജാലങ്ങളുടെ ഉത്പത്തിയെക്കുറിച്ചുമുള്ള ബൈബിൾ വിവരണങ്ങൾ ശാസ്ത്രത്തിൻെറ നിഗമനങ്ങളോടു പൊരുത്തപ്പെടുന്നവയല്ല, അതിനാൽ ബൈബിളിൽ അബദ്ധങ്ങളുണ്ടെന്നു ചിലർ വാദിച്ചു. ദൈവനിവേശിതമായ ബൈബിൾ ശാസ്ത്രസത്യങ്ങളോട് എങ്ങനെ പൊരുത്തപ്പെടും എന്ന പ്രശ്നത്തിനുള്ള ഉത്തരം കണ്ടെത്തുന്നതിനു മുമ്പായി ശാസ്ത്രസത്യങ്ങളിൽ നിന്നു പ്രകടമായ വ്യത്യാസമുള്ള ചില ബൈബിൾ പ്രമേയങ്ങൾ നോക്കാം.

### ബൈബിളിലെ പ്രപഞ്ചസങ്കല്പം

പ്രപഞ്ചത്തെക്കുറിച്ചു പ്രാചീന ഇസ്രായേൽക്കാരും മെസൊപ്പൊട്ടേമിയ, ഈജിപ്ത് തുടങ്ങിയ ദേശങ്ങളിലെ ജനങ്ങളും വ്യക്തമായ ഒരു നിഗമനത്തിലെത്തിച്ചേർന്നിട്ടുണ്ടായിരുന്നു. ശാസ്ത്രീയമെന്ന് അവർ കരുതിയിരുന്ന അത്തരം നിഗമനങ്ങളാണ് വി. ഗ്രന്ഥത്തിലെ പ്രപഞ്ചസങ്കല്പത്തെ സ്വാധീനിച്ചിട്ടുള്ളത്. പ്രാചീന ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം പ്രപഞ്ചം എന്നാൽ പ്രധാനമായും ഭൂമിതന്നെ. പരന്ന തളികപോലുള്ള ഭൂമി വെള്ളത്തിൽ പൊന്തിക്കിടക്കുകയാണെന്ന സങ്കല്പമാണു പഴയനിയമത്തിലുള്ളത്. വെള്ളത്തിലുള്ള ചില

കൂറ്റൻ തൂണുകളിന്മേലാണത്രേ ഭൂമി ഉറച്ചിരിക്കുന്നത്. ഭൂമിക്കു മുകളിലുള്ള ഒരു വിതാനമാണ് ആകാശം. അതിനു മുകളിലും വെള്ളമുണ്ട്. ഈ വെള്ളം ആകാശവിതാനത്തിൽ അങ്ങിങ്ങുള്ള ദ്വാരങ്ങളിലൂടെ ഒഴുകി വീഴുന്നതാണു മഴ. ആകാശത്തിൽ സ്ഥാപിച്ചിരിക്കുന്ന പ്രകാശഗോളങ്ങളാണു സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും. പഴയനിയമകാല ജനതയെ സംബന്ധിച്ചിടത്തോളം തികച്ചും ശാസ്ത്രീയമെന്നു കരുതപ്പെട്ടിരുന്ന ഒരു പ്രപഞ്ചസങ്കല്പമാണ് മുകളിൽ വിവരിച്ചത്. ഭൂമി ചലനരഹിതമാണെന്നും (സങ്കീർത്തനം 104:5) സൂര്യൻ ചലിക്കുന്നതാണെന്നും (സഭാപ്രസംഗകൻ 1:4,5) വി. ഗ്രന്ഥം പ്രഖ്യാപിക്കുന്നുണ്ട്. ചലിച്ചുകൊണ്ടിരിക്കുന്ന സൂര്യനെ നിശ്ചലമാക്കി നിർത്തുന്നതായി ജോഷ്വായുടെ പുസ്തകത്തിൽ പ്രസ്താവിക്കുന്നു (ജോഷ്വാ 10: 12-13)

## പുതിയ ശാസ്ത്രത്തിന്റെ പ്രപഞ്ചസങ്കല്പം

പ്രാചീനലോകത്തിന്റെ പ്രപഞ്ചസങ്കല്പം വലിയ മാറ്റം കൂടാതെ പതിനാറാം നൂറ്റാണ്ടുവരെ നിലനിന്നു. ഭൂമിയാണു പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും അതിനെ സൂര്യൻ പ്രദക്ഷിണം ചെയ്യുന്നുവെന്നും ടോളമി തുടങ്ങിയ ശാസ്ത്രജ്ഞന്മാർ പഠിപ്പിച്ചു. പതിനാറാം നൂറ്റാണ്ടിൽ പോളണ്ടുകാരനായ നിക്കൊളാസ് കോപ്പർനിക്കസ് എന്ന കത്തോലിക്കാ പുരോഹിതനാണ് ഈ സങ്കല്പം തിരുത്തിക്കുറിച്ചത്. ഭൂമി പ്രപഞ്ചകേന്ദമല്ല; അതു സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന ഒരു ഗോളമാണെന്ന് കോപ്പർനിക്കസ് പ്രഖ്യാപിച്ചു. സൂര്യനാണു കേന്ദ്രമെന്നു വ്യക്തമാക്കുന്ന സൗരകേന്ദ്രസിദ്ധാന്തം കോപ്പർനിക്കസ് ആവിഷ്കരിച്ചത് ശാസ്ത്രരംഗത്തു പുതിയൊരു വിപ്ലവത്തിനു തുടക്കം കുറിച്ചു. കോപ്പർ നിക്കസിനു മുമ്പു പതിനാലാം നൂറ്റാണ്ടിൽ നിക്കൊളാസ് ഒറെസ്മെയും പതിനഞ്ചാം നൂറ്റാണ്ടിൽ കൂസായിലെ നിക്കോളാസും ഭൂമിപ്രപഞ്ചകേന്ദ്രമല്ല എന്ന ആശയം സൂചിപ്പിച്ചിരുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇറ്റലിക്കാരനായ ഗലീലിയോ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കോപ്പർ നിക്കസിന്റെ സിദ്ധാന്തം ശരിയാണെന്നു തെളിയിച്ചു. ഗലീലിയോ കണ്ടുപിടിച്ച ദൂരദർശിനി ഇതിന് അദ്ദേഹത്തെ വളരെ സഹായിച്ചു. "രണ്ട് മഹാവിശ്വക്രമങ്ങളെപ്പറ്റിയുള്ള സംവാദം" എന്ന കൃതിയിലൂടെയാണു ഗലീലിയോ തന്റെ വിപ്ലവകരമായ നിഗമനങ്ങൾ അവതരിപ്പിച്ചത്.

### എതിർപ്പുകൾ

സഭയുടെ ഭാഗത്തുനിന്ന് ഗലീലിയോയ്ക്ക് പ്രോത്സാഹനമാണ് ആദ്യം ലഭിച്ചത്. എന്നാൽ സൗരകേന്ദ്രസിദ്ധാന്തം ബൈബിൾ സത്യങ്ങൾക്ക് വിരുദ്ധമാണെന്ന് തോന്നിയപ്പോൾ സഭ ഗലീലിയോയുടെ നിഗമനങ്ങളെ അംഗീകരിച്ചില്ല. ഗലീലിയോയുടെ "രണ്ടു മഹാവിശ്വക്രമങ്ങളെപ്പറ്റിയുള്ള സംവാദം" എന്ന പുസ്തകം സഭ നിരോധിച്ചു. ശാസ്ത്രത്തിൻെറ കണ്ടെത്തലുകൾ വി. ഗ്രന്ഥത്തെ നിഷേധിക്കുന്നില്ലെന്ന ബോധ്യമായിരുന്നു ഗലീലിയോയ്ക്കുണ്ടായിരുന്നുത്. ദൈവം ഏതു രീതിയിലാണ് പ്രപഞ്ചസൃഷ്ടി നടത്തിയതെന്ന് കണ്ടുപിടിക്കാൻ ശാസ്ത്രജ്ഞന് കടമയുണ്ടെന്ന് അദ്ദേഹം വാദിച്ചു. എന്നാൽ ബൈബിളും പുതിയ ശാസ്ത്രവും തമ്മിൽ പൊരുത്തപ്പെടുകയില്ലെന്നുള്ള ബോധ്യമാണ് അക്കാലത്തെ ബൈബിൾ പണ്ഡിതന്മാർക്കും സഭാധികാരികൾക്കും ഉണ്ടായിരുന്നത്. തന്മൂലം സൗരകേന്ദ്ര സിദ്ധാന്തം തള്ളിപ്പറയാൻ ഗലീലിയോ നിർബന്ധിതനായിത്തീർന്നു.

### പരിണാമവാദം

പത്തൊൻപതാം നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ജീവശാസ്ത്രരംഗത്ത് വിപ്ലവകരമായ ഒരു സിദ്ധാന്തം ആവിഷ്കരിക്കപ്പെട്ടു. ചാൾസ് ഡാർവിൻെറ പരിണാമ സിദ്ധാന്തം. 1859-ൽ പ്രസിദ്ധീകരിക്കപ്പെട്ട **On the Origin of Species by Means of Natural Selection** എന്ന തൻെറ ഗ്രന്ഥത്തിലൂടെയാണ് ഡാർവിൻ പരിണാമസിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത്. അചേതനമായ പദാർത്ഥത്തിൽ നിന്ന് ജീവൻെറ ആദ്യരൂപം ആവിർഭവിച്ചു. ഈ ആദ്യരൂപത്തിൽ നിന്ന് പരിണാമത്തിലൂടെ വിവിധ ജീവജാലങ്ങൾ രൂപംകൊണ്ടു. ഇതാണ് പരിണാമസിദ്ധാന്തത്തിൻെറ സാരാംശം. പരിണാമത്തിലൂടെ മനുഷ്യൻ രൂപംകൊണ്ടത് എങ്ങനെയാണെന്ന് **Descent of Man** എന്ന പുസ്തകത്തിലൂടെ ഡാർവിൻ പ്രഖ്യാപിച്ചു.

പരിണാമസിദ്ധാന്തം ബൈബിളിലെ സൃഷ്ടിവിവരണത്തെ പ്രത്യക്ഷത്തിൽ നിഷേധിക്കുന്നതായിരുന്നു. ഇവ എങ്ങനെ പൊരുത്തപ്പെടുമെന്ന് വിശദീകരിക്കാൻ കഴിയാത്തതിനാൽ സഭ പരിണാമസിദ്ധാന്തത്തോട് നിഷേധഭാവമാണ് ആദ്യം പുലർത്തിയത്.

## ബൈബിളും ആധുനികശാസ്ത്രവും

ബൈബിളിൽ കാണുന്ന പ്രാചീന ശാസ്ത്ര സങ്കല്പങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമാണ് ആധുനിക ശാസ്ത്ര സങ്കല്പങ്ങൾ. പഴയ സങ്കല്പത്തിൽ ഭൂമി പ്രപഞ്ചകേന്ദ്രമായിരുന്നുവെങ്കിൽ ഇന്ന് പ്രപഞ്ചമൊന്നാകെ വീക്ഷിക്കുമ്പോൾ പരിഗണിക്കാൻ തക്ക പ്രാധാന്യം പോലുമില്ലാത്ത ഒരു കൊച്ചുഗ്രഹം മാത്രമാണ് ഭൂമി. നൂറുകോടിയിലേറെ നക്ഷത്രസമൂഹങ്ങൾ (ഗാലക്സികൾ) പ്രപഞ്ചത്തിലുള്ളതിൽ ഒരു സാധാരണ നക്ഷത്ര സമൂഹമാണ് ആകാശഗംഗ (Milky way). ആകാശഗംഗയിലെ പതിനായിരം കോടിയോളം വരുന്ന നക്ഷത്രങ്ങളിലൊന്നായ സൂര്യൻെറ ഗ്രഹങ്ങളിലൊന്നാണ് ഭൂമി. ഭൂമിയുടെ സ്ഥാനം എത്രത്തോളം ചെറുതായെന്നു നോക്കുക!

പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള ആധുനിക സിദ്ധാന്തം - മഹാവിസ്ഫോടന സിദ്ധാന്തം (Bigbang theory) ബൈബിളിൻെറ പ്രപഞ്ചോത്പത്തി വിവരണത്തിൽ നിന്ന് വളരെ വിദൂരത്തിലുള്ളതാണ്. നമുക്കു സങ്കല്പിക്കാനാകാത്തവിധം അത്ര സൂക്ഷ്മമായ ഒരു കണികയിൽ



പ്രപഞ്ചത്തിൻെറ പൊരുൾ തേടുന്ന ശാസ്ത്രം

നിന്ന് ഒരു മഹാവിസ്ഫോടനത്തിലൂടെയാണ് പ്രപഞ്ചം ഉണ്ടായതെന്ന സങ്കല്പത്തിനാണ് ഇന്ന് ശാസ്ത്രലോകത്ത് പൊതുവേ അംഗീകാരം കിട്ടിയിട്ടുള്ളത്. പ്രപഞ്ചത്തെക്കുറിച്ച് സൂക്ഷ്മതലത്തിലും സ്ഥൂലതലത്തിലും വിപ്ലവകരമായ തിരുത്തിക്കുറിക്കലുകൾ ആധുനികശാസ്ത്രം നടത്തികഴിഞ്ഞു. എന്നാൽ ശാസ്ത്രത്തിൻെറ വിസ്മയകരമായ ഈ വളർച്ചയും ബൈബിൾ സത്യങ്ങളും തമ്മിൽ തെല്ലും സംഘർഷമില്ല. ശാസ്ത്രഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കാനായി വത്തിക്കാനിൽ ഒരു "പൊന്തിഫിക്കൽ സയൻസ് അക്കാദമി" പ്രവർത്തിക്കുന്നുണ്ടെന്നതു തന്നെ ഇതിനു തെളിവാണ്. മാർപാപ്പായുടെ കീഴിലുള്ള ഈ സയൻസ് അക്കാദമിയിൽ നോബൽ സമ്മാനാർഹരായ ശാസ്ത്രജ്ഞന്മാരും പ്രവർത്തിക്കുന്നുണ്ട്. ഇന്ന് ലോകത്തിൻെറ വിവിധഭാഗങ്ങളിലായി മികവുറ്റ നിലയിൽ ശാസ്ത്രഗവേഷണം നടത്തുന്ന വൈദികരുണ്ട്.

## ബൈബിളും ശാസ്ത്രവും എങ്ങനെ പൊരുത്തപ്പെടും?

ബൈബിൾ ഒരു ശാസ്ത്രഗ്രന്ഥമല്ല. ശാസ്ത്രം പഠിപ്പിക്കുക എന്ന ലക്ഷ്യം വി. ഗ്രന്ഥകാരനില്ല. മനുഷ്യൻെറ രക്ഷയ്ക്കുതകുന്ന ദൈവിക സന്ദേശം പകർന്നുകൊടുക്കുക എന്നതാണ് വി. ഗ്രന്ഥകാരൻെറ ലക്ഷ്യം. ദൈവനിവേശിതമായ ഈ സന്ദേശം അപ്രമാദിത്വമുള്ളതാണ്.എന്നാൽ ഈ സന്ദേശം എഴുതപ്പെട്ടത് മനുഷ്യ ഗ്രന്ഥകാരൻെറ സഹകരണത്തോടെയാണെന്ന് കഴിഞ്ഞ പാഠത്തിൽ പഠിച്ചല്ലോ. മനുഷ്യഗ്രന്ഥകാരൻെറ ഭാഷയും രചനാശൈലിയും വിജ്ഞാനവുമൊക്കെയാണ് ഗ്രന്ഥരചനയിൽ വിനിയോഗിക്കപ്പെടുന്നത്. ദൈവികസത്യങ്ങൾ ആവിഷ്കരിക്കാൻ ആ കാലഘട്ടത്തിലെ ശാസ്ത്രവിജ്ഞാനമാണു ഗ്രന്ഥകാരൻ ഉപയോഗിക്കുന്നത്. ഇന്ന് ബൈബിളിൽ നിന്ന് നാം സ്വീകരിക്കേണ്ടത് മനുഷ്യഗ്രന്ഥകാരൻെറ ഭാഷാശൈലികളും വിജ്ഞാനവുമല്ല, പ്രത്യുത അവയിലൂടെ അവതരിപ്പിക്കപ്പെടുന്ന രക്ഷാകരസന്ദേശങ്ങളാണ്. മനുഷ്യ ഗ്രന്ഥകാരൻെറ ഭാഷയ്ക്കും വിജ്ഞാനത്തിനും, വൈകല്യങ്ങളുണ്ടാകാം. എന്നാൽ അത് ഒരു കാരണവശാലും ബൈബിളിലെ ദൈവിക സന്ദേശത്തിൻെറ അപ്രമാദിത്വത്തെ ബാധിക്കുന്നില്ല.

ബൈബിൾ പഠനരംഗത്തു പുരോഗതി ഉണ്ടായതോടെ ഗലീലിയോയുടെ സിദ്ധാന്തവും പരിണാമസിദ്ധാന്തവു

മൊന്നും ബൈബിളിനു വിരുദ്ധമല്ലെന്നു വ്യക്തമായി. ബൈബിൾ വിവരണങ്ങളെ അക്ഷരാർത്ഥത്തിലെടുത്തതു മൂലമാണു ഗലീലിയോയുടെ ആശയങ്ങൾ അന്നു നിരാകരിക്കപ്പെടാനിടയായത്. അദ്ദേഹത്തിൻെറ പുസ്തകത്തെ സംബന്ധിച്ച നിരോധനം 1822-ൽ തന്നെ സഭ പിൻവലിച്ചു.

## ബൈബിളിലെ സൃഷ്ടി വിവരണങ്ങൾ നല്കുന്ന സന്ദേശം

ഉത്പത്തി പുസ്തകത്തിൽ തന്നെ സൃഷ്ടിയെക്കുറിച്ചു രണ്ടു വിവരണങ്ങളുണ്ട് a) ഉത്പ 1:1-2:4 b) ഉത്പ 2:5-25. ഈ രണ്ടു വിവരണങ്ങളും പരിശോധിച്ചാൽ സാരമായ പല വ്യത്യാസങ്ങളും കാണാം. ഈ വിവരണങ്ങൾ അക്ഷരാർത്ഥത്തിൽ സ്വീകരിക്കാനുള്ള ചരിത്രവിവരണങ്ങളല്ല. ഉത്പത്തിയെ സംബന്ധിച്ച പാരമ്പര്യങ്ങൾ രൂപംകൊണ്ട കാലത്തെ ജനങ്ങൾക്കു ഗ്രഹിക്കാവുന്ന വിധത്തിൽ ഉപമാരൂപേണയുള്ള വിവരണങ്ങളിലൂടെയാണു പ്രപഞ്ചോത്പത്തി, മനുഷ്യോത്പത്തി തുടങ്ങിയ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഈ വിവരണങ്ങൾക്കു പിന്നിലുള്ള സന്ദേശത്തിനാണു പ്രാധാന്യം കൊടുക്കേണ്ടത്. പ്രപഞ്ചം ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണെന്നും മനുഷ്യൻ ദൈവത്തിൻെറ ഏറ്റവും പ്രധാനപ്പെട്ട സൃഷ്ടിയാണെന്നും ഈ വിവരണങ്ങൾ പഠിപ്പിക്കുന്നു. മനുഷ്യൻെറ സൃഷ്ടിയിൽ ദൈവത്തിനുള്ള പ്രത്യേകമായ ലക്ഷ്യവും സൃഷ്ടപ്രപഞ്ചത്തിൽ മനുഷ്യനുള്ള സവിശേഷ ദൗത്യവുമെന്തെന്ന് ഉത്പത്തി വിവരണങ്ങൾ ഊന്നിപ്പറയുന്നുണ്ട്.

എങ്ങനെയാണു പ്രപഞ്ചവും അതിലെ ജീവജാലങ്ങളും രൂപംകൊണ്ടതെന്നതിന് ഉത്തരം നല്കേണ്ടതു ശാസ്ത്രമാണ്. ആര്, എന്തിനു സൃഷ്ടിച്ചു എന്നതിന് ബൈബിൾ ഉത്തരം നല്കുന്നു. മഹാവിസ്ഫോടനത്തിലൂടെയാണു പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതെന്നു ശാസ്ത്രം പ്രഖ്യാപിക്കുമ്പോൾ ദൈവം സൃഷ്ടിച്ചു എന്ന വസ്തുത ശാസ്ത്രം നിഷേധിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. എങ്ങനെ ഉണ്ടായി (സൃഷ്ടിക്കപ്പെട്ടു) എന്നതിലാണു ശാസ്ത്രം ശ്രദ്ധിക്കുന്നത്. മഹാവിസ്ഫോടനത്തിൻെറയും പരിണാമത്തിൻെറയുമൊക്കെ പിന്നിൽ ദൈവം നിരന്തരം പ്രവർത്തിക്കുന്നുവെന്നുവേണം വിശ്വസി

ക്കാൻ. ഈ രണ്ടു സിദ്ധാന്തങ്ങളും ഏറ്റവും സാദ്ധ്യതയുള്ളവയാണെങ്കിലും നൂറുശതമാനം തെളിയിക്കപ്പെട്ടുകഴിഞ്ഞവയല്ല എന്ന സത്യം ഓർക്കേണ്ടതുണ്ട്.

ദൈവത്തിന്റെ പ്രപഞ്ചസൃഷ്ടിയും മനുഷ്യസൃഷ്ടിയും പരിണാമത്തിന്റെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ അത്യന്തം മഹത്തരങ്ങളായ പ്രവൃത്തികളായിരുന്നുവെന്നുകാണാം. പരിണാമ സങ്കല്പത്തെ ക്രൈസ്തവ വിശ്വാസത്തോട് പൊരുത്തപ്പെടുത്താൻ തെല്ലും വിഷമമില്ലെന്ന് തെളിയിച്ച സുപ്രസിദ്ധ ശാസ്ത്രജ്ഞനാണ് തെയ്യാർദ് ഷർദാൻ (1881-1955). പ്രപഞ്ചംമുഴുവൻ ക്രിസ്തുവിങ്കലേക്ക് പരിണമിക്കുകയാണെന്ന് Phenomenon of Man എന്ന ഗ്രന്ഥത്തിലൂടെ ഈശോസഭാ വൈദികനായ ഷർദാൻ സമർത്ഥിക്കുന്നുണ്ട്. പരിണാമവാദത്തെ സഭ എതിർക്കുന്നില്ല എന്നതിന് വ്യക്തമായ തെളിവാണ് പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകൾ : "പരിണാമം ഇന്നൊരു അംഗീകൃത സിദ്ധാന്തമായിത്തീർന്നിട്ടുണ്ട്. മനുഷ്യനെയും പരിണാമ വീക്ഷണത്തിലുൾപ്പെടുത്താവുന്നതാണ്. പക്ഷേ, ആത്മാവിനെ നേരിട്ടു സൃഷ്ടിച്ചു എന്നത് നിഷേധിക്കരുത് ". പരിണാമ പ്രകിയയിൽ ദൈവത്തിന് അനിഷേധ്യമായ സ്ഥാനമുണ്ടെന്ന് സഭ പഠിപ്പിക്കുന്നു. പരിണാമത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവമാണ് അതിനെ നിയന്ത്രിക്കുന്നതും നയിക്കുന്നതും.



*തെയ്യാർദ് ഷർദാൻ*

### ശാസ്ത്രത്തിന്റെ അടിസ്ഥാനം വി. ഗ്രന്ഥത്തിൽ

ബൈബിൾ ശാസ്ത്രത്തിന് വിരുദ്ധമല്ലെന്ന് കണ്ടല്ലോ. ഒരു പടികൂടികടന്നു പരിശോധിച്ചാൽ ശാസ്ത്ര പര്യവേക്ഷണത്തിനുള്ള ആഹ്വാനം തന്നെ ബൈബിളിൽ കാണാൻ കഴിയും. മനുഷ്യനെ സൃഷ്ടിച്ചശേഷം ദൈവം

അവനെ അനുഗ്രഹിച്ചു: "ഭൂമി മുഴുവൻെറയും ഭൂമിയിൽ ഇഴയുന്ന സർവജീവികളുടെയുംമേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ... ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ" (ഉത്പ 1:26,28). ഭൂമി എന്നതു കൊണ്ട് ഇവിടെ പ്രപഞ്ചത്തെയാണ് അർത്ഥമാക്കുന്നത്. പ്രപഞ്ച ത്തെ പൂർണ്ണമായും അതിൻെറ എല്ലാ രഹസ്യങ്ങളോടുംകൂടി കീ ഴടക്കുക എന്നത് മനുഷ്യൻെറ കടമയാണ്. തന്മൂലം ദൈവം മനു ഷ്യന് നല്കിയിട്ടുള്ള ദൗത്യമാണ് ശാസ്ത്ര പര്യവേക്ഷണം. ശാസ്ത്ര ത്തോട് നിഷേധഭാവമോ നിസ്സംഗഭാവമോ പുലർത്തുകയല്ല ശാ സ്ത്രത്തിൻെറ വളർച്ചയ്ക്കുവേണ്ടി യത്നിക്കുകയാണ് ചെയ്യേണ്ട തെന്ന് ബൈബിൾ പഠിപ്പിക്കുന്നു.

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, പ്രപഞ്ചത്തിൻെറ മകുടമായി മനുഷ്യനെ സൃഷ്ടിച്ച അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയു ടെ തിരുമനസ്സ് കൂടുതൽ വ്യക്തമായി ഗ്രഹിക്കാൻ ശാസ്ത്ര പര്യ വേക്ഷണങ്ങളിലൂടെ ഞങ്ങൾക്ക് ഇടയാകട്ടെ. ശാസ്ത്രം നല്കുന്ന അറിവിൻെറ വെളിച്ചത്തിൽ വി. ഗ്രന്ഥസത്യങ്ങളെക്കുറിച്ചു ദൃഢമാ യ ബോദ്ധ്യം നേടാനും പ്രപഞ്ചരഹസ്യങ്ങൾ മനസ്സിലാക്കികൊണ്ട് അവിടുത്തെ സർവോപരി മഹത്വപ്പെടുത്താനുമുള്ള കൃപാവരം ഞങ്ങൾക്കു നല്കണമേ.

## ഉത്തരം കണ്ടുപിടിക്കുക.

1. ബൈബിളിലെ പ്രപഞ്ചസങ്കല്പം വിവരിക്കുക.
2. ഗലീലിയോ തെളിയിച്ച സൗരകേന്ദ്ര സിദ്ധാന്തത്തെ സഭ നിരാ കരിച്ചത് എന്തുകൊണ്ട്?
3. പരിണാമസിദ്ധാന്തം ബൈബിൾ വിവരണത്തോടു യോജി ക്കുന്നില്ല - കാരണമെന്ത് ?
4. ബൈബിളും ശാസ്ത്രവും എങ്ങനെ പൊരുത്തപ്പെടുമെന്നും വിവരിക്കുക.
5. ബൈബിളിലെ സൃഷ്ടിവിവരണത്തിൽ നിന്ന് നാം ഗ്രഹിക്കേണ്ട സന്ദേശമെന്ത്?
6. ശാസ്ത്രപര്യവേക്ഷണത്തിനുള്ള ആഹ്വാനം ബൈബിൾതന്നെ നല്കുന്നു. വിശദീകരിക്കുക.

## പ്രവർത്തിക്കുക

ഈശ്വര വിശ്വാസികളായ ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചു കഴിയുന്നത്ര വിവരങ്ങൾ ശേഖരിക്കുകയും ദൈവത്തെക്കുറിച്ചുള്ള അവരുടെ പ്രസ്താവങ്ങൾ കുറിച്ചെടുത്തു ക്ലാസ്സിൽ അവതരിപ്പിക്കു കയും ചെയ്യുക.

DHARMARAM LIBRARY

BANGALORE - 560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 18/1/12 | | |
| 30/11/12 | | |

## ക്രിസ്തുവിൻെറ പിന്നാലെ

* ദൈവം നമ്മുടെ പിതാവ്
* ഈശോ നമ്മുടെ രക്ഷകൻ
* ഈശോ നമ്മുടെ ജീവൻ
* ജീവൻെറ ഉറവകൾ
* മാർഗ്ഗദീപങ്ങൾ
* രക്ഷകനിലേക്ക്
* സുവിശേഷങ്ങളിലെ യേശു
* ക്രിസ്തുസാക്ഷികളുടെ ചരിത്രം
* ക്രിസ്തുവിൻെറ സഭ
* വെളിച്ചത്തിൻെറ മക്കൾ

പി.ഒ.സി., കൊച്ചി - 682 025




Indic Digital Archive Foundation
gpura.org